സ്വാതന്ത്ര്യം ഇഷ്ടപ്പെടുന്നവർക്കും സംരക്ഷിക്കുവാൻ തയാറുള്ളവർക്കും മാത്രമേ ഈശ്വരൻ അതു നൽകാറുള്ളു.

—വെബ്സ്റ്റർ

വെറുക്കുന്നവരെ സ്നേഹിക്കുമ്പോൾ മാത്രമാണ് നാം അക്രമരാഹിത്യത്തിന്റെ ഉപാസകരാവുക.

—ഗാന്ധിജി

ശാന്തി നിറഞ്ഞ മനസ്സ് വിശാലമായ ഒരു സാമ്രാജ്യത്തിന്റെ ഉടമയാണ്.

—സെനേക്ക

വേദനിപ്പിക്കുന്നതിനേക്കാൾ വേദന അനുഭവിക്കുന്നതാണ് നല്ലത്.

—സിസറോ

നാമെല്ലാവരും നമ്മുടെ അവകാശങ്ങൾക്കുവേണ്ടി ഒച്ചപ്പാടുണ്ടാക്കുന്നു. എന്നാൽ അതിലുമധികം പ്രധാനം നമ്മുടെ കർത്തവ്യങ്ങളും ചുമതലകളും ഓർക്കുകയാണ്.

—ജവഹർലാൽ നെഹ്റു.

# സഖിയോട്



കരളിൽ നിറയെ കദനവുമായ്
നില്പൂ ഞാനിന്നീ വീഥിയിങ്കൽ
വീണ്ടും വരില്ലയോ മൽസഖിയെൻ
വീണതൻ തന്ത്രികൾ മീട്ടുവാനായ്
നീറുമെൻ ഹൃത്തിന്റെ വേദനകൾ
മാറ്റുവാനായി വരില്ലയോ നീ?
വർഷങ്ങളായികഴിഞ്ഞതെല്ലാം
നിമിഷങ്ങൾകൊണ്ടു മറക്കയോ നീ
നീ മറന്നാലുമെൻ ഹൃത്തിനുള്ളിൽ
മങ്ങാതെ നില്ക്കും നിൻ രൂപമെന്നും
നിൻകളവാണിതൻ മാധുര്യമെൻ
കാതിൽ മുഴങ്ങിടുമെന്നുമെന്നും
എന്നും നീ തൂകുമാ മന്ദഹാസം
ഇന്നും ഞാൻ കാൺമൂ എൻമുന്നിലായി
എങ്കിലുമെൻസഖിയെന്തിനെന്നെ-
യിങ്ങനെയിട്ടു നീറ്റിച്ചിടുന്നു?
എന്തിതു വിദ്വേഷം ചൊല്ലുകില്ലേ?
തെറ്റെന്നിലെങ്കിൽ ക്ഷമിക്കുകില്ലേ?
വേദനിപ്പിക്കുവാൻ മാത്രമായി
എന്തിനുവന്നു നീയെന്റെ മുമ്പിൽ
അന്നു നീ വന്നൊരു ദേവതപോൽ
കേൾക്കുവാനേകാന്തനെന്റെ ഗാനം
നീറിപ്പിടയുമെൻ ഹൃത്തിനുള്ളിൽ
നിന്നെരിയുമൊരു ദുഃഖഗാനം
ദുഃഖത്തിൻ ഗായകനാക്കിയെന്നെ
മാറ്റി നീ പ്രേമത്തിൻ ഗായകനായ്

**George T. P.**
II D. C.

തേങ്ങുമെൻ വീണതൻ തന്ത്രികളിൽ
മോഹന ഗാനങ്ങളാലപിച്ചു.
എന്നിലെയാശതൻ വല്ലരികൾ
ഞാനറിയാതെ തളിർത്തുമന്ദം
നിൻ കടാക്ഷത്തിൻ തലോടലേററാ-
വല്ലിയിൽ പൂക്കളും മൊട്ടിട്ടുതാനെ......
പെട്ടെന്നൊരുദിനം കണ്ടുഞാൻ നിൻ
കൺകളിൽ കാലുഷ്യഭാവഭേദം
കാരണമൊന്നും നീ ചൊന്നതില്ല
പിന്നീടെൻചാരെ നീ വന്നതില്ല
കാര്യമറിയാതുഴന്നു ഞാൻ നിൻ
മുന്നിലായ് വന്നപ്പോൾ ചൊന്നതത്രേ
''ഇനിയെന്നോടൊന്നും പറഞ്ഞിടേണ്ട
ഇനിയരികിൽ വരേണ്ടതില്ല''
ഞെട്ടിപ്പോയ് ഞാനതു കേട്ടനേരം
ഹൃത്തടമിന്നും വിതുമ്പിടുന്നു
ശാന്തനായ് കഴിഞ്ഞീടുമെൻമനസ്സിൽ
നീറിടും വേദനയതുകൊണ്ടു?
മററുള്ളോർ കാൺകെ ചിരിച്ചിട്ടുമെൻ
മാനസമെരിയുമൊരഗ്നികുണ്ഡം
വിടരുവാനാശിച്ചുണർന്ന പൂക്കൾ
വാടുന്നിതാ ചെറുമൊട്ടുകളായ്
ഇനിയും ക്ഷണം ജലമേകിയെന്നാൽ
ഒരുപക്ഷേ വീണ്ടും സജീവമാകാം
അല്ലെങ്കിൽ നിശ്ചയം സുന്ദരമാ-
പൂക്കളൊക്കെയും കരിഞ്ഞുപോകും
പുതുപൂക്കളും വീണ്ടുമുണർന്നിടാതാ-
ലതയുമൊരുപക്ഷേ വാടിവീഴാം
ഇന്നു ഞാൻ നിൻപ്രേമകാന്തനായി
വീണ്ടുമാ ദുഃഖത്തിൻ ഗാനവുമായ്
ഇനിയും വരില്ലയോ? എൻറെഹൃത്തിൽ
വാടും പ്രതീക്ഷയുണർത്തുവാനായ്.

കുഴഞ്ഞുമറിഞ്ഞതും അസ്വസ്ഥവുമായ ഈ ലോകത്തിൽ നാം നേടിയെടുക്കേണ്ടതു് വിവേകമാണ്. വിവേകമില്ലെങ്കിൽ വിജ്ഞാനവുമില്ല.

—ഡോ. രാധാകൃഷ്ണൻ.

# ആശാൻ കവിതയിലെ ആദ്ധ്യാത്മികത

ഭാവഗംഭീരങ്ങളും ആലോചനാമൃതങ്ങളുമായ കവനതല്ലജങ്ങൾകൊണ്ടു കൈരളീദേവിയെ ചാരിതാർത്ഥ്യയാക്കിയ അപൂർവ്വം ചില അനുഗൃഹീത പുരുഷരത്നങ്ങളിൽ ഒരാളാണു് ആശാൻ. തന്റെ കാവ്യത്തിൽ അവിടവിടെ അവിച്ഛിന്നാധാരമായി പരിലസിക്കുന്ന ഉല്ലേഖങ്ങളുടെ അ



**Mathew George T.**
II D. C.

ചുംബിതവും ഔചിത്യയുക്തവുമായ പ്രൗഢി, ആശാന്റെ കാവ്യങ്ങളെ അമൃതനിഷ്യന്ദിയാക്കുന്ന അറിവിന്റെ തെളിനീരുറവകൾ തുറന്നുകാട്ടിയ ഒരു ആദ്ധ്യാത്മികകവികൂടിയാണു് ആശാൻ. അദ്ദേഹം കവിതയെഴുതിയതു് രാഷ്ട്രീയ മുതലെടുപ്പുകാർക്കു വേണ്ടിയല്ല, സഹൃദയന്മാർക്കുവേണ്ടിയാണു്. അതുകൊണ്ടാണു് ആശാൻകവിതയിലെ ആദ്ധ്യാത്മികത മനുഷ്യരാശിക്കു് ശാന്തിയും സമാധാനവും ആശ്വാസവും പ്രദാനംചെയ്യുന്ന ഒന്നായി പരിലസിക്കുന്നതു്.

ജീവിതത്തെ അഭിമുഖമായി വീക്ഷിക്കുകയും ആഴമായി ചിന്തിക്കുകയും ആ ചിന്തയെ കാവ്യസരണിയിലൂടെ രസാത്മകമായി ആവിഷ്കരിക്കയും ചെയ്ത പ്രതിഭാധനനായ കവിയാണു് കുമാരനാശാൻ. പോരാ, മനുഷ്യനിലുള്ള അധമാംശങ്ങളെ സംസ്കരിച്ചു് ക്രമാനുഗതമായ പരിണാമത്തിലൂടെ ഉദാത്തതയിലേക്കും ഉത്തമ മനുഷ്യത്വത്തിലേക്കും ഉയരാനുള്ള ഉത്തേജനവും ആവേശവും പ്രദാനം ചെയ്യുന്ന ഒരു കവിയാണു് ആശാൻ. മനുഷ്യമനസ്സിൽ വിവിധ ഭാവങ്ങളുളവാക്കി മനസ്സിനെ മഥിപ്പിക്കയും, രസിപ്പിക്കയും ചെയ്തുകൊണ്ടുമാത്രം സംതൃപ്തിയടയാതെ കാവ്യസംവേദനം വഴി കവിയുടെ അനുഭൂതിയിലും ദർശനവീക്ഷണത്തിലും അനുവാചകനെക്കൂടി എത്തിക്കുകയും എത്തിപ്പിടിപ്പിക്കയും ചെയ്യാനുള്ള അദമ്യവും ഉൽകൃഷ്ടവുമായ അഭിലാഷം—വ്യഗ്രത ആശാൻ കവിതകളിലുടനീളം കാണാം.

വഴിപോക്കർക്കു പറിച്ചെടുത്തു വാസനിക്കാനുള്ള വേലിപ്പൂവല്ല സാഹിത്യ അരമനയിലെ ആരാമ പുഷ്പവല്ലി

ആ പടവാളാണ് എന്ന് ആരോ പറഞ്ഞത് ആശാൻകവിതയിൽ അന്വർത്ഥമാണ്. ആശാന്റെ പടവാൾ ആദ്ധ്യാത്മികതയുടെ അരം കൊണ്ടു രാകി മൂർച്ച വർദ്ധിപ്പിച്ചതായിരുന്നു. "ഭാരതത്തിൽ ആദ്ധ്യാത്മിക വിചാരധാര പ്രവഹിക്കുന്നിടത്തോളം കാലം അത് ഒരിക്കലും നശിക്കുകയില്ല; അമൃതരാജ്യമായി പരിലസിക്കുകതന്നെ ചെയ്യും" എന്ന് ശ്രീ വിവേകാനന്ദൻ ഒരിക്കൽ പറയുകയുണ്ടായി. ആ ആദ്ധ്യാത്മികതയുടെദീപനാളം മങ്ങാതെയും അണയാതെയും സൂക്ഷിക്കേണ്ട കടമ തനിക്കുകൂടിയുണ്ടെന്ന് ആശാൻ മനസ്സിലാക്കി. ബുദ്ധമത തത്വത്തിന്റെ കാതലായ മുക്തിയിൽ വിശ്വസിക്കുകയും, ബുദ്ധമത തത്വങ്ങൾ പ്രചരിപ്പിക്കുന്നതിൽ ഉൽക്കണ്ഠാകുലനായ — ജാഗരൂകനായ ആശാൻ നിയതവും നിശിതവുമായ ജീവിത വീക്ഷണം കൈക്കൊണ്ടു. സുഖഭോഗങ്ങളുടെ ക്ഷണികതയുടെയും, നിസ്സാരതയുടെയും അടിത്തട്ടുവരെ ഇറങ്ങിച്ചെന്ന ആശാൻ ജീവിതത്തിന് ആഴവും അർത്ഥവും കണ്ടെത്തിയത് അനശ്വരമായ ജീവിതത്തിലാണ്.

ആശാന്റെ ആദ്ധ്യാത്മിക വിചാരധാര സ്ഫടികസ്ഫുടമായി പ്രശോഭിക്കുന്നത് 'വീണപൂവി'ലാണ്. ഞെട്ടററ് ജീവരസം വററി വാടിക്കൊഴിഞ്ഞ പൂവിന്റെ ജീവിതത്തിൽകൂടി മനുഷ്യജീവിതത്തിന്റെ സജീവചരിത്രം കവി വരച്ചുകാട്ടുന്നു. പ്രകൃതിസൗന്ദര്യത്തിന്റെ പര്യായമായി – പ്രഫുല്ലമായി പ്രശോഭിച്ചിരുന്ന ഹൃദയഹാരിയായ ഒരു പുഷ്പവും ആശാന്റെ മനസ്സും തമ്മിലുള്ള നർമ്മസംഭാഷണമല്ലേ ഓരോ പദ്യത്തിലൂടെയും ആഖ്യാനം ചെയ്തിരിക്കുന്നതെന്നു നാം ശങ്കിച്ചുപോകും. ജീവിതത്തിൽ നമ്മേ ആശ്ലേഷിക്കുന്ന പ്രതാപവും പ്രഭാവവും തേജസ്സും യശസ്സുമെല്ലാം നൈമിഷികമാണെന്നും മനുഷ്യന്റെ ജന്മസാഫല്യം മറെറന്തോ ആണ് കണ്ടെത്തേണ്ടതെന്നും ആശാൻ 'വീണപൂവി'ലൂടെ സമർത്ഥിക്കുന്നു.

കണ്ണേ, മടങ്ങുക കരിഞ്ഞു
മലിഞ്ഞുമാശു
മണ്ണാകുമീ മലര വിസ്മൃതമാക
മിപ്പോൾ
എണ്ണീടുകാർക്കുമിതുതാൻഗതി
സാദ്ധ്യമെന്തു
കണ്ണീരിനാൽ അവനിവാഴ്‌വു
കിനാവുകഷ്ടം!

എന്ന ഈരടികൾ ഇതിനു മകുടോദാഹരണമത്രെ. മനുഷ്യനെ ദുഗ്ഗീയതയിലേയ്ക്ക് വലിച്ചിഴയ്ക്കുന്ന സുഖഭോഗങ്ങളിലുള്ള അമിതാസക്തിയിൽനിന്നും അക്രമങ്ങളിലും അനീതിയിലും നിന്നും പ്രതിനിവർത്തിപ്പിച്ച് ആത്മീയതയുടെ ഉത്തുംഗതയിലെത്തിക്കുകയാണ് ആശാന്റെ കാവ്യോപാസനയുടെ ഒരു ലക്ഷ്യം. 'കരുണ'യിലെ ചിന്തോദ്ദീപകങ്ങളായ ഈരടികളും ഇതിൽനിന്നു ഭിന്നമല്ല. മനുഷ്യത്വത്തിന്റെ മഹനീയതയെയും ഔൽകൃഷ്ട്യത്തെയും താറുമാറാക്കിക്കൊണ്ട് ഭോഗലോലുപതയുടെ നരകക്കയത്തിലേയ്ക്ക് എടുത്തുചാടി മുങ്ങിമരിക്കുന്ന മനുഷ്യജീവികളെ കണ്ടിട്ട്

"ഹാ! സുഖങ്ങൾ വെറും ജാലം
ആരറിവൂ, നിയതിതൻ
ത്രാസു പൊങ്ങുന്നതും താനേ
താണുപോവതും"

എന്നു പ്രലപിച്ചിട്ടുണ്ട്.

മനുഷ്യന്റെ അനിയന്ത്രിതമായ സുഖാസക്തി അവനെക്കൊണ്ട് ഏതധർമ്മവും ചെയ്യിക്കും. ആദ്യത്തെ കാമുകനെ രഹസ്യത്തിൽ കൊല്ലാനും തിരോധനം ചെ

യ്യാനം 'അബല'യായ വാസവദത്തയെ പ്രേരിപ്പിച്ച സംഭവം ഇതിനുദാഹരണമാണ്. ഏതധാർമ്മികനും അക്രമികളും മന സ്സുണ്ടെങ്കിൽ സ്വയം വിമലീകൃതനാകാമെന്ന് ആശാൻ വ്യക്തമാക്കുന്നു.

എഴുത്തച്ഛനുശേഷം ആശാനെപ്പോലെ കവനകലയിലൂടെ ദൈവ വിജ്ഞാനീയം അനുവാചകരിലേയ്ക്കു പകരുവാനും തദ്വാര അവരെ ഈശ്വരസാക്ഷാത്കാരത്തിന്റെ ശ്രീകോവിലിലേയ്ക്കുയർത്തുവാനുമുദ്യമിച്ച കവികൾ മലയാളത്തിൽ വിരളമാണ്. പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതി സഞ്ചാലകമായ ഒരു പരമസത്തയിൽ കേന്ദ്രീകൃതമായിരുന്നു, ആശാന്റെ ആദ്ധ്യാത്മികചിന്താവൃത്തം. ഈശ്വരാഭിമുഖ്യംകൂടാതെ ജന്മസാഫല്യം കൈവരിക്കാൻ സാദ്ധ്യമല്ലെന്ന അവബോധം ആശാനിൽ ദൃഢമായുണ്ടായിരുന്നു. ഈ ലോകത്തിൽ ധർമ്മം സുസ്ഥാപിതമാക്കാൻ ഈശ്വരകാരുണ്യം അപരിത്യാജ്യമാണെന്ന്

"ഓരുന്നു ഞങ്ങൾ പിതാവേ!
നിൻ കൺമുന
ദൂരത്തും തേന്മഴ ചാറുമെന്നും
ക്രൂരത തന്നുടെ നേരേയതുതന്നെ
ഘോരമിടിത്തീയായ് മാറുമെന്നും"

എന്ന ഈരടികളിലൂടെ ഉൽഘോഷിക്കുന്നു.

പ്രാരബ്ധജടിലമായ മനുഷ്യജീവിതത്തിൽ കഷ്ടപ്പാടുകളുടെയും കഷ്ടാനുഭവങ്ങളുടെയും ഇടയ്ക്കു സുഖദുഃഖങ്ങളാൽ ചുതുകളി നടക്കപ്പെട്ടു ഉഴലുന്ന മനുഷ്യരാശിക്ക് ആശ്വാസത്തിന്റെയും ആനന്ദത്തിന്റെയും പ്രഭാധോരണി ചൊരിയുന്നതു് സജീവമായ ദൈവവിശ്വാസം ഒന്നുകൊണ്ടുമാത്രമാണെന്ന ഗ്രാഹ്യം ആശാനുണ്ടായിരുന്നു. അതുകൊണ്ടാണ് 'ദുരവസ്ഥ' യിലൂടെ

"വിശ്വാസമല്ലോ വിളക്കു മനുഷ്യനു
വിശ്വാസം ജീവസർവ്വസ്വമല്ലോ
കൈയ്യും പോമതുപോയാൽ കെട്ടുമാറും
ചുക്കാൻ പോയുള്ളൊരു കപ്പൽ
പോലെ"

എന്നു ഗർജ്ജിക്കുന്നതു്. ഈശ്വരനിലേക്കെത്താനുള്ള അമേയവും ഉൽക്കടവുമായ ഒരന്തർദ്ദാഹത്തിന്റെ ഉടമയായ മനുഷ്യന് ഈശ്വരന്റെ അഭീഷ്ടങ്ങൾക്കു സ്വയം സമർപ്പിതമായെങ്കിലേ ഹൃദയസമാധാനം കൈവരൂ.

"ഈശ്വര സങ്കല്പങ്ങൾക്കു
വഴിപ്പെടാ_
താശ്വാസമെന്തു മനുഷ്യനുള്ളൂ?"

എന്ന ദുരവസ്ഥയിലൂടെ ഉൽബോധിപ്പിക്കുന്ന ഈരടികൾ ആശാന്റെ ഹൃദയം കണ്ണാടിയിലെന്നപോലെ അനുവാചകരിൽ പ്രതിബിംബിപ്പിക്കുന്നു.

"ദൈവത്തെ അനുസരിക്കാത്തവരാരും സമാധാനം അനുഭവിക്കുകയില്ല" എന്ന സങ്കീർത്തന കർത്താവിന്റെ വാക്കുകൾ ആശാന്റെ വീക്ഷണകോടിയ്ക്ക് യോജിച്ചതായിരുന്നു. വൈതരണികളുടേയും വൈപരീത്യങ്ങളുടേയും മദ്ധ്യത്തിൽപ്പോലും ചഞ്ചലചിത്തരാവാതെ ഈശ്വരന്റെ അപ്രതിരോധ്യമായ പരിപാലന സങ്കേതത്തിൽ ആശ്വാസം കണ്ടെത്തണമെന്ന് ആശാൻ ഉദ്ബോധിപ്പിക്കുകയാണ്.

"ഈശാജ്ഞപോലെ വരുമൊ
കൈയോർക്ക പൂവേ"

എന്നാൽ എന്തിനെയും കണ്ണടച്ച് ദൈവഹിതമെന്നുപറഞ്ഞു് സമാശ്ലേഷിക്കുവാനാണ് ആശാൻ ആഗ്രഹിക്കുന്നതെന്നു ധരിക്കേണ്ടതില്ല. തന്റെ ചുറ്റും അനീതിയും ഉച്ചനീചത്വവും അനാചാരവും ഫണമുയർത്തുമ്പോൾ വിധേയത്വത്തിനല്ല



Basket ball



Volley ball

# OUR TEAMS

Foot ball



Athletics





Table tennis Club



Badminton Club

## Champion Athlets







വിധ്വംസനത്തിനാണ് അദ്ദേഹം പടഹധ്വനി മുഴക്കിയത്. ചണ്ഡാലഭിക്ഷുകി, ദുരവസ്ഥ തുടങ്ങിയ കൃതികൾ ഇതിനു മകുടോദാഹരണമാണ്. കവിത ജീവിതനിരൂപണമാണെന്ന മാത്യു ആർനോൾഡിന്റെ നിർവ്വചനം ഈ കാവ്യങ്ങളിൽ ഏററം അന്വർത്ഥമാണ്.

"സ്നേഹത്തിൽനിന്നുദിക്കുന്നു – ലോകം
സ്നേഹത്താൽ വൃദ്ധിതേടുന്നു;
സ്നേഹംതാൻ ശക്തി ജഗത്തിൻ – സ്വയം
സ്നേഹം താനാനന്ദമാർക്കും;
സ്നേഹംതാൻ ജീവിതം ശ്രീ
മൻ – സ്നേഹ–
വ്യാഹതിതന്നെ മരണം;
സ്നേഹം നരകത്തിൻ ദ്വീപിൽ – സ്വർഗ്ഗ–
ഗേഹം പണിയും പടുത്വം.

എന്ന വരികളിലൂടെ ഈശ്വരരൂപം തന്നെ നിരൂപിക്കുന്ന കവി 'നളിനി'യിൽ "സ്നേഹമാണഖിലസാരമൂഴിയിൽ" എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു. സമസൃഷ്ടി സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും അന്തഃശക്തിയും അച്ചുതണ്ടും സ്നേഹത്തിന്റെ അക്ഷയപാത്രമായ ഈശ്വരൻ തന്നെയാണ്.

"ഒന്നല്ലീനാമയി സഹോദരരല്ലി? പൂവേ
ഒന്നല്ലികയ്യിഹ രചിച്ചതു
നമ്മെയെല്ലാം"

എന്ന വീണപൂവിലൂടെ അത്യുദാരമായ അദ്വൈതബോധം ഉച്ചനീചത്വങ്ങളാൽ ചവിട്ടിത്താഴ്ത്തപ്പെടുമ്പോൾ ആശാന്റെ മനസ്സ് താനെ വിനിർഗ്ഗളിക്കുകയാണ്. ആ ധാർമ്മികരോഷത്തിന്റെ രൂക്ഷത

"അന്തണനെച്ചമച്ചുള്ളൊരു കൈയല്ലോ
ഹന്ത! നിർമ്മിച്ചു ചെറുമനേയും"

എന്ന ദുരവസ്ഥയിലെ ഈരടികളിലൂടെ പ്രസ്പഷ്ടമായികാണാവുന്നതാണ്.



പരിപൂർണ്ണത പതുക്കെ മാത്രം മുന്നോട്ടുനീങ്ങുന്നു. അതിനെപ്പോഴും കാലത്തിന്റെ കരം ആലംബനമായി വേണം.

—വോൾട്ടയർ

ചെറുകഥ

# അഭിമുഖമായി?

Cyriac V. K.
II D. C.

(കറവിലങ്ങാടിന്റെ ഹൃദയഭാഗത്തു്, നിശ്ചലമായി, മൂകമായി, സേവനനിരതനായി നിൽക്കുന്ന 'പൂവരശ്ശു'മായി ഒരഭിമുഖസംഭാഷണം. തുടക്കമില്ലാതെ അവസാനമില്ലാതെ സേവനം ലക്ഷ്യമാക്കി നിലകൊള്ളുന്ന, മാനവപുരോഗതിക്കു സാക്ഷ്യം വഹിക്കുന്ന, അതിൽ അഭിമാനംകൊള്ളുന്ന 'പൂവരശി'നു് ഈ എളിയവന്റെ കൂപ്പുകൈ. സമയമുള്ളപ്പോൾ നിങ്ങളും അതിനോടു് കുശലപ്രശ്നങ്ങൾ നടത്തുവാൻ മറക്കരുതു്.

കൂടിക്കാഴ്ച്ചയ്ക്കായി ഞാൻ പകൽ ചെന്നതാണു്. എന്നാൽ രാത്രി പത്തു മണിക്കുശേഷം വരുവാൻ പറഞ്ഞതനുസരിച്ചു് ഞാൻ 'പാതിരാസ്സു്' തന്നെ ചെന്നു. ഞാൻ ഇവിടെ എന്റെ പേർ സൗകര്യാർത്ഥം "മിസ്റ്റർ കച്ചി" എന്നാക്കി മാററിയിരിക്കുകയാണു്.)

കച്ചി: അഭിമുഖസംഭാഷണത്തിനു് 'പാതിരാ' സമയം തന്നെ തിരഞ്ഞെടുത്തതിനു് പ്രത്യേക കാരണം വല്ലതുമുണ്ടോ?

പൂവരശ്ശു്: പാതിരാസമയത്തു മാത്രമെ ഏകാഗ്രവും സൗമ്യവും ആയ ഒരു അന്തരീക്ഷം ലഭിക്കുകയുള്ളു. അതിൽ പ്രയാസം ഒന്നും ഇല്ലെന്നു കരുതുന്നു. ആത്മാർത്ഥതയ്ക്കു് ഏകാഗ്രത ആവശ്യമാണു്. പ്രത്യേകിച്ചു് അഭിമുഖസംഭാഷണത്തിനു്.

കച്ചി: ഇവിടെ താമസം ആക്കിയിട്ടു് എത്രനാളുകൾ ആയി. ഇതിനുമുമ്പു് എവിടെയായിരുന്നു.

പൂവരശ്ശു്: എന്റെ ചെറുപ്പകാലത്തെക്കുറിച്ചു് തീരെ അറിവില്ല. ഇവിടെ വന്നിട്ടു് മുപ്പതു വർഷക്കാലമെങ്കിലും ആയെന്നാണു് തോന്നുന്നതു്.

കച്ചി: ആദ്യകാലങ്ങളിൽ ഈ കവലയുടെ സ്വഭാവ രീതികൾ എങ്ങിനെയായിരുന്നു?

പൂവരശ്ശു്: ആ കാലത്തെപ്പററി എനിക്കറിഞ്ഞുകൂടാ.

കച്ചി: ഇന്നത്തെ പുരോഗതിയെപ്പററി എന്തുപറയുന്നു?

പൂവരശ്ശു്: പുരോഗതിയുടെ ഒരു പരിധിവരെ നല്ലതുതന്നെ; പ്രത്യേകിച്ച് ചില കാര്യങ്ങളിൽ. സംസ്കാരം വർദ്ധിച്ചു് സംസ്കാരം ഭാരമായാലോ? ഇതിലെ പോകുന്നവരെ പ്രത്യേകിച്ചു് വിദ്യാർത്ഥികളെ കാണുമ്പോൾ ഞാൻ ലജ്ജിക്കാറുണ്ടു്.

കച്ചി: അതിനു കാരണം എന്താണു്?

പൂവരശ്ശു്: അവരുടെ വസ്ത്രങ്ങൾ, പെ

മാററങ്ങൾ, സംസാര രീതികൾ, നടത്തമെല്ലാം വളരെ വിചിത്രംതന്നെ.

കച്ചി: ഇങ്ങനെ ഒരഭിപ്രായമുണ്ടാകാൻ കാരണമെന്താണ്?

പൂവരശ്ശ്: ഞാൻ പഴയവനായതുകൊണ്ടാകാം. എൻെറ 'മന'സ്ഥിതി ഇന്നത്തെ സംസ്കാരത്തിനൊത്തു വളർച്ച പ്രാപിക്കാത്തതുകൊണ്ടാകാം.

കച്ചി: കറവിലങ്ങാടിൻെറ ഇന്നുവരെയുള്ള പുരോഗതിയെക്കുറിച്ചെന്തു പറയുന്നു.?

പൂവരശ്ശ്: കറവിലങ്ങാടിനെ സംബന്ധിച്ചടത്തോളം ഭൂതകാലത്തിനനുഗുണമായ പുരോഗതി ഇന്നുണ്ടായിട്ടില്ല.

കച്ചി: ഒരു ഡിഗ്രി കോളജ് ഉൾപ്പെടെ അനവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും, മററനവധി സ്ഥാപനങ്ങളും ഉണ്ടായിട്ടുകൂടി ഇങ്ങനെ പറയുന്നതെന്താണ്?

പൂവരശ്ശ്: വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊണ്ട് എല്ലാം ആയില്ലെന്നുള്ളതാണ് എൻെറ അഭിപ്രായം. ജനങ്ങളുടെ ആവശ്യങ്ങൾക്ക് ഇനിയും പലതുംവേണം. ഇന്നത്തെ യുവ തലമുറയ്ക്ക് 'വ്യവസായശാല'കളാണാവശ്യം. (പൂവരശ്ശ് ആവേശംകൊണ്ടു) അതിന് ഇവിടെയുള്ളവർ മുമ്പോട്ടു വരേണ്ടിയിരിക്കുന്നു. പ്രത്യേകിച്ചും പണക്കാർ.

കച്ചി: ഇവിടത്തെ പ്രധാന ആവശ്യങ്ങൾ എന്തെല്ലാമാണ്?

പൂവരശ്ശ്: വളരെയധികം കാര്യങ്ങൾ ഉണ്ട്. എൻെറ അഭിപ്രായത്തിൽ ഒരു 'ബസ്സ്റ്റാൻഡ്' അല്ലെങ്കിൽ ഒരു 'വെയിററിംഗ് ഷെഡ്ഡ്'കിലും വേണം. എൻെറ കീഴിലും കടത്തിണ്ണകളിലുമായി നില്ക്കുന്ന വിദ്യാർത്ഥിനി വിദ്യാർത്ഥികളെ ഓർത്തു ഞാൻ വേദനിക്കാറുണ്ട്. പ്രത്യേകിച്ച് പെൺകുട്ടികൾ മഴയത്ത് കുടയുംചൂടി മണിക്കൂറുകളോളം നിൽക്കുകയാണ്. വൃത്തിയുള്ളൊരു യൂറിൻ ഷെഡും ആവശ്യമാണ്. പഞ്ചായത്തുകാർ അതിൽ മുൻകൈയെടുക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

(പൂവരശിൻെറ ശബ്ദം പതറി)

കച്ചി: ഇവിടത്തെ ആളുകളെക്കുറിച്ചെന്തു പറയുന്നു?

പൂവരശ്ശ്: എനിക്കു കാണുവാനും ഇടപെടുവാനും കഴിഞ്ഞിട്ടുള്ളവർ നല്ലവരായിട്ടാണ് അനുഭവപ്പെട്ടിട്ടുള്ളത്. എന്നാൽ ചിലരുടെ ചിന്താഗതികളും പ്രവർത്തനങ്ങളും ഈ നാടിൻെറ പുരോഗതിയെ സാരമായി ബാധിക്കുന്നു.

കച്ചി: അങ്ങനെ പറയുവാൻ കാരണം എന്താണ്?

പൂവരശ്ശ്: അതിനെപ്പററി കൂടുതൽ പറയുവാൻ എനിക്കു കഴിയും. അതിനെപ്പററി കൂടുതൽ എന്നോടു ചോദിക്കരുത്. ചോദിച്ചാൽ പലരുടെയും പേരുകൾ പറയുവാൻ ഞാൻ പ്രേരിതനായിത്തീരും.

കച്ചി: കവലയിലെ പെരുമാററ രീതികൾ എങ്ങനെയിരിക്കുന്നു.

പൂവരശ്ശ്: ചില രാഷ്ട്രീയ മീററിംഗുകളും, പ്രതിഷേധ മീററിംഗുകളും നടത്തി, 'വിജ്ഞാനകോശ'ത്തിലില്ലാത്ത ചില പദങ്ങൾ പറയുന്നതു കേട്ടാൽ വേദന തോന്നും. ചിലരുടെ ഭാവങ്ങളും നോട്ടങ്ങളും പ്രത്യേകിച്ചു നാലുമണിക്കു ശേഷം........

കച്ചി: അങ്ങയുടെ ആഹാരം, സംരക്ഷണം ഇവ........?

(ശേഷം 21-ാം പേജിൽ)

കവിത



# കലാലയമേ, വിടതരൂ!

**Annamma John C.**
III D. C.

കൂപ്പുകൈകളുമായി നിൽക്കുന്നു ദേവിനിന്റെ
തൃപ്പാദം തൊഴുതീടാൻ, യാത്രചോദിച്ചീടുവാൻ!!
ഉത്തുംഗപ്രഭാവമേ, ഉജ്ജ്വലപ്രതീപമേ,
നിത്യവും വിളങ്ങിടും സത്യമേനമസ്ക്കാരം!!!
അജ്ഞരാമായിരങ്ങൾക്കെന്നും നീയാവോളവും
വിജ്ഞാനമേകിടുന്നുണ്ടല്ലവും ലോഭമെന്യേ!
ദേവമാതാവിൻനാമം പേറുമീകലാലയം
ഭാവിതൻ വഴികാട്ടിത്തരുന്ന സമംഗളം!!!
അക്ഷയപാത്രമാണീ വിദ്യതന്നിരിപ്പിടം
അബ്ധിപോലപാരവു മത്യന്തഗംഭീരവും!
ദേവിനിൻ മടിത്തട്ടിലായിരം വളരുന്നു
ജാതിവർഗ്ഗവിദ്വേഷമില്ലാതങ്ങനുദിനം
സ്നിഗ്ദ്ധം മധുരപൂർണ്ണം നിൻ മുഗ്ദ്ധം നുകർന്നോരാ—
സുന്ദരനിമിഷങ്ങളുയരുന്നകതാരിൽ!!!
വർഷങ്ങൾ കടന്നുപോമെങ്കിലെന്നാത്മാവിന്റെ
ചിത്രവേദിയിൽ തങ്ങിനിൽക്കുമീസ്മരണകൾ!
വിടചോദിച്ചീടുമീ മൂകമാം നിമിഷത്തിൽ
ഇടറുന്നഹോ! മനംനിറയും കദനത്താൽ!!
വൈഫല്യമുഖരിതമാകുമീ ജീവിതത്തിൽ
വഴികാട്ടിയായിടട്ടെന്നും നിൻ സുഭാഷിതം!!!

# 'വഴിപിഴച്ച' യുവതലമുറ



James K. V.
II D. C.

ഇന്നത്തെ യുവതലമുറ വഴിപിഴച്ചു് പോയെന്നും അച്ചടക്കവും ധർമ്മനിഷ്ഠയും അവരുടെ ഇടയിൽ ഇല്ലായെന്നും പറഞ്ഞു് ഒരുകൂട്ടം ആളുകൾ— ബുദ്ധിജീവികൾപോലും—വിലപിക്കുന്നതു കാണാം. വാസ്തവത്തിൽ ഇക്കൂട്ടരുടെ ഈ ധർമ്മസങ്കടത്തിൽ എന്തെങ്കിലും കാര്യമുണ്ടോ? ഉണ്ടെങ്കിൽ, നാളെയുടെ വാഗ്ദാനങ്ങളായിത്തീരേണ്ട യുവതലമുറയുടെ ഈ പ്രശ്നങ്ങൾക്കു് ക്രിയാത്മകമായ ഒരു പരിഹാരനിർദ്ദേശം ചെയ്യേണ്ടതല്ലേ.

ശൂന്യാകാശത്തിലേയ്ക്കു് വിക്ഷേപിയ്ക്കുന്ന ഒരു പേടകത്തിന്റെ ഗതി നിയന്ത്രിയ്ക്കുന്നതു്, അതിനെ ലക്ഷ്യസ്ഥാനത്തെത്തിയ്ക്കുന്നതു് "കൺട്രോളിങ്ങ്സ്റ്റേഷ"നിലിരിക്കുന്ന ആളുകളാണു്. മുകളിലേയ്ക്കു് കുതിയ്ക്കുന്നതിനുള്ള ശക്തി അതിനു് നൽകപ്പെട്ടിട്ടുണ്ടു്. ഇങ്ങനെയുള്ള ഒരു പേടകംപോലെയാണു് യുവജനങ്ങളും. മുന്നേറണം എന്നുള്ളതാണു് അവരുടെ ആഗ്രഹം. അതിനുള്ളശക്തിയും അവരിൽ അന്തർലീനമായി കിടപ്പുണ്ടു്. പിന്നെശേഷിയ്ക്കുന്നതു് സമുദായം അംഗീകരിയ്ക്കുന്ന ശ്രേഷ്ഠമായ ലക്ഷ്യത്തിലേയ്ക്കു് അവരുടെ സൃഷ്ടിപരമായ ആ ശക്തിയെ തിരിച്ചുവിടുകമാത്രമാണു്.

യുവജനത ലോകത്തെ ദർശിയ്ക്കുന്ന

---

(19-ാം പേജിൽനിന്നു് തുടർച്ച)

പൂവരശ്ശു്: ആരുടെയും സംരക്ഷണം ഞാന് ആഗ്രഹിക്കുന്നില്ല. സേവനമാണെന്റെ ലക്ഷ്യം. എന്റെ ഭക്ഷണസാധനങ്ങൾ ധാരാളം ഈ മണ്ണിലുണ്ടു്.

കച്ചി: പൊതുവായി എന്തെങ്കിലും സന്ദേശം, പ്രത്യേകിച്ചു വിദ്യാർത്ഥികൾക്കു നൽകുവാനുണ്ടോ?

പൂവരശ്ശു്: എല്ലാവരും പരസ്പര സ്നേഹത്തോടെ, സ്വാർത്ഥതയില്ലാതെ സ്വന്തം കടമ നിർവ്വഹിക്കുക; പ്രത്യേകിച്ചു വിദ്യാർത്ഥിലോകം.

കച്ചി: സമയം ഒരുപാടായെന്നു തോന്നുന്നു. ഇനി വല്ലപ്പോഴും കാണാം.

പൂവരശ്ശു്: താങ്കൾ എന്നെ സന്ദർശിച്ചു് സംഭാഷണം നടത്തിയതിനു് പ്രത്യേകം നന്ദി. ഇനി സുഹൃത്തുക്കളെയും കൂട്ടി വല്ലപ്പോഴും വരണം.

കച്ചി: അങ്ങനെയാവട്ടെ: 'ഗുഡ്നൈറ്റു്'

പൂവരശ്ശു്: 'ഗുഡ്നൈറ്റു്'

തു് അവരുടേതായ പ്രത്യേക കാഴ്ചപ്പാടിലൂടെയാണ്. ബാല്യത്തിന്റെയും പ്രായപൂർത്തിയുടേയും ഇടയിലുള്ള ഒരു ജീവിതമാണല്ലോ യുവജനതയുടേതു്. ഈ അവസരത്തിൽ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അഭിവാഞ്ഛ യുവജനങ്ങളിൽ അങ്കുരിച്ചുതുടങ്ങുന്നു. ആശ്രയബോധത്തിന്റെ കാലം കഴിഞ്ഞു എന്ന തോന്നൽ അവർക്കുണ്ടാകുന്നു. ഈ തോന്നലിന്റെ ഫലമായാണ് സമരചേരികളും അക്രമപ്രവർത്തനങ്ങളും രൂപം കൊള്ളുന്നതു്.

എന്തും പ്രവർത്തിയ്ക്കുവാൻ യാതൊരു മടിയുമില്ലാത്തവരാണ് യുവജനങ്ങൾ. ആദർശത്തെ സ്വജീവനെക്കാൾ വിലമതിച്ചുകൊണ്ടു് സ്വയം അർപ്പിയ്ക്കുവാൻ അവർക്കു് ഒട്ടുംതന്നെ മടിയില്ല. ഇങ്ങനെ എന്തിനേയും ചെറുത്തു് മുന്നേറുവാൻ തയ്യാറായി നിൽക്കുന്ന അവർക്കു്, അവരർഹിയ്ക്കുന്ന അംഗീകാരവും പ്രോത്സാഹനവും സമുദായത്തിൽനിന്നു് കിട്ടുന്നില്ല എന്നുള്ളതു് ഒരു പച്ചപരമാർത്ഥമാണ്. എന്തിനും തയ്യാറായി രംഗത്തിറങ്ങുവാൻ കൊതിയ്ക്കുന്ന ധീരയുവാക്കൾ അവഗണിയ്ക്കപ്പെടുകയാണിന്നു്. അതിനാൽ അവരുടെ ശക്തിയും ആവേശവുമെല്ലാം ആവശ്യമില്ലാത്തസ്ഥലത്തു് ചെലുത്തുന്നതിനു് അവർ മുതിരുന്നു. അങ്ങനെ വ്രണപ്പെട്ട വികാരങ്ങളോടുകൂടി പുറത്തേയ്ക്കിറങ്ങുന്ന അവർ എന്തു വിഢിത്തവും കാണിയ്ക്കുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ല. നിലവിലുള്ള തത്വസംഹിതകളെല്ലാം തച്ചുടയ്ക്കുകയാകും അവരുടെ ലക്ഷ്യം. പിന്നെ എന്തുകാര്യത്തിനും അക്രമം മാർഗ്ഗമായി സ്വീകരിയ്ക്കുകയായി, അവർ. അങ്ങനെ നാളെയുടെ സ്വപ്നങ്ങൾക്കു് രൂപംകൊടുക്കേണ്ട യുവജനത കുത്തഴിഞ്ഞജീവിതത്തിലൂടെ മുന്നോട്ടു് നീങ്ങുന്നു.

ഇവയൊക്കെ കണ്ടിട്ടു് അവയുടെ യഥാർത്ഥസ്വഭാവം മനസ്സിലാക്കാതെ, യുവതലമുറയെ "വഴിപിഴച്ച" തലമുറയായി മുദ്രകുത്തുന്നു. ഇതാണ് യഥാർത്ഥത്തിൽ സംഭവിച്ചിരിക്കുന്നതു്.

യുവജനതയുടെ ഈ അസ്വസ്ഥതകൾ പരിഹരിക്കുന്നതിനു് ആദ്യമായി ചെയ്യേണ്ടതു് അവരിൽ കുടികൊള്ളുന്ന നൈസർഗ്ഗീക കഴിവുകൾക്കു് വികസിക്കുവാൻവേണ്ട അവസരമുണ്ടാക്കിക്കൊടുക്കുകയാണ്. ഈ അവസരം കിട്ടാത്തതിനാലാണ് ഇന്നത്തെ യുവതലമുറ അസ്വസ്ഥതയിലായിരിയ്ക്കുന്നതു്. അതിനാൽ ചോരത്തിളപ്പുള്ള യുവജനങ്ങളുടെ ശക്തിയെവേണ്ടവിധം മനസ്സിലാക്കി നിയന്ത്രിക്കുന്ന ഒരു നേതൃത്വമാണാവശ്യം.

മാറിക്കൊണ്ടിരിക്കുന്ന ലോകത്തിൽ പലതും മാറിയെങ്കിലേ മെച്ചമുണ്ടാകൂ എന്നതിനെപ്പറ്റി തികച്ചും ബോധവാന്മാരാണ് യുവജനങ്ങൾ. പല മൂല്യങ്ങളും വികാര വിചാര ശൈലികളും ജീവിതരീതികളും കാലഹരണപ്പെട്ടുപോയവയാണെന്നും പുതിയവയെ കണ്ടെത്തി അവതരിപ്പിക്കുകയാണ് ആവശ്യമെന്നും അവർ വിശ്വസിക്കുന്നു. പരമ്പരാഗതമായി പാലിച്ചുപോരുന്നു എന്ന ഒരൊറ്റ കാരണംകൊണ്ടു് ഏതാചാരരീതിയും നിയമവും സ്വീകരിച്ചു കൊള്ളണം എന്നു നിർബന്ധംപിടിച്ചാൽ യുവജനത അതിനു് വഴങ്ങുകയില്ല. പാരമ്പര്യങ്ങളേയും പഴമകളേയും മുറുകെപ്പിടിക്കുകയും അന്ധമായി വിശ്വസിക്കുകയും ചെയ്യുന്നവർ യുവജനങ്ങളുടെ ഈരീതിയെ വിമർശിക്കാതിരിക്കുകയില്ല. അർത്ഥമില്ലാത്ത എന്തും അവഗണിക്കുക യുവലോകത്തിന്റെ എണ്ണപ്പെട്ട ഒരു പ്രത്യേകതയാണ്. കഴിഞ്ഞുപോയ കാലങ്ങളിലെ ചില പ്രത്യേക സാഹചര്യങ്ങളും ആവ

ശ്യങ്ങളും കണക്കിലെടുത്തു് രൂപപ്പെടുത്തിയ പല ആചാരവിധികളും വേഷവിധാനങ്ങളും ഇന്നത്തെ യുവലോകത്തിനു് അപഹാസ്യവും അർത്ഥരഹിതവുമായി തോന്നുന്നെങ്കിൽ അതിൽ അത്ഭുതത്തിനു് അവകാശമില്ല.

കാലത്തിന്റെ കുത്തൊഴുക്കിൽ കടപുഴകിയവയെ പുറംതള്ളാനുള്ള ഈ പ്രവണതയെ ആരും കുററംപറയുമെന്നു് തോന്നുന്നില്ല. ഇന്നത്തെ വിദ്യാർത്ഥിലോകത്തിന്റെ ചലനങ്ങളും അഴിഞ്ഞാട്ടങ്ങളും വിധ്വംസകപ്രവർത്തനങ്ങളും അധികാരനിഷേധവും എല്ലാം എതിർക്കുന്നതിനു മുൻപു് അവർ പറയുന്നതിൽ എന്തെങ്കിലും ന്യായമുണ്ടോ എന്നു് ചിന്തിക്കാതിരിക്കുക തികച്ചും അന്യായമാണു്. ഇത്തരുണത്തിൽ ഒരു തത്വചിന്തകന്റെ വാക്കുകൾ ഓർമ്മവരുകയാണു്. അതായതു് "യുവലോകം എതിർക്കുന്നതു് മിക്കവാറും ശരിയാണു്. പക്ഷേ നിർദ്ദേശിക്കുന്നതു് പലപ്പോഴും തെററാണു്." ഫ്രാൻസീസ്ബേക്കന്റെ അഭിപ്രായവും ശ്രദ്ധേയമാണു്. „യുവജനത പുതുതായി എന്തെങ്കിലും കണ്ടുപിടിക്കാനാണു് സമർത്ഥർ, വിധിക്കാനല്ല. പ്രവർത്തിക്കാനാണു്, തുടരാനല്ല." അങ്ങനെ യുവലോകത്തിന്റെ പല എതിർപ്പുകളും സൃഷ്ടിപരങ്ങളാണു്. അങ്ങാക്കു് ശരിയായ അവബോധമുള്ള നല്ല നീക്കങ്ങളേയും നിലപാടുകളേയും നിരോധിക്കുന്ന എന്തിനേയും യുവജനത എതിർത്തെന്നുവരും. ഈ നിലപാടു മാറണമെങ്കിൽ യുവലോകത്തെ മാനിക്കുന്ന, മനസ്സിലാക്കുന്ന ശരിയായ സുരക്ഷിതത്വം നൽകുന്നനേതാക്കളും നിർദ്ദേശകരും ഉണ്ടാവണം. തെററു് തെററെന്നും ശരി ശരിയെന്നും പറയുവാൻ ധൈര്യമുള്ളവരായിരിക്കണം ഈ നേതാക്കൾ.

നമ്മുടെ യുവതലമുറയുടെ ശാരീരികവും മാനസികവും സാമൂഹികവുമായ പ്രശ്നങ്ങൾക്കു് പരിഹാരം കണ്ടെത്തുവാനുള്ള പദ്ധതികൾ രൂപംകൊള്ളേണ്ടിയിരിക്കുന്നു. അങ്ങനെ ശരീരികവും വൈകാരികവുമായ കഴിവുകളെ പരിപോഷിപ്പിച്ചു്, വ്യക്തിത്വവികാസം സാധിച്ചു്, ഭാവിയുടെ വാഗ്ദാനങ്ങളായി തടയാനാവാത്ത ഓജസ്സും ശക്തിയുമുള്ളവരായി നമ്മുടെ യുവതലമുറ ശോഭിക്കട്ടെ.



മററുള്ളവരേക്കാൾ താൻ ബുദ്ധിമാനാണെന്ന ബോധമാണു് വഞ്ചിക്കപ്പെടുന്നതിനു് ഏററവുമേറെ കാരണമാകുന്നതു്.

—ലാറോഷഫോക്കോഡ്

ചെറുകഥ



# കൊഴിഞ്ഞപൂക്കൾ

**Joseph V. M.**
II B Sc.

മാത്തൻചേട്ടനെ ദൂരെവെച്ചുകണ്ടപ്പോഴെ കുഞ്ഞേലിച്ചേടത്തി മുററത്തിറങ്ങിനിന്നു. അവരുടെ മുഖം പ്രസന്നമായിരുന്നു. അയാൾ മുററത്തെത്തുന്നതിനു് മുമ്പു് അവർ വിളിച്ചുപറഞ്ഞു.

"കുഞ്ഞമ്മിണി പെററു."

കേട്ടമാത്രയിൽ അയാൾ തൊഴുത്തിലേയ്ക്കുനടന്നു. കുഞ്ഞേലിച്ചേടത്തിയും പിള്ളേരും പുറകെയും. കുഞ്ഞമ്മിണി ഒരു പശുവാണു്. മൂന്നുവർഷം മുമ്പു് മാത്തൻചേട്ടൻ വാങ്ങിച്ച ഒരു പശുക്കിടാവു്. ആ പശുക്കിടാവിനെ വാങ്ങിയതോടെ കുട്ടികൾക്കു് ഒരു സ്ഥിരം ജോലികിട്ടി— പുല്ലുപറിയ്ക്കൽ. അതിനെ തീററിപ്പോററുന്നതിൽ അവർതമ്മിൽ മത്സരമായിരുന്നു. അതിനവർ ഓരോ മനപ്പേരിട്ടു— കുഞ്ഞമ്മിണി. വളരെയധികം ആലോചനകൾശേഷമാണു് ആ പേരുതെരഞ്ഞെടുത്തതു്. "നമുക്കവളെ 'നന്ദിനി'ന്നുവിളിച്ചാൽമതി"— അതു കുഞ്ഞേലിച്ചേടത്തീടെ അഭിപ്രായമായിരുന്നു.

"ഫ്" മാത്തൻചേട്ടൻ ഓരാട്ടുവെച്ചുകൊടുത്തു. അദ്ദേഹം തുടർന്നു.

"ഹിന്ദുപ്പെണ്ണുങ്ങളുടെ പേരാണോടി മാപ്പിളമാരുടെ പശുവിനിടുന്നതു്. ഞാൻ മാർഗ്ഗംകൂടി വന്നവനൊന്നുമല്ല. കള്ളാലവെപ്പുകാരൻ ചാക്കോയുടെ മകനാ"

"കുഞ്ഞുമോളു്" കോണകമുടുത്തു് ഉന്തിയ വയറുമായിനിന്ന മാത്തൻചേട്ടൻെറ ഇളയമകൻെറ അഭിപ്രായമായിരുന്നു അതു്.

"കുഞ്ഞമ്മിണി" ഒരു തിരുത്തലോടുകൂടി മാത്തൻചേട്ടൻ അംഗീകരിച്ചു. ആ പശുക്കിടാവിനു് ആ വീട്ടിലെ ഒരംഗത്തിൻെറ പദവിയായിരുന്നു.

അയാൾ തൊഴുത്തിൽകയറി വിരവൽ തീർന്നിട്ടില്ലാത്ത ആ പശുക്കിടാ

# CLUBS AND ACTIVITIES



Music Club



Oratory Club I



C. S. U.



Social Service Leauge



Dramatic Club

Oratory Club II



വിനെ എടുത്തുമ്മവെച്ചു. കുഞ്ഞമ്മിണിയുടെ തലയിൽ ചൊറുകി. കുട്ടികൾ ആ പശുക്കിടാവിനെ താങ്ങിയെടുക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ, പൊങ്ങുന്നില്ല. അവരെനോക്കി അയാൾ ശാസിച്ചു.

"കിടാവിനെ പിടിക്കരുതു്. അതു മെലിഞ്ഞുപോകും."

"നിങ്ങളുപോയി കളിച്ചിട്ടുവാ'' കുഞ്ഞേലിച്ചേട്ടത്തി ഭർത്താവിനോടു സ്നേഹപൂർവ്വം പറഞ്ഞു.

"ഇന്നൊന്നും പശുവിനു കൊടുക്കാതിരിക്കുകാ നല്ലതു്" എന്നുപറഞ്ഞു് അയാൾ കുളിക്കടവിലേക്കുപോയി. കുളികഴിഞ്ഞുവന്നപ്പോൾ കുഞ്ഞേലിച്ചേട്ടത്തി ഒരുകോപ്പ ചക്കരക്കാപ്പികൊണ്ടുവന്നു് അയാളുടെ മുമ്പിൽവെച്ചു. തിന്നാൻ എന്തെങ്കിലും പ്രതീക്ഷിച്ചിരിക്കുന്ന ഭർത്താവിനെനോക്കി അവർ തുടർന്നു.

"കപ്പയ്ക്കുപോയിട്ടു കിട്ടിയില്ല. ചില്ലറ കൊടുക്കില്ലെന്നു പറഞ്ഞു."

"പിന്നെ എന്നാ, ഒന്നിച്ചാണോ തള്ളിക്കേററണെ'' അയാളുടെ ദേഷ്യം കപ്പക്കച്ചവടക്കാരൻെറമേൽ പതിഞ്ഞു.

"രണ്ടുമൂന്നുകിലോ കപ്പ എങ്ങനെ തരാനാ. തൂക്കാൻപോലും പ്രയാസം. നിങ്ങൾക്കു രണ്ടുതലക്കപ്പ പറമ്പീന്നുപറിക്കരുതോ?'' കപ്പക്കച്ചവടക്കാരൻെറ വാക്കുകളെ കുഞ്ഞേലിച്ചേട്ടത്തി അതേപടി ഭർത്താവിനെ അറിയിച്ചു.

"അവൻെറമ്മേടെ നെഞ്ചു്; ഇവിടുത്തെ കപ്പകിട്ടാഞ്ഞിട്ടു് അവനു് കണ്ണിക്കടികാണും'' അയാൾ ഒററവലിക്കു് ആ കാപ്പി ഉള്ളിലാക്കി. പിന്നെ സ്വയം കൃതാർത്ഥനായിട്ടെന്നപോലെ പറഞ്ഞു:

"ഇതു് ഒന്നും രണ്ടും വീതം പറിച്ചുതീർക്കാനുള്ള വകയല്ല. ഇതൊന്നിച്ചു വിൽക്കണം. ആ കാശും പശുവിൻെറ പാലിൻെറ കാശുംകൂടെ ഇട്ടു് ഞാൻ ത്രേസ്യാനെ അങ്ങു പറഞ്ഞുവിടും. പിന്നെ ചിന്നമ്മേടെ കാര്യമല്ലേ? അതുവരുന്നേയുള്ളു. പിന്നെ രണ്ടാൺകുഞ്ഞുങ്ങളു്— അവരെങ്ങനെയെങ്കിലും ജീവിച്ചുകൊള്ളും''. അയാളുടെ പറച്ചിൽകേട്ടു് വാതിൽ ചാരിനിന്ന ത്രേസ്യാ അകത്തേക്കു കയറി. ഭർത്താവിൻെറ അഭിപ്രായത്തിൽ സന്തുഷ്ടയെങ്കിലും ഒരു ശൃംഗാരച്ചിരിയോടെ കുഞ്ഞേലിച്ചേട്ടത്തി പറഞ്ഞു.

"പിന്നെ, എനിക്കൊരു പൊതുവുണ്ടില്ലാതായിട്ടുകൊല്ലം രണ്ടായി''.

"ഫ! കഴുതെ, പ്രായമായി നിൽക്കുന്ന പെണ്ണിനെ കെട്ടിക്കയൊണോ ആവശ്യം, അതോ നാലഞ്ചുപെററ നിന്നെ മുണ്ടുപൊതപ്പിക്കയൊണോ?" മാത്തൻചേട്ടനു ദേഷ്യംവന്നു. അപ്പൻെറ യുക്തികേട്ടു് മക്കളൊക്കെ ചിരിച്ചു. ഇളയകുട്ടികൾ അമ്മയെനോക്കി മൂക്കത്തു വിരൽ വെച്ചു.

"എന്താടാ അസത്തുക്കളെ ചിരിച്ചു ഞെളിയണെ" കുഞ്ഞേലിച്ചേട്ടത്തി പിള്ളേരെ ഒന്നു നോക്കി.

"പിന്നേ, എൻെറ കൊച്ചുങ്ങളെക്കേറി അസത്തുക്കളെന്നു വിളിച്ചാലുണ്ടല്ലോ" മാത്തൻചേട്ടൻ പിള്ളേരെ അനുകൂലിച്ചു.

പള്ളിക്കൂടത്തിൽനിന്നു വന്നുകേറിയ ചിന്നമ്മയെനോക്കി അയാൾ ചോദിച്ചു: "അതെന്താടി, ആ ഒച്ചകേക്കണെതു്."

"ജാഥയാണു്. നമ്മുടെ നിയോജകമണ്ഡലത്തീന്നു കമ്മ്യൂണിസ്ററു സ്ഥാനാർത്ഥി ജയിച്ചു." ചിന്നമ്മ എട്ടാം ക്ലാസ്സിൽ പഠിക്കുകയാണു്. പള്ളിക്കൂടത്തിൽ പോണവഴിക്കു", കൂട്ടുകാരിൽനിന്നുംമററുമായി അവൾക്കല്പം രാഷ്ട്രീയമൊക്കെ കിട്ടിയിട്ടുണ്ടു്.

"ഏതുമണ്ണാനെങ്കിലും തൊലയട്ടെ''

പൂർവ്വകാലത്തെ ഓർമ്മിച്ചിട്ടെന്നവണ്ണം അയാൾ തുടർന്നു.

"എനിക്കൊരു ദുഃഖമില്ലായിരുന്നു. ഈ കന്നാംപുറം ഞാൻ വിലയ്ക്കുവാങ്ങിയതാണ്. ഇതിലെ കപ്പ ഞാൻ വേലയെടുത്തുണ്ടാക്കിയതാണ്. വേലയെടുത്തു തന്നെയാണ് ഞാനീ കുടുംബം പോറ്റുന്നത്. ആരുജെയിച്ചാലും ഇവിടെയൊന്നുമില്ല''.

ഭർത്താവിന്റെ കാര്യശേഷിയിൽ സന്തുഷ്ടയായ കുഞ്ഞേലിച്ചേട്ടത്തി പറഞ്ഞു. "കപ്പേടെ ചോട്ടിൽ വല്ലതുമുണ്ടോ ഇല്ലയോ. എലി കുറേശ്ശെ മാന്തണൊണ്ട്' വിശപ്പുമാററാനോ പരീക്ഷിക്കാനോ. അയാൾ തൊഴുത്തിന്റെ അടുത്തേക്കു പോയി. ചാണകക്കുഴിയുടെ കരയിൽനിന്നു ഒരു ചുവട് അയാൾ ആഞ്ഞു പൊക്കി. അതു ലാഘവത്തോടെ പൊങ്ങിപ്പോന്നപ്പോൾ അയാൾ ഒന്നു ഞെട്ടി. രണ്ടാമത്തെ ചുവടും കുലുക്കിപ്പൊക്കി. അതും ആദ്യത്തേതിൽനിന്നും ഒട്ടും മെച്ചമല്ലായിരുന്നു. കപ്പയുടെ വിളവു മോശമെന്നു കണ്ടപ്പോൾ കുഞ്ഞേലിച്ചേട്ടത്തി പറഞ്ഞു:

"ഞാൻ പറഞ്ഞതാ ഇത്തവണ ഏത്തവാഴ വെച്ചാമതിയെന്ന്"

"ഏത്തവാഴ കപ്പപോലെയല്ലെടീ. അതിനു കാശുവാരിയിടണം. നിന്റപ്പൻ കൊണ്ടത്തരുവോ ആ കാശ്''

കുഞ്ഞേലിച്ചേട്ടത്തി പിന്നെ ഒന്നും പറഞ്ഞില്ല. മാത്തൻചേട്ടൻ പറഞ്ഞതു ശരിയാണെന്ന് അവർക്കഭിപ്രായമുണ്ട്. അന്നന്നു വേലയെടുത്തു ചെലവുകഴിയുന്നവർക്കു വാഴയ്ക്കു വളംചെയ്യാൻ കാശുകിട്ടുമോ? കുഞ്ഞേലി പറഞ്ഞതു് ശരിയാണെന്നു മാത്തൻ ചേട്ടനുമറിയാം. അടുപ്പിച്ചു കപ്പ നട്ടാൽ വിളവു മോശമാകുകയേയുള്ളൂ.

"ഇതു ചാണാക്കുഴിമാട്ടേലെ കപ്പയാ. ഇതിന്റെ പകുതി കാണില്ല മററതൊക്കെ''— അയാൾ പിറുപിറുത്തു. എലി മാന്തിയ കപ്പച്ചുവടുകൾ നോക്കി നോക്കി അയാൾ കപ്പക്കിടവഴിനടന്നു. കപ്പ വെട്ടി പാത്രത്തിലാക്കി അമ്മയും മക്കളും അടുക്കളയിലേക്കു.

അത്താഴത്തിനുശേഷമാണു പ്രാർത്ഥന നടത്തിയതു്. വിശപ്പുകലശലായിരുന്നു. ഊണുകഴിഞ്ഞു് മുറുക്കിയിട്ട് മാത്തൻ ചേട്ടനും കുഞ്ഞേലിച്ചേട്ടത്തിയും വർത്തമാനം പറഞ്ഞുകൊണ്ടിരുന്നു. അടുത്ത പ്രാവശ്യം ഏത്തവാഴ നടണമെന്നും അതിനു വേണ്ട കാശു പശു തരുമെന്നും അയാൾ ഭാര്യയെ സമാധാനിപ്പിച്ചു.

"നമുക്കു രണ്ടുപേർക്കുംകൂടി 'വൈക്ക'ത്തിനുപോയി ഇഷ്ടമുള്ള പൊതമുണ്ടു വാങ്ങാം''

"പണ്ണിനെ കെട്ടിച്ചിട്ടുമതി ബാക്കി കാര്യം'' ആ പെററമ്മ ഉണർന്നു.

"അവളെ വല്ലവർക്കുമെങ്ങനെ പിടിച്ചുകൊടുത്താൽപ്പോര. കഞ്ഞികുടിക്കാൻ വകയൊള്ളവന്റെകൂടെ വിടണം''. അയാൾ സമാധാനിച്ചു.

കുഞ്ഞേലിച്ചേട്ടത്തി ഭർത്താവിനോടു പറഞ്ഞു:

"ആ പപ്പുപിള്ള എന്നോടു പാലു ചോദിക്കാൻ തൊടങ്ങീട്ടു ഒരു മാസമായി''.

''പെറാതെ പാലുകിട്ടുമോ'' അയാൾ അക്ഷമ പ്രകടിപ്പിച്ചു.

കുഞ്ഞേലിച്ചേട്ടത്തി മാത്തൻ ചേട്ടന്റെ ചെവിയിൽ മന്ത്രിച്ചു— പാലിലെന്തുമാത്രം വെള്ളം ചേർക്കാമെന്ന്.

„ചായക്കടേലെ പാലു മോശമാടീ. പകുതി പാലും പകുതി വെള്ളോം. നമു ക്കതൊന്നൊന്നും വേണ്ട. ഒരു കപ്പിക്ക് ഒരുതുടം വെള്ളം മതി. അല്ലാത്തകാര്യ നിലനിൽക്കില്ല''.

മാത്തൻ ചേട്ടൻ പതിവിലും നേര ത്തെ ഉണർന്നു. പശുത്തൊഴുത്തിലെ ചാ ണകമെടുത്തു കുഴിയിലിടുക അയാറം മുറ തെറ്റാതെ ചെയ്യുന്ന ജോലിയാണ്. ഇ ന്നയാറംക്ക് ഉന്മേഷംകൂടി. തൊഴുത്തി ലെത്തി. ആ കാഴ്ചകണ്ട് അയാറം ഇരു ന്നുപോയി. നാലുകാലും വലിച്ചുനീട്ടി കുഞ്ഞന്മിണി അനക്കമെററു കിടക്കുന്നു. വായിൽനിന്ന് ചവച്ച കപ്പയിലയും പ തയുംകൂടി ഒഴുകിക്കിടക്കുന്നു. കുഞ്ഞമ്മി ണിയുടെ അകിടരുമ്മി കൊച്ചുകുഞ്ഞ മ്മിണി നടക്കുന്നു. മുററമടിക്കുന്നതിനു മുമ്പ് കുഞ്ഞേലിച്ചേട്ടത്തിയും തൊഴുത്തി ലെത്തി.

„എന്റെ നിത്യസഹായമാതാവേ" അവർ നെഞ്ചത്തലച്ചു. കിഴക്കു പ്രകാ ശം പൊട്ടിവിടരുകയും പക്ഷികറം ശബ്ദ മുണർത്തുകയും ചെയ്തു. ദേവാലയത്തിൽ ദിവ്യബലിക്കുള്ള മണിനാദമുണർന്നു. പ ക്ഷേ, ആ വീടിനുചുററും ഇരുട്ടു തളം കെ ട്ടിനിന്നു.



മനുഷ്യനിൽ വിവേകമുളവാക്കുന്നതു് നിരീക്ഷണ പാടവമാണ്. വാർദ്ധക്യമല്ല.

—സൈറസ്.

സ്വഹൃത്തിന് നന്മ ചെയ്യുന്ന മനുഷ്യൻ തനിക്കുതന്നെ നന്മ ചെയ്യുന്നു.

—ഇറാമുസ്.

# തളിരററ പൂമൊട്ട്



മൂകമായ്, സായാഹ്നത്തിൻ
ചോപ്പുരശ്മിയാൽമുററം
ശോഭിക്കുന്നൊരുവീടും
മോഹനമാരാമവും

വാടിതൻ മൂലയ്ക്കുള്ള
വാപിതൻതീരേ പോയി
നോക്കിനിന്നിടുന്നിതാ
നിശ്ചലമൊരുപൈതൽ

പൈതലിൻ നേത്രങ്ങളിൽ
കണ്ണുനീർ തളംകെട്ടി
കവിയാൻ വെമ്പീടുന്ന
വാപിപോലവേ നിൽപ്പൂ!

നഷ്ടമായ് പോയതെന്തോ
വീണ്ടെടുക്കുവാനായി
നീർതുള്ളും കണ്ണാലവ-
നംബരേ നോക്കീടുന്നു

വിറയ്ക്കും ചുണ്ടുകളാൽ
വേദനസ്ഫുരിക്കുന്ന
സ്വരമോടക്കുഞ്ഞെന്തോ
പതുക്കെ മന്ത്രിക്കുന്നു

x x x x x

ആണ്ടുകൾ രണ്ടായില്ല-
ന്നിതുപോലൊരുസന്ധ്യാ-
വേളയിൽ തന്നമ്മയൊ
ത്താഹ്ലാദിച്ചിരുന്നതും,

ചൊടിച്ചുമാറീടുമ്പോ-
ളമ്മതൻ കരങ്ങളാൽ
ആശ്ലേഷിച്ചുണപ്പതും
മേനിയിൽ പുണർന്നതും

**Joseph M. L.**
II D. C.

പല്ലവങ്ങളാൽ പരി-
വേഷ്ടനം ചെയ്യപ്പെട്ട്
നിദ്രകൊണ്ടിടും കൊച്ചു
കോരകമതുപോലെ

അമ്മതൻ മെയ്യോടന്നു
സ്നേഹവായ്പോടെപററി-
ച്ചേർന്നുകൊണ്ടിരുന്നതു-
മോർമ്മയിൽ നിറക്കുന്നു

നാളുകൾ നീങ്ങീലേറെ,
പുഴുവിൻ കത്തെററഹോ
അത്തളിർ, മൊട്ടിൽനിന്നും
വേർപെട്ടു മണ്ണടിഞ്ഞു

അമ്മയെപ്പിരിഞ്ഞിട്ടു
നൊന്തൊരു ചിത്തത്തോടും
കണ്ണുനീരൊഴുക്കിടും
നേത്രങ്ങളോടും കൂടി

പോയിനിന്നീടുമവൻ
എന്നുമാ വാപിതീരെ
വെൺമേഘക്കൂട്ടങ്ങളിൽ
ദൃഷ്ടികൾ നട്ടുംകൊണ്ട്

ലക്ഷ്യമററലഞ്ഞിടു-
മാമേഘസമൂഹങ്ങൾ
ദുഃഖത്തിൻപ്രതീകംപോൽ
മന്ദമായൊഴുകുമ്പോൾ

തന്നെയുമുപേക്ഷിച്ചു
മേഘമാർഗ്ഗത്തിൽചേർന്നോ-
രമ്മയെയന്വേഷിക്ക-
യാണവനവയ്ക്കിടെ

കാററടിച്ചൊന്നിപ്പിക്കും
വെൺമേഘക്കീറുകളിൽ
സായാഹ്ന സൂര്യൻതൻെറ
ചെഞ്ചായം പുരട്ടുമ്പോൾ

ചേതസ്സിൽ നിരൂപിക്കും
തന്നമ്മയവളുടെ
പുഞ്ചിരിപൊഴിപ്പതായ്
തന്നെ നോക്കീടുന്നതായ്।

നോക്കിനിൽക്കവേതന്നെ
മാഞ്ഞുപോയീടുന്നോരാ
രൂപത്തെ നോക്കിയവൻ
ഇങ്ങനെ മന്ത്രിക്കുന്നു

''അമ്മയെപ്പിരിഞ്ഞെനി-
ക്കാവില്ല, ജീവിക്കുവാൻ,
താഴോട്ടു വന്നീടുക,
കൊണ്ടുപോകെന്നെക്കൂടെ''



നിങ്ങൾ ശക്തരോ? നിങ്ങൾക്കു് ശക്തി അനുഭവമാകുന്നുവോ? സത്യം അതൊന്നാണ് ശക്തിവിധായകൻ എന്നു് എനിക്കറിയാം.

—സ്വാമി വിവേകാനന്ദൻ.

സൗന്ദര്യം സത്യമാണു്. സത്യമാകട്ടെ ദൈവസന്നിധിയിലേയ്ക്കുള്ള ഋജുരേഖയും.

—സോക്രട്ടീസ്

ചിന്തിക്കുന്നവനു് ജീവിതം സുഖപര്യവസായിയും, അനുഭവിക്കുന്നവനു് ജീവിതം ശോക പര്യവസായിയുമാണു്.

—വാൽപോൾ.

ലാഘവബുദ്ധി ഉപേക്ഷിച്ച് ഗൗരവങ്ങളായ കാര്യങ്ങളിൽ നാം മനസ്സിരുത്തണം.

—ഹോറേസ്.

# ഇടപ്പള്ളിക്കവികൾ

**Ramachandran Nair K. S.**
II B. A.

ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ ത്രിമൂർത്തികളുടെ കാലം കഴിഞ്ഞതോടെ മലയാളകവിത ഏതാണ്ടു സ്തംഭനത്തിലായിരുന്നു. 1930-ാം മാണ്ടോടുകൂടി അന്ധകാരംനിറഞ്ഞ കാവ്യാന്തരീക്ഷം ഒന്നു തെളിഞ്ഞു. വ്യത്യസ്തവും വ്യതിയാനാത്മകവുമായ ഒരു നൂതനസരണി വെട്ടിത്തുറക്കപ്പെട്ടു. ഭാവസൂഷ്മതയുടെ മർമ്മങ്ങളെന്തെന്നു മനസ്സിലാക്കിയ രണ്ടു ഗാനഗന്ധർവ്വന്മാർ കവന സാമ്രാജ്യത്തിലേയ്ക്കു കടന്നുവന്നു— ചങ്ങമ്പുഴയും, ഇടപ്പള്ളിയും. "അരുന്ധതിയുടേയും സാവിത്രിയുടേയും ചാരിത്രത്തിലൂടെയല്ല, അവരുടെ ഭാവന പൂവിട്ടതു്. ആ ഭാഷയുടെ സംസ്കാരവും, ആ ശൈലിയും അവരിൽ കാലേക്കൂട്ടി അടിച്ചുകയററുവാൻ നമ്മുടെ കോയിത്തമ്പുരാക്കന്മാരുടെ ചുററുപാടുകളല്ലല്ലോ അവർക്കുണ്ടായിരുന്നതു്. തങ്ങൾ ജനിച്ചിടത്തുനിന്നും വളർന്നിടത്തുനിന്നും കിട്ടിയ ഭാഷാശൈലിയിൽ, തങ്ങൾക്കു് അപ്പപ്പോൾ തോന്നിയിരുന്ന ഭാവനകൾക്കു് ഹൃദയാവർജ്ജകമായി രൂപംകൊടുക്കുകയേ അവർ ചെയ്തുള്ളു.
(മുണ്ടശ്ശേരി)

മാനവജീവരക്തത്തിൽ അലിഞ്ഞുചേർന്നിരിക്കുന്ന ലളിതകോമളവികാരങ്ങൾ അവരുടെ ഈരടികളിൽ അലതല്ലുന്നതു കാണാം. ചിന്താശീലരായ യുവജനങ്ങളെ കാവ്യരസംപുരണ്ട ആ കവിതകൾ വളരെയധികം ആകർഷിച്ചു. യുവലോകത്തിൻെറ ചിത്തവൃത്തികൾ സ്വാനുഭവത്തിലൂടെ മനസ്സിലാക്കിയ അവർ സാധാരണക്കാരൻെറ പ്രശ്നങ്ങൾക്കു് ജീവൻ നൽകി. ഹൃദയതന്ത്രികളെ സ്പർശിക്കത്തക്കവിധത്തിൽ ആത്മാനുഭൂതികളെ സ്വച്ഛന്ദമായി അവർ പ്രകാശിപ്പിച്ചു. "മാലക്കുഴലികളും വീണാനാദങ്ങളും പൂണാർക്കൊങ്കക്കലിതനമിതങ്ങളും" നിറഞ്ഞ ലോകത്തുനിന്നു് മലയപ്പുലയൻെറ മാടത്തിലേയ്ക്കുള്ള ഒരുമാററം മലയാള കവിതയുടെ ഒരു മാററംതന്നെയായിരുന്നു.

ആംഗലഭാഷയിലെ പ്രേമഗീതങ്ങളെ അടിസ്ഥാനമാക്കിയാണു് അവർ എഴുതിത്തുടങ്ങിയതു്. രണ്ടുപേരും വിഷാദാത്മകരായിരുന്നു. ശോകാത്മകതയാണു് രണ്ടുപേരുടേയും കാവ്യങ്ങളിൽ തുളുമ്പിനില്ക്കുന്നതു്. കരുണരസം കരകവിയുന്ന ആ കഥകൾ ഹൃദയഹാരികളാണു്. വേദനാത്മകമായ അനുഭൂതികളെ കലാത്മകമായി ചിത്രീകരിക്കുവാൻ അവർക്കുകഴിഞ്ഞു. രാജ

കൊട്ടാരങ്ങളുടേയും പ്രഭുസദനങ്ങളുടേയും അധികാരവലയത്തിൽ കുടുങ്ങിയ കാവ്യകലയെ മോചിപ്പിച്ച് സാമാന്യജനങ്ങളുടെ ഹൃദയവേദിയിൽ ചിരകാലം പ്രതിഷ്ഠിക്കുവാൻ അവർക്കു കഴിഞ്ഞു. ചങ്ങമ്പുഴയുടെ കൃതികളേക്കാൾ ആശയദാർഢ്യമുള്ളവയാണ് ഇടപ്പള്ളിയുടെ കൃതികൾ. എന്നാൽ "ആയിരത്തിഒരുന്നൂററിപ്പതിനൊന്നാമാണ്ടു മിഥുനമാസം ഇരുപത്തിയൊന്നാംതീയതി ശനിയാഴ്ച രാത്രി, കേവലം ആകസ്മികമായി ആ 'മണിനാദം' ദയനീയമാംവിധം അവസാനിച്ചു! അസഹനീയമായ അസ്വതന്ത്രതയുടേയും നീറിപ്പിടിക്കുന്ന നിരാശയുടേയും നടുവിൽപ്പെട്ട് ഞെങ്ങിഞെരിഞ്ഞ് വിങ്ങിക്കരഞ്ഞ ആ പ്രണയഗായകന്റെ ആത്മാവ് എല്ലാ ഭൗതികാക്രമണങ്ങൾക്കും അതീതമായ നിത്യശാന്തിയെ പ്രാപിച്ചു കഴിഞ്ഞു". ആ നീലക്കുയിലിന്റെ ഗാനം കേരളാന്തരീക്ഷത്തിൽ എന്നും അലതല്ലിക്കൊണ്ടിരിക്കും.

ഇടപ്പള്ളിയുടെ ആത്മഹത്യ മലയാളത്തിനു നികത്താനാവാത്ത ഒരു നഷ്ടം ഉളവാക്കിയെങ്കിലും അതുകൊണ്ട് ചെറിയൊരു നേട്ടമുണ്ടാകാതിരുന്നില്ല—രമണൻ! "വിഷയത്തിന്റെ ആകർഷകത്വം, നാടകീയമായ പുതിയ രചനാപ്രക്രിയ, സംഗീതാത്മകത, ലളിതമധുരവും ധാരാവാഹിയുമായവചപ്രസരം, ഭാവങ്ങളുടെ അലതല്ലൽ, അന്തർഗ്ഗതങ്ങളിലൂടെ കഥയെ വികസിപ്പിച്ചുകൊണ്ടുപോകുക, കരുണരസത്തിന്റെ പരമകോടി, ഇവയെല്ലാംചേർന്നു രമണനെ ഒരു മനോജ്ഞ കാവ്യമാക്കിത്തീർത്തു. സാങ്കേതികമായും പാത്രരചനാവിഷയകമായും എന്തൊക്കെ ന്യൂനതകളുണ്ടായാലും രമണൻ മലയാളികളെ രമിപ്പിച്ചുകൊണ്ടേയിരിക്കും".

(ആർ. നാരായണ പണിക്കർ)

'ബാഷ്പാഞ്ജലി' എന്ന പ്രഥമ കവിതാസമാഹാരത്തിലെ കവിതകളെല്ലാം പതിനേഴ് മുതൽ ഇരുപത്തിയൊന്നു വയസ്സുവരെയുള്ള കാലത്തിന്നിടയിൽ എഴുതിയവയാണ്. അദ്ദേഹത്തിന്റെ 'വിഷാദാത്മകത' ആ കവിതകളിൽ പ്രതിഫലിച്ചു കാണാം. ആ കൃതിയുടെ പ്രസ്താവനയിൽ അദ്ദേഹം പറഞ്ഞിരിക്കുന്നതു നോക്കുക.

"ശരിയായിരിക്കാം – ഈലോകമേറ്റം
നിരുപമാനന്ദദമായിരിക്കാം
പ്രബല പ്രതാപാദി ജീവിതമാം
നറുപാൽക്കടലിൻ തരംഗമാകാം;
ഹതഭാഗ്യൻഞാൻ പക്ഷേ കണ്ടതെല്ലാം
പരിതാപപ്ലാവിതമായിരുന്നു.
സതതമെൻകാതിൽ പതിച്ചതെല്ലാം
കരുണതൻ രോദനമായിരുന്നു!
എരിയുമെന്നാത്മാവിലേററതെല്ലാം
ചുടുനെടുവീർപ്പുകളായിരുന്നു".

ഓർമ്മവെച്ചകാലംമുതൽ അദ്ദേഹത്തിന്റെ ഹൃദയം ചുററുപാടുമുള്ള ദുരിതങ്ങൾ കണ്ടതുനിമിത്തം അത്യന്തം ശോകസങ്കുലമായിരുന്നുവെന്ന് ഈ കവിതയിൽനിന്നും മനസ്സിലാക്കാം. കവിക്ക് കപടതനിറഞ്ഞ ഈ ലോകത്തോടുള്ള അമിതാമർഷത്തെ ദ്യോതിപ്പിക്കുന്ന ഒരു ഭാഗം 'പാടുന്നപിശാചിൽ' നമുക്കു ദർശിക്കാം.

"അപ്സരസ്സെത്തിപ്പിശാചുമായ്ച്ചേ
രുന്നോ—
രുത്സവരംഗമാണിപ്രപഞ്ചം
യക്ഷികളോടൊത്തു ദേവന്മാർകൂടുന്ന
ശിക്ഷാനികേതമാണിപ്രപഞ്ചം".

"കാപട്യംനിറഞ്ഞ ഇന്നത്തെ ലോകം, ദുഷ്ടന്മാർക്കു ജീവിതത്തിലുണ്ടാകുന്ന അനുസ്യൂതമായവിജയം, സമസൃഷ്ടികളുടെവ്യഥയിൽ അലിയാത്ത മനുഷ്യഹൃദയത്തിന്റെ ക്രൂരത, യാചകന്റെ പരിവേദനം കൂലിക്കാരന്റെ ദുരന്തദുഃഖം, കഷ്



'അഭയാർത്ഥികൾ' — A. T. Jose & party

# ONE ACT PLAYS AND COLLEGE ORCHESTRA



'ഒരു കുടുംബം പിറക്കുന്നു'—Anney Uthup & party

'The last days of Hitler'—Jose K. Abraham & party



Orchestra



# GUEST ARTISTS



Ushakumary...



Kalabhavan...



Varnasala Theaters...



Geedha Arts Club...

കണ്ട തോരാത്തകണ്ണുനീർ, പ്രതികൂല ശക്തികളുടെ മർദ്ദനത്തിൽപ്പെട്ടു ഞെരുങ്ങുന്ന ദരിദ്രന്റെ നിസ്സഹായത, എല്ലാവരും അവരവരുടെ കഴിവിനൊപ്പം ഉയരുവാൻ നിർവ്വാഹമില്ലാത്തതും ഭൂരിപക്ഷത്തിന്റെ സ്വാതന്ത്ര്യത്തെ ചവിട്ടി മെതിച്ചു കബന്ധനൃത്തം ചെയ്യുന്നതുമായ നീതി എന്നിങ്ങനെ പുരോഗമനത്തിന്റെ മുൻപിൽവിലങ്ങടിച്ചു നിൽക്കുന്ന പലതിനേയും പററി അദ്ദേഹം ശക്തിമത്തായ ഭാഷയിൽ ഇടിമുഴക്കത്തിനൊപ്പം ഗർജ്ജിക്കുന്നുണ്ടു". (ഉള്ളൂർ–കേരളസാഹിത്യചരിത്രം) ഇങ്ങനെ സത്യാത്മകവും ആത്മാർത്ഥവുമായ ജീവിതാവിഷ്കരണമാണു് ചങ്ങമ്പുഴയുടെ കൃതികൾ.

സംഗീതാത്മകതയിൽ മുഴുകിയ ചങ്ങമ്പുഴ ആധുനിക കവികളിൽ പലർക്കും അനുകരണീയനാണു്. "ഒരു ന്യൂനപക്ഷത്തിന്റെ ആഢംബരത്തിനും സുഖലോലുപത്വത്തിനും വേണ്ടിയുള്ള ഒന്നല്ല കവിത" യെന്നു് അദ്ദേഹം തെളിയിച്ചു. ജീവിതമാണു് കാവ്യത്തിന്റെ ഉറവിടമെന്നു് വിളിച്ചുപറയുന്നവയാണു് അദ്ദേഹത്തിന്റെ കവിതകൾ. കൂടുതൽ പരിശോധിച്ചാൽ കവി ഒരു മാർക്സിയൻ ചിന്തകനായിരുന്നുവെന്നു കാണാം.

"തകരുംകിരീടത്തിൻ ശകലങ്ങളെ
കൊണ്ടു
നികരാൻ വൈകീകാലം പാരതന്ത്ര്യത്തിൻഗർത്തം''

എന്നു് 'രക്തപുഷ്പത്തി'ലൂടെ ആക്രോശിക്കുന്ന കവി, വിപ്ലവക്കനൽമേഘത്തെ പശ്ചിമദിക്കിൽനിന്നും ഭാരതക്ഷേത്രത്തിലേയ്ക്കു് മാടിവിളിക്കുന്നു.

'കരയുന്ന കവി' എന്നു് ഒരുകൂട്ടം ഹാസ്യവിമർശകർ ചങ്ങമ്പുഴയെ പഴിച്ചിരുന്നു. അതിന്നു് അദ്ദേഹംതന്നെ മറുപടി പറയുന്നതു ശ്രദ്ധിക്കുക:

"കരയുംഞാൻ കരയുംഞാൻ കരയും
കവികളെ
കരയലിൽകലയില്ലെ,കവിതയില്ലേ?
കരളിൽനിന്നുയരുന്ന കരളിൽ ചെന്നു
ലിയുന്ന
കരയലിൽകലയില്ലേ,കവിതയില്ലേ?"

കാലത്തിന്റെ ദാസന്മാരാണു് കവികളും കലാകാരന്മാരും. ഒരു പുതിയ സാമൂഹിക നീതിക്കുവേണ്ടി തൂലിക പടവാളാക്കിമാററിയ ചങ്ങമ്പുഴക്കവിതയിൽ സംസ്കാരവിശുദ്ധി കൂടുതൽ കണ്ടുവെന്നുവരില്ല. ബുദ്ധിയേയും ഹൃദയത്തേയും സമ്മർദ്ദനത്തിനടിപ്പെടുത്തുന്ന പരിത:സ്ഥിതിയാണു് ചങ്ങമ്പുഴക്കു് സൃഷ്ടിപരമായപ്രചോദനം നൽകിയതു്: ഒരു കലാകാരൻ ജീവിക്കുന്നകാലഘട്ടം, അക്കാലത്തെ സാമ്പത്തികവ്യവസ്ഥിതി, ആ വ്യവസ്ഥിതിയിൽനിന്നുടലെടുത്ത വിവിധാദർശങ്ങൾ, അയാളുടെ ലോകവീക്ഷണഗതി, ജീവിതയാഥാർത്ഥ്യങ്ങൾ ഗ്രഹിക്കുന്നതിലുള്ള പാടവം എന്നിവയെ അടിസ്ഥാനമാക്കിവേണം അയാളുടെ കലാനിപുണതയ്ക്കു വിലയിരുത്തുവാൻ. "പുരോഗമനസാഹിത്യം കമ്മ്യൂണിസസിദ്ധാന്തങ്ങളുടെ കളരിയാണു്. അഭിമാനപൂർവ്വം നിങ്ങൾ ആ സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കുന്ന സാഹിത്യത്തെ, ആശ്ലേഷിക്കുക, ആശീർവ്വദിക്കുക''. ഒരു സാഹിത്യമഹാസമ്മേളനത്തിന്റെ അദ്ധ്യക്ഷപദവിയിൽ നിന്നുകൊണ്ടു് തന്റേടത്തോടുകൂടി ഉത്ഘോഷിച്ച കവിയുടെ ചേരിയേതെന്നു് വ്യക്തമാണു്.

ഭൗതികജീവിതത്തെ നിസ്സാരഭാവേനതള്ളിക്കളഞ്ഞു്, ആദ്ധ്യാത്മികസിദ്ധികൾക്കും പരലോകത്തിലെ പരശാന്തിക്കും വേണ്ടി ഉഴറുകയല്ല ചങ്ങമ്പുഴയുടെ കവിഹൃദയം ചെയ്യുന്നതു്.

"നിസ്വാർത്ഥസേവനം, നിർദ്ദയമർദ്ദനം
നിസ്സഹായത്വം, ഹാ, നിത്യദുഃഖം
നിഹത നിരാശാതിമിരം ഭയങ്കരം
നിരുപാധികോഗ്രനിയമഭാരം!''

എന്നു 'വാഴക്കുല'യിലും,

''വിത്തനാഥന്റെ 'ബേബി'ക്കു
പാലും
നിർദ്ധന'ച്ചെറുക്ക'നുമിനീരും
ഈശ്വരേച്ഛയ, ല്ലാകിലമ്മട്ടു-
ള്ളീശ്വരനെച്ചവിട്ടുകനമ്മൾ''

എന്നു 'ഭാവത്രയ'ത്തിലും,

"കപടതയ്ക്കു കഴി'ഞ്ഞീടു കാഞ്ചന
ജയപതാകയിവിടെപ്പാറ്റുവാൻ"

എന്നു 'രമണ'നിലും വികാരനിർഭരമായി വരച്ചുകാണിച്ചിട്ടുള്ള ദുരവസ്ഥയുടെ സംഹാരതാണ്ഡവം നടത്തുന്നതിനു് 'ഉൽക്കടപ്രഭാവോഗ്രനായ' ആ കൊടുങ്കാററിനെ ക്ഷണിച്ചുകൊണ്ടു്,

"ജീവിതം ശോകാപ്തമല്ല, ഒരു
ജീവിയും നിസ്സാരമല്ല.
നാനാത്വംപാടെമറന്നു -ലോക-
മേകമാം സത്തയിൽനിന്നു
ചിത്തങ്ങൾതമ്മിൽപ്പുണർന്നു-ദിവ്യ-
സത്യസൗന്ദര്യം നുകർന്നു.
എല്ലാം സുഖത്തിൽ മുകരം-എങ്ങു-
മില്ല ദുഃഖത്തിൻ തിമിരം"

എന്നു് 'സങ്കല്പ'കാന്തിയിൽ വിഭാവനം ചെയ്തിട്ടുള്ള നവ്യലോകസ്ഥിതിയിലേയ്ക്കു മനുഷ്യവർഗ്ഗത്തെ ഉയർത്തുവാനായിരുന്നു ചങ്ങമ്പുഴ അഭിലഷിച്ചതു്.

ദീനത്വത്തിന്റെ ക്രന്ദനങ്ങളും നിസ്സഹായതയുടെ നെടുവീർപ്പുകളുമാണു് 'രമണ'നിലും 'രക്തപുഷ്പ'ത്തിലും, 'സ്പന്ദിക്കുന്ന അസ്ഥിമാട'ത്തിലും മുഴങ്ങിക്കേൾക്കുന്നതു്. കലാ ജനങ്ങളുടെ വകയാണു്. അദ്ധ്വാനിക്കുന്ന ജനലക്ഷങ്ങളുടെ മദ്ധ്യത്തിലായിരിക്കണം അതിന്റെ നാരായവേരുകൾ ചുഴിഞ്ഞിറങ്ങേണ്ടതു്. അവർക്കു മനസ്സിലാകത്തക്കവണ്ണമായിരിക്കണം കല; അവർ അതിനെ സ്നേഹിക്കണം. എന്നാലതിന്റെ പ്രമാണത്തെ കവി അംഗീകരിച്ചിരിക്കണം. വികാരത്തിന്റെയും, സംഗീതത്തിന്റെയും ഓളത്തള്ളലുകളാണു് ചങ്ങമ്പുഴകൃതികളുടെ ജീവൻ. സൗകുമാര്യം, ഓജസ്സു്, സാരള്യം മുതലായ കാവ്യഗുണങ്ങൾ അദ്ദേഹത്തിന്റെ രചനാശില്പത്തെ സുന്ദരമാക്കുന്നു.

കവിതാസമാഹാരങ്ങളും, പരിഭാഷകളും, ചെറുകഥകളും, നോവലുകളുമുൾപ്പെടെ അമ്പത്തിയേഴോളം കൃതികൾ മഹാകവി കൈരളിയ്ക്കു സംഭാവന ചെയ്തിട്ടുണ്ടു്. ഒരു മനുഷ്യായുസ്സുകൊണ്ടു നേടാവുന്നതിന്റെ പരമാവധി അത്ഭുതസിദ്ധികൾ മുപ്പത്തിയാറുവർഷങ്ങൾക്കുള്ളിൽ തന്നെ നേടിയ ആ മഹാപ്രഭാവൻ 1123 മിഥുനം 4-ാം തീയതി മദ്ധ്യാഹ്നത്തിൽ, ആബാലവൃദ്ധം കേരളീയരേയും അശ്രുധാരയിലാഴ്ത്തിക്കൊണ്ടു്, തൃശ്ശിവപേരൂർ മംഗളോദയം നഴ്സിംഗ് ഹോമിൽവച്ചു് ദിവംഗതനായി. കല്ലിനും കുളിർപ്പിക്കുന്ന സംഗീതമാധുര്യവും, കണ്ണഞ്ചിക്കുന്ന രൂപപ്പൊലിമയും, ഹൃദയം കവരുന്ന സാരള്യവും മുററിയ അദ്ദേഹത്തിന്റെ കൃതികൾ അനശ്വരമായി നിലനിൽക്കും. കവി തന്നെ പറയുന്നു.

"കപടലോകത്തിലാത്മാർത്ഥമായൊരു
ഹൃദയമുണ്ടായതാണെൻപരാജയം".

ചെറുകഥ

# വെള്ളപ്രാവ്



**Chackochan C. M.**
I B. Sc.

അസ്തമയസൂര്യൻ അങ്ങു പടിഞ്ഞാറെ ചക്രവാളത്തിൽ തന്റെ ചെങ്കിരണങ്ങൾ കൊണ്ട് ചിത്രപ്പണിചെയ്തുകഴിഞ്ഞു. ശോകസാന്ദ്രമായ ഒരു ഗാനത്തിന്റെ ഈരടികൾ ഉച്ചഭാഷിണിയിലൂടെ ഒഴുകുന്നുണ്ടായിരുന്നു.

കുളിർകോരിയിടുന്ന നിലാവ്. പക്ഷേ ആ നിലാവിന് യാതൊരു പ്രത്യേകതയും കാണുന്നില്ല. പണ്ട് ഇത്തരം നിലാവുകൾക്കുവേണ്ടി കാത്തിരുന്നിട്ടുണ്ട്. അന്ന് നിലാവുകൾ ജീവിതത്തിന്റെ വസന്തമായിരുന്നു. എന്നാൽ ഇന്നോ?.... അന്ന് നിലാവുള്ള ഓരോരാത്രിയും അത്യധികം ആകർഷകമായിരുന്നു. അവയെല്ലാം മാധുര്യമേറിയ ഓരോ കഥകൾ പറയാനുണ്ടാവും. പക്ഷേ!! അവയെല്ലാം ഇന്ന് വേദനയുടെ ഏടുകൾമാത്രമാണ്.

പുഞ്ചിരി തൂവുന്ന തൂനിലാവിലും രാത്രി നിശ്ചലവും നിർജ്ജീവവുമാണ്. ചീവീടിന്റെ അസഹ്യമായ ശബ്ദമൊഴിച്ചാൽ എല്ലാം........നിശബ്ദം. പ്രകൃതി മുഴുവനും സുഖസുഷുപ്തിയിലായിരിക്കുന്ന ഈ യാമത്തിലും താൻമാത്രം ഭൂതകാലചിന്തകൾക്കിടയിൽ ചുററിത്തിരിയുകയാണ്.

ഞെട്ടിപ്പോയി! മുൻസിപ്പൽസൈറനായിരുന്നു. സമയം കൃത്യം പന്ത്രണ്ടുമണിയായിരിക്കുന്നു. അർദ്ധരാത്രി! ഇനിയും അദ്ദേഹം എത്തിയിട്ടില്ല. മാസങ്ങളായി ഇതാണുപതിവ്. അർദ്ധരാത്രിയ്ക്കും, വെളുപ്പിനും വീട്ടിൽ വന്നുകയറുക!. എല്ലാം സഹിക്കണമെന്നും ക്ഷമിക്കണമെന്നും വിചാരിക്കും. പക്ഷേ നിമിഷങ്ങൾ കഴിയുന്തോറും പരാജിതയാവുകയാണ്.

വീട്ടിൽ വന്നുകയറുമ്പോൾ കാലുകൾ നിലത്തുറച്ചിട്ടുണ്ടാവുകയില്ല!. നാവുകുഴയുന്നു! ചുവന്നുകലങ്ങിയ കണ്ണുകളിൽ ഭീകരത നിറഞ്ഞുനിൽക്കുന്നു! എന്തെങ്കിലും ചോദിച്ചാൽ....... അട്ടഹാസം; മർദ്ദനം; ആദ്യമാദ്യം ഭയമായിരുന്നു. എന്നാൽ ഇപ്പോൾ വേദനമാത്രം. ചിലപ്പോൾ പൊട്ടിക്കരഞ്ഞുപോകും.

മിനി! രണ്ടുവയസ്സുപ്രായമുള്ള ആ പിഞ്ചുകുഞ്ഞ് സുഖമായുറങ്ങുന്നു. ലോകമെന്തെന്നറിഞ്ഞിട്ടില്ലാത്ത ആ ഹൃദയം എത്രനിഷ്കളങ്കമാണ്. ഒരുപക്ഷേ കാലം കഴിയുമ്പോൾ അതും............

മേരിയുടെ ചിന്തകൾ കടിഞ്ഞാണില്ലാതെ കുതിച്ചുപായുകയാണ്. ഉൽക്കടമായവേദന ഉള്ളിലടക്കിക്കൊണ്ട് നിശയുടെ നിശബ്ദതയിൽ ഈ കാത്തിരുപ്പ് തുടങ്ങിയിട്ട് നാളുകൾ വളരെയായി............

“........ .... മോളെ, ഒരു പിതാവിനു് അയാൾ വളർത്തി വലുതാക്കിയ മകന്റെ ഒരു കത്തെങ്കിലും കാണാൻ എത്ര ആഗ്രഹമുണ്ടെന്നറിയാമൊ? അവൻ നിന്റെഭർത്താവായിപ്പോയതുകൊണ്ട് ഞങ്ങളെ ആരേയും ഓർക്കരുതെന്നുണ്ടോ?” അദ്ദേഹത്തിന്റെ പിതാവ് മരുമകൾക്കയച്ച കത്തിലെ ചോദ്യങ്ങളാണ്.

“........... ചേച്ചീ; ചേച്ചിയുടെ ഭർത്താവിനു് വാത്സല്യമേറിയ മാതാപിതാക്കളും സഹോദരനെ ജീവതുല്യം സ്നേഹിക്കുന്ന ഒരു സഹോദരിയുമുണ്ടെന്നു് ചേച്ചി ഒന്നോർത്തിരുന്നെങ്കിൽ...............” ഭർത്താവിന്റെ സഹോദരിയുടെ പരാതിയാണ്.

—ഇതെല്ലാം തന്റെകുററമാണോ?—

ഒട്ടും സഹിക്കാൻ കഴിയാതെവരുമ്പോൾ മുൾക്കിരീടമണിഞ്ഞ ക്രൂശിതരൂപത്തിലേയ്ക്കുനോക്കി.......... “പിതാവെ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നുമകററണമേ”. എന്നു് വേദനയോടെ അപേക്ഷിക്കും.

കത്തുകൾക്കൊന്നും മറുപടി അയച്ചില്ല. എന്തിനയയ്ക്കണം. തന്റെ വേദനയുടെ കഥ എന്തിനവർകൂടിയറിയുന്നു?........

തകർന്ന ഹൃദയവും തോരാത്ത കണ്ണുകളുമായി കഴിയുന്ന തന്റെകഥ താൻമാത്രം അറിഞ്ഞാൽ മതി.

ഭിത്തിയിലെ ആ ഫോട്ടോയിലേയ്ക്ക് അറിയാതെതന്നെ കണ്ണുകൾ പാഞ്ഞുചെന്നു. വെള്ളഫ്രോക്കും തൊപ്പിയും ധരിച്ച ഒരു മാലാഖ! പിന്നിൽ അംബരചുംബിയായ ഒരു ഹോസ്പിററൽ...........

—രോഗങ്ങളോടും മരണങ്ങളോടും മല്ലിടുന്ന ഒരു കനകക്കൊട്ടാരം.

താൻ അവിടെ ആശ്വാസവും സംതൃപ്തിയും പ്രദാനംചെയ്യുന്ന“വെള്ളപ്രാവും” ...........ആ സുന്ദരി താൻതന്നെയാണെന്നുപറയുവാൻ കഴിയുന്നില്ല. അവയവങ്ങളുടെ കൊഴുപ്പും ചുറുചുറുക്കുമെല്ലാം എങ്ങോ പോയിരിക്കുന്നു............!

വർഷങ്ങൾക്കു മുമ്പാണിതെല്ലാം. ഒന്നും ഓർമ്മയിൽനിന്നും മായുന്നില്ല— ആ ദിവസം ഇന്നത്തെപ്പോലെ മനസ്സിൽ തെളിഞ്ഞുവരുന്നു.

—സുന്ദരമായ ഒരു സായാഹ്നം! മലയാളി സമാജത്തിന്റെ വാർഷികമാണ്. ലൗഡ്സ്പീക്കറിൽനിന്നുയർന്ന ആ ഗാനശ്രുതി തന്റെ ഹൃദയത്തിൽ തേൻമഴപെയ്യിച്ച ............മലയാളനാടിന്റെ വർണ്ണനകൾ.

പച്ചപ്പട്ടുവിരിച്ച കുന്നിൻപുറങ്ങളും, തിങ്ങിനിറഞ്ഞ വയലുകളും, മുല്ലപ്പൂവിന്റെനറുമണം പേറിവരുന്ന കുളിർതെന്നലും, മധുരപ്പതിനേഴിന്റെ മണിമുററത്തു മയൂരനൃത്തംചെയ്യുന്ന ഗ്രാമീണകന്യകകളും അറബിക്കടലിന്റെ അലമാലകളെല്ലാം ആ ഗാനത്തിലുണ്ടായിരുന്നു.

അനുമോദനങ്ങൾകൊണ്ട് വീർപ്പുമുട്ടിയ ആ പ്രകൃതിഗായകൻ തന്റെ ബാബുവായിരുന്നു!

അന്നുമുതൽ അദ്ദേഹത്തെ ശ്രദ്ധിച്ചുതുടങ്ങി. ........... അദ്ദേഹത്തിന്റെ ശ്രദ്ധ

യിൽ പെടുവാൻ ശ്രമിച്ചുതുടങ്ങി............ അദ്ദേഹത്തിന്റെ ഗാനമാകുവാൻ കൊതിച്ചുതുടങ്ങി............

അനേകമനേകം മധുരസ്വപ്നങ്ങളുമായി ദിവസങ്ങൾ മാറി മാറിപ്പോയി.

ഓശാനഞായറാഴ്ചയാണ്. പ്രധാനമായും ബന്ധുക്കളേയും മിത്രങ്ങളേയും കാണുവാനും വിവരങ്ങൾ അറിയുവാനുമാണ് അധികമാളുകളും പള്ളിയിൽവരുന്നത്. ............അതിനിടെ പല പുതിയ ബന്ധങ്ങളും രൂപംകൊള്ളുകയും ചെയ്യും............

പതിവിലും നേരത്തെപള്ളിയിലെത്തി. കയ്യിൽ കുരുത്തോലയുമായി നില്ക്കുന്ന അദ്ദേഹത്തിന്റെ രൂപം മനോഹരമായിരുന്നു.

മലയാളനാടിന്റെ പ്രകൃതിഗാനങ്ങളും ദാവീദുപുത്രന്റെ ഓശാനഗാനങ്ങളും പാടുന്ന എന്റെ പ്രിയപ്പെട്ട ഗായകാ! എന്റെ ഒരു ഗാനം പാടുകയില്ലേ? എന്നു ചോദിച്ചു. പക്ഷേ മനസ്സുകൊണ്ടായിരുന്നു. ശബ്ദം പുറത്തേയ്ക്കുവന്നില്ല.

പള്ളിയിൽനിന്നും കൂട്ടുകാരുമൊത്ത് നടന്നുനീങ്ങിയപ്പോൾ പെട്ടന്ന് പുറകിൽ സ്കൂട്ടറിന്റെ ശബ്ദം. ബാബുവായിരുന്നു!.

അവൾ വഴിയുടെ നടുവിലൂടെയാണ് നടന്നിരുന്നതെന്ന് അപ്പോഴാണ് ഓർമ്മവന്നത്.

"Oh! Really Sorry; Please excuse me".

അറിയാതെ അത്രയും പറഞ്ഞുപോയി. മധുരമായി ഒന്നു പുഞ്ചിരിച്ചിട്ട് അദ്ദേഹം സ്പീഡിൽ കടന്നുപോയി.

നാളുകൾ പിന്നെയും കഴിഞ്ഞു. ആ ദിവസം ഒരിയ്ക്കലും മറക്കാൻ കഴിയുകയില്ല.

അന്ന് ഡ്യൂട്ടികഴിഞ്ഞ് ക്വാർട്ടേഴ്സിലേയ്ക്ക് പോകുവാനിറങ്ങിയപ്പോൾ അദ്ദേഹം മുമ്പിൽ നിൽക്കുന്നു.! വിശ്വസിക്കാൻ കഴിഞ്ഞില്ല.! സ്വപ്നമാണോ? കണ്ണുകൾ മിഴിച്ച് സൂക്ഷിച്ചുനോക്കി.

അല്ല സ്വപ്നമല്ല! അദ്ദേഹംതന്നെ.

Sister excuse me. ഏഴാം നമ്പർ വാർഡ് ഏതാണ്. പരിഭ്രമത്തോടും ഉ വ്യതയോടുംകൂടി അദ്ദേഹം ചോദിച്ചു.

അപ്രതീക്ഷിതമായുണ്ടായ വികാരങ്ങൾക്ക് കടിഞ്ഞാണിടുവാൻ ശ്രമിച്ചുകൊണ്ട് ചോദിച്ചു.

"ഇവിടെബാബുവിന്റെ ആരാണ്".

"അല്ലാ! സിസ്റ്റർ എന്റെ പേരെങ്ങനെയറിഞ്ഞു? അദ്ദേഹം അത്ഭുതപ്പെട്ടുപോയി. തന്റെ മുഖത്തേക്ക് അദ്ദേഹം സൂക്ഷിച്ചുനോക്കി. ആ നോട്ടത്തിനുമുമ്പിൽ ലജ്ജിച്ച് തലകുനിച്ചു".

"അന്ന് മലയാളിസമാജത്തിൽ പാടിയത് ബാബുവല്ലേ?" തലയുയർത്താതെ തന്നെ ചോദിച്ചു.

"ഓ! അതുശരി സിസ്റ്റർ അവിടെ വന്നിരുന്നു അല്ലെ? ഇവിടെ ഏഴാം നമ്പർ വാർഡിൽ എന്റെ ഒരു കസിൻ കിടപ്പുണ്ട്".

"എന്നാൽവരു ഞാൻ കാണിച്ചുതരാം". മേരി മുമ്പിലും ബാബു പിറകിലുമായി നടന്നുനീങ്ങി.

വാർഡിലെത്തിയപ്പോൾ മേരി ചോദിച്ചു. "ഇനി തിരികെവരാൻ വഴിയറിയുമോ? അതോ ഞാൻകൂടെ വെയ്റ്റു ചെയ്യണോ?"

"ഓ വേണ്ടാ സിസ്റ്റർ. Thank you very much" ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

അതിനുശേഷം ആ ഗായകനും വെള്ളപ്രാവുംതമ്മിൽ പലപ്രാവശ്യവും കണ്ടുമുട്ടലുകൾനടന്നു.

വിശാലമായ പാർക്കിലും മററും അവർ ഒന്നിച്ചിരുന്നു. അവർത്തമ്മിൽ വളരെ അടുത്തു.

പരസ്പരസ്നേഹത്തിൻെറ, അല്ലാ അതിലുമുപരിയായ എന്തോ ഒന്നിൻെറ ബീജം വളന്ന് വേരൂന്നി തളിർത്തു പുഷ്പിച്ചു. നിർമ്മലസ്നേഹത്തിൻെറ മനോജ്ഞമായ സൗധത്തിലേയ്ക്ക് നിരപ്പുള്ള ഒരു പാത അവർ തെളിച്ചു.

ഇരുകുടുംബങ്ങളുടേയും നിരോധനാജ്ഞകളെല്ലാം നിർമ്മലമായ പ്രേമത്തിനു മുമ്പിൽ പരാജയപ്പെട്ടു. ബാബുവിൻെറ ജീവിതസഖിയായി താൻ തെരഞ്ഞെടുക്കപ്പെടുകയുംചെയ്തു.

x x x

അദ്ദേഹത്തിൻെറ ബന്ധുക്കളിലാരോ പറയുന്നതുകേട്ടു. "അവൻ നോക്കിയിട്ട് ഒരു നേഴ്സിനെമാത്രമേ കണ്ടുള്ളു''.

വേദനതോന്നി.

ഒരായിരം മുള്ളുകൾ ഹൃദയത്തിൽ ആഞ്ഞിറങ്ങുംപോലെ.

എങ്കിലും മനംകുളിർക്കുന്ന പുഞ്ചിരിയും ഹൃദയം കവിയുന്ന പ്രേമഗാനങ്ങളുമെല്ലാം ജീവിതത്തിൽ അനുഭവിക്കാമെന്ന് സ്വപ്നംകണ്ടു.

"ഒരു സ്ത്രീയ്ക്ക് തൻെറ ജീവിതത്തിൽ അനുഷ്ഠിക്കാവുന്ന പരിപാവനവും ആദർശസമ്പൂർണ്ണവുമായ ജോലിയാണ് ആതുരസേവനം എന്നുനിങ്ങൾ ഓർക്കണം". ജോലി രാജിവച്ചു പിരിഞ്ഞപ്പോൾ തൻെറപ്രിയപ്പെട്ട കൂട്ടുകാരിയോട് പറഞ്ഞു.

എത്ര സന്തുഷ്ടവും സുന്ദരവുമായിരുന്നു ജീവിതം. ജീവിതത്തിൽ എല്ലാമെല്ലാം സ്വപ്നംകണ്ടു.

എല്ലാസൗകര്യങ്ങളുമുള്ള ഒരു രണ്ടുനിലകെട്ടിടം. ഉയന്ന ഉദ്യോഗസ്ഥനായ ഒരു ഭർത്താവ്! ആവശ്യത്തിലധികം വേലക്കാർ.

താൻ ഒന്നിനെക്കുറിച്ചും ഭാരപ്പെടേണ്ടിയിരുന്നില്ല. ജീവിതത്തിലെ എല്ലാ സുഖങ്ങളുമുണ്ടായിരുന്നു............

"ആദ്യത്തെ പ്രസവമല്ലേ. അതു വീട്ടിൽവച്ചുതന്നെയാകട്ടെ" അമ്മയുടെ നിർബ്ബന്ധമായിരുന്നു. അതിൽ അമ്മ ജയിക്കുകതന്നെചെയ്തു.

തന്നെ വീട്ടിൽകൊണ്ടുവന്നാക്കിയിട്ട് അദ്ദേഹം തിരിച്ചുപോയി.

ആഴ്ചയിൽ രണ്ടും മൂന്നും കത്തുകൾവീതം വന്നുകൊണ്ടിരുന്നു. അവയെല്ലാം സ്നേഹനിർഭരമായ വാക്കുകൾ നിറഞ്ഞവയായിരുന്നു.

പക്ഷേ!! എന്തുസംഭവിച്ചെന്നറിയില്ല കത്തുകളുടെ എണ്ണം കുറഞ്ഞുതുടങ്ങി. ഒടുവിൽ കത്തുകൾ ഒന്നുംതന്നെയില്ലെന്നായി.

നാളുകൾ വീണ്ടും പിന്നിട്ടു. അതിനിടക്ക് പലതും സംഭവിച്ചു. മിനിമോളെ താരാട്ടുപാടിയുറക്കുമ്പോഴും ഊണിലുമുറക്കത്തിലുമെല്ലാം ചിന്തകൾ മൈലുകൾക്കപ്പുറത്ത് അദ്ദേഹത്തെ വട്ടമിട്ട് പറക്കുകയായിരുന്നു.

"മോനേ; മേരിയെക്കൊണ്ടുപോകുവാൻ എന്നാണ് വരുന്നത്. അവളില്ലെങ്കിൽ അവിടെ നിൻെറകാര്യം നോക്കാൻ ആരാണുള്ളത്?............"

അമ്മ അദ്ദേഹത്തിനയച്ച കത്തിലെ വാചകങ്ങളാണ്. മറുപടിക്ക് ഒട്ടും താമസംവന്നില്ല.

"മേരി കുറച്ചുനാൾകൂടി നാട്ടിൽ കഴിയട്ടെ. അവൾ ഇല്ലാതിരുന്നപ്പോഴും എൻെറകാര്യങ്ങൾ നടന്നില്ലെ?"

താൻ എപ്പോഴും അടുത്തുണ്ടായിരിക്കണമെന്ന് നിർബ്ബന്ധമുണ്ടായിരുന്ന

അദ്ദേഹം സ്വന്തംകൈകൊണ്ടുതന്നെ എഴുതിയിരിക്കുകയാണ്!

വീണ്ടും വളരെനാൾ കാത്തിരുന്നു. വളരെയധികം ആഗ്രഹങ്ങളും അഭിലാഷങ്ങളുമായി!

അവസാനം അയൽക്കാരുടേയും, ബന്ധുക്കളുടേയും പരിഹാസശരങ്ങൾ സഹിക്കുവാൻ കഴിയാതെവന്നു. അങ്ങനെ അദ്ദേഹത്തിന്റെ അടുക്കലേക്കുതിരിച്ചു. ഒരു വയസ്സുപോലും തികയാത്ത (കൊച്ചു) മിനിയേയുംകൊണ്ട്.

എല്ലാം കണ്ടപ്പോൾ ഞെട്ടിപ്പോയി? അദ്ദേഹത്തിന്റെ സംസാരവും പെരുമാററവും കണ്ടപ്പോൾ തന്റെ സ്വപ്നസൌധം തകർന്നു തരിപ്പണമായപോലെ തോന്നി.

പ്രകൃതി ചുററും കറങ്ങുന്നതായി തോന്നി പതിവിലും നേരത്തെ ആഫീസിൽ പോകുന്നു. അർദ്ധരാത്രിയിലും മററും തിരിച്ചുവരുന്നു! മദ്യത്തിന്റെ ഗന്ധം, നാവു കുഴയുന്നു. കണ്ണുകളിൽ ക്രൂരതനിറഞ്ഞിരിക്കും. ചോദിക്കണമെന്നുതോന്നും പക്ഷേ! എല്ലാം സഹിച്ചും.

എങ്കിലും ഒരിക്കൽ ചോദിച്ചുപോയി. ''എന്താണിത്രവൈകിയതു്'' ശബ്ദം വേദനനിറഞ്ഞതായിരുന്നു. "മ്?" ഗൗരവംനിറഞ്ഞ മറുചോദ്യമാണ് അതിനുത്തരം.

''ഇതിനുമുമ്പ് നേരത്തേ വരുമായിരുന്നല്ലോ-ഇപ്പോൾ...........''

"ഓ.... ഇപ്പോൾ ജോലി കൂടുതലുണ്ട്''.

''ഇങ്ങനെ ഉറക്കമിളച്ചും കഷ്ടപ്പെട്ടും ജോലിചെയ്യുന്നതെന്തിനാണ്''.

''ജോലിചെയ്യുന്നതു് നിനക്കുംകൂടി വേണ്ടിയാണ്''.

''എനിക്കുവേണ്ടി ഇങ്ങനെ ജോലി ചെയ്തു ബുദ്ധിമുട്ടണമെന്നില്ല''.

അത്രയും ഒരുവിധത്തിൽ പറഞ്ഞൊപ്പിച്ചു. പക്ഷേ...........അതുകേൾക്കാൻ അദ്ദേഹം നിന്നില്ല.

ഇങ്ങനെ നാളുകൾ വീണ്ടും കഴിഞ്ഞു. സ്നേഹത്തിന്റെ, പ്രേമത്തിന്റെ അനശ്വര ഫലങ്ങൾ ഇതെല്ലാമാണോ? എല്ലാം സംശയങ്ങൾ. ഈ മാററത്തിനു കാരണം എന്താണ്? അവസാനം എല്ലാം ശരിക്കും മനസ്സിലായി.

എല്ലാത്തിനും കാരണം 'അവൾ' തന്നെയായിരുന്നു. അതെ അവൾ തന്നെ. ലിസി!!!!! അതാണവളുടെ പേര്. അദ്ദേഹത്തിന്റെ ആഫീസിലെ ടൈപ്പിസ്റ്റാണ്.

അവയവങ്ങളുടെ മാദകത്വവും, വശ്യശക്തിയുള്ള ചുണ്ടുകളും. അവൾ തന്റെ ഗായകനെ..................

അതെ ബാബുവിനെ സ്വാധീനപ്പെടുത്തി. ഡിന്നർവേളകളിലും നൃത്തസമയങ്ങളിലും മററും അവളുടെ അരക്കെട്ടിൽ കരവലയങ്ങൾ ചേർത്തുകൊണ്ട് അദ്ദേഹം ചുവടുവെയ്ക്കുന്നു...............!

നിറഞ്ഞകണ്ണുകളും നിശബ്ദവേദനതിങ്ങുന്ന ഹൃദയവുമായി ഒരു സ്ത്രീ തന്റെ വരവുപ്രതീക്ഷിച്ചുകൊണ്ടിരുന്നകാര്യം അദ്ദേഹം മറന്നുപോകുന്നു. ആ കത്തിലെ വാചകങ്ങൾ വീണ്ടും ചിന്തകൾ തട്ടിയുണർത്തി. അവ ഹൃദയത്തെ കുത്തി മുറിവേല്പിച്ചു.

''മോളെ ഒരു പിതാവിന് താൻ വളർത്തിവലുതാക്കിയ മകന്റെ ഒരു കത്തെങ്കിലും കാണുവാൻ എന്താഗ്രഹമുണ്ടെന്നറിയാമോ? അവൻ നിന്റെഭർത്താവായിപ്പോയതുകൊണ്ട് ഞങ്ങളെയൊക്കെ മറക്കണമെന്നുണ്ടോ?...............''

മുററത്തു കാൽപെരുമാററം കേട്ടുകൊണ്ടാണ് ചിന്തകൾക്ക് കടിഞ്ഞാണിട്ട

തു്. ബാബു കടന്നുവന്നു. മേരി നിശബ്ദയായി ആ കത്തു് ബാബുവിന്റെനേരെ നീട്ടി.

''ഇതൊന്നു വായിച്ചുനോക്കൂ. ഇതിനൊക്കെ ആരാണു് കാരണം''............ കണ്ണുകൾ നിറഞ്ഞൊഴുകി.

ഓ! കാരണം, അതിതേവരെ മനസ്സിലായിട്ടില്ലേ? കാരണമെല്ലാം നീതന്നെ.

“ഞാനോ?............ശരിയാണു്. ഹൃദയംതുറന്നു് അങ്ങയെ സ്നേഹിച്ചുപോയി”. അതാണോബാബു ഞാൻചെയ്ത തെറ്റു്? സഹിക്കുവാൻ കഴിഞ്ഞില്ല.

“ഓ! സ്നേഹിച്ചു. ഒരു നേഴ്സിന്റെ സ്നേഹമല്ലേ”. അലക്ഷ്യമായി പറഞ്ഞിട്ടു് അദ്ദേഹം പുറത്തേയ്ക്കിറങ്ങി.

“ബാബു............ഞാനൊരു നഴ്സല്ലേ............” മേരിക്കു് അടക്കുവാൻ കഴിഞ്ഞില്ല. സംതൃപ്തമായ ഒരു കുടുംബജീവിതം സ്വപ്നംകാണുന്ന ഒരു ഭാര്യയാണു്. അങ്ങയുടെ പിഞ്ചു കുഞ്ഞിന്റെ മാതാവാണു്. എല്ലാം മറന്നാലും അതുമാത്രം മറക്കരുതു് ബാബൂ................”

ഓ! തുടങ്ങിയല്ലോവേദാന്തം! ഒരു സാവിത്രി! അദ്ദേഹം അവജ്ഞയോടെ പറഞ്ഞു.

X X X

പെട്ടന്നാണു് എല്ലാം സംഭവിച്ചതു്. തന്റെ ജന്മദിനം ഭംഗിയായി ആഘോഷിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. ഒരുക്കങ്ങൾ തുടങ്ങിയപ്പോൾ മാത്രമാണു് താൻപോലും അറിഞ്ഞതു്!

അതിഥികളെല്ലാം വന്നുതുടങ്ങി. വളരെക്കാലംകൂടി അദ്ദേഹം തന്റെ സമീപത്തിരുന്നു. എതിരെ ലിസിയും!

റിക്കാർഡു് പ്ലേയറിൽനിന്നും ടിസ്സിന്റെ മധുരമായ ഗാനമുയന്നു...........

എല്ലാവരും അതിൽത്തന്നെ ലയിച്ചു് കാലുകൾകൊണ്ടു് താളംചവിട്ടുവാൻ തുടങ്ങി.

അദ്ദേഹം സാവധാനം എഴുന്നേറ്റു. ലിസിയുടെ സമീപത്തേയ്ക്കു നീങ്ങിത്തുടങ്ങി!

“ലിസീ വരൂ നൃത്തം ചെയ്യാം”

“ബാബൂ എനിക്കു സുഖമില്ല” അവളുടെ ശബ്ദം വിവശമായിരുന്നു........... മുഖം വികാരനിർഭരവും.

“അതുസാരമില്ല വരൂ”

“സാദ്ധ്യമല്ലെന്നല്ലേ പറഞ്ഞതു്'' ആ ശബ്ദം ഘനമുള്ളതായിരുന്നു.

''ലിസീ ഇതുഞാനാണു്. ബാബു”. ബാബുവിന്റെ ശബ്ദം ഗൗരവതരമായിരുന്നു.

''അതെ അതുകൊണ്ടുതന്നെയാണു് ഞാൻ പറഞ്ഞതും'' അവൾ ശാന്തമായി തുടന്നു....................

“ബാബു നിങ്ങൾ എന്നെ വഞ്ചിക്കുവാൻ ശ്രമിച്ചു............... നിങ്ങൾ ഒരു ഭർത്താവും അതിലുപരി ഒരു പിതാവും ആണെന്നുള്ള വാസ്തവം എന്നിൽനിന്നും നിങ്ങൾ മറച്ചുവച്ചു...........!''

“ബാബൂ ഞാനൊരു സ്ത്രീയാണു്. ഒരു സ്ത്രീയുടെ വികാരങ്ങൾ എന്തെന്നു് നിങ്ങൾക്കറിയില്ല........... തോരാത്ത കണ്ണുകളും തീരാത്ത വേദനയുമായി ഒരു സ്ത്രീ നിങ്ങൾക്കുവേണ്ടി മാത്രം ജീവിക്കുന്നു...............”

“ബാബൂ! നിങ്ങളൊരു ഭർത്താവാണു്! ഒരു പിതാവാണു്! ഒരിക്കലും ഒരു കാമുകനല്ല...............! ഇതു മറക്കാതിരിക്കൂ.”

ലിസിയുടെ കണ്ണുകൾ നിറഞ്ഞുകവിയുകയാണു്. “ചേച്ചി എന്നോടു ക്ഷമിക്കൂ...............”

"നിങ്ങൾക്കു നന്മഭവിക്കട്ടെ!"

"ബാബു എന്നോടു ക്ഷമിക്കൂ........"

ലിസി നടന്നകലുന്നതുംനോക്കി മേരി നിശ്ചലയായി നില്ക്കുകയാണ്.

വികാരങ്ങൾക്കു് കടിഞ്ഞാണിടുവാൻ ശ്രമിച്ചുകൊണ്ടു് അദ്ദേഹം മുറിക്കുള്ളിൽ അഭയം തേടി. അപ്പോൾ പകുതിയെഴുതിയ ഒരെഴുത്തു് മേശപ്പുറത്തിരിക്കുന്നതു് അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെട്ടു.

"...........മോളേ, ബാബുവിനും മിനിമോൾക്കും എനിക്കും ഇവിടെ സുഖംതന്നെയാണ്. ബാബുവിനു് കുഞ്ഞിനോടും എന്നോടും വളരെ വാത്സല്യമാണ്. അദ്ദേഹത്തെക്കുറിച്ചു് ചീത്ത അഭിപ്രായം പറയുന്നവർ അസൂയാലുക്കളാണ്. ബാബു നല്ലവനാണു മോളെ. എന്റെ ഹൃദയത്തിന്റെ ശ്രീകോവിലിൽ പൂജിക്കുന്ന ഏക പൂജാവിഗ്രഹം ബാബുവിന്റേതു മാത്രമാണ്. ഞാൻ അദ്ദേഹത്തെ സ്നേഹിക്കുന്നു; ആരാധിക്കുന്നു; പൂവിട്ടു പൂജി........"

മേരി അനുജത്തിക്കയച്ച എഴുത്തിലെ വാചകങ്ങളാണ്.

ഹ! ബാബുവിനു് വിശ്വസിക്കാൻ കഴിഞ്ഞില്ല. മേരി തന്നെ സ്നേഹിക്കുന്നു; ആരാധിക്കുന്നു; പൂവിട്ടു പൂജിക്കുന്നു........

അദ്ദേഹം മേരിയുടെ അടുക്കലേക്കു പാഞ്ഞടുത്തു "മേരീ'' എന്നോടു ക്ഷമിയ്ക്കൂ............... ക്ഷമിച്ചെന്നുപറയൂ മേരീ........പറയൂ............''

മേരിയെ ആലിംഗനംചെയ്തു് അവളുടെ കണ്ണുകളിലേക്കു നോക്കിക്കൊണ്ടു് മാപ്പുചോദിക്കുകയാണ്................

പപ്പാ!........................

മിനി ഓടിവന്നു. ബാബു അവളെ വാരിയെടുത്തു മാറിമാറി ഉമ്മവച്ചു.

അപ്പോൾ മേരിയുടെ ചുണ്ടിൽ ഒരു പുഞ്ചിരി വിടർന്നു. അവളുടെ സ്വപ്നം സാക്ഷാത്കരിക്കപ്പെട്ടു.

താഴത്തെവഴിയിലൂടെ ഒരു സ്ത്രീരൂപം നീങ്ങുന്നുണ്ടായിരുന്നു........... അപ്പോഴും ആ ടപിസ്റ്റിന്റെ ഗാനം തുടർന്നുകൊണ്ടേയിരുന്നു.



കാറ്റിന്റെ ചാഞ്ചല്യത്തെക്കുറിച്ചു് നാം ആക്ഷേപിക്കുന്നതു് വൃഥാവിലാണ്.

—ഓവിഡ്

യാചകനു് മാതാപിതാക്കന്മാർ കൂടിയും സുഹൃത്തുക്കളാവില്ല.

—വെർജിൽ

കവിത

# ദുഷ്യന്തൻ

**Janardanan**
I D. C.

[ദുർവ്വാസാവിൻെറ ശാപംകൊണ്ട് ശകുന്തളയെ മറക്കേണ്ടിവന്ന ദുഷ്യന്തൻ മുക്കുവരിൽനിന്നു, ശകുന്തളയെ ഏല്പിച്ചിരുന്ന മുദ്രമോതിരം കണ്ടുകിട്ടുമ്പോൾ ആ മുനികന്യകയെക്കുറിച്ച് ഓർമ്മിക്കുന്നു.]

പാപിയാണിന്നുഞാൻ; അല്ലതിലെന്നെൻെറ—
പ്രേമസൗഗന്ധികേ നിന്നെ ത്യജിക്കുമോ. .?

മാറോടടക്കി പിടിച്ചൊരീ കൈകൊണ്ടു
മാനിനീനിന്നെ ഞാൻ തള്ളിമാററീടുമോ. .?

ആയിരമായിരം സ്വപ്നാനുഭൂതികൾ
ആരോമലേയെനിക്കേകിയോളാണുനീ

മാമക മാനസ വീണയിൽ മുഗ്ദ്ധമാം
പ്രേമഗീതങ്ങളുണർത്തിയോളാണുനീ

പാലൊളിച്ചന്ദ്രിക പുൽകിനിന്നീടവേ
കോൾമയിർ കൊള്ളുന്നയാശ്രമോദ്യാനത്തിൽ

മുട്ടിയുരുമ്മിയടുത്തിരുന്നെത്രയോ—
മുത്തമെനിക്കു പകർന്നവളാണുനീ. . .

ഈ രാജധാനിയുമീമലർവാടിയും
ഈ രത്നസിംഹാസനവുമീതോഴരും

ഒന്നുമെനിക്കു പ്രിയങ്ങളല്ലല്പവും
നിന്നെക്കുറിച്ചോർത്തു നീറുമീവേളയിൽ

വള്ളിക്കുടിലും തടാകവും മുററത്തു
തുള്ളിക്കളിക്കുന്ന പേടമാൻ കുട്ടിയും

മുല്ലപ്പടപ്പും ചിരിക്കുന്ന പൂക്കളും
വല്ലാതെയെന്നെ മഥിക്കുന്നയോർമ്മകൾ. . .

അങ്ങാവനത്തിലെ കണ്വാശ്രമ പ്രാന്ത—
മന്നെനിക്കേകിയോരാത്മ ഹർഷങ്ങൾതൻ

പട്ടടയായി പരിണമിച്ചീടുന്നു
കഷ്ടമീ കൊട്ടാരമിന്നെനിക്കോമലേ

താമര പച്ചിലത്താളിലെനിയ്യുന്നു—
പ്രേമഗാനങ്ങൾ കുറിച്ചതന്നപ്പൊഴും

ആമിഴിക്കോണിലുറങ്ങും കിനാവുകൾ
ഓമലേയന്നു ഞാനൊപ്പിനിന്നപ്പൊഴും

മാദക ലാവണ്യമൂറും നിലാവിന്റെ—
മാറിൽ പുളകമണിഞ്ഞിരുന്നപ്പൊഴും

ഇല്ലിവനോർത്തില്ലൊരല്പവുമിന്നെന്റെ—
യന്തരാത്മാവിലുണരുമീ നോവുകൾ

വേദനമാത്രം പകർന്നു നൽകും നിന്റെ
വേർപാടിലാണിവൻ ദുഃഖിപ്പതെപ്പൊഴും

കാത്തിരുന്നീടുകയാണു ഞാൻ നൊമ്പരം
പേർത്തും സഹിച്ചു നിൻ കാലൊച്ച കേൾക്കുവാൻ

എത്രമറന്നിരുന്നീടുന്നു നീയെന്റെ
വിങ്ങും കരളിൻ തുടിപ്പുകേൾപ്പീലയോ. . .?

മനസ്സാക്ഷി ആത്മാവിന്റെ ശബ്ദമാണ്. ശരീരത്തിന്റെ ശബ്ദമാണ് വികാരങ്ങൾ.

—റൂസ്സോ.

കേട്ടുപഠിച്ചവനേക്കാൾ കണ്ടുപഠിച്ചവൻ ആയിരംമടങ്ങ് വിദഗ്ദ്ധനായിരിക്കും.

—ആർതർ ഗിററർമാൻ.

മനുഷ്യനേക്കാൾ മഹത്തായ യാതൊന്നും ഭൂമിയിലില്ല. ഹൃദയത്തേക്കാൾ മഹത്തായ യാതൊന്നും മനുഷ്യനിലുമില്ല.

—സർ വില്യം ഹാമിൽട്ടൺ.

# അണുശക്തി

**Joseph P. J.**
II B. Sc.



ലോകത്തിന് ഭയവും അതോടൊപ്പം പ്രതീക്ഷയും നൽകുന്ന ഒന്നാണ് അണുശക്തി. കല്ക്കരി, പെട്രോൾ മുതലായ ഇന്ധനങ്ങൾ കുറഞ്ഞുവരുകയാണല്ലോ. ഈ കുറവ് പരിഹരിക്കുവാൻ അണുശക്തിക്കു സാധിക്കുമെന്നാണ് പ്രതീക്ഷ. ഈ ശക്തിയുല്പാദിപ്പിക്കുന്നതെങ്ങനെ?

ഭാരതത്തിൽ കണാദമുനിയും, ഗ്രീസിൽ ഡമോക്രിററസുമാണ് പരമാണുതത്വം ആദ്യമായി ഉന്നയിച്ചത്. "മൗലികമായി, സകല പദാർത്ഥങ്ങളും ഇടവിട്ടിടവിട്ടടുക്കി വച്ചിട്ടുള്ള ചെറിയ കണികകളാണ്" എന്നവർ പറഞ്ഞു. വീണ്ടും ഖണ്ഡിക്കപ്പെടുവാൻ സാദ്ധ്യമല്ലെന്നു വിചാരിച്ചിരുന്ന ഈ കണികകളെ അവർ പരമാണുക്കൾ (Atoms) എന്നു വിളിച്ചു.

ഈ പരമാണുക്കൾതന്നെ ചില സൂക്ഷ്മകണികകളാൽ നിർമ്മിക്കപ്പെട്ടവയാണ്; പോസിററീവ് ചാർജ്ജുള്ള പ്രോട്ടോൺ, നെഗററീവ് ചാർജ്ജുള്ള ഇലക്ട്രോൺ, ചാർജ്ജില്ലാത്ത ന്യൂട്രോൺ. പ്രോട്ടോണിന്റേയും, ന്യൂട്രോണിന്റേയും ഭാരം തുല്യമാണ്. എന്നാൽ, ഇലക്ട്രോണിന് ഇവയുടെ ആയിരത്തി എണ്ണൂററി നാല്പതിൽ ഒന്നുഭാഗം ഭാരമേയുള്ളു. ന്യൂട്രോണും പ്രോട്ടോണും അടങ്ങിയ ബീജകേന്ദ്രത്തെ (Nucleas) ചുററി ഇലക്ട്രോൺ അതിവേഗം ചലിച്ചുകൊണ്ടിരിക്കുന്നു. പ്രോട്ടോണുകളുടേയും ഇലക്ട്രോണുകളുടേയും എണ്ണം തുല്യമാണ്. പ്രോട്ടോണുകളുടെ എണ്ണത്തെ "ആററമിക് നമ്പർ" കൊണ്ടും, പ്രോട്ടോണുകളുടേയും ന്യൂട്രോണുകളുടേയും കൂടി എണ്ണത്തെ "മാസ്സ് നമ്പർ" കൊണ്ടും സൂചിപ്പിക്കുന്നു,

ചില ധാതുക്കൾക്ക്, (പ്രത്യേകിച്ച് യുറേനിയമുള്ളവസ്തു) വിവിധതരത്തിലുള്ള ആഘാതമേററാൽ, ആൽഫാ രശ്മി, ബീററാ രശ്മി, ഗാമാ രശ്മി മുതലായ കിരണങ്ങളേയും ചില കണികകളേയും പുറത്തുവിടാൻ കഴിവുണ്ട്.

**ഊർജ്ജം**

ദ്രവ്യവും ഊർജ്ജവും ഒരേ ജാഗരിത

(Osmotic) വസ്തുവിന്റെ രൂപഭേദങ്ങൾ മാത്രമാണെന്ന് എയിൻസ്റ്റെയിൻ കണ്ടുപിടിച്ചു. ദ്രവ്യത്തെ അനുകൂല പരിത:സ്ഥിതികളിൽ ഊർജ്ജമാക്കി മാററുകയാണ് ബോംബുകളുടേയും മററു അണുശക്തിയുല്പാദനോപകരണങ്ങളുടേയും തത്വം. ഒരു ഗ്രാം ദ്രവ്യത്തെ പൂർണ്ണമായും ഊർജ്ജമാക്കി മാററുകയാണെങ്കിൽ 2330000 "കിലോവാട്ട് മണിക്കൂർ" (ഒരു കിലോവാട്ടു മണിക്കൂർ = 3600000 ജൂൾസ്) ഊർജ്ജം — 10000 ടൺ കല്ക്കരി കത്തിക്കുമ്പോഴുണ്ടാകുന്നതിനു സമം — ഉണ്ടാകുന്നു.

മൂലഘടകങ്ങളായ ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ എന്നിവയെ ബീജകേന്ദ്രത്തിന് പുറത്തും അകത്തും ക്രമമായി അടുക്കി വച്ചിട്ടാണ്, വ്യത്യസ്ത സ്വഭാവക്കാരും പരസ്പരവിരുദ്ധരുമായ മൂലകങ്ങൾ ഉണ്ടാകുന്നത്. മൂലകങ്ങളിലെ അടിസ്ഥാന ഘടകങ്ങൾക്ക സ്ഥാനചലനങ്ങളും വ്യതിയാനങ്ങളും ഉണ്ടാക്കുകയാണ് ദ്രവ്യത്തിൽനിന്ന് ഊർജ്ജം ഉല്പാദിപ്പിക്കുവാനുള്ള മാർഗ്ഗം.

മൂലകങ്ങൾ വ്യത്യസ്തമായ ഘടനകളിലും കൂട്ടുകെട്ടുകളിലുമായിരിക്കുമ്പോൾ അവയ്ക്കുണ്ടായിരിക്കുന്ന ഊർജ്ജവും വിവിധ തോതുകളിലായിരിക്കും. ഘടനകളും കൂട്ടുകെട്ടുകളും മാറുന്നതനുസരിച്ച് ഊർജ്ജം പുറത്തുനിന്നു സ്വീകരിക്കുകയോ, പുറത്തേക്കു കളയുകയോ ചെയ്യുന്നു. കാർബൺ–ഓക്സിജൻ ബന്ധം, ഹൈഡ്രജൻ–ഓക്സിജൻ ബന്ധമായി രൂപാന്തരപ്പെടുമ്പോൾ ഉണ്ടാകുന്ന ഊർജ്ജം പലവിധത്തിലായി ബഹിർഗമിക്കുന്നു. പ്രോട്ടോണുകളും ന്യൂട്രോണുകളും ചേർന്ന് ഹീലിയ ബീജമുണ്ടാകുമ്പോഴും ഇതുതന്നെയാണ് സംഭവിക്കുന്നത്. ഇങ്ങനെയുണ്ടാകുന്ന ഊർജ്ജം "മില്യൻ ഇലക്ട്രൺ വോൾട്ട്" (Mev) എന്ന മാത്രയിലാണളക്കുന്നത്. ഹീലിയ ബീജകേന്ദ്രത്തെ പ്രോട്ടോണുകളും ന്യൂട്രോണുകളുമാക്കി മാററുവാൻ 28.116 Mev ഊർജ്ജം ആവശ്യമാണ്.

## ബോംബുകളും ആററമിക് റിയാക്ടറുകളും

ഒരു മൂലകത്തെ, അതിന്റെ ബീജകേന്ദ്രഘടനയിൽ (Atomic Structure) വ്യത്യാസം വരുത്തി മറെറാന്നാക്കി മാററുമ്പോൾ അതിനാവശ്യമായ ഊർജ്ജത്തിന്റെ അളവിലും മാററം സംഭവിക്കുന്നു. സ്ഥിരതകുറഞ്ഞ ഒരു മൂലകത്തെ സ്ഥിരതകൂടിയ ഒന്നാക്കി മാററുമ്പോൾ ഊർജ്ജോദ്ഗിരണം ഉണ്ടാകുന്നു. മൂന്നു ഹീലിയം ന്യൂക്ലിയസ് ചേർന്ന് ഒരു കാർബൺ ന്യൂക്ലിയസുണ്ടാകുമ്പോൾ 4.227 Mev ഊർജ്ജം ഉദ്ഗിരണം ചെയ്യുന്നു. ഇങ്ങനെ ഊർജ്ജം ഉണ്ടാകുന്ന രീതി ഫ്യൂഷൻ എന്നാണറിയപ്പെടുന്നത്. ഹൈഡ്രജൻ ബോംബിന്റെ തത്വമിതാണ്. നക്ഷത്രങ്ങൾക്ക് ഊർജ്ജം ലഭിക്കുന്നതും ഇങ്ങനെയാണ്.

ആററം ബോംബും, 'ആററമിക് റിയാക്ടറുകളും' ഭേദനോർജ്ജം (Fission energy) മൂലമാണ് പ്രവർത്തിക്കുന്നത്. ന്യൂക്ലിയസ് ഭേദിച്ച് പുതിയ മൂലകങ്ങളുണ്ടാകുമ്പോൾ ഊർജ്ജം വിസർജ്ജിക്കപ്പെടുന്നു. ഒരു യുറേനിയം ന്യൂക്ലിയസ് ഭേദിച്ച്, ബേരിയവും ക്രിപ്ടണും കുറെ ന്യൂട്രോണുകളുമുണ്ടാകുമ്പോൾ 200 Mev ഊർജ്ജം വിസർജ്ജിക്കപ്പെടുന്നു.

അതിവേഗത്തിൽ ചലിച്ചുകൊണ്ടിരിക്കുന്ന പ്രോട്ടോണുകൾ, ഇലക്ട്രോണുകൾ, ആൽഫാകിരണങ്ങൾ മുതലായവയുപയോഗിച്ചാണ് ഈ വിധത്തിലുള്ള ഭേദനം ഉണ്ടാകുന്നത്. തോറിയം പ്ലൂട്ടോണിയം മുതലായവയിൽനിന്ന് 'ഫിക്ഷൻ എനർജി' ഉല്പാദിപ്പിക്കാം. സന്നിഗ്ദ്ധമായ സ്ഥിരതയോടെ വർത്തിക്കുന്ന യുറേ

നിയത്തിൽ ഒരു ന്യൂട്രോൺ പ്രവേശിക്കുമ്പോൾ അതിന്റെ ബീജകേന്ദ്രം ഭേദിക്കപ്പെട്ടശേഷം ഒരു ബീററാ രശ്മി പുറത്തുവിട്ടുകൊണ്ട് പ്ലൂട്ടോണിയം ആയിത്തീരുന്നു. ഈ പ്ലൂട്ടോണിയമാണ് അണുശക്തിയുല്പാദനത്തിന് ഏററവും പററിയ മൂലകം.

ഒരു യുറേനിയപിണ്ഡത്തിൽ തുടർച്ചയായി ഫിക്ഷൻ നടത്താം. (സെക്കൻറിൽ 1000 ഭേദനങ്ങൾവരെ) അങ്ങനെ യുറേനിയമുപയോഗിച്ച് സെക്കൻറിൽ 200000 **Mev** ഊർജ്ജം ഉല്പാദിപ്പിക്കാം.

തുടർച്ചയായി ഫിക്ഷൻ നടക്കണമെങ്കിൽ ഭേദനത്തിൽനിന്നുളവാകുന്ന ന്യൂട്രോണുകളുടെ വേഗം കുറയ്ക്കണം. അതിനുള്ള മാർഗ്ഗം അവയെ ഹൈഡ്രജൻ, ബെറിലിയം മുതലായ മൂലകങ്ങളുടെ ബീജകേന്ദ്രവുമായി ഏററുമുട്ടുവാൻ അനുവദിക്കുകയാണ്. ഇതിനുപയോഗിക്കുന്ന പദാർത്ഥങ്ങളെ "മോഡറേററുകൾ" എന്നു വിളിക്കുന്നു.

അണുശക്തിയുടെ വിവിധ ഉപയോഗങ്ങളെപ്പററി പഠിക്കുന്നതിന് ഗവേഷണങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അത്ഭുതകരവും ഉപയോഗപ്രദവുമായ അനേകം കാര്യങ്ങൾക്ക് ഈ ശക്തി ഉപയോഗപ്പെടുമെന്നു പ്രതീക്ഷിക്കാം.



വാക്കിൽ പിഴയ്ക്കാത്തവൻ പരിപൂർണ്ണനാകുന്നു.

—ക്രൈസ്റ്റ്.

മനുഷ്യന്റെ ഏററവും വലിയ നേട്ടങ്ങൾ ഏററവും വലിയ നിരാശകൾക്കു ശേഷമാണുണ്ടാവുന്നതു്.

—വാർഡ് ബീച്ചർ.

ജീവിക്കുവാൻ പഠിക്കുമ്പോഴേക്കും ജീവിതത്തിന്റെ ഒരു ഭാഗം പാഴായി.

—എമേഴ്സൺ.

ജനങ്ങൾ അന്ധമായി സ്നേഹിക്കുകയും അന്ധമായി വെറുക്കുകയും ചെയ്യുന്നു.

—റെഗ്നാർഡ്.

# ആശാൻെറ നായികമാർ

**Vasudevan T. N.**
II D. C.

"കന്ദവല്ലി വനഭൂവിൽ നില്ക്കിലും
കന്ദമാണതിനു കാന്തിവേറെയാം"

കുമാരനാശാൻ ഒരു അധഃകൃത സമുദായത്തിലാണു ജനിച്ചതെങ്കിലും അദ്ദേഹത്തിൻെറ കവിതകൾ മഹത്തരമാണു്. "നളിനി", "ലീല", "ചണ്ഡാലഭിക്ഷുകി", "കരുണ", ''ദുരവസ്ഥ", ,,ചിന്താവിഷ്ടയായ സീത" .... .... .... തുടങ്ങി അദ്ദേഹത്തിൻെറ പ്രസിദ്ധങ്ങളായ ഖണ്ഡകാവ്യങ്ങളത്രയും നായികാപ്രധാനങ്ങളാണു്. അദ്ദേഹത്തിൻെറ മിക്ക കൃതികളും നായികമാരുടെ പേരിലാണറിയപ്പെടുന്നതു്. ആശാൻെറ നായികമാരുടെ സവിശേഷതകൾ എന്തെല്ലാം?

ആശാൻെറ നായികമാരെല്ലാം മിഴിവുററ, ജീവിക്കുന്ന കഥാപാത്രങ്ങളാണു്. അദ്ദേഹം നാടകീയമായ രീതിയിൽ നായികമാരെ (കഥാപാത്രങ്ങളെ) അവതരിപ്പിക്കുന്നു. കഥയെക്കാൾ ഉപരിയായി കഥാപാത്രങ്ങളാണു് അനുവാചകഹൃദയങ്ങളിൽ തെളിഞ്ഞു നില്ക്കുന്നതു്.

ആശാൻെറ നായികമാരെല്ലാംതന്നെ പ്രണയതല്പരരാണു്. എല്ലാ നായികമാരും തൻെറ നായകനെ ജീവൽസർവ്വസ്വമായി സ്നേഹിക്കുന്നു. ദിവ്യമായ പ്രേമമാണു് ഈ നായികമാരിൽ കാണുന്നതു്. അതിൽ ജഡിലമായ, മാംസളമായ കാമവികാരത്തിനു പ്രാധാന്യം ഇല്ല. നായികാനായകന്മാരുടെ ഹൃദയം ഒന്നായിത്തീരുന്ന അവസ്ഥയാണു് ആശാൻ പ്രേമം എന്ന വാക്കുകൊണ്ടു വിവക്ഷിക്കുന്നതു്. അതു് ഈശ്വരസാക്ഷാല്ക്കാരത്തിനർഹമാണു്. മിക്ക നായികമാരും നായകാന്വേഷണത്തിനായി ജീവിതത്തിൻെറ കൂടുതൽ ഭാഗവും വിനിയോഗിക്കുന്നു. അവരുടെ ജീവിതലക്ഷ്യം നായകനുമായി ഒന്നായിത്തീരുകയാണു്.



ആശാൻെറ നായികമാരും പ്രകൃതിയും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ടു്. ചില നായികമാർ വനാന്തരങ്ങളിൽകൂടി വളരെക്കാലം അലഞ്ഞുതിരിഞ്ഞു നടക്കു

ന്നുണ്ട്. പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന ഒരു ജീവിതമാണവർ നയിക്കുന്നതു്.

ആശാന്റെ നായികമാരെല്ലാംതന്നെ നൈസർഗ്ഗികമായ സൗന്ദര്യം ഉള്ളവരാണ്. വല്കലം ധരിച്ചാലും അവർ കാളിദാസന്റെ "ശാകുന്തളത്തിലെ" മേനകാപുത്രിയായ ശകുന്തളയെപ്പോലെ ശോഭിക്കുന്നവരാണ്. ആശാന്റെ നായികമാർ ലോകജീവിതത്തിന്റെ വിവിധ വശങ്ങളെപ്പറ്റിയുള്ള ജ്ഞാനം അനുവാചക ഹൃദയങ്ങളിൽ പകരുന്നു. ബാഹ്യമായ ആഡംബരങ്ങളിലൊന്നും അവർ തല്പരരല്ല. എല്ലാ നായികമാരും കൃത്രിമത്വത്തിന്റെ മണം പോലും ഏൽക്കാത്തവരാണ്. ഇവർ ഇന്നത്തെ സ്ത്രീകളിൽനിന്നും തികച്ചും എല്ലാരീതിയിലും വ്യത്യസ്ഥരാണ്. ആദ്യമാദ്യം നായികമാരിൽ സാധാരണ സ്ത്രീകളിൽ കാണുന്ന എല്ലാബലഹീനതകളും കാണാം എന്നാൽ അതിൽനിന്നെല്ലാം ഉയർന്ന് അവർ വിജയത്തിന്റെ രാജപാതയിൽ എത്തിച്ചേരുന്നു. മേൽവിവരിച്ച രീതിയിലുള്ള നായികമാരെക്കൊണ്ടു വിലസുന്ന അദ്ദേഹത്തിന്റെ ഖണ്ഡകാവ്യങ്ങളിലേയ്ക്കൊന്നു കണ്ണോടിക്കാം.

"വീണപൂവ്" ആശാന്റെ സുന്ദരിമാരായ നായികമാരിൽ ഒരാളാണ്. ഒരു പുഷ്പം അതിന്റെ കാന്തിയും സൗരഭ്യവും നശിച്ച് ലതയിൽനിന്നും കൊഴിഞ്ഞുവീഴുന്നതാശാൻ കാണുന്നതു് ഒരു പുഷ്പമായിട്ടല്ല സമുദായത്തിലെ ഒരു യുവതിയുടെ അകാലചരമമാണ്. കാരണം ആ പുഷ്പത്തിനദ്ദേഹം വ്യക്തിസ്വരൂപം കല്പിച്ചിട്ടുണ്ട്.

'ഹ' എന്നുതുടങ്ങുന്ന ആദ്യത്തെ പദ്യംതന്നെ നാടകീയമായ തുടക്കത്തെയാണ് കുറിക്കുന്നതു്. ഒരുരാജ്ഞിയെപ്പോലെ ശോഭിച്ചിരുന്ന ആ പുഷ്പം വാടിക്കരിഞ്ഞ്, സൗരഭ്യവും, കാന്തിയും നശിച്ച് ഭൂമിയിൽ കിടക്കുന്നതുകണ്ടാൽ മനുഷ്യജീവിതവും അതുപോലെ ക്ഷണഭംഗുരമാണെന്നുകാണാം. ആ പുഷ്പത്തിന്റെ ശൈശവം, കൗമാരം, യൗവനം, കാമുകാഗമനം, അതിന്റെ നാശം എന്നിവ അദ്ദേഹം സരസമായി വർണ്ണിച്ചിട്ടുണ്ട്. ലതാമാതാവുമൊത്ത് സന്തോഷമായ താരുണ്യംകഴിഞ്ഞ് യൗവനത്തിലേയ്ക്കു കാലൂന്നിയ പുഷ്പത്തിന്റെ സൗരഭ്യവും, ശോഭയുംതേടി കാമുകർ വരുന്നു. അവൾ എങ്ങനെശോഭിച്ചു എന്ന് കവി പറയുന്നു.

"വൈരാഗ്യമേറിയൊരു വൈദിക
നാട്ടെ, യേറെ
വൈരിക്കുമുമ്പുഴറിയോടിയ ഭീരു
വാട്ടെ,
നേരേവിടർന്നു വിലസീടിന
നിന്നെനോക്കി-
യാരാകിലെന്തു?- മിഴിയുള്ളവർ
നിന്നിരിക്കാം!"-

ആ യുവതിയുടെ ബാഹ്യവും ആന്തരികവുമായ സൗന്ദര്യം പൂർണ്ണമായി വെളിപ്പെടുത്തുവാൻ ഈ പദ്യം പരിയാപ്തമാണ്. ആ സ്ത്രീയുടെ സൗന്ദര്യത്തെപ്പറ്റി ഒരു വാക്കുപോലും പറയാതെ അവളുടെ യഥാർത്ഥമായ സൗന്ദര്യവും മുഴുവൻ ഉൾക്കൊള്ളുവാൻ ഉതകുന്നവിധത്തിൽ മറ്റു കവികളെ പിന്നിലാക്കിക്കൊണ്ട് ആശാൻ ഇവിടെ വിദഗ്ദ്ധമായരീതിയിൽ വർണ്ണിച്ചിരിക്കുന്നു. വള്ളത്തോളാണെങ്കിൽ ഈ സാഹചര്യത്തിൽ വെറും ബാഹ്യമായ വർണ്ണനകൊണ്ടു തൃപ്തിപ്പെടും.

"ഫുല്ലായുധത്തഴകണക്കുതഴച്ചകുന്ത-
ലെല്ലാമഴിഞ്ഞഴകിലീമണിവേദി
തന്മേൽ
മല്ലാക്ഷിതൻപിറകിലായ്ച്ചി
തറിക്കിടപ്പൂ;
നല്ലാശരണമസികാർമുകിൽ
മാലപോലെ".

ഇതിൽ ഉഷയുടെ ആന്തരിക സൗന്ദര്യം കണ്ടെത്താൻ സാദ്ധ്യമല്ല. ദുഃഖവിവശയായിക്കിടക്കുന്ന ഉഷയുടെ ഒരു ബാഹ്യ വർണ്ണനമാത്രം.

ബാഹ്യമായ നിറങ്ങളാൽ ശോഭിക്കുന്നവനാണു താനെന്നുള്ള അഹംഭാവത്തോടുകൂടി സമീപിക്കുന്ന ചിത്രശലഭത്തെ തള്ളിക്കളഞ്ഞ് സുന്ദരമായ ഗാനങ്ങളുമായി സമീപിക്കുന്ന ഭ്രമരവര്യനെത്തന്നെയാണ് അവൾ വേളികഴിക്കുന്നത്. എന്നാൽ മധുരമായ ആ ജീവിതം അധികം നീണ്ടുനിന്നില്ല. ആ പുഷ്പത്തെ (യുവതിയെ) മൃത്യു അപഹരിക്കുന്നു. അവളുടെ മരണം കണ്ടു ഭൂമീദേവിതന്നെ ഏററവും ദുഃഖപരവശയായിത്തീരുന്നു. അതിനുശേഷം അവളുടെ മരണം മഹത്തരമാണെന്ന് കവി സ്ഥാപിക്കുന്നു. തിന്മചെയ്തു വളരെക്കാലം ജീവിക്കുന്നതിലും മഹത്തരമാണ് നന്മ ചെയ്തു കുറച്ചുകാലം ജീവിക്കുന്നത്. ആശാൻെറ മഹത്തരമായ തത്വങ്ങളിലൊന്നാണിതു്.

“സാധിച്ചുവേഗമഥവാനിജജന്മകൃത്യം
സാധിഷ്ഠർപോട്ടെ–ഇഹ സദാനിശി
പാംസുപാതം
ബാധിച്ചുരൂക്ഷശില വാഴ്‌വതിൽ
നിന്നുമേഘ–
ജ്യോതിസ്സുതൻ ക്ഷണികജീവിത
മല്ലികാമ്യം”.

തീർച്ചയായും മിന്നൽപിണരിൻെറ ക്ഷണികജീവിതമാണ് കാമ്യമായിട്ടുള്ളത്.

ഇഹലോകവാസത്തിൽനിന്നും അവസാനമായി ആ പുഷ്പത്തെ (യുവതിയെ) യാത്രയയയ്ക്കുന്നഭാഗം ഹൃദയസ്പർശിയാണ്.

“കണ്ണേമടങ്ങുകകരിഞ്ഞുമലിഞ്ഞുമാശു
മണ്ണാകുമീമലരുവിസ്മൃതമാക
മിപ്പോൾ;
എണ്ണീടുകാർക്കുമിതുതാൻഗതി;
സാദ്ധ്യമെന്തു
കണ്ണീരിനാൽ? അവനിവാഴ്‌വു
കിനാവുകഷ്ടം”!

“ശ്രീഭൂവിലസ്ഥിര”മെന്നുള്ള വിചാരത്തോടുകൂടിത്തുടങ്ങി “അവനിവാഴ്‌വു കിനാവുകഷ്ടം” എന്ന നിഗമനത്തിൽ കവി എത്തിച്ചേരുന്നു. മനുഷ്യജീവിതത്തിൻെറ ക്ഷണഭംഗുരതയാണിവിടെയെല്ലാം കാണുന്നത്.

ആശാൻെറ സങ്കല്പദേവതകളിലെ അഗ്രഗണ്യയായ നളിനിയെ “സാത്വികതയുടെ പരകോടിയോളം” എത്തിക്കുന്നു. ദിവാകരസാമീപ്യം ലഭിക്കുവാൻ നളിനി ചെയ്യുന്ന കഠിന യാതനകൾ ഏതൊരു സഹൃദയനെയും ഞെട്ടിപ്പിക്കുന്നതാണ്.

“ഹാ! കൃശാതരുതലത്തിലിന്ദുവി–
ന്നേകരശ്മിയതുപോലെയാരിവൾ?
വാഴ്‌കിടുന്നു, ദയതോന്നും എന്നലി–
ഞ്ഞേകയാമവളെ നോക്കിനാൻ
യമി”

ബാഹ്യവും ആന്തരികവുമായ നളിനിയുടെ സൗന്ദര്യം ഏകാന്തതയിൽ, ഒററയ്ക്കു വെച്ചുകണ്ടിട്ടും മനസംയമനം സാധിച്ചവനായ ആ സന്യാസിയിൽ കോളിളക്കമുണ്ടാക്കാൻ കഴിഞ്ഞില്ല.

“എൻെറയേകധനമങ്ങു, ജീവന–
ങ്ങെൻെറ ഭോഗമതുമെൻെറമോക്ഷവും
എൻെറയീശ! ദൃഢമീപദാംബുജ–
ത്തിൻെറസീമ, ഇതുപോകിലില്ല
ഞാൻ”

നളിനിയുടെ സർവ്വസ്വവും ദിവാകരനാണ്. ദിവാകരനില്ലാത്ത ജീവിതം നളിനി ആഗ്രഹിക്കുന്നില്ല. അവസാനം

അദ്ദേഹത്തിന്റെ മാറിടംതന്നെ അവരം ചരമശയ്യയാക്കിത്തീർക്കുന്നു. അവരുടെ ആത്മാക്കരം അന്യോന്യം ലയിച്ചുചേരുന്നു. ലോകത്തിൽ മറെറാരുസ്ത്രീയും അനുഭവിക്കാത്ത ആത്മനിർവൃതിയാണ് നളിനിയ്ക്കനുഭവിയ്ക്കാൻ കഴിഞ്ഞതു്. അവരം ദിവ്യമായ പ്രേമത്തിന്റെ കെടാവിളക്കാണ്. അവിടെ കാമവികാരത്തിനു സ്ഥാനമില്ല.

നളിനി പ്രതികൂലമായ സാഹചര്യങ്ങരം തരണംചെയ്യു വിജയമകുടം ചാർത്തുന്നു. നളിനിയുടെ ആഗ്രഹം ഹൃദയനാഥനിലൂടെ ഈശ്വരസാക്ഷാത്കാരം സിദ്ധിയ്ക്കുക എന്നുള്ളതാണ്. നീണ്ട അഞ്ചുവർഷക്കാലത്തെ ദുരിതം അനുഭവിച്ചശേഷം അവരംക്കതു സാധിക്കുന്നു. അതോടുകൂടി കഥ ഒട്ടൊന്നു സുഖപരിയവസായിയായിത്തീരുന്നു.

ലീലയാകട്ടെ പിതാവിന്റെ ആജ്ഞയനുസരിച്ച് കഥനനെന്ന യുവാവിനെ വിവാഹം കഴിക്കുന്നു. എന്നാൽ സ്വന്തം ഭർത്താവിന്റെ മരണശേഷം തന്റെ മുൻ കാമുകനായിരുന്ന മദനനെ അന്വേഷിച്ച് വിന്ധ്യാരണ്യത്തിൽകൂടി സഞ്ചരിയ്ക്കുകയും രേവാനദിയിൽ സ്വദേഹം അർപ്പിച്ച് ഹൃദയനാഥനെ പിൻതുടരുന്നു.

ശരീരം ഒരുത്തനുവേണ്ടിയും മനസ്സ് മറെറാരുത്തനുവേണ്ടിയും ജീവിയ്ക്കുന്ന ഒരു നായികയെയാണ് നമുക്കിവിടെ കാണാൻസാധിക്കുന്നതു്. നായകനെ പിൻതുടന്ന് ജീവത്യാഗം ചെയ്യുന്ന ലീലയെക്കണ്ടിട്ട് കവി പറയുകയാണ്.

"ധ്രുവ മിഹമാംസനിബദ്ധമല്ലരാഗം"

ഇതിനെ മുൻനിർത്തിയാണ് ആശാൻ വിരോധികരം അദ്ദേഹത്തിന്റെ പ്രേമം അലൗകികമാണെന്നു പറയുന്നതു്. എന്നാൽ അദ്ദേഹത്തിന്റെ പ്രേമം അലൗകികമല്ല ലൗകികമാണ്. അതു ജഡിലമല്ല, താല്ക്കാലികമല്ല, നശ്വരമല്ല യഥാർത്ഥമാണ്, അനശ്വരമാണ്. ലീലയുടെ ആ മരണസന്ദർഭത്തിൽമാത്രമേ ആശാൻ അങ്ങനെ പറയുന്നുള്ളു. ഒരു കവിയുടെ ഏതാനും വരികരംമാത്രം എടുത്ത് അദ്ദേഹത്തെ വിമർശിയ്ക്കുന്നതു ശരിയല്ല. ഹൃദയൈക്യത്തെയാണ് അദ്ദേഹം പ്രേമം എന്നു വിവക്ഷിയ്ക്കുന്നതു്. കൂടുതൽ പ്രേമവും നായികാനായകന്മാർ ആഗ്രഹിയ്ക്കുന്ന രീതിയിൽസഫലീകൃതമായിത്തീരുകയില്ലെന്നാണ് കവി പറയുന്നതു്. പ്രേമത്തിന്റെ മാഹാത്മ്യം മനസ്സിലാക്കാത്ത ഭോഗലാലസരായികഴിഞ്ഞിരുന്ന മലയാളികരംക്ക് ആശാൻ അദ്ദേഹത്തിന്റെ നായികമാരിലൂടെ പ്രേമത്തിന്റെ മാഹാത്മ്യം മനസ്സിലാക്കികൊടുക്കുകയാണുചെയ്യുന്നതു്. അദ്ദേഹത്തെ മനപൂർവ്വം തരംതാഴ്ത്തുന്നതിനുവേണ്ടി ചില നിരൂപകന്മാർ ഉള്ളതും, ഇല്ലാത്തതും കുത്തിപ്പൊക്കികൊണ്ടുവരുന്നു, എന്നു മാത്രം. കേവലം ഈ വരികൊണ്ട് ആശാന്റെ പ്രേമസങ്കല്പത്തെ വിലയിരുത്തുന്നതു തെററാണ്.

"ആരും തോഴിയുലകിൽ മറയു-
ന്നില്ല മാംസം വെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയജഡിലം
ദേഹിതൻ ദേഹബന്ധം
പോരും ഖേദം; പ്രിയസഖി, ചിരം
വാഴ്കമാഴ്കാതെ വീണ്ടും
ചേരും നാം കേരംവിരതഗതിയാ-
യില്ല സംസാരചക്രം".

ദിവ്യമായ പ്രേമത്തിന്റെ അനശ്വരതയാണീ പദ്യത്തിൽ കാണുവാൻ സാധിയ്ക്കുന്നതു്.

"കരുണയി"ലാകട്ടെ ഉന്നതമായ വേശ്യാവൃത്തി നിത്യത്തൊഴിലായി സ്വീകരിച്ചിട്ടുള്ള വാസവദത്തയേയാണ് ദർശി

ള്ളുവാൻ സാധിക്കുന്നതു്. അവരും ഉപഗുപ്തനെ ഇതിനുവേണ്ടി ക്ഷണിക്കുന്നു. എന്നാൽ "ചിത്തമാകുന്നവലിയവൈരിയെ" കീഴടക്കിയ അദ്ദേഹം "സമയമായില്ലപോലും," "സമയമായില്ലപോലും" എന്നു പറഞ്ഞു നടന്നകലുന്നു. അവസാനം കൈകാലുകൾ ഛേദിക്കപ്പെട്ടു് വനത്തിൽക്കിടന്നു മരണവേദന അനുഭവിക്കുന്ന വാസവദത്തയ്ക്കു് ഉപഗുപ്തൻ അന്ത്യോപദേശം കൊടുക്കുവാൻ അവിടെ എത്തുന്നു. ഉന്നതമായ സ്ഥാനമാനങ്ങളൊന്നും സ്ഥിരമായി നില്ക്കുകയില്ലെന്നാണു് ഈ നായിക അനുവാചക ഹൃദയത്തിലേയ്ക്കു പകരുന്ന മഹത്തായ തത്വം.

"ഹാ! സുഖങ്ങൾ വെറും ജാലം,
ആരറിവൂ നിയതിതൻ
ത്രാസു പൊങ്ങുന്നതും താനേ
താണുപോവതും"

ഈ നായികയിലൂടെ ലോകത്തിലുള്ള സുഖത്തിന്റെ നശ്വരത നമുക്കു കാണാൻ കഴിയും.

"ചിന്താവിഷ്ടയായ സീതയിൽ" വാല്മീകിയുടെ ആശ്രമസമീപത്തു, ഉടജാന്തവാടിയിൽ ദുഃഖവിവശയായിരിക്കുന്ന സീതാദേവിയെയാണു കാണുന്നതു്. ആശാന്റെ നായികമാരിൽ ഏററവും സങ്കീർണ്ണമായ ജീവിതം നയിക്കുന്നതു സീതയാണു്. ജീവിതം ദുഃഖപൂർണ്ണമാണെന്നുള്ള തത്വമാണീ നായിക വെളിപ്പെടുത്തുന്നതു്. സീതയുടെ മുമ്പിൽ പ്രഭാപ്രസരം നശിച്ച ശ്രീരാമനേയും നമുക്കു കാണാൻ കഴിയും. ആശാന്റെ സീത ദുരിതത്തിന്റെ ഒരു പര്യായമാണു്.

"ചണ്ഡാലഭിക്ഷുകിയിലും'', "ദുരവസ്ഥയിലും" കാവ്യഗുണത്തേക്കാൾ ഉപരിയായി സാമൂഹ്യപരിഷ്കരണമാണു് കവി ഉദ്ദേശിക്കുന്നതു്. ശ്രീബുദ്ധനിലൂടെ അദ്ദേഹം ജാതിചിന്തയ്ക്കെതിരായി ശബ്ദം ഉയർത്തുന്നു. ബുദ്ധശിഷ്യനായ ആനന്ദനിൽ പ്രണയിനിയായിത്തീരുന്ന ചണ്ഡാലി ബുദ്ധ ഭിക്ഷുണിയായിത്തീരുന്നു. താഴ്ന്ന സമുദായക്കാർക്കും ഉയർന്ന മണ്ഡലങ്ങളിൽ വിഹരിക്കുവാൻ സാധിക്കും എന്നീ നായിക തെളിയിക്കുന്നു.

"ചണ്ഡാലഭിക്ഷുകിയിൽ" ചണ്ഡാലി ബുദ്ധഭിക്ഷുണിയായിത്തീരുകയാണെങ്കിൽ, "ദുരവസ്ഥ"യിൽ സാവിത്രിയന്തർജ്ജനം ചാത്തൻപുലയന്റെ സഹധർമ്മിണിപദം അലങ്കരിക്കുന്നു. ഈ നായികയെ മാത്രമേ ദാമ്പത്യജീവിതം നയിക്കുവാൻ ആശാൻ സമ്മതിക്കുന്നുള്ളു. കൂടുതൽ സ്നേഹവും പരാജയത്തിൽ കലാശിക്കുന്നു എന്നാണു് ആശാൻ വിശ്വസിക്കുന്നതു്. അതിനാൽ സ്നേഹിക്കാതിരിക്കുന്നതിൽ ഭേദം സ്നേഹിച്ചു നഷ്ടപ്പെടുന്നതാണു്. ആ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണു് കൂടുതൽ നായികമാരെക്കൊണ്ടും ദുരിതപൂർണ്ണമായ ജീവിതം നയിപ്പിക്കുന്നതു്. ആശാന്റെ ഈ നായിക മാത്രമാണു് ജനമദ്ധ്യത്തിൽ ജീവിതകാലം മുഴുവൻ കഴിച്ചുകൂട്ടുന്നതു്.

ആശാന്റെ നായികമാരെല്ലാം, സുന്ദരിമാരും, സുശീലകളും, ലക്ഷ്യമതികളും, പ്രണയസമ്പന്നരും, കുലീനകളും ആണെന്നുള്ളതു് നിസ്സംശയം പറയാവുന്നതാണു്.

ചെറുകഥ



# തിരയുടെ സംഗീതം

**Unnikrishna Sarma T. N.**
I B. A.

നിഴലുകൾ ഇരുളിലലിയുന്നു.

സമയം സന്ധ്യയാവുകയാണ്. പശ്ചിമാംബരത്തിൽ കുങ്കുമച്ഛവിപൂണ്ട മേഘമാലകൾ മെല്ലെ മെല്ലെ ഇഴഞ്ഞുനീങ്ങുകയാണ്. പകൽ മുഴുവൻ സഞ്ചരിച്ചു തളർന്നു ചുവന്നു തുടുത്ത മുഖത്തോടെ സമുദ്രത്തിന്റെ വിരിമാറിൽ വിശ്രമംകൊള്ളുന്നതിനായി സൂര്യബിംബം തയ്യാറെടുക്കുകയാണ്. തെങ്ങോലത്തലപ്പുകളെ തലോടിക്കൊണ്ട് കടന്നുവന്ന ഇളംകാററ് ആ യുവാവിന്റെ കാതിൽ രഹസ്യസല്ലാപം നടത്തി.

അയാൾ മൂകനായിരുന്നു. പരന്നുകിടക്കുന്ന ആ പാറയിൽത്തട്ടി പുഴയിലെയോളങ്ങൾ ചിന്നിച്ചിതറുന്നു. പൊട്ടിച്ചിരിച്ചുകൊണ്ട് അവ വീണ്ടും പിൻവാങ്ങുന്നു. ചിതറിത്തെറിച്ച ആ തിരകൾ അയാളുടെ പാദങ്ങളെ നക്കിത്തുടച്ചുകൊണ്ടിരുന്നു. കാററടിച്ച് അയാളുടെ ചുരുണ്ട് അലസമായ മുടിയിഴകൾ പാറിപ്പറന്നുകൊണ്ടിരുന്നു.

അകലെനിന്നും ഏതോ വള്ളക്കാരന്റെ മൂളിപ്പാട്ട് പടിഞ്ഞാറൻ കാററിൽ അലിഞ്ഞുചേർന്ന് അവിടെ പ്രതിധ്വനിച്ചു. ഏകാന്തശാന്തമായിരുന്ന ആ അന്തരീക്ഷത്തിൽ അത് ഒരു ചലനം സൃഷ്ടിച്ചു. അയാളുടെ തലയ്ക്കുമുകളിലെ നീലാകാശത്തിൽ വെള്ളിൽപ്പറവകൾ പറന്നുകൊണ്ടിരുന്നു. പുഴയ്ക്കക്കരെ ഉയർന്നു നിൽക്കുന്ന മലയുടെ മുകളിൽ ദൃശ്യമായിരുന്ന സായാഹ്നസൂര്യന്റെ പ്രകാശം മങ്ങി മങ്ങി അദൃശ്യമായിക്കൊണ്ടിരുന്നു. പുഴയിൽക്കൂടി ഒന്നു രണ്ടു കെട്ടുവള്ളങ്ങൾ അങ്ങോട്ടുമിങ്ങോട്ടും കടന്നുപോയി. പ്രകൃതി ഇരുട്ടിലേയ്ക്ക് വഴുതി വീഴുകയാണ്.

ഇതൊന്നും അയാളുടെ ശ്രദ്ധയെ ആകർഷിച്ചില്ല. അയാളുടെ മനസ്സ് അങ്ങു ദൂരെ, വിഷാദത്തിന്റെ ഏതോ മേഖല

കളിൽ തീരം കാണാത്ത തിരമാലകളെപ്പോലെ അലയുകയായിരുന്നു. ആ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് പുഴയുടെ ഓളങ്ങളിൽക്കൂടി ഒരു ഗദ്ഗദം അലയടിച്ചു വന്നെത്തുന്നതായി അയാൾക്ക് തോന്നി, അത് ആ കർണ്ണങ്ങളിൽ മുഴങ്ങി. ഒരു തേങ്ങിക്കരച്ചിലിന്റെ നേരിയ ശബ്ദം. "ഓഹോ", അയാൾ ഞെട്ടിയെഴുന്നേററു. ചെവി വട്ടംപിടിച്ചു. ഇല്ല. അതു തനിയ്ക്ക് തോന്നിയതാണ്. നിരാശയോടെ അയാൾ അവിടെത്തന്നെയിരുന്നു. പുഴയുടെ സംഗീതം നിശബ്ദം തുടർന്നു. അപാരശൂന്യതയിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് അയാൾ അവിടെ ഇരിപ്പുറപ്പിച്ചു.

ആ ചുണ്ടുകൾ പിറുപിറുത്തു, "ഇതുപോലെതന്നെയായിരുന്നു. അതെ, അന്നും ഇതുപോലെ ആ സായാഹ്നം". ആ മനുഷ്യന്റെ ചിന്തകൾ അങ്ങകലെയുള്ള എന്തോ ഒന്നിൽ വ്യാപരിച്ചിരുന്നു. അതെ. മറെറാന്നുമല്ല. ആ ദിവസം അയാളുടെ മനസ്സിൽ മെല്ലെ മെല്ലെ ഉയർന്നു വരികയായിരുന്നു. അന്ന് അയാളുടെ സ്ഥാനത്ത് മറെറാരു വ്യക്തിയായിരുന്നു. ഒരു പെൺകുട്ടി.

അസ്തമിച്ചുകൊണ്ടിരുന്ന സൂര്യബിംബത്തെ നിർന്നിമേഷയായി നോക്കിക്കൊണ്ട് അവളിരിക്കുകയായിരുന്നു. പുഴയിലെ തിരകൾ അവളുടെ പാദങ്ങളെ നക്കി നനച്ചുകൊണ്ടിരുന്നു. ആ വസ്ത്രങ്ങൾ പടിഞ്ഞാറൻ കാറേററ് ഇളകിക്കൊണ്ടിരുന്നു. നെററിയിലെ കുസൃതികളായ കുറുനിരകൾ ആ ഇളംകാററിൽ നൃത്തംവച്ചുകൊണ്ടിരുന്നു. അപ്പോഴാണ് ക്യാൻവാസും ബ്രഷുമൊക്കെയായി അയാൾ അങ്ങോട്ടു കടന്നുവന്നത്. പരന്നുകിടക്കുന്ന ആ പാറപ്പുറത്ത് അവളിൽനിന്നും കുറേ പുറകിലായി മാറി അവ വച്ചിട്ട് പുഴയിലെ കൊച്ചോളങ്ങളിൽ ദൃഷ്ടിയുറപ്പിച്ചുകൊണ്ട് പാറയുടെ മറെറാരു ഭാഗത്ത് അയാളിരുന്നു.

നല്ല ഒരു 'സീൻ' കിട്ടാൻവേണ്ടി ആ ചിത്രകാരൻ അലയുകയായിരുന്നു. രണ്ടാഴ്ചയായി പലയിടത്തും ചുററിക്കറങ്ങി. മത്സരത്തിനു് അയാളുടെ ഒരു ചിത്രം തീർച്ചയായും വേണമെന്ന് അവർ ശാഠ്യം പിടിച്ചതുകൊണ്ടാണ് ആ അനുഗ്രഹീത കലാകാരൻ അതിനു തുനിഞ്ഞിറങ്ങിയത്. ഇനി രണ്ടാഴ്ചയ്ക്കുള്ളിൽ എങ്ങനെയെങ്കിലും ഒന്നു വരച്ച് അയച്ചുകൊടുക്കണം. മനസ്സിനിഷ്ടപ്പെട്ട ഒരു രംഗം ഒരിടത്തും അയാൾ കണ്ടെത്തിയില്ല. ഭാവനയുടെ മണ്ഡലങ്ങളിൽ പരതിനോക്കിയിട്ട് പററിയ ഒരു ചിത്രവും മിഴിവോടെ വരച്ചൊപ്പിക്കാൻ സാധിയ്ക്കുയില്ലന്നാണ് അയാൾക്ക് തോന്നിയത്. യഥാർത്ഥമായ ഒരു രംഗം വേണമെന്ന ആ ആന്തരിക പ്രചോദനമാണ് അയാൾ അനുസരിച്ചത്. അവസാനം ഈ നാട്ടിൽ വന്നെത്തി. ആ പ്രകൃതിസൗന്ദര്യം വളരെ ഹൃദയാകർഷകമായി അയാൾക്ക് തോന്നി. ആ പുഴയും പുഴയിലേയ്ക്ക് തള്ളിക്കിടക്കുന്ന ആ പാറക്കെട്ടും ആ ചിത്രകാരനെ വളരെ ആകർഷിച്ചു. ചില ദിവസങ്ങളിൽ, സന്ധ്യയുടെ പുളകച്ചാർത്തണിഞ്ഞ മന്ദമാരുതനേററ് ആ പാറക്കെട്ടിൽ വന്നിരുന്ന് വരയ്ക്കേണ്ട ചിത്രത്തെപ്പററി പലതും അയാൾ സ്വപ്നം കാണാറുണ്ട്. ആ പുഴയും ചുററുപാടും തന്റെ ചിത്രത്തിന്റെ ഭാഗമായി അയാൾ നിശ്ചയിച്ചുകഴിഞ്ഞിരുന്നു. ഒരു സങ്കല്പസുന്ദരിയെക്കൂടി അവിടെ പ്രതിഷ്ഠിച്ച് ചിത്രം വരയ്ക്കാമെന്നു കരുതിയാണ് അന്നങ്ങോട്ടു കടന്നുവന്നത്. അപ്പോഴാണ് അപ്രതീക്ഷിതമായി അവൾ ആ പാറക്കെട്ടിലിരുന്ന് പ്രകൃതി

സൗന്ദര്യം ആസ്വദിക്കുന്നതു കണ്ടതു്. ആ രംഗം അയാളെ ഹഠാദാകർഷിച്ചു. തന്റെ സങ്കല്പസുന്ദരി ഇവൾതന്നെയെന്നാണു് ആ കലാകാരനു തോന്നിയതു്. കലയുടെ കനകച്ചിലമ്പൊലി ആ ഹൃദയത്തിൽ മുഴങ്ങി. ആ രംഗം അതേപടി പകർത്താൻ അയാളുടെ കരങ്ങൾ വെമ്പൽകൊണ്ടു. സന്ധ്യത്തുടുപ്പിൽ മുങ്ങിക്കുളിച്ച ആ പുഴയും അക്കരെ, അവ്യക്തമായിക്കൊണ്ടിരുന്ന മലകളും, നദിയിലേയ്ക്കു് തള്ളിനിൽക്കുന്ന പാറക്കെട്ടും, അതിന്മേൽ വെണ്ണക്കല്ലിൽ കടഞ്ഞെടുത്ത ഒരു ശില്പംപോലെ, ഏതോ ഗ്രീക്കുദേവതയെപ്പോലെ ഇരിയ്ക്കുന്ന ആ സുന്ദരിയും, എല്ലാമെല്ലാം.....

അയാൾ മെല്ലെ അവളുടെ സമീപത്തെത്തി. അവളതറിഞ്ഞില്ല. സംതൃപ്തിയുടെ ഒരു നിശ്വാസം അയാളിൽനിന്നുണ്ടായി. അവൾ പെട്ടന്നു തിരിഞ്ഞുനോക്കി, അവിടെനിന്നെഴുന്നേററു പോകാൻ ഭാവിച്ചു.

"പ്ലീസ്, അവിടെത്തന്നെയിരിക്കൂ".

അവളവിടെ ഇരുന്നു. മുൻപു് ഇരുന്നതുപോലെതന്നെ.

"എത്ര മനോഹാരിത! അല്ലേ"?

മറുപടിയുണ്ടായില്ല. ആ സൗന്ദര്യം മുഴുവൻ ഹൃദയത്തിൽ ഒപ്പിയെടുക്കുവാൻ ശ്രമിയ്ക്കുകയാണവളെന്നു തോന്നി.

അല്പം ശബ്ദം താഴ്ത്തി, ആ കലാകാരൻ പറഞ്ഞു.

"പ്ലീസ്, ഇങ്ങോട്ടു നോക്കൂ. ഞാനൊരു കലാഹൃദയമുള്ളവനാണു്. എന്നുവച്ചു സ്വയം പ്രശംസിയ്ക്കുകയല്ല. കുറെയൊക്കെ വരയ്ക്കാനുമറിയാം. ഒന്നുരണ്ടാഴ്ചയായി ഒരു ചിത്രം വരയ്ക്കാനുദ്ദേശിക്കുന്നു. പല സ്ഥലങ്ങളും ഞാൻ കണ്ടു. എന്നാൽ ഇത്ര ഹൃദയാവർജ്ജകമായ ഒരു പ്രദേശവും ഇതുവരെ കണ്ടെത്തിയില്ല. ഇവിടെയെത്തിയപ്പോൾ എനിയ്ക്കു പററിയ രംഗമിതാണെന്നു തോന്നി. ഈ പുഴയുടെ മനോഹാരിത ഒപ്പിയെടുക്കാൻ ഞാൻ കൊതിച്ചു. അതുകരുതിയാണു് ഇപ്പോഴിങ്ങോട്ടു വന്നതു്" ...

അയാളുടെ വാക്കുകൾ അവൾ ശ്രദ്ധിയ്ക്കുന്നുണ്ടായിരുന്നു. എന്നാൽ ആ ദൃഷ്ടികൾ മറയാറായ ആ രക്തഗോളത്തിൽ തങ്ങിനിൽക്കുകയായിരുന്നു. അയാളുടെ സംസാരം ഇത്രയുമായപ്പോൾ മുഖം അല്പം ചെരിച്ചു് അവൾ ചോദിച്ചു.

"ഇപ്പോൾ ഞാനതിനൊരു തടസ്സമായിരിയ്ക്കും അല്ലേ? സാരമില്ല. ഞാൻ ഇപ്പോൾത്തന്നെ മാറിക്കൊള്ളാം".

ഒരു പുഞ്ചിരിയോടു് അവൾ എഴുന്നേൽക്കുവാൻ ഭാവിച്ചു.

"പ്ലീസ്, എക്സ്ക്യൂസ് മീ. അതല്ല ഞാൻ പറഞ്ഞതു്. ഈ പാറക്കെട്ടിൽ ഇതുപോലെ ഒരാൾക്കൂടിയുണ്ടെങ്കിലേ ആ ചിത്രം പൂർണ്ണമാവൂ എന്നു ഞാൻ കരുതുന്നു. അതുകൊണ്ടു് വിരോധമില്ലെങ്കിൽ, എനിയ്ക്കുവേണ്ടി ഒരു അരമണിക്കൂർ അവിടെയൊന്നു് ഇരിയ്ക്കാമെങ്കിൽ...."

എഴുന്നേൽക്കാൻ തയ്യാറായ അവൾ അയാളുടെ മുഖത്തേയ്ക്കു് പകച്ചുനോക്കി. അൽപം കഴിഞ്ഞു് ഒരു കുസൃതിച്ചോദ്യം ആ ചുണ്ടുകളിൽനിന്നടർന്നു വീണു.

"അപ്പോൾ ഞാനിവിടെ ഇല്ലായിരുന്നെങ്കിലോ"?

"എങ്കിൽ എനിയ്ക്കു് വരയ്ക്കാൻ കഴിയാതെ പോയേനെ".

"ചിത്രകാരനു് അങ്ങിനെയൊരു സ്ത്രീയെ അവിടെ സങ്കല്പിച്ചുകൊണ്ടു് വരയ്ക്കാൻ കഴിയുകില്ലേ"?

"സാധിച്ചേക്കും. പക്ഷേ, അതു കാണുന്നവർക്കു് എന്തോ ഒരു കുറവനുഭവപ്പെ

ട്ടം, യാഥാർത്ഥ്യത്തിൻെറ പ്രതീതി ജനിപ്പിക്കാൻ അതിനു കഴിവുണ്ടാകയില്ല. യാഥാർത്ഥ്യമേ പൂർണ്ണമായി ആവിഷ്കരിക്കാൻ കഴിയൂ".

"എത്രസമയം വേണ്ടിവരും"?

"കൂടിവന്നാൽ അരമണിക്കൂർ. അത്രതന്നെ വേണ്ടിവരില്ല. എനിക്കു് ഒരു സ്കെച്ച് മാത്രം കിട്ടിയാൽ മതി. ബാക്കി പിന്നീടു ശരിയാക്കിക്കൊള്ളാം."

അവൾ ചുററും നോക്കി. അപ്പോഴാണു് ക്യാൻവാസും ബോർഡും മററും അല്പകലെയായി അവളുടെ ദൃഷ്ടിയിൽപ്പെട്ടതു്. ചിത്രകാരൻെറ നേരെ നോക്കി ഒന്നു പുഞ്ചിരിച്ചിട്ട് അവൾ പൂർവ്വസ്ഥാനത്തിരുന്നു.

"താങ്ക്സ്. താങ്ക്യൂ വെരിമച്ച്. ഞാനിപ്പോൾ വരാം. അയാൾ അവിടെ നിന്നും ഓടി വേഗം ക്യാൻവാസും ബ്രഷുമൊക്കെയായി തിരിച്ചെത്തി. അവ അറേഞ്ചു ചെയ്യുന്നതിൽ വ്യാപൃതനായിരുന്ന അയാളോട് അവൾ ചോദിച്ചു".

"ഇതിനുമുൻപ് ധാരാളം ചിത്രങ്ങൾ വരച്ചിട്ടുണ്ടോ"?

"കുറേയെണ്ണമൊക്കെ. പക്ഷേ, ഒന്നുപോലും കൈയിലില്ല".

"ചിത്രരചനയാണോ തൊഴിലായി സ്വീകരിച്ചിരിക്കുന്നതു്"?

"എന്നു പറഞ്ഞുകൂടാ. വേറൊന്നുമില്ലാതെ ഇതുകൊണ്ടെങ്ങനെയാണു ജീവിക്കുക"?

എല്ലാം ശരിയായപ്പോൾ അയാൾ പറഞ്ഞു.

"വരക്കുമ്പോൾ സംസാരിക്കുകയാണെങ്കിൽ എൻെറ "കോൺസൻട്രേഷൻ" വിട്ടുപോകും. അതുകൊണ്ടു് വരച്ചുകഴിഞ്ഞിട്ടു സംസാരിച്ചാൽ പോരേ"?

ഒരു മുഗ്ദ്ധമന്ദഹാസം പൊഴിച്ചുകൊണ്ടു് അവൾ മൊഴിഞ്ഞു. "ഓഹോ, മതി".

അയാൾ വരയ്ക്കാനാരംഭിച്ചു. അസ്തമനസൂര്യൻെറ തുടുപ്പുകൊണ്ടു് ആ പുഴയും പരിസരങ്ങളും ഏതോ മായിക ലോകമായിത്തോന്നി. ഭാവന ചിറകുവിരിച്ചു പറന്നുയർന്നു. അയാളുടെ ഹൃദയത്തിൽ കെട്ടിനിന്ന ദാഹം പുറത്തേയ്ക്കൊഴുകി. ബ്രഷിൽകൂടി അതു് ക്യാൻവാസിലേയ്ക്കു് പകർന്നു. അവിടെയൊരു മനോഹര ചിത്രം രൂപംകൊള്ളുകയാണു്. ചായങ്ങൾ നിറം പകർന്നു. ആ കലാകാരൻെറ വാസന അതിൻെറ മൂർത്ത രൂപത്തിൽ അവിടെ തെളിഞ്ഞുവന്നു. ആ പുഴയും, പശ്ചിമാംബരത്തിൽ മറയാറായ ആ പത്മകാമുകനും. പുഴയുടെ ഒരു ഭാഗത്തു് പാറക്കെട്ടിൽ ചരിഞ്ഞിരിക്കുന്ന ആ സുന്ദരിയും, എല്ലാമെല്ലാം ഒരു ദർപ്പണത്തിലെന്നതുപോലെ ആ ക്യാൻവാസിൽ, സപ്തവർണ്ണങ്ങളോടെ, രൂപഭാവങ്ങളോടെ, പ്രതിബിംബിച്ചു.

സൂര്യബിംബം മറഞ്ഞു. ഇരുളിൻെറ തിരശ്ശീല മെല്ലെമെല്ലെ ഭൂമിയെ ആവരണം ചെയ്യാൻ തുടങ്ങിയപ്പോൾ, അയാൾ ബ്രഷ് താഴെവച്ചിട്ട് പറഞ്ഞു.

"ഇനി എഴുന്നേറേറാളൂ"

അവൾ ആ ക്യാൻവാസിൻെറ സമീപത്തെത്തി. അതിലേക്കു് നോക്കി. ഒരു ചെറിയ രൂപരേഖ ക്യാമറയിലെന്നതുപോലെ അതിൽ തെളിഞ്ഞുകണ്ടു.

"ഞാൻ വളരെ ബുദ്ധിമുട്ടിച്ചു, അല്ലേ"?

"ഓ, ഇല്ല. എനിക്കിവിടെ എത്ര സമയം വേണമെങ്കിലും ഇരിക്കാൻ ഇഷ്ടമാണു്".

"എന്നാലും, അരമണിക്കൂർ ചലനമ

റു് മരേയിതപ്പിരുന്നാൽ ബോറടിയ്ക്കു കയില്ലെ?"

"സാരമില്ല. ആട്ടെ ഇത്രെത്രദിവസം വേണ്ടിവരും പൂർണ്ണമാകാൻ?"

"ഒരാഴ്ച വേണ്ടിവന്നേക്കും"

"അതുകഴിയുംമ്പോൾ എന്നെയൊന്ന കാണിയ്ക്കാമോ?"

"ഓഹോ, അതിനെന്താ!"

അവൾ മടങ്ങിപ്പോകാൻ തുടങ്ങിയപ്പോൾ പെട്ടെന്നെന്തോ ഓർത്തുപോലെ അയാൾ പറഞ്ഞു.

"ങാ. ഒരു കാര്യം ചോദിയ്ക്കാൻ മറന്നുപോയി. എന്താ പേരു്?"

"ശാന്ത".

"വീടോ?"

"ഇവിടെ അടുത്തുതന്നെ. എന്നും വരയ്ക്കാൻ ഇങ്ങോട്ടു വരുമോ"?"

"ഇവിടെയിരുന്നായാലേ ശരിയാവു. ശാന്ത എന്നും ഇവിടെ വരാറുണ്ടോ?"

'വല്ലപ്പോഴുമൊക്കെ. എന്നാൽ പോട്ടെ?"

"യെസ്, മെനി, മെനി താങ്ക്സ്".

ചിരിച്ചുകൊണ്ടു് അവൾ പറഞ്ഞു. "നോ മെൻഷൻ പ്ലീസ്".

തിരിഞ്ഞു് തന്റെ താമസസ്ഥലത്തേയ്ക്കു നടക്കമ്പോൾ ആ കലാകാരന്റെ മനസ്സ് സംതൃപ്തമായിരുന്നു. ആ ചിത്രം വിടർത്തിവച്ചു് അതിലേയ്ക്കുതന്നെ അയാൾ തന്നെ നിർന്നിമേഷനായി നോക്കിയിരുന്നു.

ഒരാഴ്ച കഴിഞ്ഞു. ചിത്രത്തിന്റെ അവസാന മിനുക്കുപണികളും പൂർത്തിയായി. അതിനിടകൊണ്ടു് അയാൾ അതുപോലെതന്നെയുള്ള അതിന്റെ മറെറാരു കോപ്പികൂടി വരച്ചു കഴിഞ്ഞിരുന്നു. അതൊരാവശ്യമായി അയാൾക്കു തോന്നി. അതു വരയ്ക്കാനുള്ള ഉൽക്കടമായ ഏതോ പ്രേരണയെ ചെറുക്കാൻ അയാൾക്കു കഴിഞ്ഞില്ല. ആ രണ്ടു ചിത്രങ്ങളും ഒരു വിധത്തിലും അല്പംപോലും വ്യത്യസ്തമായിരുന്നില്ല. ഒന്നിൽനിന്നു് ഒരു വളവോ, രേഖയോപോലും രണ്ടാമത്തേതിൽ വ്യത്യാസം ഉണ്ടായിരുന്നില്ല.

ഇതിനിടെ ഒന്നുരണ്ടു സായാഹ്നങ്ങളിൽ അവൾ അവിടെ വന്നിരുന്നു. അപ്പോഴെല്ലാം അയാൾ ശ്രദ്ധാലുവായിരുന്നു് അതിനു മിഴിവേകുന്നതുകാണാം. എന്നും അവൾ ചിരിച്ചുകൊണ്ടു ചോദിയ്ക്കും ശരിയായില്ലെ എന്നു്. അവസാനം അന്നയാളതു പൂർത്തിയാക്കി. അടുത്തദിവസം അയാൾ അവിടെനിന്നും യാത്രയാവുകയാണു്. സമയം സന്ധ്യയാവുന്നതേയുള്ളു. ആ ചിത്രത്തിലേയ്ക്കു നോക്കിക്കൊണ്ടു് അയാൾ ആ പാറപ്പുറത്തു് ഏകനായിരിയ്ക്കുകയായിരുന്നു. പെട്ടന്നാണു് പിറകിൽ നിന്നു് ഒരു ശബ്ദംകേട്ടതു്.

"എന്താ, ചിത്രകാരൻ സ്വപ്നം കാണുകയാണോ?"

അയാൾ തിരിഞ്ഞുനോക്കി. പൂത്തുലഞ്ഞ വസന്തംപോലെ അവൾ പിന്നിൽ വന്നുനിൽക്കുന്നു.

"ഇതിനെന്താണു് ഒരു പേർ നൽകേണ്ടതെന്നാലോചിയ്ക്കുകയായിരുന്നു".

ആ ചിത്രത്തിലേയ്ക്കു് മിഴിനട്ടു് അവൾ ഏറെനേരം നിന്നു.

"തിരയുടെ സംഗീതം, എന്താ, കൊള്ളാമോ?" അയാളുടെ ചോദ്യമാണു് അവളെ ഉണർത്തിയതു്.

"എക്സലൻറു്. ഇതൊരു മത്സരത്തിനയയ്ക്കാമെങ്കിൽ ഫസ്റ്റ് പ്രൈസ് കിട്ടും, തീർച്ച".

"അതിരിയ്ക്കട്ടെ. ഇതു പൂർത്തിയാക്കി

കഴിഞ്ഞു. നാളെ ഞാൻ ഇവിടെനിന്നും പോവുകയാണ്".

നിശബ്ദമായി ചില നിമിഷങ്ങൾ കടന്നു. അവളുടെ വാക്കുകളാണതു ഭഞ്ജിച്ചത്.

"ഇനി ഇങ്ങോട്ടൊക്കെ വരുമോ?"

"തീർച്ചയായും. എന്താ സംശയം?"

"എപ്പോഴാണ്?"

"വല്ലപ്പോഴുമൊക്കെ".

അവർ നിശ്ശബ്ദരായി. സന്ധ്യയുടെ ചെഞ്ചായം ചക്രവാളച്ചുവരിൽനിന്ന് മാഞ്ഞു മാഞ്ഞു പൊയ്ക്കൊണ്ടിരുന്നു. പകലിനോടു യാത്രപറഞ്ഞു കടലിന്റെ അഗാധതയിലേയ്ക്ക് താഴ്ന്നുപോവാൻ സൂര്യദേവൻ തയ്യാറെടുക്കുന്നു. തിരിച്ചുപോകാൻ തുടങ്ങുമ്പോൾ അവൾ പറഞ്ഞു.

"ഇനി വല്ലപ്പോഴും വരുമ്പോൾ കാണാം. പോട്ടെ?"

അയാളൊന്നും മിണ്ടിയില്ല. അവളുടെ മുഖത്തേയ്ക്കുതന്നെ നോക്കിയിരുന്നു. ഇരുളിന്റെ ഗാഢാലിംഗനത്തിൽ ലോകം അമർന്നുകഴിഞ്ഞപ്പോൾ മനസ്സു നിറഞ്ഞുതുളുമ്പിയ വിഷാദത്തോടെ കലാകാരൻ മുറിയിലേയ്ക്കു നടന്നു.

X X X X

മാസങ്ങൾ ചിലതു കടന്നുപോയി. സംസ്ഥാനാടിസ്ഥാനത്തിൽ നടന്ന ചിത്രകലാമത്സരത്തിൽ ആ കലാകാരന്റെ ചിത്രം ഒന്നാംസമ്മാനാർഹമായി. ഗവർണ്ണറിൽനിന്ന് സ്വർണ്ണമെഡലും, സർട്ടിഫിക്കേറ്റും കരസ്ഥമാക്കുമ്പോൾ അയാളുടെ മനസ്സിൽ ശാന്ത എന്ന പെൺകുട്ടി നിറഞ്ഞുനിന്നു.

അധികദിവസം കഴിയുന്നതിനു മുൻപുതന്നെ അയാൾ ആ നാട്ടിൻപുറത്തേയ്ക്കു യാത്രതിരിച്ചു. ആ പുഴയും പാറക്കെട്ടും അക്കരെ ഉയർന്നുനിൽക്കുന്ന മലകളും കാണാൻ അയാളുടെ ഹൃദയം കൊതിപൂണ്ടുഴറുകയായിരുന്നു. ചിത്രത്തിന്റെ ഒരു കോപ്പി സൂക്ഷിച്ചിരുന്നത് അയാൾ കൈയിലെടുത്തിരുന്നു. ആ നാട്ടിലെത്തിച്ചേർന്നപ്പോൾ അയാൾക്ക് ഉൾപ്പുളകമുണ്ടായി. മുൻപു താമസിച്ചിരുന്ന സ്ഥലത്തുതന്നെ മുറിയെടുത്തു. പുഴയിലെ ആ പാറക്കെട്ടിൽ പോയിരുന്നപ്പോൾ മനസ്സിനുണ്ടായ ഉന്മേഷം നിസ്സീമമായിരുന്നു. ദിവസങ്ങൾ ഒന്ന്, രണ്ട്, മൂന്നു കടന്നുപോയി. എന്നും വൈകുന്നേരമാവുമ്പോൾ അയാൾ ആ പാറക്കെട്ടിലെത്തും. രാത്രിയാവുന്നതുവരെ അവിടെയിരിയ്ക്കും. മൂന്നുദിവസം കഴിഞ്ഞിട്ടും അവളെ കണ്ടില്ല. നാലാം ദിവസം അവൾ പറഞ്ഞുകൊടുത്ത ലക്ഷ്യംവച്ച് അവളുടെ വീട്ടിലേയ്ക്കു തിരിച്ചു. നീണ്ടുകിടക്കുന്ന ഇടവഴി കടന്ന് ചെന്നെത്തിയതു് ഒരു ഇടത്തരം വീടിന്റെ മുറ്റത്താണ്.

മുൻവശത്താരുമുണ്ടായിരുന്നില്ല. മുറ്റത്തുനിന്ന ഒരു സുഗന്ധരാജന്റെ ചെടിയിലെ പുഷ്പം നുള്ളിയെടുത്ത് ചുമച്ചു ശബ്ദമുണ്ടാക്കി. നിശബ്ദമായിരുന്ന ആ വീടിന്റെ ഉള്ളിൽനിന്നും ഒരു വൃദ്ധ മുൻവശത്തേയ്ക്കു വന്നു.

"എന്താ വന്നതു്"? കുഴിഞ്ഞു താണ കണ്ണുകളാൽ സൂക്ഷിച്ചു നോക്കിക്കൊണ്ട് അവർ ചോദിച്ചു.

"ശാന്ത എന്ന പെൺകുട്ടി ഈ വീട്ടിലെയല്ലേ"? അയാൾ ധൈര്യമവലംബിച്ചു ചോദിച്ചു.

"ആരാ, മനസ്സിലായില്ലല്ലോ?".

"ഞാൻ.... ഞാൻ.... ഞാൻ ശാന്തയുടെകൂടെ പഠിച്ചതാണ്".

പെട്ടന്ന് അവരുടെ മുഖത്ത് വിഷാദത്തിന്റെ കാർമേഘങ്ങൾ ഇരച്ചുകയറി.

അവരുടെ ഭാവഭേദം അയാളെ ചിന്താകുലനാക്കി. നേരിയ ഒരു പരിഭ്രമം അയാളെ ബാധിച്ചു. തേങ്ങിക്കരച്ചിലിന്റെ വക്കോളമെത്തിയ ആ വൃദ്ധയുടെ ക്ഷണം സ്വീകരിച്ച് അയാൾ വീട്ടിലേയ്ക്കു കടന്നു. ആ ദുഃഖത്തിന്റെ അലയൊലി അയാളുടെ മനസ്സിൽ സംഭ്രമത്തിന്റെ വിത്തുകൾ പാകി. നേരിയ ഭയം ഉടലെടുത്തു, അവിടെ.

അവളെവിടെയായിരിക്കും? ആ വൃദ്ധയുടെ ഭാവം ഒന്നും ചോദിക്കുവാൻ അയാളുടെ മനസ്സിനെ അനുവദിച്ചില്ല നിമിഷങ്ങൾക്കു ശേഷം നിറഞ്ഞു നിന്ന നിശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് വൃദ്ധയുടെ വിതുമ്പുന്ന ചുണ്ടുകളിൽക്കൂടി അയാൾ ആ കഥ കേട്ടു. വേദനനിറഞ്ഞ ഹൃദയത്തോടെ.

സ്വന്തം കാമുകനോടൊത്തുചേരാതെ, മറ്റൊരപരിചിതനെ വിവാഹം കഴിക്കാൻ നിർബ്ബന്ധിതയായപ്പോൾ, സ്നേഹത്തിന്റെയും മനസ്സാക്ഷിയുടെയും മുൻപിൽ തലകുനിക്കാൻ തയ്യാറാകാതെ, പ്രേമസാക്ഷാത്കാരത്തിനായി വിവാഹത്തിന്റെ തലേരാത്രിയിൽ ആ പുഴയുടെ അഗാധമായ ഒരു കയത്തിൽ ജീവൻ ബലിയർപ്പിച്ചു; ശാന്ത എന്ന ധീരയായ പെൺകുട്ടിയുടെ കഥ.

അതുകേട്ട് അയാൾ നിർജ്ജീവനായി ഇരുന്നുപോയി. ഇടിവെട്ടിയതുപോലെ അയാളൊന്നു ഞെട്ടി. നിമിഷങ്ങൾ കഴിഞ്ഞു. ശോകമൂകനായി അയാൾ അവിടെനിന്നും ഇറങ്ങിനടന്നു. ആ ഹൃദയം ഒരു മരുഭൂമിയായിത്തീർന്നിരുന്നു. അവിടെ വികാരത്തിന്റെ മരുപ്പച്ചകൾ പോലുമുണ്ടായിരുന്നില്ല. തിരയടങ്ങിയ കടൽപോലെ അതു ശാന്തമായിരുന്നു. മെല്ലെ നടന്ന്, അയാൾ ആ പാറക്കെട്ടിലെത്തിച്ചേർന്നു. അവിടെ, ചിത്രം വരയ്ക്കാൻ അവളിരുന്നുകൊടുത്ത സ്ഥാനത്ത്, കല്ലിൽ കൊത്തിവച്ച പ്രതിമപോലെ ആ കലാകാരൻ സ്ഥാനമുറപ്പിച്ചു.

X X X X

പ്രകൃതി ഇരുൾമൂടി. നക്ഷത്രങ്ങൾ കണ്ണുചിമ്മി. അന്ധകാരത്തിന്റെ അപാരതയിൽ, ചീവീടുകളുടെ ശബ്ദനിർഘോഷങ്ങൾ അകമ്പടിസേവിച്ചുകൊണ്ട്, പുഴവക്കത്തുള്ള ഗ്രാമപാതയിലൂടെ തിരിച്ചുനടക്കുമ്പോൾ ആ കലാകാരന്റെ മനസ്സ് ദുഃഖതപ്തമായിരുന്നു. ആ വഴിത്താര അനന്തമാണെന്ന് അയാൾക്കുതോന്നി. മുറിയിൽ കടന്നപ്പോൾ ബോർഡിൽ വിടർത്തിട്ടിരിക്കുന്ന ആ ചിത്രത്തിൽ ഒരു നിമിഷം അയാളുടെ കണ്ണുകൾ തങ്ങിനിന്നു. അവയിൽനിന്നും രണ്ടു നീർത്തുള്ളികൾ അടർന്ന് ആ തറയിൽ പതിച്ചു.

ജോലി ചെയ്യാൻ തയ്യാറില്ലാത്തവനെ ഒരു കാലത്തും സ്വർഗ്ഗം സഹായിക്കാറില്ല.

—ഡോ. ഫോക്‌ളീസ്.

# വിരുന്നുകാർ



**K. J. George**
II P. D. C.

സമയമാണെങ്കിൽ പത്തുമണി കഴിഞ്ഞു, നാളെ പരീക്ഷ ആരംഭിക്കുകയാണ്; അതുകൊണ്ട് നോട്ടുകൾ എത്രയും വേഗം നോക്കിത്തീർക്കണം എന്ന ഉദ്ദേശത്തോടെ അവ വായിച്ചുകൊണ്ടിരിക്കയാണ്. അപ്പോഴാണ് മുററത്തുനിന്നും ഒരു വിളി. മോളിച്ചേച്ചി.... മോളിച്ചേച്ചി.... ഞങ്ങളുവന്നു. വരികയാണെങ്കിൽ ഇങ്ങു വന്നാൽ പോരെ? അതിനുപകരം ഈ വിളിച്ചുകൂവിക്കൊണ്ടുവരുന്നതാരാണ് എന്നറിയാനുള്ള ജിജ്ഞാസയോടെ ഞാൻ ജനാലയിൽക്കൂടി പുറത്തേയ്ക്കുനോക്കി. വീട്ടിലേയ്ക്ക് ഒരു ജാഥാ നീങ്ങുകയാണ്. ഞാൻ നോക്കിക്കൊണ്ടിരുന്ന അതേ അവസരത്തിൽത്തന്നെ ആ ജാഥയുടെ മുന്നററം എന്റെ മുറിയിൽ പ്രവേശിച്ചു. രാജുവാണ് മുമ്പിൽ. അതിനു പുറകേ ആനി, ജോസ്, അന്നാമ്മ, സാബു, ഏററവും പിൻപിലായി ആ കുട്ടികളുടെ അമ്മ മേരി, ഏററവും ഇളയ കുട്ടിയേയുമെടുത്തുകൊണ്ട്. മുൻമ്പ് ഞാൻ എന്റെ പേരമ്മയുടെ മകളായ മേരിയുടെ വീട്ടിൽ ചെന്നതിന് പ്രതിസന്ദർശനാർത്ഥം ഇറങ്ങിയിരിക്കുകയാണ് ആ കുടുംബം. ഞാൻ എറണാകുളത്തിനു പോയിട്ട് വരുംവഴി അവിടെ കേറി എന്നു മാത്രം.

എന്റെ മുറിയിലേയ്ക്ക് ഇരച്ചുകയറിയ ആ പരാധീനങ്ങളേയും അവരുടെ തള്ളയേയും നോക്കി ഞാൻ അവിടെത്തന്നെ ഇരുന്നുപോയി. എന്റെ അന്നത്തെ സകലപരിപാടികളും തകരുന്ന ലക്ഷണമാണ്. അമ്മ അവിടെയില്ല., രാവിലെ എവിടയോ പോയിരിക്കുകയാണ്. വേലക്കാരി കൊച്ചുമറിയ അടുക്കളയിൽ എന്തോ പണികളിൽ ഏർപ്പെട്ടിരിക്കുകയാണ്. വന്നപാടെ എന്റെ കിടക്കയിൽ കയറിക്കിടന്ന് ഉരുണ്ടു മറിഞ്ഞുകൊണ്ട് പിടുത്തമാണ് രാജുവും അന്നാമ്മയും. ആനി ഒരു തടിയൻ കുടയും പിടിച്ചുകൊണ്ട് വന്നപാടെ നിൽക്കുകയാണ്. ജോസ് മുറിയിലാകെ ഒരു വിഹഗവീക്ഷണം നടത്തുന്നു. ശരീരമാകെ ചൊറിപി

ടിച്ച സാബു ഇടതുകൈകൊണ്ട് കാലിൽ ചൊറിയുകയും വലതുകൈ എന്റെ മേശയുടെ കോണിൽ ഉരസ്സുകയുമാണ്, അവന്റെ ശരീരം മുഴുവൻ വരട്ടുചൊറിയാണ്.

രാവിലെതന്നെ, ഇങ്ങു പോന്നു ഇല്ലേ? ഞാൻ മേരിത്തള്ളയോട് ലോഹ്യം ചോദിച്ചു. രാവിലെതന്നെ പോന്നത് പിടിച്ചില്ലേ എന്ന മട്ടിൽ എന്നെ നോക്കിയിട്ട് "എന്ത്യേ എല്ലാരും"? എന്ന് ഒരു മറുചോദ്യം എന്റെ നേരെ ഇട്ടുതരികയാണ് അവർ ചെയ്തത്.

"ഇവിടെയെങ്ങാനും ഇരിയ്ക്കു" അണച്ചുകൊണ്ടു നിൽക്കുന്ന ആ തള്ളയോടു ഞാൻ പറഞ്ഞു. ഇരിക്കുന്നതിനു പകരം എന്റെ മേശയുടെ അടുത്തേയ്ക്കു വന്ന് രണ്ടു കടലാസുകഠം മറിച്ചുനോക്കിയിട്ട് "പരീക്ഷ എന്നാണ് ആരംഭിക്കുന്നത്"? എന്ന് അവർ ചോദിക്കുകയാണ് ചെയ്തതു്.

"നാളെ പരീക്ഷ ആരംഭിക്കും" ഞാൻ പറഞ്ഞു. അപ്പോഴേയ്ക്കും കിടക്കയിൽ കിടന്ന് പിടിച്ചുകൊണ്ടിരുന്ന രാജുവും അന്നാമ്മയും തമ്മിൽ ഉന്തും തള്ളുമായി. രാജു പെട്ടന്ന് അന്നാമ്മയെ ഉന്തി താഴെയിട്ടു. താഴെവീണ അന്നാമ്മ നിലത്തു കൈയും കാലും ഇട്ടടിച്ച് ഉച്ചത്തിൽ കരച്ചിലായി. എന്റെ കിടക്കയുടെ താഴെയിരുന്ന വിളക്ക് അവഠം നിലത്തു മറിച്ചിടുകയും അതിന്റെ ചിമ്മിനി പൊട്ടുകയും ചെയ്തു. എന്നിട്ട് ചാടിയെഴുന്നേററ് ഉഗ്രമായ കോപത്തോടെ, പൊട്ടിച്ചിരിക്കുന്ന രാജുവുമായി ഉഗ്രമായ പിടുത്തമായി.

ഞാൻ എഴുന്നേൽക്കുന്നതിനു മുമ്പായി കൈയിലിരുന്ന കുട്ടിയെ എന്റെ മേശപ്പുറത്തിട്ടിട്ട് മേരിത്തള്ള ആ വഴക്കി വിടപെട്ടു. പടഹം പൊട്ടുന്ന ശബ്ദത്തിൽ കൈകൊണ്ടുള്ള ചില "ലാത്തി പ്രയോഗങ്ങഠം" നടന്നു. രാജു കിടക്കയിൽനിന്നു ചാടി പുറത്തേയ്ക്കു പാഞ്ഞുപോയപോക്കിന് ആനിയുമായി മുട്ടി മുട്ടി. അവഠം അടുത്തുകിടന്ന കസേരയിലേയ്ക്കു തലയുംതല്ലി കുടയുംകൊണ്ട് നിലത്തു മറിഞ്ഞുവീണു.

"എടാ ചെകുത്താനേ" എന്നലറികൊണ്ട് ആനി ഈററപ്പുലിയെപ്പോലെ അവന്റെ നേരെ ചാടി. എങ്കിലും അവൻ അതിവേഗത്തിൽ പുറത്തേയ്ക്കോടി രക്ഷപെട്ടു.

നിലത്തേയ്ക്കുള്ള വീഴ്ചയും അടിയുടെ വേദനയും കൊണ്ട് ഉണ്ടായ ദേഷ്യം തീർക്കുന്നതിനുവേണ്ടി അന്നാമ്മ നിലത്തു മറിഞ്ഞുകിടന്ന വിളക്കെടുത്ത് ഒരേറ്! അതു് മണ്ണെണ്ണയും ഒഴുക്കികൊണ്ട് വാണംപോലെ പാഞ്ഞ് ഭിത്തിയിൽ ചെന്നു മുട്ടി. കണ്ണാടി "ഠേ...."! എന്ന് നിലത്തുവീണു ചിതറി. വിളക്ക്, സൈ്വരമായി ചൊറിഞ്ഞുകൊണ്ടുനിന്നിരുന്ന സാബുവിന്റെ തലയിലേയ്ക്കു വീണു.

"അയ്യോ എന്റെ അമ്മച്ചിയേ! ഇവളെന്നെ കൊന്നേ...." സാബു വല്ല്യവായിലെ കാറുകയാണ്.

കോപംകൊണ്ടു വിറയ്ക്കുന്ന മേരിത്തള്ള അന്നാമ്മയുടെ നേരെ തിരിഞ്ഞപ്പോഴേക്കും പുലിയുടെ വായിൽനിന്നും രക്ഷപെട്ട മാൻപേടയേപ്പോലെ അവഠം മുറിയിൽനിന്നും സുരക്ഷിതമായിത്തന്നെ ഓടിക്കളഞ്ഞു. ബഹളം കേട്ട് അടുക്കളയിൽ നിന്നും തടിച്ചുകൊഴുത്തതും കറുത്തതുമായ ആ കൊച്ചമറിയ ഇറങ്ങിവന്നു. അവഠം കൊച്ചമ്മയേപ്പോലെ രംഗനിരീക്ഷണം ചെയ്തിട്ട് വന്നപാടെ പൊയ്ക്കളഞ്ഞു.

സാബുവിന്റെ കരച്ചിലിന്റെ കാഠിന്യം അല്പമൊന്നു കുറഞ്ഞു. ആനിയുടെ കരച്ചിൽ തീരെ നിന്നിട്ടില്ല. ഞാൻ, എന്റെ മേശപ്പുറത്തിരുത്തിയിരിക്കുന്ന ഇളയകുട്ടിയെ തിരിഞ്ഞുനോക്കി. അതു് കൈയിലിരിക്കുന്ന വാഴപ്പഴത്തിന്റെ മുറി ഇടയ്ക്കിടയ്ക്കു് നുണയുകയും മേശപ്പുറത്തിരിക്കുന്ന കടലാസുകളിൽ അടിച്ചു രസിക്കുകയുമാണു്. അതിന്റെ മൂക്കിൽനിന്നൊഴുകുന്ന നീരും വായിൽനിന്നു് സമൃദ്ധമായി ഒഴുകുന്ന തുപ്പലും കണ്ടാൽ പഴവും പാനിയുംപോലെ മേശവിരി ലോഭമെന്യേ സ്വീകരിക്കുന്നുണ്ടു് എന്നുതോന്നും. ഞാൻ പെട്ടന്നു് ഉത്തരക്കടലാസുകൾ മാററിവച്ചു.

സമരക്കളമായിരുന്ന എന്റെ മുറിയിൽ എന്തെല്ലാം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നറിയുവാൻ മുറിയിൽ ആകെ ഒന്നു കണ്ണോടിച്ചു. സാബു ചൊറിച്ചിലിൽത്തന്നെ ബദ്ധശ്രദ്ധനായിരിക്കുകയാണു്. ജോസിനെ മുറിയിലെങ്ങും കാണുവാനില്ല. എന്റെ കിടക്ക ആകെ കുഴഞ്ഞു മറിഞ്ഞു കിടക്കുകയാണു്. മുറിയിലിരുന്ന പുസ്തകങ്ങളിൽ മണ്ണെണ്ണവീണു. തറയിൽ കണ്ണാടിച്ചില്ലുകൾ ചിതറിക്കിടക്കുന്നു, കസേര ചെരിഞ്ഞു് കിടക്കുന്നു. ഞാൻ മുറിയിൽനിന്നും കണ്ണുകൾ പിൻതിരിച്ചു് ജനാലയിലൂടെ പുറത്തേയ്ക്കു നോക്കി ഒരു ദീർഘനിശ്വാസം വിട്ടു.

"ഹോ! എന്തൊരു നാശമാണിതു്" ഞാൻ തന്നത്താൻ പറഞ്ഞെങ്കിലും ശബ്ദം പുറത്തുവന്നില്ല.

"അമ്മച്ചീ, ദേണ്ടെ കൊടേടെ കാലൊടിഞ്ഞു". ആനിയുടെ വീഴ്ചയിൽ പററിയതാണതു്. ഇപ്പോഴാണവൾ അതു കണ്ടുപിടിച്ചതു്.

"എടീ കുത്തിച്ചി, നീ എന്നാകാണിച്ചതാടീ അതു്"? മേരിത്തള്ളയുടെ ആക്രോശം വീണ്ടും തുടയിലും പുറത്തും പടക്കം പൊട്ടലുകളും ആനിയുടെ ഉഗ്രമായ നിലവിളിയും ഉയർന്നു.

ഈ നശിച്ച വകേംകൊണ്ടു് ഇറങ്ങിത്തിരിച്ചപ്പം ഞാനോർത്തതാ ഇതും ഇതിലപ്പുറോം ഉണ്ടാകുമെന്നു്. "മേരിത്തള്ള നടന്ന സംഭവങ്ങളുടെ വെളിച്ചത്തിൽ ഒരു വിശദീകരണം നടത്തുകയാണു്. ഈ കൊടയും കളഞ്ഞേച്ചു് എങ്ങനെയാ ഞാനിനി അങ്ങോട്ടു കേറിച്ചെല്ലുന്നേ?. അതിയാനെന്നെ കൊല്ലുകേലേ?". സാരമില്ല ആന്ത്രണ്ണോൻ കള്ളുകുടിക്കുന്നതിന്റെ പകുതിക്കാശുവേണ്ട ഒരു കുടവാങ്ങാൻ.

മേശപ്പുറത്തിരുന്ന കൊച്ചുകുട്ടിയുടെ അടുത്തിരുന്ന എന്റെ കൈയ്ക്കു് ഒരു ചൂടു് അനുഭവപ്പെട്ടു. ഞാൻ പെട്ടന്നു് മേശപ്പുറത്തേയ്ക്കു നോക്കി ആ കൊച്ചുമിനി സുഖമായിരുന്നു് മൂത്രം ഒഴിക്കുകയാണു്. മേശവിരി മുഴുവൻ നനഞ്ഞു, പിന്നെയും ജലപ്പെരുപ്പം വർദ്ധിക്കുകയാണു്. എനിക്കു പലതും പറയുവാനും പ്രവർത്തിക്കുവാനും തോന്നി, പക്ഷേ എന്തുചെയ്യാം?. മാന്യരായ അതിഥികളോടു് പരുഷമായിട്ടെന്തെങ്കിലും സംസാരിക്കാമോ?

"അമ്പടി കള്ളി, അവളിവിടെയിരുന്നു മൂത്രമൊഴിച്ചല്ലോ"? ഞാൻ പുഞ്ചിരിക്കുന്നഭാവത്തിൽ പല്ലുകൾ വെളിക്കു കാട്ടിക്കൊണ്ടു പറഞ്ഞു.

മേരിത്തള്ള വേഗംവന്നു് കുട്ടിയെ എടുത്തു. ഒരു കൈകൊണ്ടു് മൂത്രം വടിച്ചൊരേറു് കസേരയിലിരുന്ന ഉത്തരക്കടലാസിന്റേയും അതിനപ്പുറത്തുള്ള വട്ടമേശയുടെ പുറത്തിരുന്ന പുസ്തകങ്ങളുടെയും മുകളിൽ മൂത്രം വീണു.

"എടീ ആനിയേ, ഇതു പിഴിഞ്ഞു്

ആ വെയിലത്തോട്ടൊന്നിടടീ" എന്നു് മേരിത്തള്ള പറഞ്ഞു.

"അതു് അലക്കിവേണം വെയിലത്തിടാൻ" ഞാൻ പറഞ്ഞു.

ഓ! ഈ കൊച്ചിന്റെ ശകലം മൂത്രം പററിയതിനു് എന്തിനാ നനയ്ക്കുന്നേ?

"ആ:ണ്ടെ ഈ സാബു മൈനയെ തൊറന്നുവിട്ടേ........" അന്നാമ്മയുടെ ശബ്ദം. ഞാൻ എഴുന്നേററു പുറത്തേയ്ക്കു ചെന്നു. "ഹാ നാശം!! ഞാൻ വളർത്തിക്കൊണ്ടിരുന്ന മൈനയെ ആ സാബുച്ചെറുക്കൻ കൂടു തുറന്നുവിട്ടിട്ടു് പല്ലിളിച്ചു നിൽക്കുകയാണു്. അവന്റെ കരണത്തു് ഒരു പൊട്ടു വച്ചുകൊടുക്കാൻ ഞാൻ ഓർത്തതാണു് പക്ഷേ ചെയ്തില്ല.

"എടാ പെഴപെട്ടോനേ, നീ എന്നാകാണിച്ചതാടാ" മേരിത്തള്ളയുടെ ചോദ്യം.

"അതിനെ ഒന്നു പിടിക്കാൻ കൂടു തുറന്നപ്പം അതു് പറന്നുപോയതാ".

ആ മൈനാ വളരെ സന്തോഷത്തോടെ മിനി....മിനി.... എന്നു കരഞ്ഞുകൊണ്ടു് ആകാശത്തിലേയ്ക്കു് പറന്നു മറഞ്ഞു.

മേരിത്തള്ള കൈയോങ്ങിക്കൊണ്ടു് പാഞ്ഞു ചെന്നപ്പോൾ സാബു മുററത്തേയ്ക്കോടി.

"ഓ! സാരമില്ല!! രോഷം ഉള്ളിലൊതുക്കിക്കൊണ്ടു് ഞാൻ ചോറുണ്ണാൻ വിളിച്ചു.

ആറുകഞ്ഞും തള്ളയുംകൂടി ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ മിനി ഗ്ലാസ്സിൽ പിടിച്ചു, അതു് താഴെവീണു പൊട്ടി. ആ തള്ള ഉണ്ടകൈകൊണ്ടു് മിനിയുടെ തുടയ്ക്കിട്ടു് ഒരടി വച്ചുകൊടുത്തു.

അമ്മ വരുന്നതിനു മുൻപായി അവർ പോകുവാൻവേണ്ടി ഞാൻ ദൈവത്തോടു് പ്രാർത്ഥിച്ചു. അവർ പോയപ്പോൾ ഞാൻ മനസ്സിൽ ഓർത്തുപോയി ഇനിയെങ്ങും വിരുന്നുകാരനായി പോകുകയില്ലെന്നു്.

എളിമ അസൂയയെ നിരായുധീകരിക്കുകയും, വധിക്കുകയും ചെയ്യുന്നു.

—കോളിയർ.

രക്തസാക്ഷികൾ ചൊരിയുന്ന ചോരയേക്കാൾ സാഹിത്യകാരന്മാരൊഴുക്കുന്ന മഷിത്തുള്ളികൾക്കാണു് പ്രാധാന്യം.

—ഒരു റോമൻ ഫിലോസഫർ.



# പ്രപഞ്ചവും മനുഷ്യനും

**Gopalakrishnan Nair K. S.**
II P. D. C.

മഞ്ജുള രശ്മികളാകും കരങ്ങളാ-
ലർക്കൻ തലോടുന്ന മേദിനിയെ.

പൂങ്കുയിൽ പാടുന്ന ചേണാർന്ന പാട്ടുകൾ
മാരുതൻ നിശ്വസിക്കുന്നുമെല്ലെ.

കൊച്ചു പവനനിൽ താരാട്ടുപാടുന്ന
പച്ചപ്പടർപ്പുകൾ, കോമളങ്ങൾ.

അംബരവീഥിയിലാരെയോ കാണുവാൻ
വെമ്പിയലയുന്ന വെള്ളിമേഘം.

കുന്നിൻ തടങ്ങളിൽ നീളെയലയുന്ന
വെള്ളാട്ടിൻ പററങ്ങൾ മേയുവാനായ്.

കാനനകാഞ്ചന വല്ലികൾ രാഗാർദ്ര
ചിത്തരായ് മുററും തഴുകി നില്പൂ.

പൂത്തുലഞ്ഞാടും തരുക്കളെത്തേടുന്ന
ചിത്രശലഭങ്ങൾ മോദമോടെ.

പൂഞ്ചോല പാടുന്നു; പൊയ്കയിൽ താമര-
പ്പൂവുകൾ മന്ദഹസിച്ചുനില്പൂ.

മന്ദിരമുററത്തെ കുന്ദലതകളി-
ലുല്ലസിച്ചീടുന്ന കൊച്ചുപൂക്കൾ.

പൈക്കൾ കിടാങ്ങൾക്കു പാൽകൊടുത്തീടുന്നു;
പാടിപ്പറക്കുന്നു പൈങ്കിളികൾ.

പൊൻപുലർകാററിനെ സ്വാഗതം ചെയ്യുന്നു
തെങ്ങിൻ തലപ്പുകൾ, മോഹനങ്ങൾ.

കൊന്നയും വാകയും പൂത്തു ലസിക്കുന്നു;
തത്തിക്കളിക്കുന്നിതാററക്കിളി.

മാദകമാണിവയൊക്കെയും കോമള-
കേദാരമല്ലയോയിപ്രപഞ്ചം.

എങ്കിലും മർത്ത്യനീലോകത്തിൽ ശാന്തിയി-
ല്ലേകാന്തതയില്ലൊരുമയില്ല.

താന്തനായ് ജീവിതപ്പാഴ്‌വഴി തന്നിലു-
ദ്ദേശമില്ലാതലഞ്ഞിടുന്നു!

ജീവിത ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുവാ-
നക്ഷീണമായ്പ്പൊരുതേണ്ട മർത്ത്യൻ

ആവശ്യമില്ലാത്ത കാര്യങ്ങളോർത്തുകൊ-
ണ്ടാകുലനായി നടപ്പതെന്തേ?

സത്യപ്രദീപത്തിൻ പൊന്നൊളി കാണുവാൻ
പററാതലയുകയായിരിക്കാം;

പ്രേമമാം മധുവാസ്വദിച്ചീടുവാ-
നാവാതെ കേഴുകയായിരിക്കാം;

ആദർശശുദ്ധിയെ കൈവെടിഞ്ഞീടാതെ
പൊയ്ക്കൊൾക മുന്നോട്ടു മാനവാ നീ!

ജീവിത നാടക വേദിയിലാടേണ്ട-
താടുക യവനിക വീഴുവോളം!

ജീവിത സൗഭാഗ്യസിദ്ധികൾ കൈവരി-
ച്ചീടുവാനാവട്ടെ നിന്റെ യത്നം!

അന്യർക്കുവേണ്ടി എന്തെങ്കിലും ചെയ്യാത്ത ദിവസം നഷ്ടപ്പെട്ടതായി ഞാൻ പരിഗണിക്കുന്നു.

—ടൈററസ്.

# ഗാന്ധിജിയും സാമൂഹ്യവിപ്ലവവും

A. M. Joseph

വ്യക്തിയുടെ ജീവിതം ധന്യമാകണമെങ്കിൽ അയാളും ഉൾപ്പെട്ട സമൂഹത്തിലെ ഇതര വ്യക്തികളുടെ ജീവിതവും ക്ഷേമമായിരിക്കണം. സമൂഹത്തെ അവഗണിച്ചുകൊണ്ടുള്ള വ്യക്തി ജീവിതത്തിൽ സംതൃപ്തി കണ്ടെത്തുക സാദ്ധ്യമല്ല. ഈ തത്വം ശരിക്കും മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഗാന്ധിജി സമൂഹത്തിലേയ്ക്ക് രംഗപ്രവേശനം ചെയ്തത്. അന്നത്തെ സമൂഹത്തെ ശരിയായിട്ടൊന്നപഗ്രഥനം ചെയ്തപ്പോഴാണ് അതു പരിഷ്കരിക്കേണ്ടതിന്റെ ആവശ്യം തനിക്കു ബോദ്ധ്യപ്പെട്ടത്. അപഗ്രഥനം അധികവും ഗാന്ധിജി തന്റെ ജീവിതത്തിൽ പരീക്ഷിച്ചതുമായിരുന്നു. "എവിടെയായാലും വേണ്ടില്ല സാമൂഹ്യ തിന്മയെ എതിർക്കാതിരിക്കുകയും അക്രമരാഹിത്യത്തിൽ പ്രവർത്തിക്കാതിരിക്കയും സാദ്ധ്യമല്ല". എന്നു പറഞ്ഞുകൊണ്ട് സമൂഹത്തിലേയ്ക്കിറങ്ങി പടപൊരുതിയ ആ യോദ്ധാവിന്റെ സഹായത്തിനെത്തിയവരെ അദ്ദേഹം ഉപദേശിച്ചു "ദീർഘകാലമായി നിലനിൽക്കുന്ന സാമൂഹ്യതിന്മയെ ഒറ്റയടിയ്ക്ക് ഇല്ലാതാക്കുവാൻ സാദ്ധ്യമല്ലാത്തതിന് അനല്പമായ ക്ഷമയും സ്ഥിരമായ പരിശ്രമവും ആവശ്യമാണ്" എന്ന്. ഇതിൽനിന്നും സാമൂഹ്യതിന്മയെ എതിർക്കുവാൻ ഗാന്ധിജി സ്വീകരിച്ച മാർഗ്ഗം സ്പഷ്ടമായല്ലോ.

ഗാന്ധിജിയുടെ ജീവിതംതന്നെ സാമൂഹ്യമായ ഒരു വിപ്ലവമായിരുന്നു. പോർ



ബന്തർ സ്കൂളിലെ ഇംഗ്ലീഷദ്ധ്യാപകൻ 'കെററിൽ' എന്ന പദം നോക്കിയെഴുതുവാൻ തന്നോടാവശ്യപ്പെട്ടപ്പോൾ ആ വിപ്ലവം ഉടലെടുത്തു എന്നു പറയാം. ദക്ഷിണാഫ്രിക്കയിൽവച്ച് വെള്ളക്കാരുടെ കിരാത നിയമത്തിനെതിരായി സ

ത്യഗ്രഹം എന്ന പുതിയ ആയുധം പ്രയോഗിച്ചപ്പോൾ ആ വിപ്ലവം സജീവമായിത്തീർന്നു. 1916-ൽ ബനാറീസിലെ ഹിന്ദു സർവ്വകലാശാലയിലെ ഉൽഘാടനവേളയിൽ ഇംഗ്ലീഷുകാരെയും അവരുടെ നാടൻ കോയ്മകളെയും വിമർശിച്ചുകൊണ്ടു് മാതൃഭാഷയിൽ പ്രസംഗിച്ചപ്പോൾ ആ വിപ്ലവം ഒരു പുതിയ ജീവൻ പ്രാപിച്ചു. രാജകുമാരനും പിച്ചക്കാരനും ഒരേ അവകാശം ഉറപ്പു നൽകണമെന്നും ഉണ്ണാനും ഉടുക്കാനും ഇല്ലാതെ വലയുന്നവരും, ചവിട്ടിമെതിക്കപ്പെട്ടവരുമായ ദരിദ്ര ജനങ്ങളുടെ സ്വന്തവും; ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി നടത്തപ്പെടുന്നതുമായ ഒരു ഭരണസമിതിയെ സ്ഥാപിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചപ്പോൾ, ആ വിപ്ലവം സാധാരണക്കാരുടെ ഉള്ളിൽ രോമാഞ്ചം കൊള്ളിച്ചു. സവർണ്ണ ഹിന്ദുക്കളെയും ഹരിജനങ്ങളെയും തമ്മിൽ ഭിന്നിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി 1932-ൽ ബ്രിട്ടീഷ് ഗവൺമെൻറു് ഉണ്ടാക്കിയ നിയോജകമണ്ഡല വ്യവസ്ഥക്കെതിരായി 'ഉപവാസം' എന്ന വജ്രായുധം പ്രയോഗിച്ചതോടുകൂടി ആ വിപ്ലവത്തിൽ സാമ്രാജ്യ ശക്തികൾ പോലും സംഭ്രമംപൂണ്ടു. നവഖാലിയിലെ ഗ്രാമീണ ഭവനങ്ങളിൽ നഗ്നപാദനായി നടന്നുചെന്നു് സമുദായ മൈത്രിക്കുവേണ്ടി യാചിച്ചപ്പോൾ ആ വിപ്ലവം ഒരു ദീപമായി പ്രകാശിക്കുവാൻ തുടങ്ങി. ബിർലാമന്ദിരത്തിനടുത്തുള്ള പ്രാർത്ഥനാലയത്തിൽ വച്ചു് 'രാമ! രാമ!' ജപിച്ചുകൊണ്ടിരുന്ന ആ തേജോബിംബത്തിന്മേൽ മൂന്നാമത്തെ വെടിയുണ്ട പാഞ്ഞതോടുകൂടി "ഞാനൊരു കവിയായിരുന്നുവെങ്കിൽ അഞ്ചു വിരലുകളുടെ മാഹാത്മ്യത്തെക്കുറിച്ചു് കവിതയെഴുതുമായിരുന്നു"വെന്നു പറയുവാൻ ഇടയാക്കിയ പ്രവൃത്തിയുടെ ചിഹ്നമായ തൻെറ കൈകൾ ഊന്നുവടിയുടെ തോളിലേയ്ക്കമന്നു് അല്പസമയത്തിനുശേഷം ആ ദീപം ഒന്നുകൂടി മിന്നിത്തിളങ്ങി. അതിൻെറ പ്രകാശം ഗാന്ധിജന്മശതാബ്ദി കൊണ്ടാടുന്ന ഭാരതത്തിൽ കാണുന്നുണ്ടോ? അതു് നമ്മൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

ഒരു സാമൂഹ്യ വിപ്ലവകാരി എന്ന നിലയിൽ വിപ്ലവത്തിനുവേണ്ടി ഗാന്ധിജി തയ്യാറാക്കിയ കരുക്കൾ പലതായിരുന്നു. ആദ്യമായി അദ്ദേഹം ചെയ്തതു് അന്നത്തെ പരിതഃസ്ഥിതിയെ ശരിക്കും ഉപയോഗിക്കുകയാണു്. ഭാരതത്തിലെ ഗ്രാമീണ കർഷകരെ അദ്ധ്വാനത്തിൻെറ കൊടിക്കീഴിൽ അണിനിരത്തിക്കൊണ്ടു് പ്രവൃത്തിയുടെ മഹത്വം അവരെ മനസ്സിലാക്കി. ക്രിസ്തു ആശാരിപ്പണിയും പൗലോസ് അപ്പസ്തോലൻ കൂടാരപ്പണിയും തൊഴിലായി സ്വീകരിച്ചതുപോലെ ഗാന്ധിയും നൂൽനൂററു് ഖദർ വസ്ത്രങ്ങളുണ്ടാക്കി ഗ്രാമീണർക്കു മാർഗ്ഗദർശനം നൽകി. കുടിൽ വ്യവസായത്തിൻെറ മഹത്വം അവരെ ബോദ്ധ്യപ്പെടുത്തി. തൊഴിലിനുള്ള മൂലധനം "മനുഷ്യശക്തിയും വേലയും" ആണെന്നവരെ ധരിപ്പിച്ചു. "തലയിലുള്ളതു തലച്ചോറു് നമ്മുടെ കൈകളിലുമുണ്ടു്. നമ്മേ സംബന്ധിച്ചിടത്തോളം ബുദ്ധി സ്വേച്ഛാധിപതിയും സർവ്വാധികാരിയും ആയിരിക്കുന്നു. അതു് നമ്മുടെ നിരവധി ഭൃത്യന്മാരിൽ ഒന്നായിത്തീരണം". എന്നുള്ള ഉത്ബോധനം ജനതയെ പ്രബുദ്ധമാക്കി. സ്വദേശി പ്രസ്ഥാനം ഉടലെടുക്കുവാൻ അതു കാരണമായി. മനുഷ്യൻെറ പ്രാഥമികാവശ്യങ്ങളിലൊന്നായ വസ്ത്രത്തിൻെറ പ്രശ്നം, ഇന്ത്യാക്കാരനു പരിഹരിക്കാം എന്ന നിലവന്നു. ഉദ്ദേശ്യത്തിൽ ഇതൊന്നും ഇംഗ്ലീഷുകാർക്കെതിരായ പ്രവൃത്തിയായിരു

ന്നില്ല. പിന്നെയോ സ്വന്തം ഉൽക്കർഷത്തിനും, സാമ്പത്തിക നേട്ടത്തിനും, മുതലാളിത്ത ചൂഷണത്തിനും എതിരായ ഒരു പ്രവൃത്തി. അതിന്റെ ബാഹ്യ ഫലമോ ഗ്രാമീണരുടെ പണം പട്ടണങ്ങളിലേയ്ക്ക് പ്രവഹിക്കുന്നതിൽ ഒരു ശമനം ഉണ്ടായി; ലങ്കാഷയറിലുള്ള തുണിമില്ലുകൾ പൂട്ടിയിടേണ്ടതായി വന്നു. ഉൽകൃഷ്ടാബോധം നശിച്ച ഗ്രാമീണ ജനതയ്ക്ക് അഭിമാനത്തോടും സ്വദേശത്തോടും താൽപര്യം തോന്നി. ആ തോന്നൽ സ്വാതന്ത്ര്യസമരത്തെ പരോക്ഷമായി സഹായിക്കുകയും ചെയ്തു.

ജനതയെ പരിവർത്തനത്തിനു വിധേയമാക്കുവാൻ ഗാന്ധിജി ഉപയോഗിച്ച മറ്റൊരു ഉപാധി 'സ്വരാജ്യം' എന്ന ആശയം എല്ലാ ഇന്ത്യാക്കാരനിലും സൃഷ്ടിക്കുക എന്നതായിരുന്നു. ഇംഗ്ലീഷുകാരന്റെ അടിമത്തത്തിൽ നിന്നും രക്ഷപ്പെടുക എന്നുള്ള പൊതു ലക്ഷ്യം മുന്നിലുള്ളപ്പോൾ വ്യക്തിതാൽപര്യത്തിനു സ്ഥാനമുണ്ടായിരിക്കില്ലാ എന്ന് ആ കർമ്മയോഗി മനസ്സിലാക്കിയിരുന്നു. ഖദർ വസ്ത്രനിർമ്മാണവും, വിദേശവസ്ത്ര ബഹിഷ്കരണവും, നിയമനിഷേധവും സ്വരാജിനെ ഒളിഞ്ഞും തെളിഞ്ഞും സഹായിച്ചുകൊണ്ടിരുന്നു. സർവ്വജീവാത്മാക്കളിലും പരമാത്മാവിനെ ദർശിക്കുന്ന ജ്ഞാനയോഗിയെപ്പോലെ താൻ സ്വയമേവ ഏറ്റെടുക്കുകയും മറ്റുള്ളവരെ ഏറ്റെടുക്കുവാൻ ഉപദേശിക്കുകയും ചെയ്ത എന്ന നിസ്സാര പരിഷ്കാരത്തിൽ പോലും ഗാന്ധിജി സ്വരാജ്യം ദർശിച്ചിരുന്നു. ചർക്കയുടെ മാതൃക പരിഷ്കരിക്കുമ്പോഴും, ഷെഗോൺ ഗ്രാമത്തിന്റെ ഇടവഴികൾ അടിച്ചുവാരുമ്പോഴും ഇംഗ്ലീഷ് സിംഹത്തെ പിടിച്ചു കുലുക്കുമ്പോഴും അദ്ദേഹത്തിന്റെ മനസ്സിൽ തെളിഞ്ഞുനിന്ന ഒന്ന് സ്വരാജ്യമാണ്. സ്വരാജ്യസ്ഥാപനത്തിനിടയിൽ മരണം സംഭവിക്കുന്നുവെങ്കിൽ സംഭവിക്കട്ടെ. അത് ജീവിതത്തിന്റെ ആരംഭമാണ് എന്നദ്ദേഹം നിശ്ചയിച്ചുറച്ചു. സവർണ്ണ ഹിന്ദുക്കളെയും ഹരിജനങ്ങളെയും ഭിന്നിപ്പിക്കുന്നതിന് ബ്രിട്ടീഷുകാർ പ്രയോഗിച്ച അടവിനെ മരണംവരെയുള്ള ഉപവാസംകൊണ്ട് അദ്ദേഹം നേരിട്ടു. ഗാന്ധിജി മരിച്ചേക്കുമോ എന്നുള്ള ഭയം ജനങ്ങളെ വർഗ്ഗവിദ്വേഷത്തിൽനിന്നും അകറ്റി. എന്നു മാത്രമല്ല ഒന്നിച്ചു പ്രവൃത്തിക്കുന്നതിനുള്ള ചാലുകൾ സൃഷ്ടിക്കുകയും ചെയ്തു. ഒരു ഇംഗ്ലീഷ് പൗരന് ഇംഗ്ലണ്ടിലുള്ളത്ര സ്വാതന്ത്ര്യം ഒരു ഇന്ത്യക്കാരന് ഇന്ത്യയിലുണ്ടായിരിക്കണമെന്നും അധികാരം ദുരുപയോഗപ്പെടുത്തുന്നതിനെതിരായി ഓരോ വ്യക്തിയും ശക്തി നേടണമെന്നും വ്യക്തിയുടെ സൗഖ്യം പൊതു സൗഖ്യത്തിൽ അന്തർഭവിച്ചിരിക്കണമെന്നും പ്രഖ്യാപനങ്ങൾ വർഗ്ഗവിദ്വേഷം നശിപ്പിക്കുന്നതിനു സഹായിക്കുന്നവയായിരുന്നു. അദ്ദേഹത്തിന്റെ ഭാവനയിലുള്ള സ്വരാജ്യത്തിൽ "അഭിഭാഷകനും, ക്ഷുരകനും തൊഴിലിൽ ഉത്തമാധമ വ്യത്യാസം" ഉണ്ടായിരുന്നില്ല. നിലം കിളച്ചു കൃഷി ചെയ്തു ജീവിക്കുന്ന കർഷകന്റെ ജീവിതം ധന്യമായിരുന്നു. ഹിന്ദുവും, മുസൽമാനും, ക്രിസ്തുവും, യഹൂദനും ഒന്നുപോലെ വസിച്ചിരുന്നു. ആ സ്വപ്നം യാഥാർത്ഥ്യമുള്ളതായാൽ ഗാന്ധിജിയുടെ സ്വരാജ്യമാകും. അത് സാമൂഹ്യ പരിവർത്തനമാകും.

സാമൂഹ്യ പരിവർത്തനം പൂർണ്ണമാകണമെങ്കിൽ അത് കുട്ടികളിൽ ആരംഭിക്കണമെന്ന ഗാന്ധിജി മനസ്സിലാക്കിയിരുന്നു. അതിനുവേണ്ടിയാണ് അദ്ദേഹം അടിസ്ഥാന വിദ്യാഭ്യാസം ആവിഷ്ക

രിച്ചതു്. "ഒരു തൊഴിൽ അഭ്യസിക്കുവാനുതകുമാറു് തൊഴിലിൽ കൂടെയുള്ള വിദ്യാഭ്യാസം" ഇത്രയും പറഞ്ഞാൽ അടിസ്ഥാന വിദ്യാഭ്യാസമായി. അതിൻെറ ഫലമോ? മനസ്സിൻേറയും ശരീരത്തിൻേറയും, ആത്മാവിൻെറയും ഏകോപിച്ചുള്ള വികാസവും, സമൂഹത്തിൻെറ സാംസ്കാരികപാരമ്പര്യം നിലനിൎത്തുകയും അതു് അടുത്ത തലമുറയ്ക്കു പകൎന്നു കൊടുക്കുകയും, കാലാനുസൃതമായ പരിഷ്കാരങ്ങൾ അതിനു നൽകുകയും ചെയ്യുക എന്ന ത്രിമുഖ പ്രക്രിയയിലൂടെ ലക്ഷ്യത്തിലെത്തുക എന്നതായിരുന്നു ഗാന്ധിജി ഉപദേശിച്ചതു്. ഇവിടെ നിലവിലിരുന്ന വിദ്യാഭ്യാസത്തിൻെറ ദോഷവശങ്ങൾ എടുത്തുകാട്ടുകയാണു് അദ്ദേഹം ആദ്യമായി ചെയ്തതു്. ഈ വിദ്യാഭ്യാസം ഭാരതീയ സംസ്കാരത്തിനു യോജ്യമല്ല. അതു് ഉദ്ദേശരഹിതമായതിനാൽ തൊഴിലില്ലായ്മ വർദ്ധിക്കും; ഗ്രാമങ്ങളിലെ ജീവിതരീതികൾ ചേർന്നതല്ല. അതു് ദരിദ്രഭാരതത്തിനു താങ്ങാനാവാത്ത ചിലവുള്ളതാണു്. നിൎജ്ജീവമായ ബോധന രീതിയും പാഠപദ്ധതിയുമാണതിനുള്ളതു്. പഠനമോ, ഒരു വിദേശഭാഷയിലും. ഇന്നത്തെ വിദ്യാഭ്യാസത്തിനും മേൽപറഞ്ഞ ദോഷവശങ്ങൾ ഉണ്ടെങ്കിൽ അതിനു് ഗാന്ധിജി കുററക്കാരനല്ല. ഓരോ വിദ്യാലയവും ചുററുപാടുകൾക്കനുസരണമായ ഒന്നോ രണ്ടോ കൈത്തൊഴിൽ സ്വീകരിച്ചുകൊണ്ടു്, തൊഴിലിൽനിന്നു കിട്ടുന്ന ആദായം സമാഹരിച്ചു് വിദ്യാലയം നടത്തി, മാതൃഭാഷയിലൂടെ പഠിച്ചു്, ഭാഷയിൽ സ്വയം ഭരണവ്യവസ്ഥിതിയിലെ ഉത്തമ പൗരവരാകുക എന്നു്– ഒററ വാക്യത്തിൽപ്പറഞ്ഞാൽ ഗാന്ധിജിയുടെ വിദ്യാഭ്യാസ പരിഷ്കരണ നിർദ്ദേശമായി. അടുത്തകാലത്തു പ്രസിദ്ധീകരിച്ച കൊത്താരികമ്മീഷൻ റിപ്പോർട്ടിലുള്ള വിദ്യാഭ്യാസത്തിലെ "പ്രവൃത്തിപരിചയവും" ഗാന്ധിജിയുടെ തൊഴിലിലധിഷ്ഠിതമായ വിദ്യാഭ്യാസവും തമ്മിൽ തത്വത്തിൽ ഭേദം ഉണ്ടായിരിക്കുകയില്ല. പക്ഷേ, ഇതുവരെയും നമ്മുടെ നേതാക്കന്മാർക്കതു മനസ്സിലായിട്ടില്ലാത്തതാണത്ഭുതം! ഇംഗ്ലീഷുകാരൻെറ തലച്ചോറും ഭാരതീയൻെറ ഹൃദയവുമുള്ള ഗാന്ധിഭക്തന്മാർക്കുണ്ടോ അതു മനസ്സിലാകുന്നു. തൊഴിലറിയുക; അതു ചെയ്യുക; അതിലൂടെ ജീവിക്കുക. എത്ര നല്ല അനുഭവം. നമ്മുടെ വിദ്യാഭ്യാസ വിദഗ്ദ്ധന്മാരെന്നു വിളിക്കപ്പെടുന്നവർക്കു് അതു പ്രായോഗികമല്ലപോലും. അടിസ്ഥാന വിദ്യാഭ്യാസത്തിലെ പ്രായോഗികമായതു നടപ്പിലാക്കിയതുകൊണ്ടല്ലേ ജപ്പാൻ സാംസ്കാരികമായും, സാമ്പത്തികമായും, വ്യാവസായികമായും മുൻപന്തിയിലെത്തിയതു്. ജപ്പാനിൽ വിജയിച്ചതു് ഭാരതത്തിൽ പരാജയപ്പെടുമോ?– എങ്കിൽ അതിനേക്കാൾ പരാജയമല്ലേ– മുതലാളികളെ പടച്ചുവിടുന്ന യന്ത്രശാലകളായ ഇന്നത്തെ സ്കൂളുകളും കോളേജുകളും. ഇന്നത്തെ വിദ്യാഭ്യാസത്തിൻെറ അവസ്ഥ എന്താണു്? അച്ചടക്കം നഷ്ടപ്പെട്ട ലക്ഷക്കണക്കിനു തൊഴിൽരഹിതരെ അതു സൃഷ്ടിക്കുന്നു. പടിഞ്ഞാറുള്ളതെല്ലാം നല്ലതെന്നും ഭാരതീയൻെറ എല്ലാം മോശമെന്നും അവർ വിധിയെഴുതുന്നു. ആരെങ്കിലും ഉന്നതനിലയിലെത്തിയാൽ അവർ മാതൃരാജ്യത്തു സേവനം നടത്താതെ പടിഞ്ഞാറുകാരനു കൂലിപ്പണി ചെയ്യുന്നു. ഇവിടത്തെ ചില സ്വദേശാഭിമാനികൾ ചോദിക്കുന്നു അവർ വിദേശനാണ്യം നേടിത്തരുന്നില്ലേയെന്നു്. വിദേശീയൻെറ തോക്കു് നമ്മുടെ തോളിൽനിന്നും താഴ്ത്തിവച്ചതേയുള്ളു., ഇനിയും അവൻെറ സ്വർണ്ണ

പ്പെട്ടി ചുമക്കണമെന്നാണോ പറയുന്നത്. അതിനുവേണ്ടിയാണോ കോടിക്കണക്കിനു ഇന്ത്യൻനാണയം ചെലവഴിച്ച് നമ്മുടെ കുഞ്ഞുങ്ങളെ ഇംഗ്ലീഷ് സംസ്കാരമുള്ളവരാക്കിത്തീർക്കുന്നത്? ഗാന്ധിജിയുടെ ജന്മശതാബ്ദിയാഘോഷിക്കുന്നതിനേക്കാൾ ഭേദം ഗാന്ധിജി മനസ്സിൽ കണ്ടിരുന്നതുപോലുള്ള സാമൂഹ്യപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുകയാണ്.

പുതിയ സാമൂഹ്യവ്യവസ്ഥിതി നടപ്പിലാക്കുവാൻ ഗാന്ധിജി ഉപയോഗിച്ച സാംസ്കാരികായുധങ്ങളായിരുന്നു അഹിംസയും, സത്യഗ്രഹവും. "സത്യവും അഹിംസയും കൊണ്ട് നിങ്ങൾക്ക് ലോകത്തെ കീഴടക്കുവാൻ കഴിയും" എന്ന് ശരി പ്രഭാഷണം നടത്തിയ ആ മഹാൻ പറയുകയാണ് "എന്റെ വിശ്വാസത്തിന്റെ ആദ്യത്തെ പ്രമാണമാണഹിംസ, എന്റെ ആദർശത്തിന്റെ അവസാനത്തെ പ്രമാണവും അതുതന്നെ". എത്രയോ ശരിയായിരിക്കുന്നു. അഹിംസയെ ചൂഷണത്തിൽനിന്നും വിട്ടുനിൽക്കാനുള്ള ഉപാധിയും, ക്ഷമയുടെ പരമകോടിയായും, സാമ്പത്തിക സമത്വമായും, സജീവമായ ശക്തിയായും, അഹിംസയുടെ പശ്ചാത്തലത്തിലല്ലാത്ത പൂർണ്ണമായ ജനാധിപത്യം സാദ്ധ്യമല്ലെന്നും, "അഹിംസയുടെ സന്ദേശം മനസ്സിലാക്കിയാൽ വർഗ്ഗസമരം അനിവാര്യമല്ലെന്നും", "അഹിംസയും സത്യവും ഇരട്ടപെററ സന്തതികളാണെന്നും" നമ്മേ ഉപദേശിച്ച മഹാൻ അതിനുകൊടുത്ത വ്യാഖ്യാനം നോക്കു– "മനസ്സുകൊണ്ടോ, വാക്കുകൊണ്ടോ, ശരീരംകൊണ്ടോ ഒരു പ്രാണിക്കും ദുഃഖം നൽകാതിരിക്കുക" ഇതാണഹിംസയെന്ന്. സത്യത്തെക്കുറിച്ചധികം പറയുന്നില്ല. "സത്യത്തിനുവേണ്ടിയുള്ള നിരന്തരമായ അന്വേഷണവും സത്യത്തിലെത്താനുള്ള ദൃഢനിശ്ചയവുമാണ് സത്യഗ്രഹം– എന്ന് നിർവ്വചനമെഴുതിയ ആ മഹാൻ സാക്ഷാൽ ഹരിശ്ചന്ദ്രന്റെ അവതാരമാണോ എന്നന്വേഷിക്കേണ്ടിയിരിക്കുന്നു. അല്ല, തീർച്ചയായും അദ്ദേഹമൊരവതാര പുരുഷനല്ല. കേവലം ഒരു മനുഷ്യൻ മാത്രം. ഭഗവത്ഗീതയുടെയും ബൈബിളിൽ കൂടെയും ഖുറാനിൽ കൂടെയും മററനേകം ആദ്ധ്യാത്മിക ഗ്രന്ഥങ്ങളിൽക്കൂടെയും മനുഷ്യനെ കണ്ടെത്തുകയും, മനുഷ്യനായി ജീവിക്കുകയും, മനുഷ്യനായി ജീവിക്കുവാൻ പഠിപ്പിയ്ക്കുകയും, മനുഷ്യന്റെ മഹത്വം ഗ്രഹിപ്പിക്കുകയും ചെയ്ത ആ മഹാമനുഷ്യൻ ക്രിസ്തുവിനു ശേഷമുള്ള ഏററവും വലിയ സാമൂഹ്യ വിപ്ലവകാരിയായിരുന്നു.

സാക്ഷാൽ ഭാരതീയനും, ഗംഗയുടേയും, യമുനയുടേയും സംസ്കാരത്തിന്റെ മണിത്തൊട്ടിലിൽ വളർന്നവനും, ക്രിസ്തുവിന്റെയും, ബുദ്ധന്റെയും, ശങ്കരാചാര്യരുടേയും പ്രബോധനങ്ങളിൽനിന്നും ശിക്ഷയഭ്യസിച്ചവനും, ദൈവവിശ്വാസത്തിൽ 'എരിവുള്ളവനും', അഹിംസയുടെ പ്രവാചകനും, ഹരിജനങ്ങളുടെ വീണ്ടെടുപ്പുകാരനും, സ്വാതന്ത്ര്യഭാരതത്തിന്റെ മഹാപുരോഹിതനും. സമുദായമൈത്രിക്കു വേണ്ടി ബലിയർപ്പിക്കപ്പെട്ടവനുമായ ആ ധന്യാത്മാവ് നമ്മളിൽനിന്നും വേർപെട്ടിട്ട് 8000 പ്രാവശ്യം സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്തുവെങ്കിലും അദ്ദേഹത്തിന്റെ ഓർമ്മയെ നമ്മളിൽനിന്നും വേർപെടുത്തുവാൻ സാധിക്കുകയില്ല.

"മൃതി നീ പതിച്ചാലും
ഞങ്ങളെന്നെന്നും കാണും–
സ്മൃതിതൻ ചില്ലിൽ കൂടി
സ്നിഗ്ദ്ധഗംഭീരരൂപം".

# മാതൃഭാഷയും ഉന്നതവിദ്യാഭ്യാസവും

**Vinsamma Emmanual, Poovathettu**
II. P. D. C.

'വിജ്ഞാനം ഐക്യത്തിലേക്കും, അജ്ഞത വിഭാഗീയതയിലേക്കും മനുഷ്യനെ നയിക്കുന്നു' എന്ന് ശ്രീ രാമകൃഷ്ണ പരമഹംസൻ പറഞ്ഞിട്ടുണ്ട്. മനസ്സും ബുദ്ധിയും വിജ്ഞാനസമ്പാദനവുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. സിഡ്നിസ്മിത്തിന്റെ അഭിപ്രായത്തിൽ മനസ്സിലാക്കാനുള്ള കഴിവാണ് മനുഷ്യജീവിതത്തിന്റെ വിജയരഹസ്യം. ചിന്താശക്തിയും, ബോധവും, വിവേകവും സിദ്ധിക്കുവാൻ സഹായകമായ ഒരു പ്രധാനമാർഗ്ഗമാണ് മാതൃഭാഷ. അതിലൂടെയാണ് മനസ്സിന്റെ ക്രമാനുഗതമായ വളർച്ച സംസിദ്ധമാകുന്നത്.

"മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന
പൈതലിൻ ചുണ്ടിന്മേൽ
അമ്മിഞ്ഞപ്പാലോടൊപ്പം
സമ്മേളിക്കുന്നു മാതൃഭാഷ"

ജീവിതവിജയത്തിനാവശ്യമായ വിജ്ഞാനം നേടിയെടുക്കുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. നമ്മുടെ നാട്ടിൽ ഇന്ന് നിലവിലുള്ള സമ്പ്രദായമനുസരിച്ച് പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിലൂടെയാണ് നേടുന്നത്. നല്ലൊരു വിഭാഗം വിദ്യാർത്ഥികൾ അനായാസം മാതൃഭാഷയിലൂടെ ഇതു് സാധിക്കുന്നു. പക്ഷെ, ഉന്നത കലാലയത്തിലേക്കു കടക്കുമ്പോഴാണ് വിദ്യാഭ്യാസ മാധ്യമത്തിലുള്ള അന്തരം ഒരു സജീവ പ്രശ്നമായി തീരുന്നത്. ഗുരുഭൂതന്മാരുടെ വാക്കുകൾ മനസ്സിലാക്കി, പുതിയ രീതികളുമായി ബന്ധപ്പെട്ടുപോകാൻ മാസങ്ങളോളംതന്നെ വേണ്ടിവന്നേക്കും. ഈ അവസരത്തിലാണ് ഉന്നത വിദ്യാഭ്യാസം മാതൃഭാഷയിലൂടെയായാലെന്ത് എന്ന് ന്യായമായി ചിന്തിച്ചുപോകുന്നത്.

മാതൃഭാഷയിലൂടെ ഉന്നത വിദ്യാഭ്യാസം ചെയ്യുകയാണെങ്കിൽ ഭാഷകൊണ്ടുണ്ടാകുന്ന കുഴപ്പമൊക്കെ പരിഹരിക്കാമെന്ന് തോന്നിയേക്കാം. കാരണം, ഒരു വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം കാര്യങ്ങൾ ഏററവും സരളമായും പൂർണ്ണമായും മനസ്സിലാക്കാൻ മാതൃഭാഷയോളം സഹായകമായ മറെറാന്നില്ല എന്നതു തന്നെ. മാത്രമല്ല, വിദേശ ഭാഷ വശമി

ല്ലാത്ത വലിയൊരു വിഭാഗത്തിനു് ഉന്നത വിദ്യാഭ്യാസം നേടാൻ മാതൃഭാഷ മാധ്യമമായെങ്കിൽ മാത്രമേ സാധിക്കുകയുള്ളു. ജീവിത വിജയത്തിനു് വിദ്യാഭ്യാസവും തദ്വാരാ വിജ്ഞാനവും അവശ്യം ആവശ്യമാണുതാനും. ഇത്തരുണത്തിൽ മാതൃഭാഷയിലൂടെ ഉന്നത വിദ്യാഭ്യാസത്തിനുള്ള സാദ്ധ്യതകളെപ്പററി പരിചിന്തിക്കുന്നതു് ഉചിതമായിരിക്കും.

ഭാരതത്തിൽ അംഗീകൃത പ്രാദേശിക ഭാഷകൾതന്നെ പതിനാലെണ്ണമുണ്ടു്. ഇവ കൂടാതെ വേറെയും കുറേയധികം ഭാഷകളുണ്ടു്. ഇവ സംസാരിക്കുന്ന ആളുകളുടെ എണ്ണം താരതമ്യേന കുറവാണെന്നു മാത്രം. ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം എല്ലാ വിജ്ഞാന ശാഖകളിലും ഒരുപോലെ വൈദഗ്ദ്ധ്യം നേടുക അസാദ്ധ്യമാണു്. അതുകൊണ്ടു് ശ്രദ്ധേയമായിത്തോന്നുന്ന ഏതെങ്കിലും ഒരു പ്രത്യേക വിജ്ഞാനശാഖയിൽ വൈദഗ്ദ്ധ്യം നേടുകയാണു് ചെയ്യുന്നതു്. 'ഉന്നത വിദ്യാഭ്യാസം'കൊണ്ടു് അർത്ഥമാക്കുന്നതും ഏറെക്കുറെ ഇതുതന്നെയാണു്. ആ നിലയ്ക്കു് മാതൃഭാഷയിലൂടെ ഉന്നതവിദ്യാഭ്യാസം നേടുന്നതിന്റെ പ്രായോഗിക വശങ്ങളെ അപഗ്രഥിച്ചു മനസ്സിലാക്കേണ്ടതു് അത്യാവശ്യമാണു്. നേരിടേണ്ടിവരുന്ന പ്രയാസങ്ങളുടെ പ്രകൃതം അപ്പോഴാണു് വ്യക്തമാവുക.

ഇന്നത്തെ വിദ്യാർത്ഥിലോകത്തിന്റെ ശ്രദ്ധ പ്രധാനമായി കേന്ദ്രീകരിച്ചിരിക്കുന്നതു് ശാസ്ത്രവിഷയങ്ങളിലാണു്. സാങ്കേതിക വിദ്യാഭ്യാസം ഭാരതത്തിന്റെ വളർച്ചക്കും ഉയർച്ചക്കും അത്യന്താപേക്ഷിതമാണുതാനും. സത്യത്തിൽ, ഒരു പ്രത്യേക പ്രദേശത്തെ ആളുകളുടെ മാതൃഭാഷയിലൂടെ ശാസ്ത്രാദ്ധ്യാപനം നടത്താമെന്നു് കരുതുന്നതു് വെറുമൊരു വ്യാമോഹം മാത്രമാണു്. പ്രധാനമായി രണ്ടു കാര്യങ്ങളാണു് നമ്മുടെ മുമ്പിലുയർന്നു വരുന്നതു്.

1. ശാസ്ത്രാദ്ധ്യാപനത്തിനു് അവലംബമാകേണ്ട മഹത്തായ ഗ്രന്ഥങ്ങളും 'സൂത്ര'ങ്ങളും പ്രധാനമായും ഇന്നേയ്ക്കു് ഒരു വിശ്വഭാഷയായി വളർന്നിട്ടുള്ള ഇംഗ്ലീഷിലാണു് ലിഖിതമായിരിക്കുന്നതു്.

2. ശാസ്ത്രവിദ്യാർത്ഥികൾക്കു മാർഗ്ഗദർശനം നൽകേണ്ടവർ എല്ലാവരും പഴയ രീതിയനുസരിച്ചു് ഇംഗ്ലീഷിലൂടെയാണു് ശാസ്ത്രത്തിൽ പരിചയവും പ്രാവീണ്യവും നേടിയിരിക്കുന്നതു്.

ശാസ്ത്രഗ്രന്ഥങ്ങളെ മാതൃഭാഷയിലേക്കു് പരിഭാഷപ്പെടുത്തുക അത്ര എളുപ്പമൊന്നുമല്ല. ഭാരതത്തിന്റെ കഥയെടുക്കുകയാണെങ്കിൽ ശാസ്ത്രഗ്രന്ഥങ്ങൾ, കുറഞ്ഞതു് പതിന്നാലു ഭാഷകളിലെങ്കിലും തജ്ജമ ചെയ്യേണ്ടിവരും. ഇതു് സാധിതമാകുന്നതിനു് കുറേ പഞ്ചവത്സര പദ്ധതികളോ, ദശവത്സര പദ്ധതികളോ ആവശ്യമായിത്തീരും.

കലാവിഷയങ്ങൾ ഏറെക്കുറേ മാതൃഭാഷയിലൂടെ അഭ്യസിക്കാം. ഇംഗ്ലീഷിലുള്ള അവലംബ ഗ്രന്ഥങ്ങൾ പ്രാദേശിക ഭാഷകളിലേയ്ക്കു് തജ്ജമ ചെയ്യുവാനും, വലിയ പ്രയാസം നേരിട്ടെന്നു വരില്ല. പക്ഷേ ശാസ്ത്രഗ്രന്ഥങ്ങളുടെ സ്ഥിതി നേരെ മറിച്ചാണു്. ഊർജ്ജതന്ത്രം, രസതന്ത്രം ഗണിതശാസ്ത്രം തുടങ്ങിയ ശാസ്ത്രത്തിന്റെ നാനാശാഖകളിൽ ഉന്നത വിജ്ഞാനം നേടുന്നതിനു വേണ്ട ഗ്രന്ഥങ്ങൾ മാതൃഭാഷയിലേയ്ക്കു് തർജ്ജമചെയ്യുക എന്നതു് ഏതാണ്ടു് അസാദ്ധ്യം തന്നെയാണു്. ജീവശാസ്ത്രത്തിലും ഉജ്ജതന്ത്രത്തിലും മററും സുലഭമായി വരുന്ന ശാസ്ത്ര

പദങ്ങളെ മാതൃഭാഷയിലേയ്ക്കു് തർജ്ജമ ചെയ്താൽ അതു് തികച്ചും വക്രവും അസുഖദായകവുമായിരിക്കുമെന്നതിനു് സംശയമില്ല. നമ്മുടെ ഹൈസ്കൂൾ ക്ലാസ്സുകളിലെ ഊർജ്ജതന്ത്ര പുസ്തകങ്ങളിൽ ഒന്നു കണ്ണോടിച്ചാൽ ക്വഥനാങ്കം, ദ്രവണാങ്കം, ഊഷ്മമാപിനി, മർദ്ദമാപിനി തുടങ്ങിയ അനേകം മലയാളീകരിച്ച ശാസ്ത്ര പദങ്ങൾ കാണാം. പുസ്തകങ്ങൾ വായിച്ചുപോകുമ്പോൾ ഇത്തരം പദങ്ങൾ, കാൽതട്ടി വീഴിക്കുന്ന ഒരു പ്രതീതിയാണു് ഉളവാക്കുന്നതു്. ജന്തുശാസ്ത്രത്തിലെ അത്ഭുതജീവികളുടെ നാമങ്ങൾ അതേപടി സ്വീകരിക്കുകയേ നിവൃത്തിയുള്ളു മാതൃഭാഷാഗ്രന്ഥങ്ങളിൽ. അതു് പുത്തരിയിൽ കല്ലുകടിക്കുന്ന അനുഭവം ഉളവാക്കുമെന്നതിനു സംശയമില്ല. ബീജഗണിതത്തിലെ സമവാക്യങ്ങൾ മലയാളീകരിച്ചാലുണ്ടാകുന്ന അരസികത ഒരു ചെറിയ ഉദാഹരണം കൊണ്ടു് വ്യക്തമാകുന്നതാണു്.

$(a+b)^2 = a^2 + 2ab + b^2$ എന്നതിനെ $(\text{ക}+\text{ഖ})^2 = \text{ക}^2 + 2\text{കഖ} + \text{ഖ}^2$ എന്നാക്കിയാൽ അതു് എന്തഭംഗിയായിരിക്കും! ഇതുതന്നെ മററു ശാസ്ത്രവിഷയങ്ങളെ സംബന്ധിച്ചുള്ള കഥയും. ഇക്കാരണങ്ങളാൽ എത്ര മാതൃഭാഷാസ്നേഹിയായിരുന്നാലും ശാസ്ത്രം എന്താണെന്നു ശരിക്കും മനസ്സിലാക്കിയ ഒരാളിനു്, ഉന്നത വിദ്യാഭ്യാസം മാതൃഭാഷയിലൂടെ നിർവ്വഹിക്കാൻ എളുപ്പമാണു് എന്നു പറയുവാൻ സാധിക്കുകയില്ല.

ഇനി മറെറാരു പ്രധാന പ്രശ്നം കണക്കിലെടുക്കേണ്ടതുണ്ടു്. ഒരു സംസ്ഥാനത്തു് യോജ്യമായ ഉദ്യോഗസാദ്ധ്യതകൾ ചുരുക്കമാണെന്നു് കാണുമ്പോൾ മറെറവിടെയെങ്കിലും ജോലി തേടിപ്പോവുക സാധാരണമാണു്. ഇന്നു് ഇന്ത്യയുടെ ഏതൊരു കോണിലും, മാതൃഭാഷയായ മലയാളത്തിൻെറ മാധുര്യമുൾക്കൊണ്ട കേരളത്തിൻെറ അരുമസന്താനങ്ങളെ കാണാമെന്നതുതന്നെ ഇതിനൊരുദാഹരണമാണു്. ഇന്നു് ഭാരതത്തിലെ മിക്ക സർവ്വകലാശാലകളിലും ഉന്നത വിദ്യാഭ്യാസത്തിനു് മാദ്ധ്യമമായി സ്വീകരിക്കുന്നതു ഇംഗ്ലീഷാണു്. അക്കാരണം കൊണ്ടുതന്നെ ഭാരതത്തിലെ വിദ്യാഭ്യാസമണ്ഡലത്തിനു് ഏതാണ്ടൊരു സമനിലവാരം കൈവന്നിട്ടുണ്ടു്. തന്മൂലം ഏതെങ്കിലും ഒരു സർവ്വകലാശാലയിൽ നിന്നും ബിരുദം നേടുന്ന ആൾ മറെറാരു സംസ്ഥാനത്തിൽ ഉദ്യോഗത്തിനു് അനർഹനായിത്തീരുന്ന ഈ ഒരു പ്രശ്നം ബോധപൂർവ്വം കണക്കിലെടുക്കേണ്ടതു്. മറുനാട്ടിൽ പോയെങ്കിലും ജീവിക്കാൻ മാർഗ്ഗമുണ്ടാക്കാമെന്ന ആയിരങ്ങളുടെ നിശ്വാസമുററ സമാശ്വാസത്തെ പിഴുതെറിയാൻ മാത്രം പര്യാപ്തമായിത്തീരും– മാതൃഭാഷയിലൂടെയുള്ള ഉന്നത വിദ്യാഭ്യാസം!

നമ്മുടെ വളർച്ചക്കു് സുഹൃത്തുക്കളായ അയൽ രാജ്യങ്ങളുടെ സഹായം അത്യാവശ്യമാണു്. രാജ്യത്തിൻെറ നട്ടുനായകങ്ങളായിത്തീരേണ്ട ഉന്നത വിദ്യാഭ്യാസം നേടിയ ബുദ്ധിമാന്മാർ ഈ അയൽ രാജ്യക്കാരുടെ ഭാഷ മനസ്സിലാക്കാതെ മിഴിച്ചു നിൽക്കുവാൻ ഇടയാകുന്ന രംഗം ഒന്നു ഭാവനയിൽ കാണുകയാണുത്തമം. അതു് നമ്മുടെ വളർച്ചയെ എങ്ങനെ ബാധിക്കും, നമ്മുടെ വികസന പദ്ധതികളെ എങ്ങനെ തകിടം മറിക്കും എന്നു ചിന്തിക്കുക.

ഇനി, മാതൃഭാഷയിലൂടെ ഉന്നത വിദ്യാഭ്യാസം നേടുന്നതിനോടൊപ്പം ഒരു

വിദേശഭാഷ തിർബ്ബന്ധിതമായി അഭ്യസിക്കാം എന്നാണെങ്കിൽ അതും പ്രായോഗിക വൈഷമ്യങ്ങളിൽ നിന്നും ഒട്ടും അതീതമല്ല. ദേശീയമായും വൈകാരികമായും ഉള്ള ഉദ്ഗ്രഥനം നേടുവാൻ ശ്രദ്ധിക്കുന്ന ഇക്കാലത്തു്, വിദ്യാഭ്യാസത്തിന്റെ രംഗത്തു് ഒരു ഭിന്നിപ്പായിരിക്കും മാതൃഭാഷയിലൂടെയുള്ള ഉന്നതവിദ്യാഭ്യസം സൃഷ്ടിക്കുക. ഐ. എ. എസ്സ്., ഐ. പി. എസ്സ് തുടങ്ങിയ കേന്ദ്രസർവ്വീസ് പരീക്ഷകൾക്കു് മാതൃഭാഷ മാദ്ധ്യമമാക്കിയാൽ ഇന്നു് ഇവയ്ക്കു് ഭാരതത്തിലാകെയുള്ള സമനിലവാരം (Common Standard) നഷ്ടപ്പെടും.

അതിൽ കവിഞ്ഞ അന്ധമായ ആരാധന അജ്ഞതയുടെ ആധിക്യത്തെയാണു് കാണിക്കുന്നതു്. മാതൃഭാഷാസ്നേഹം കൊണ്ടുമാത്രം ഉന്നത വിദ്യാഭ്യാസം മാതൃഭാഷയിലൂടെ നേടണം എന്നു പറയുന്നതു് മൂഢത്വമാണു്. മാതൃഭാഷയിലായാൽ കാര്യങ്ങൾ എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയുമെന്നതു് സത്യംതന്നെ. പക്ഷേ ഗഹനമായ ശാസ്ത്രസത്യങ്ങൾ മാതൃഭാഷയിൽ കരഗതമായെങ്കിൽ മാത്രമല്ലേ, അതിലൂടെ അഭ്യസിക്കാനാവൂ? മാതൃഭാഷയിലൂടെ ഉന്നതവിദ്യാഭ്യാസം നേടുന്നതിനു്, ആദ്യമായി മാതൃഭാഷയിൽ ഉത്തമകൃതികളുണ്ടാക്കി കളമൊരുക്കേണ്ടുന്ന ശ്രമകരമായ—ബൃഹത്തായ ഒരു ജോലി ചെയ്തു തീർക്കേണ്ടതായി വരുന്നു. അതു് ഏറെക്കുറേ അസാദ്ധ്യമാണുതാനും.

പ്രാദേശികഭാഷകളിലൂടെ ഉന്നത വിദ്യാഭ്യാസം നേടുന്നതുമൂലം വിജ്ഞാന നിലവാരത്തിനു് സാരമായൊരു വ്യതിയാനം സംഭവിക്കുന്നു. നാടിന്റെ പുരോഗതിക്കുവേണ്ടി ഒത്തൊരുമിച്ചു് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും മാതൃഭാഷയിലൂടെ ഉന്നത വിദ്യാഭ്യാസം നേടിയ ധിഷണാശാലികൾക്കു് പ്രയാസം നേരിടുന്നു. ഇതു് നമ്മുടെ രാജ്യത്തിന്റെ ഭാവിയെ സാരമായി ബാധിക്കുന്നെ, ഒരു പ്രശ്നമാണു്. വിദ്യാഭ്യാസമാദ്ധ്യമത്തിലുണ്ടാകുന്ന അന്തരം മൂലം അന്യനാടുകളിൽ ജോലി ലഭിക്കുന്നതിനുള്ള സാദ്ധ്യതകൾ വളരെ ചുരുങ്ങുന്നു. അതുമൂലം ഇന്നു നമ്മെ തുറിച്ചുനോക്കുന്ന തൊഴിൽ പ്രശ്നം കൂടുതൽ രൂക്ഷമായിത്തീരും. ഇത്തരം കാര്യങ്ങൾ മുന്നിൽ കാണുമ്പോൾ മാതൃഭാഷയിലൂടെയുള്ള ഉന്നത വിദ്യാഭ്യാസം ആശാസ്യമാണെന്നു് പറയുക പ്രയാസമാണു്. അതു് കൂടുതൽ പ്രതിസന്ധികളെയാണു് സൃഷ്ടിക്കുന്നതു്. ഇന്നത്തെ നമ്മുടെ ചുററുപാടിൽ മാതൃഭാഷയിലൂടെയുള്ള ഉന്നതവിദ്യാഭ്യാസമാർഗ്ഗം അവലംബിക്കാതിരിക്കുകയാവും ഭേദം.

"മാതൃവാക്കൊന്നാകണം
നമുക്കു സാക്ഷാൽ വേദം,
മാതൃ ശുശ്രൂഷായതനമാകണം
മഹായജ്ഞം.
മാതാവിന്നുഴിഞ്ഞീടുകാത്മജീവിതം
പ്രിയ-
ശ്രോതാക്കന്മാരേ, പാരിൽ
ദൈവമേതുള്ളുവേറേ?"

—വള്ളത്തോൾ.

# അസ്തമിച്ച ബന്ധം

**S. K. Nair**
II P. D.

കാവിവസ്ത്രധാരിയായ സൂര്യദേവൻ അഗാധമായ സമുദ്രത്തിന്റെ കയത്തിലേയ്ക്കു താണു. പക്ഷികൾ ശബ്ദിച്ചുകൊണ്ടു കൂടുകളെ ലക്ഷ്യമാക്കി പറന്നു. മദ്യപാനികൾ അബോധാവസ്ഥയിൽ ഓരോന്നു പറഞ്ഞു അട്ടഹസിച്ച്, ആടിയാടി നടക്കുന്നു. വെളിച്ചത്തെ പരാജയപ്പെടുത്തിക്കൊണ്ടു ഇരുട്ടു വ്യാപിക്കാൻ തുടങ്ങി.

അയാൾ തന്റെ ലക്ഷ്യസ്ഥാനത്തേക്കു നടന്നു. മരിക്കുക. അതെ, ആത്മഹത്യ. പണക്കാരുടെ ഈ നാട്ടിൽ പാവപ്പെട്ട തനിക്കു എന്തു സ്ഥാനം? ലോകത്തിനു താനൊരു ഭാരമാണ്. വീട്ടിൽ ഒരധികപ്പററാണ്. ഒരു കണക്കിനു താനൊരപരാധിയല്ലേ? പ്രതീക്ഷകളെല്ലാം തന്നിൽ കേന്ദ്രീകരിച്ചു തന്നെ പഠിപ്പിച്ച തന്റെ മാതാപിതാക്കൾക്കു് താനെന്തു സഹായമാണ് ചെയ്തിട്ടുള്ളതു്. എല്ലാരും തന്നെ തുറിച്ചുനോക്കുകയാണല്ലോ. എല്ലാവരുടേയും വിദ്വേഷത്തിനിരയായി ജീവിക്കുന്നതിനേക്കാൾ മരണമല്ലേ അഭികാമ്യമായിട്ടുള്ളതു്. താൻ മരിച്ചെന്നാൽ തനിക്കുവേണ്ടി ഒരിററു കണ്ണീർ കളയുവാൻ ആരുണ്ടു് ഈ ലോകത്തിൽ.

ഇപ്പോൾ അവിടം വിജനമായിരിക്കും. നാളെ പ്രഭാതം പൊട്ടിവിരിയുമ്പോൾ തന്റെ മരണവാർത്ത കേട്ടു എല്ലാവരും ഞെട്ടുമായിരിക്കും.

(അതോ പൊട്ടിച്ചിരിക്കുമോ?)

പാറപ്പുറത്തെ ആ കിണററിൻ കരയിലെത്തി അയാൾ നിന്നു. കാർമേഘക്കൂട്ടത്തിൽ നിന്നും ചന്ദ്രിക ഒളിഞ്ഞുനോക്കി. ഉഗ്രസ്വരമായ കാററു്. ഓ! മഴയ്ക്കുള്ള ആരംഭമായിരിക്കും. താനെന്തിനു അതൊക്കെ ചിന്തിക്കണം. തീമഴതന്നെ പെയ്താൽ മരിക്കാൻ പോകുന്ന തനിക്കെന്തോ



ണ്. ഓ, തന്റെ മരണം അടുത്തു വരു ന്നു. "ഇതെന്തേ ഈ അസമയത്തു ഒററ ക്കിവിടെ" ഒരു മാധുര്യമേറിയ ശബ്ദം. അയാരം തന്റെ വിചാരത്തിൽ നിന്നും ഞെട്ടിയുണർന്നു. അയാരം ചുററും നോ ക്കി. വിജനമായ ഈ സ്ഥലത്തു് ഈ അസമയത്തു് ആരു വരുന്നു. അസമയമെ ന്നു പറയാൻ സന്ധ്യയായതേയുള്ളുവല്ലൊ. തനിക്കല്പം ധൃതികൂടിപ്പോയി.

അൽപസമയംകൂടി ക്ഷമിച്ചെങ്കിൽ ആരും കാണുകയില്ലായിരുന്നു. കാട്ടുന്നതെല്ലാം മറയത്തരം.

"ഇതെന്താ സ്വപ്നം കാണുകയാ ണോ?"

വീണ്ടും ആ മധുരമൊഴി. "ഞാ.... ഞാൻ....വെ....റുതെ." "വെറുതെയോ? വെ റുതെ ഒററയ്ക്കിവിടെ വന്നിരിക്കാനെന്താ ഭ്രാന്തുണ്ടോ?"

"അല്ല ഞാ....കളിയ്ക്കാൻ...."

"കളിയ്ക്കാനാണോ" എന്നിട്ടു തുകർ ത്തൊന്നും കയ്യിലില്ലല്ലോ. എന്താ ഇത്ര പരിഭ്രമിക്കാൻ".

അവനാ ശബ്ദക്കാരിയെ സൂക്ഷിച്ചു നോക്കി. രണ്ടു കയ്യിലും കുടവുമായി ഒരു സുന്ദരി. വിടർന്ന രണ്ടു കണ്ണുകരം, ചിരിക്കുന്ന വദനത്തിൽ കാണുന്ന ആ നുണക്കുഴികരം മുഖത്തിനൊരലങ്കാരമാണ ല്ലൊ. അവനവളുടെ മുഖത്തേയ്ക്കു നോക്കി അല്പസമയം നിർന്നിമേഷനായി നി ന്നു. അവാച്യമായ ഒരാനന്ദം അവനിൽ അങ്കുരിച്ചു. അവനൊരു സ്വർഗ്ഗലോക ത്തിലാണോ എന്നവനു തോന്നി. താൻ വിചാരിച്ചതുപോലെ അത്ര നികൃഷ്ട മാണോ ഈ ലോകം. അവരം പെട്ടെന്നു ജലം കോരി ഒരു പുഞ്ചിരി അവനു സ മ്മാനിച്ചിട്ടു നടന്നു മറഞ്ഞു. ആ മധുര ഗാനം എങ്ങുനിന്നോ ആ അന്തരീക്ഷത്തി ലലിഞ്ഞു. കാർമേഘമെല്ലാം മാറി ആ കാശം തെളിഞ്ഞു. ഒരായിരം നക്ഷത്ര ങ്ങളുടെ അകമ്പടിയോടെ അവരം ഓടി കൊണ്ടിരുന്നു. ഓ, ആർത്തുലച്ചുവന്ന ആ മഴയെ കാററു പരാജയപ്പെടുത്തിയല്ലോ.

അന്നു രാത്രി അവനു അശേഷം ഉറ ങ്ങാൻ കഴിഞ്ഞില്ല. അന്നു നടന്ന സംഭ വങ്ങളെല്ലാം ഒരു ചലച്ചിത്രത്തിലെന്ന പോലെ അവന്റെ മനോമുകരത്തിൽ തെളിഞ്ഞുനിന്നു. കണ്ണാടപ്പോലെ രണ്ടു കയ്യിലും കുടങ്ങളോടുകൂടിയ ആ സുന്ദരി ഉറങ്ങാൻ അവനെ അനുവദിക്കുകയില്ല. അന്നത്തെ അവന്റെ ആ അവിവേകം– ആത്മഹത്യ– ഓർത്തവൻ മനസ്സാ ചിരി ച്ചു. ദുർബ്ബലനിമിഷങ്ങരം! മനുഷ്യന്റെ അവിവേകം അവനെ എന്തിനെല്ലാം പ്രേരിപ്പിക്കുന്നു. ഒരുപക്ഷേ അന്നവരം വന്നില്ലായിരുന്നുവെങ്കിൽ.... ഓ അതോ ർക്കുവാൻകൂടി പ്രയാസമാണു്. ഏതായാ ലും അവരം തന്റെ ജീവനെ രക്ഷിച്ചു.

വളരെ നേരത്തെ തന്നെ അവൻ ഉണർന്നു. പതിവിനു വിരുദ്ധമായ എന്തോ ഒരു ത്സാഹം അയാരംക്കു അനുഭവപ്പെട്ടു. അ യാരം ഉമിക്കരിയും എടുത്തുകൊണ്ടു കി ണററിൻ കരയിലേയ്ക്കു പോയി. ആരുമി ല്ലവിടെ. ആ പാറപ്പുറത്തിരുന്നു പല്ലു തേ ക്കുവാൻ തുടങ്ങി. അധികം കഴിഞ്ഞില്ല അവരം, തലേന്നു കണ്ട അതേ സുന്ദരി! വെള്ളം കോരുവാൻ അവിടെ വന്നു.

വന്നപാടെ ഒരു പുഞ്ചിരി അവരം അവനു് കൊടുത്തു, അവനതു തിരി കെ കൊടുത്തു. വെള്ളം കോരി അവരം പോയി. അന്നു വൈകുന്നേരവും ആ പാറപ്പുറത്തിരിക്കുവാൻ അവനു ത്സാഹം തോന്നി. അപ്പോഴും അവരം വന്നു. വെള്ളം കോരിവന്നപ്പോരം അ വൻ അവളോടു പറഞ്ഞു. "വായിക്കാൻ എന്തെങ്കിലും". "വായിക്കാനോ, നോ

വല്ല മതിയോ"? അതിനെന്താ ഇവിടെയടുത്തല്ലെ ലൈബ്രറി, അംഗമാകണം. സഗൗരവം പറഞ്ഞിട്ടവൾ പൊട്ടിച്ചിരിച്ചു. അവൾ പോയി.

അടുത്ത ദിവസം ഒരു നോവലുമായാണവൾ വന്നതു്. വന്നപാടെ അവൾ പുസ്തകം അവന്റെ നേർക്ക നീട്ടി. "ഇവിടെയടുത്താണല്ലോ ലൈബ്രറി, പിന്നെ എന്തിനാ പുസ്തകം"? അവൻ പറഞ്ഞു. "ഓ പകരം വീട്ടാനറിയാമല്ലോ?" അയാൾ അന്നുതന്നെ ആ പുസ്തകം വായിച്ചു. ഒരു പ്രണയ കഥ! അയാൾക്ക നന്നേ ഇഷ്ടപ്പെട്ടു ആ കഥ. സ്വരണകൾ അന്നയാളെ ഉറങ്ങാൻ അനുവദിച്ചില്ല. അയാളുടെ മനോമുകരത്തിൽ കിടന്നവൾ നൃത്തം ചവിട്ടുകയാണ്. എത്ര ശ്രമിച്ചിട്ടും അവളെ മറക്കാൻ കഴിയുന്നില്ല. അയാൾ എഴുന്നേററു ലൈററിട്ടു. കടലാസ്സും പേനയും എടുത്തെഴുതി.

പ്രിയ സീന,

അന്നു യാദൃശ്ചികമായിട്ടായിരുന്നു നിന്നെ ആ കിണററിൻ കരയിൽ വച്ചു ഞാൻ കണ്ടതു്. ജീവിതത്തിൽ വിരക്തിതോന്നി ജീവിതം അവസാനിപ്പിക്കുവാൻ തുനിഞ്ഞ എന്നിൽ ജീവിക്കാനുള്ള ആശയുണ്ടാക്കിത്തന്നു്, എന്നെ ആത്മഹത്യയിൽ നിന്നും പിന്തിരിപ്പിച്ചു് ജീവനെ രക്ഷിച്ച നിന്റെ മനോഹര രൂപം എന്റെ മനോമുകരത്തിൽ നിന്നും എത്ര ശ്രമിച്ചിട്ടും മായുന്നില്ല. നിന്നെ എന്റെ ജീവിത പങ്കാളിയാക്കാൻ ഞാനാശിക്കുന്നു. ഞാനീക്കാട്ടുന്നതു് അവിവേകമാണെങ്കിൽ എന്നോടു ക്ഷമിക്കുക.

എന്നു്,

ബാലൻ.

അയാൾ ആ കത്തു പലതവണ വായിച്ചു. എന്നിട്ടു മടക്കി. ഭദ്രമായി സൂക്ഷിച്ചു. അടുത്ത ദിവസം ആ കത്തു പുസ്തകത്തിൽ വച്ചു കിണററിൻ കരയിലെത്തി.

വന്നപാടെ അവൾ തിരക്കി.

"എന്താ പുസ്തകം വായിച്ചോ? എങ്ങനെയിരുന്നു"?

എന്നാൽ ബാലനാകട്ടെ വിറക്കുന്ന കൈകളോടെ ആ പുസ്തകം അവളുടെ നേർക്ക നീട്ടി. അവന്റെ ഈ ഭാവഭേദങ്ങൾ കണ്ടു അവൾ ചിരിച്ചു. അവൾ പുസ്തകം വാങ്ങിച്ചപ്പോൾ ഇടറുന്ന കണ്ഠത്തോടെ ബാലൻ ഒരു വിധത്തിൽ പറഞ്ഞു.

"അ.... അതിനക....ത്തൊരു....കത്തുണ്ടു്".

"ങേ കത്തോ!" അവളുടെ ഭാവം മാറി. അവളുടെ കണ്ണുകൾ രണ്ടും അഗ്നിഗോളങ്ങളായി മാറി. അവളുടെ ഈ ഭാവമാററത്തിൽ ബാലൻ കൂടുതൽ പരുങ്ങലിലായി. അയാൾ തന്റെ ബുദ്ധിശൂന്യതയെ, അവിവേകത്തെ മനസാ ശപിച്ചു. അവൾ അവസാനം ഇത്രയും പറഞ്ഞു.

"ഞാൻ ബാലനെ ഇങ്ങനെയല്ല കരുതിയിരുന്നതു്. ഇതു ഞാനൊരിക്കലും പ്രതീക്ഷിച്ചിരുന്നില്ല". അവൾ ധൃതിയിൽ കുടവും പുസ്തകവും എടുത്തുകൊണ്ടു നടന്നു മറഞ്ഞു, ബാലൻ ഒരു ശിലാപ്രതിമ കണക്കെ സ്തംഭിച്ചു നിന്നു. അയാൾക്കു തല ചുററുന്നതായി അനുഭവപ്പെട്ടു. ഒരു കണക്കിനു വീട്ടിലെത്തി. കട്ടിലിൽ വീണു. അവളും അവളുടെ വീട്ടുകാരും അയാളുടെ നേരെ പാഞ്ഞുവരുന്നതായി അയാൾക്കനുഭവപ്പെട്ടു.

രണ്ടുമൂന്നു ദിവസത്തേയ്ക്കവളെ ആ പരിസരത്തു കണ്ടതേയില്ല. അയാൾ കൂടുതൽ പരിഭ്രാന്തനായി. ഒരു കണക്കിനു താനന്നു മരിച്ചിരുന്നുവെങ്കിൽ.

ഓ, ഇതെന്തു പരീക്ഷണങ്ങളാണീശ്വരാ....

നാലാമത്തെ ദിവസം അവൾ വന്നു. അവളെ കണ്ടപ്പോൾ അവനല്പം ആശ്വാസമായി. എന്നാൽ അവളടുത്തു വന്നപ്പോൾ അവന്റെ നെഞ്ചിടിപ്പു വർദ്ധിച്ചു. ഇത്തവണ അവളുടെ കയ്യിൽ കടമില്ലായിരുന്നു. പകരം ഒരു കത്ത്! ആ കത്തവൾ അവന്റെ കയ്യിൽ കൊടുത്തിട്ടു ഓടിപ്പോയി. അയാൾക്കാശ്വാസമായി. ഈ ലോകം മുഴുവനും പിടിച്ചെടുത്ത ഒരനുഭൂതി അയാൾക്കപ്പോൾ ഉണ്ടായി. ആ കത്തുവായിക്കാൻ അയാൾക്കു ധൃതി വർദ്ധിച്ചു. അയാൾ ആ കത്തു നിവർത്തു. ഛെ. എന്തു മണ്ടത്തരം വല്ലവരും കണ്ടെങ്കിൽ.... അയാൾ അതു മടക്കി വീട്ടിൽ എത്തി. മുറിക്കകത്തു കയറി വാതിലുകൾ അടച്ചശേഷം കത്തു നിവർത്തു വായിച്ചു

പ്രിയ ബാലൻ,

ഞാനാ കത്തു ഒരു നൂറു തവണ വായിച്ചു. എന്നിട്ടും എനിക്കു കൊതി തീർന്നില്ല. എത്ര ശ്രമിച്ചിട്ടും അങ്ങയെ എനിക്കു മറക്കാൻ കഴിയുന്നില്ല. ഞാൻ അങ്ങയുടെ ഹൃദയത്തെ മുറിപ്പെടുത്തിയെങ്കിൽ എനിക്കു മാപ്പുതരിക.

എന്ന്, അങ്ങയുടെ മാത്രമായ സീന.

അവനാ കത്തു പല തവണ വായിച്ചു. എന്നിട്ടു അപ്പോൾതന്നെ അതിനു മറുപടി തയ്യാറാക്കി. അടുത്ത ദിവസം അതു കൊടുത്തു. രണ്ടുനേരവും അവരുടെ കണ്ടുമുട്ടൽ ഒരു നിത്യസംഭവമായി മാറി. കത്തുകളുടെ എണ്ണം വർദ്ധിച്ചു. അവരുടെ പ്രണയകഥ നാട്ടിൽ പരസ്യമായി. ആ വാർത്ത സീനയുടെ പിതാവിന്റെ ചെവിയിലും എത്തി. എന്നാൽ വിദ്യാസമ്പന്നനായ ആ പിതാവു മകളെ അടിക്കാനോ ശിക്ഷിക്കാനോ ഒരുമ്പെട്ടില്ല. ഒന്നും അറിയാത്തമട്ടിൽ അയാൾ ഇരുന്നു. ഈ സമയത്ത് എത്ര ഉപദേശിച്ചാലും വിലപ്പോകില്ലെന്ന് അയാൾക്ക് നന്നേ അറിയാമായിരുന്നു. മകളെ പ്രണയബന്ധത്തിൽ നിന്നും അകറ്റാൻ അയാൾ ഒരു പുതിയ പദ്ധതിയാണ് ആവിഷ്കരിച്ചത്. അതായത് മകളെ അങ്ങു കോയമ്പത്തൂരുള്ള തന്റെ സഹോദരന്റെ അടുക്കലേയ്ക്കയച്ച് ഉടനെ വിവാഹം നടത്തിക്കുക. അയാൾ രഹസ്യമായി അതിനുവേണ്ട ഒരുക്കങ്ങളെല്ലാം നടത്തി. അവസാനം മാത്രമേ ഈ വിവരം പുത്രിയെ അറിയിച്ചുള്ളു. ഈവിവരം അറിഞ്ഞ സീനാ ഞെട്ടി. പക്ഷെ ഇനി ഞെട്ടിയാലെന്തുഫലം. അടുത്തദിവസം പോകുവാൻവേണ്ട ഏർപ്പാടുകളെല്ലാം പിതാവു ചെയ്തുകഴിഞ്ഞു. ഇനി താനെത്ര കരഞ്ഞാലും അപേക്ഷിച്ചാലും യാതൊരു രക്ഷയുമില്ല. അല്ല, ഇനി ബാലനുമായി എങ്ങനെയെങ്കിലും രക്ഷപെടുവാൻ നോക്കിയാലും യാതൊരു രക്ഷയുമില്ല. ഓ, ഞങ്ങളുടെ പ്രണയം! ഇത്രയ്ക്കും പാപികളാണോ ഞങ്ങൾ. ഓ, ബാലൻ ഈ വാർത്ത കേൾക്കുമ്പോൾ എന്തുമാത്രം വേദനിക്കും. അല്ലെങ്കിലെന്ത് തന്റെ കുറ്റമല്ലല്ലോ. അവൾ ബാലനു കത്തെഴുതി പോസ്റ്റ് ചെയ്തു. ഓ, അവസാനമായി ഒന്നു കാണുവാൻപോലും ഇനി സമയമില്ല. ഈ രാത്രി വെളുക്കുമ്പോൾ ട്രെയിൻ കയറണം.

അടുത്ത ദിവസം വൈകുന്നേരം സീനയേയും പ്രതീക്ഷിച്ചു പാറപ്പുറത്തു കാറ്റുകൊണ്ടിരുന്ന ബാലന്റെ കയ്യിൽ പോസ്റ്റുമാൻ ഒരു കവറുകൊടുത്തു അയാൾ അതു പൊട്ടിച്ചു വായിച്ചു. അയാളുടെ കണ്ണിൽ ഇരുട്ടു കയറുന്നതുപോലെ തോന്നി. ഈ ലോകം മുഴുവനും കറങ്ങുന്നതുപോലെ. ഹോ എന്തു കഠോരമാണീ ലോകം. അപ്പോഴേയ്ക്കും സൂര്യദേവൻ പ

ചെറുകഥ

# അഭയാർത്ഥി



**Baby Kurian**
II P. D. C.

വൃദ്ധനു ചുമ വന്നു. വീണ്ടുംവീണ്ടും ചുമച്ചു. ചെമ്പിൽ ചുററികകൊണ്ടടിക്കുന്നതുപോലുള്ള ശബ്ദം. അയാൾ നെഞ്ചിൽ കൈ പൊത്തിപ്പിടിച്ചു. രക്ഷയില്ല! വീണ്ടും ചുമതന്നെ. അടുത്തിരുന്ന മണൽ നിറച്ച ചിരട്ടയിലേക്ക് അയാൾ തുപ്പി.

സൂക്ഷിച്ചുനോക്കി.

പഴുപ്പും രക്തവും കലർന്ന കഫക്കട്ട!

വൃദ്ധൻ ഞെട്ടിയില്ല, കാരണം വർഷങ്ങളായി തന്റെ ആരോഗ്യത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന മാരകരോഗത്തിന്റെ വിസർജ്ജനവസ്തു മാത്രമാണല്ലോ അത്. വീണ്ടും അവശനായി അയാൾ കട്ടിലിലേക്കു മറിഞ്ഞു കണ്ണു തുടച്ചു. കുഴിഞ്ഞ കണ്ണുകളിൽനിന്നും വീണ കണ്ണീർകൊണ്ട് ഉള്ളംകൈ നനഞ്ഞു. വർഷങ്ങളായി മണ്ണിനോടു പൊരുതിയ കൈകളിൽ തടിച്ച തഴമ്പുകളുണ്ടായിരുന്നു,

വീണ്ടും കൈത്തലത്തിലേക്കു നോക്കിയപ്പോൾ വൃദ്ധന്റെ കണ്ണുനിറഞ്ഞു. വളരെനാൾ മകനുവേണ്ടി പാടുപെട്ടിട്ട് ഇപ്പോൾ തനിക്കു കിട്ടിയിരിക്കുന്ന പ്രതിഫലം................

അതെന്താണ്.................?

ഓർത്തപ്പോൾ അയാൾ കിടന്നകിടപ്പിൽ ഒന്നു ഞെട്ടി. വീണ്ടും നിസ്സഹായനായി ഞരങ്ങി. കരളു പറിച്ചെടുക്കത്തക്കവിധത്തിൽ ശക്തിയായ ചുമ അയാളെ കീഴ്പ്പെടുത്തിയിരുന്നു.

"എന്റീശ്വരാ............"

അയാൾ ഞരങ്ങി.

കുഴിഞ്ഞ കണ്ണിൽനിന്നും കണ്ണുനീർ ഇററിററുവീണു. അവ പായിൽ വീണ അവ്യക്തമായ, അരോചകമായ ശബ്ദം കേട്ടുകൊണ്ടിരുന്നു.

---

ടിഞ്ഞാറ് അസ്തമിച്ചിരുന്നു. ഇരുട്ട് വ്യാപിക്കാൻ തുടങ്ങി. ഒപ്പം കിളികൾ കശപിശ കൂട്ടാനും തുടങ്ങിയിരുന്നു. അങ്ങനെ അയാളുടെ ബന്ധങ്ങൾ എല്ലാം അസ്തമിച്ച് അയാളുടെ ജീവിത വീഥിയിൽ അന്ധകാരം വ്യാപിച്ചു തുടങ്ങി.

—സമാപ്തം—

വൃദ്ധൻ കട്ടിലിൽനിന്നും സാവധാനം എണീററു. താനെ നിൽക്കുവാൻ കരുത്തില്ല. കതകിൽ പിടിച്ച് കോലായിൽ ഇറങ്ങി. മുററത്തെ വെയിലുകണ്ടപ്പോൾ കണ്ണുതിളങ്ങി. ശോഷിച്ചതെങ്കിലും നീണ്ട ആ കൈകൾ തരിച്ചു.

ഭൂമിയിൽ ഇറങ്ങി വേലചെയ്യുവാൻ!
വെയിലുമായി മല്ലടിക്കുവാൻ.

കാരണം, മണ്ണുമായി അഭേദ്യമായ ഒരു ബന്ധം തന്നിലുണ്ട്. ക്ഷീണിതനും നിസ്സഹായനുമെങ്കിലും പച്ചവിരിച്ച പ്രകൃതി കണ്ടപ്പോൾ വൃദ്ധന്റെ കണ്ണുകൾ വിടർന്നു.

പക്ഷെ, ഉടനെതന്നെ അതു വാടി. പാടുപെട്ടു വളർത്തിയ തന്റെ ഏക മകന്റെ പെരുമാററങ്ങൾ? രോഗിയായ തന്നോടുള്ള അവന്റെ മനോഭാവം.

വൃദ്ധന്റെ മുഖം വിടർന്നു. കാരണം മീൻ വറുക്കുന്നതിന്റെ മണം അടുക്കളയിൽനിന്നും അയാളുടെ അടുത്തെത്തിയിരുന്നു. വായിൽ വെള്ളമൂറി. അയാൾ വേച്ചുവേച്ച് അങ്ങോട്ടുനീങ്ങി.

അവിടെയും വൃദ്ധനു പരാജയമായിരുന്നു. അയാൾ ചങ്കിൽ രണ്ടു കൈകൊണ്ടും അമർത്തിപ്പിടിച്ചു.

സാധിച്ചില്ല.

ചുമ! ചുമ!

ഭയങ്കരമായ ചുമ!

“ശവം.... ഇവിടെയുമെത്തിയോ?”

തിരിഞ്ഞുനോക്കി. പിറകിൽ നില്ക്കുന്നു, തുറിച്ച കണ്ണുകളുമായി മകന്റെ ഭാര്യ!

“അങ്ങ് മാറിനിൽക്ക്”

അവൾ അട്ടഹസിച്ചു. ഇതാദ്യമായി കേൾക്കുന്നതല്ല. കോപിച്ചുമാറിയ അവളുടെ കൈകൊണ്ടപ്പോൾ വൃദ്ധൻ വേച്ചുവീണു.

ക്ഷീണിതനെങ്കിലും അയാൾ ഒരുവിധത്തിൽ എണീററു. മകന്റെ ഭാര്യയായ ആ മാംസപിണ്ഡത്തെ അയാൾ ദയനീയമായി നോക്കി. ചുണ്ടുകൾ വിറക്കുന്നുണ്ടായിരുന്നു. കൈകൾ തരിച്ചു. എങ്കിലും അയാൾ സ്വയം നിയന്ത്രിച്ചു. താനൊരു ഭാരമായിത്തീർന്നിരിക്കുകയാണെന്ന് അയാൾക്ക് ബോദ്ധ്യമായി.

വൃദ്ധൻ തന്റെ മുറിയിലേക്കു നടന്നു. നടന്നപ്പോൾ ചരൽക്കല്ലുകൾ കാലിനടിയിൽപെട്ട് കേഴുന്നതുപോലെ തോന്നി, തന്റെ ഹൃദയംപോലെ. ദുർബ്ബലമായ, തകർന്നടിഞ്ഞ തന്റെ ഹൃദയവും ഒരിററു സ്നേഹത്തിനും കരുണയ്ക്കുംവേണ്ടി അതുപോലെ കേഴുകയാണല്ലോ.......

മീനാക്ഷിയുണ്ടായിരുന്നെങ്കിൽ....

തന്റെ ജീവിതസഖിയുടെ ചിത്രം മനസ്സിലോർത്തപ്പോൾ വൃദ്ധൻ ഒന്നു നിശ്വസിച്ചു. അയാളുടെ ഓർമ്മകൾ ഭൂതകാലത്തിലേക്കു പറന്നു. ദുർബ്ബലമായ ആ വൃദ്ധഹൃദയത്തിൽനിന്നും ഉയിർത്തെണീററ സ്മരണകളുടെ ഈയ്യാംപാററകൾ ഭൂതകാലത്തിന്റെ കനത്ത കരിങ്കൽ ഭിത്തികൾക്കപ്പുറം പറന്ന് പഴയ സംഭവങ്ങളുടെ ശവക്കുഴികൾക്കു മുകളിലൂടെ പറക്കുകയായിരുന്നു. ഇനി പ്രതീക്ഷകളില്ല. മോഹനപ്രതീക്ഷകളുടെ കിനാവുകൾ ഈ ശവപ്പറമ്പിൽ ചിറകററു വീണു. ഇനിയും ഈ ശ്മശാനത്തിൽ ലക്ഷ്യമില്ലാതെ അലയുകയാണ്.

എന്തിനോവേണ്ടി!

ഒരു പാവപ്പെട്ടവനായിരുന്നു താൻ. കൂലിപ്പണിചെയ്തു കിട്ടുന്ന പണംകൊണ്ട് ഒരുവിധമൊക്കെ കഴിഞ്ഞുപോന്നു. പണിയെടുക്കുവാൻ ആദ്യമായി ഒരു തുണ്ടു ഭൂമിപോലുമില്ലായിരുന്നു. എന്തിനും അവൾ ഉണ്ടായിരിക്കും കൂടെ.

മീനാക്ഷി!

അവരം, അവരം പറന്നപോയി. അനന്തമായ വിഹായസ്സിലേക്ക്. പൂനിലാവിന്റെ പുഞ്ചിരിയും പാലപ്പൂവിന്റെ നറുമണവുമുള്ള അവരം.

അതു് ഇന്നം ഒരു മധുരതരമായ കിനാവായി അവശേഷിക്കന്നു.

ഭൂമിയുടെ മാറിലൂടെ നിലാവു പരന്നൊഴുകുമ്പോരം, രാക്കയിൽ നീട്ടിനീട്ടി വീണമീട്ടുമ്പോരം അവരം കിനാവുകരം നെയ്തെടുക്കുകയായിരിക്കം.

പക്ഷെ,

അവരം പോയി.

ചെറുപ്പംമുതലേ അവരം രോഗിണിയായിരുന്നു. ശരീരം ഒന്നിനൊന്നിനു ശോഷിച്ചുവന്നു. ആദ്യം സാരമായി കരുതിയില്ല. ചുമ വിട്ടുമാറാതായി. കാര്യമായ ശുശ്രൂഷകൊണ്ടു് രോഗം അല്പമൊന്നു കുറഞ്ഞു. അവരം ഒരാൺകുഞ്ഞിനെ പ്രസവിച്ചു. ആൺകുട്ടിയാണെന്നറിഞ്ഞപ്പോരം അവർ സന്തോഷിച്ചു. അവനെ വളർത്തി നല്ല നിലയിലെത്തിക്കണം. അതിനുവേണ്ടി വിശ്രമമില്ലാതെ അവരം പണിയെടുത്തു, പക്ഷെ വീണ്ടും ചുമ വർദ്ധിച്ചു.

ഒരു ദിവസം അവരം വളരെയധികം ചുമച്ചു. ചുമച്ചു തുപ്പിയപ്പോരം കണ്ടതു് കട്ടപിടിച്ച രക്തമാണു്.

അയാളിൽ ഒരിടിവാരം മിന്നി.

അവരം ചുമക്കുമ്പോരം നിസ്സഹായനായ അയാരം പുറം തിരുമിക്കൊടുക്കുമായിരുന്നു.

ചുമ കൂടിക്കൂടി വന്നതേയുള്ളു. എപ്പോഴും ചുമ. അവരം കിടപ്പിലായി അവളുടെ കട്ടിലിന്റെ തലയ്ക്കലിരുന്നു് അയാരം സ്വാന്തന വാക്കുകരം പറയുമായിരുന്നു. ആഴ്ചകരം കഴിഞ്ഞു. ഒരിക്കൽ അവരം വളരെയധികം ചുമച്ചു.

"മീനാക്ഷി"

എന്തോ ഓർത്തു് തേങ്ങിക്കരഞ്ഞുകൊണ്ടയാരം വിളിച്ചു.

"ഉം........" അവരം ഞരങ്ങി മൂളി.

"എന്താ മിണ്ടാത്തെ"

അയാരം അവളുടെ കണ്ണുകളിലേക്കു സൂക്ഷിച്ചു നോക്കി.

"ഞാൻ........... മ........ മരിച്ചുപോയാൽ........... മോ........നെ കാര്യമായി നോക്കണം കേ........ട്ടോ..........."

അവരം അത്രയും പറഞ്ഞൊപ്പിച്ചു. കുഞ്ഞിനെ അയാളുടെ കൈയ്യിലേക്കു കൊടുത്തു.

"മീനാക്ഷി........................"

ഭൂമി കുലുങ്ങത്തക്കമാതിരി അയാരം വിളിച്ചു. പക്ഷെ അപ്പോഴേക്കും അയാളുടെ ജീവിതത്തിലെ കൂട്ടുകാരി കൂടുവിട്ടു കഴിഞ്ഞിരുന്നു.

പൊട്ടിക്കരഞ്ഞുപോയി അയാരം. തന്റെ ജീവിതത്തിലെ സുഖവും ദുഃഖവും ഒരുപോലെ പങ്കിട്ടെടുത്ത അവരം പൊയ്ക്കളഞ്ഞല്ലോ............

അന്നുമുതൽ ഒരു വലിയ മാററം അയാളിൽ പ്രകടമായി. എല്ലായ്പോഴും ദുഃഖം. കിനാവിന്റെ മന്ദഗീതം നിലച്ചപ്പോരം, ഹൃദയാന്തരാളത്തിൽനിന്നും തകർന്ന ഗാനത്തിന്റെ ഇടറിയ രാഗങ്ങരം താളം പിടിച്ചു.

എങ്കിലും തന്റെ കൊച്ചുമകനെക്കുറിച്ചോർത്തപ്പോരം ഹൃദയത്തിൽ മഞ്ഞിൻ കണങ്ങരം വീണു.

"അവനെ പഠിപ്പിച്ചു് ഒരു വലിയ ആളാക്കണം................"

അയാരം തീരുമാനിച്ചു.

കാഥികൻ



# എ. ജോ. പാററാനി
## കുറവിലങ്ങാട്

വിവിധ കലാവിഭവങ്ങൾ വിളമ്പുന്ന വിദഗ്ദ്ധരായ

പിന്നണിക്കാർ

കഥകൾ:

വിശുദ്ധ മരിയ

അടർക്കളം

കയ്യഫാസ്

ബലിയാടുകൾ

രക്തതിലകം

കരിശ്ശും കിരീടവും

രക്തരക്ഷസ്

## For Good Photography

Contact

# KERALA STUDIO

PALLIKAVALA

**KURAVILANGAD**

For life like Studio Portraits,

Out-Door Groups, Developing, Printing,

Enlarging, Colouring,

Oil painting,

Cinema Slides,

All other Photography works

## CHARGES MODERATE!

**Neat & Quick Service is our Motto**

**Prop:**
**JOHNSON KUZHIVELIL**

സ്റ്റും ഫൈനൽ പാസായപ്പോാം അയാാം അവനെ കോളജിൽ ചേർത്തു. അവനുവേണ്ടി ആ പിതാവ് പാടുപെട്ടു. നിലാവുള്ള രാത്രികളിൽ പോലും അയാാം അദ്ധ്വാനിക്കുകയായിരിക്കും. മകനെ ആളാക്കാൻ! തൂമ്പാ മണ്ണിൽ ആഞ്ഞുപതിക്കുന്ന ശബ്ദം കേട്ടുകൊണ്ടായിരിക്കും ആ മകൻ മിക്ക ദിവസങ്ങളിലും ഉണരുന്നതു്.

തന്റെ മകനെക്കുറിച്ചോർക്കുമ്പോാം അയാാംക്കു് വലിയ സന്തോഷവും അഭിമാനവും ആയിരിക്കും.

അവൻ വളൎന്നുവരുമ്പോാം............ അതോർക്കുമ്പോാം അയാളുടെ ഹൃദയം തണുക്കും.

നിസ്സഹായനെങ്കിലും മകനെ അയാാം മോശക്കാരനാക്കിയില്ല. വൈകുന്നേരം കോളജ് വിട്ടുവരുന്ന മകനെ കാണുമ്പോാം അയാാം രോമാഞ്ചഭരിതനാകുമായിരുന്നു.

ബി. എ. പാസ്സായി. ഇനിയൊരു ജോലിവേണം. മുററത്തു വെട്ടം കാണുമ്പോഴേ മകൻ യാത്രയ്ക്കൊരുങ്ങും; ജോലി അന്വേഷിച്ച്. പക്ഷെ, ഫാക്ടറി ഓഫീസുകളിലും മററും മുട്ടിവിളിക്കുമ്പോാം ഒരേഒരു മറുപടിയേ അവനു കോംക്കാനുണ്ടായിരുന്നുള്ളു.

'നോ വേക്കൻസി'

(കാലഘട്ടത്തിന്റെ പകരംവീട്ടൽ, അല്ലാതെന്തു്?)

"ഇന്നല്ലെങ്കീ നാളയേലും ഒരു ജോലി കിട്ടൂടാ മോനെ, നീ വ്യസനിക്കാണ്ടിരി"

എന്നിട്ടും മകനെ ആശ്വസിപ്പിക്കുവാൻ ശ്രമിക്കുകയായിരുന്നു, സ്നേഹധനനായ ആ പിതാവ് ചെയ്തതു്.

എങ്കിലും കടംകയറി മുടിഞ്ഞ തന്നെ ഒരു കൈ താങ്ങുവാൻ ഈ മകനു കഴിവില്ലല്ലോ എന്നോർത്തപ്പോാം ആ കൂലിപ്പണിക്കാരന്റെ ഹൃദയത്തിൽ വേലിയേററംതന്നെയുണ്ടായി. അയാളതു് പുറത്തറിയിച്ചില്ല.

"ങഹാ........ അവന്റെ കുററമല്ലല്ലോ"

അയാാം ആശ്വസിച്ചു.

പക്ഷെ ജോലി കിട്ടി.

ഫാക്ടറിയിൽ ഒരു 'ടെംമ്പററി' ക്ലാർക്കായിട്ട്.

ആ വൃദ്ധന്റെ മനസ്സൊന്നു തണുത്തതു് അപ്പോഴായിരുന്നു. കഠിനാദ്ധ്വാനംകൊണ്ടു് അപ്പോഴേക്കും അയാാം തീർത്തും അവശനായിരുന്നു. ക്ഷീണം വർദ്ധിച്ചു. അതു ചുമയ്ക്കുകൂടി ക്ഷണം കൊടുത്തു. നിലയ്ക്കാത്ത ചുമ. ചുമ കൂടിക്കൂടി വന്നപ്പോാം ഒരു ദിവസം മകനോടു പറഞ്ഞു.

"എനിയ്ക്കൊരല്പം ലേഹ്യം വാങ്ങിയ്ക്കാൻ കുറച്ചു കാശു വേണോല്ലോടാ".

മകൻ അശ്രദ്ധമായി മൂളിയതേയുള്ളു. ഉദ്യോഗസ്ഥനായ ആ മകനെ തൊഴിച്ചു വീഴിക്കുവാൻ ആ പിതാവിനപ്പോാം തോന്നി. പക്ഷേ, അയാളതു നിയന്ത്രിച്ചു.

പല പ്രാവശ്യം ചോദിച്ചതിനു ശേഷമാണ് അയാാംക്കൊരഞ്ചു രൂപ കിട്ടിയതു്. ആശുപത്രിയിൽ ചെന്നു്, മരുന്നു വാങ്ങാൻ.

ഞെട്ടിപ്പോയി, അയാാം. മാരകമായ ആ രോഗം തന്നെയും ബാധിച്ചിരിക്കുന്നു.

ക്ഷയം!

അപ്പോാം അയാാം വിദൂരതയിൽ കണ്ണും നട്ടു് മീനാക്ഷിയെക്കുറിച്ചോർക്കുകയായിരുന്നു.

മകന്റെ ജോലി തീർന്നു. ആയിടയ്ക്കാണ് ഒരു ദിവസം മകൻ അയാളുടെ അടുത്തു ചെന്നത്. അവൻ പറഞ്ഞു "അച്ഛാ.... ഒരു ജോലിയുണ്ട്....ആയിരം രൂപ കെട്ടിവയ്ക്കണം".

ആ വൃദ്ധൻ വിയർത്തുപോയി ആയിരം രൂപ!

തന്നെ സംബന്ധിച്ചിടത്തോളം ആയിരം രൂപ ഒരു വലിയ തുകതന്നെയായിരുന്നു. എങ്കിലും അയാൾ അതിനും ഒരു പണികണ്ടു. ഉള്ള ഭൂമി മുതലാളിയ്ക്ക് പണയം കൊടുത്തിട്ട് പണം വാങ്ങുക. പക്ഷേ നിർദ്ദയനായ അയാളുണ്ടോ പാവങ്ങളെ സഹായിക്കുവാൻ പോകുന്നു.

അയാൾ വിഷമത്തിലായി. ആയിരം രൂപ എങ്ങിനെയെങ്കിലും ഉണ്ടാക്കണം. അല്ലെങ്കിൽ തന്റെ പുത്രൻ വീണ്ടും തെണ്ടിത്തിരിയേണ്ടി വരും.

ഒരു വിധത്തിൽ മുതലാളിയുടെ കാലു പിടിച്ച്, അയാൾ ആയിരം രൂപയുണ്ടാക്കി. അതുമായി അയാൾ മകന്റെയടുത്തേയ്ക്കോടി. "പോയി-വാ, ഭഗവാൻ നിന്നെ രക്ഷിക്കും".

ജോലി കിട്ടിക്കഴിഞ്ഞപ്പോൾ മകന്റെ ഭാവം മാറി. അവന് തന്നെ വലിയ ശ്രദ്ധയൊന്നുമില്ല. രോഗിയായ അയാൾക്കു വേണ്ടി ഒരു പൈസപോലും ചിലവഴിക്കുവാൻ അവൻ തയ്യാറായില്ല.

'സ്വന്തം കാര്യം സിന്താബാദ്'.

ഇതായിരുന്നു അവന്റെ ജീവിതതത്വശാസ്ത്രം.

ഉണ്ട ചോറിന്റെ നന്ദിപോലും!

ചുമച്ചു കരയുന്ന പിതാവിനെ അയാൾ തീഷ്ണമായി നോക്കിക്കൊണ്ടു നിൽക്കും. വിവാഹം കഴിഞ്ഞതോടു കൂടി അവന്റെ ഭാവങ്ങൾക്ക് ഒന്നുകൂടി പിരിമുറുക്കമുണ്ടായി. പച്ചപ്പരിഷ്ക്കാരിയായ ഭാര്യയുടെ നിറം കണ്ടപ്പോൾ അവൻ മയങ്ങിപ്പോയി.

"നിന്നെ കഷ്ടപ്പെട്ടു വളർത്തിയതാ മോനേ, ഞാൻ.... എനിക്ക് മരുന്നിനു പോലും നീ കാശു തരില്ലല്ലോ".

അയാൾ വിങ്ങി വിങ്ങിക്കരഞ്ഞു. വീണ്ടും ചുമ പിടികൂടി. നെഞ്ചിൽ അമർത്തിപ്പിടിച്ചു. രക്ഷയില്ല ചുമച്ചു

പഴുപ്പും രക്തവും ചിരട്ടയിലേയ്ക്കു തുപ്പി.

വൃദ്ധൻ ഭൂതകാലസ്മരണകളിൽ നിന്നും ഞെട്ടിയുണർന്നു. ഒരു മൃദുലമായ കൈ അയാളുടെ ശരീരത്തിൽ തൊട്ടിരുന്നു.

ബദ്ധപ്പെട്ടു തിരിഞ്ഞുനോക്കി.

മകന്റെ മോൻ. ആ കുട്ടി വൃദ്ധനെ നോക്കി പുഞ്ചിരിക്കുന്നു. നിഷ്കളങ്കതയുടെ പ്രതീകം.

മകന്റെ ആ കുട്ടിയെ വൃദ്ധൻ തന്റെ നീണ്ട കൈകൾക്കുള്ളിൽ കോരിയെടുത്തു.

അയാൾ ആ കുട്ടിയുടെ പൂങ്കവിളിൽ ഒരുമ്മകൊടുത്തു!

കുട്ടി വീണ്ടും ആർത്തു ചിരിച്ചുകൊണ്ടിരുന്നു.

കൊച്ചരിപ്പല്ലുകൾ കാട്ടി ചിരിച്ചപ്പോൾ വൃദ്ധന്റെ ഹൃദയം ആനന്ദംകൊണ്ടു തുടിച്ചു.

"ശ്ശ്! കിഴവാ എന്റെ കുട്ടിയെ താഴെ വയ്ക്കൂ. നിങ്ങളുടെ രോഗം അതിനുകൂടി പകരുമല്ലോ"

തിരിഞ്ഞു നോക്കി. മകന്റെ ഭാര്യ അലറിക്കൊണ്ട് വരുന്നു. അവൾ കുട്ടിയെ വൃദ്ധന്റെ കയ്യിൽ നിന്നും തട്ടിപ്പറിച്ചു

ഒരു കണ്ണീർച്ചാൽ അയാളുടെ കണ്ണിൽ നിന്നും ഒഴുകിത്തുടങ്ങി.

“ആ കുട്ടിയെ താനൊന്നു തൊട്ടതു പോലും തെറ്റായിപ്പോയല്ലോ”

അവൾ വൃദ്ധനെ കാലുകൊണ്ട് തട്ടി. അയാൾ മറിഞ്ഞു വീണു.

അപ്പോഴും ശക്തിയായി ചുമച്ചു.
വലിഞ്ഞെണീറ്റു അയാൾ.

മകന്റെ അടുത്തേക്ക് വെച്ചു വെച്ചു നടന്നു.

“എടാ മകനെ”
അയാൾ പൊട്ടിക്കരഞ്ഞു.
മകൻ തിരിഞ്ഞുനോക്കി.

അവന്റെ മുഖത്ത് ഒരു പുച്ഛഭാവമായിരുന്നു അപ്പോഴും.

“നിന്നെ ഞാൻ കഷ്ടപ്പെട്ട് വളർത്തിയതാണു മോനെ. എന്നിട്ടും ഒരു പിതാവിന്റെ വേദന നീ അറിയുന്നില്ലല്ലോ മോനെ.... ....”

അയാൾ തുടർന്നു.

“നിന്റെ ഭാര്യയാണെങ്കിൽ ചവിട്ടി മറിച്ചിട്ടപ്പോൾ നീ തിരിഞ്ഞുനോക്കി പോലുമില്ലല്ലോടാ”

അയാൾ എഴുന്നേറ്റു. അയാൾ മകനെ ഒന്നുകൂടി നോക്കി. അപ്പോൾ മകന്റെ കണ്ണിൽ അശ്രുകണങ്ങൾ നിറയുന്നത് അയാൾ കണ്ടു.

വൃദ്ധൻ മുറ്റത്തിറങ്ങി. വഴിയിലേക്കു നടന്നിറങ്ങി. എന്നിട്ട് ലക്ഷ്യമില്ലാതെ, വിദൂരതയിലേക്കു നോക്കിക്കൊണ്ട് നടന്നു നീങ്ങി, ഒരഭയാർത്ഥിയെപ്പോലെ. അപ്പോഴും ഭയങ്കരമായി ചുമക്കുന്നുണ്ടായിരുന്നു.

സ്നേഹിക്കുന്നതിലല്ല, സ്നേഹിക്കപ്പെടുന്നതിലാണ് ചാരിതാർത്ഥ്യം സ്ഥിതിചെയ്യുന്നത്.

—ഒ. ഡബ്ളിയു. ഹോറസ്.

പണവും, ആരോഗ്യവും, പ്രയത്നവും, ചികിത്സയും വഴി വീണ്ടെടുക്കാം. എന്നാൽ നഷ്ടപ്പെടുത്തിയ സമയമാകട്ടെ പൊയ്പ്പോയതുതന്നെ.

—ഡൈമൻഡ്.

ഗദ്യകവിത

# ആശ



**Mohanan P. N.**
**II P. D. C.**

കടൽപ്പുറത്തെ മണലിൽ അവർ ഇരുന്നു.
രാത്രി പകലിനെ വിഴുങ്ങുന്നു;
കടൽ സൂര്യനേയും!
ശൂന്യമായ ആകാശത്തിന്റെ അനന്തതയിലേയ്ക്കും
വിസ്തൃതമായ ആഴിയുടെ അപാരതയിലേയ്ക്കും
ആഴ്ന്നിറങ്ങി, അവരുടെ കണ്ണുകൾ.
നീലാകാശം, അവരെ മാടിവിളിച്ചു.
അനന്തമായ നിശബ്ദത.
''ചിറകുകളുണ്ടായിരുന്നെങ്കിൽ''.
അവൾ ആത്മഗതം ചെയ്തു. അവർക്കു ചിറകുകൾ മുളച്ചു.
വിദൂര നീലിമയിലേയ്ക്ക്,
അനന്ത ശൂന്യതയിലേയ്ക്ക്
അവർ ചിറകുകൾ വിടർത്തി–
പ്പറന്നുയർന്നു.
ഏകാന്ത മൂകതയിൽ,
അരയന്നങ്ങളുടെ ഇടയിൽ,
ഒരു മായാലോകത്തിൽ,
ചിറകു വിരിച്ചവരൊഴുകിനടന്നു.

അവാച്യമായ ആനന്ദാനുഭൂതി,
ഏകാന്തതയിൽ നിന്നുടലെടുത്തു.
കിനാവിന്റെ പച്ചക്കമ്പളം കൊണ്ട്,
അവിടെ കൂടുകെട്ടി, അവർ.

ഏകാന്തതയുടെ അവാച്യാനുഭൂതിയിൽ,
തൈത്തെന്നലിന്റെ മൃദുലാലനത്തിൽ,
മൂടൽ മഞ്ഞിന്റെ സൗഹാർദ്ദ സൗകുമാര്യത്തിൽ,
നിശബ്ദം വിഹരിക്കുന്ന മിന്നാമിനുങ്ങിന്റെ
പീത വർണ്ണ പ്രഭാപൂരത്തിൽ,

മൂകം പ്രവഹിക്കുന്ന ആകാശഗംഗയിൽ,
ആകാശ ഗംഗയുടെ അഗാധ നീലിമയിൽ,
തെന്നലിലാടുന്ന ആകാശ പുഷ്പങ്ങളിൽ,
വായുവിലൊഴുകുന്ന നിശാശലഭങ്ങളിൽ,
ആ വിജനതയിൽ പരിമളം പരത്തുന്ന
പനിനീരിൽ,

ആ നിത്യ സുന്ദര മേഘലോക-
സീമയ്ക്കുള്ളിൽ,
ആ വികാര തീക്ഷ്ണതയിൽ,
ആ സ്വപ്ന സുന്ദര ഭൂമിയിൽ,
ആ നിത്യ നിശബ്ദതയുടെ അപാര-
മൂർദ്ധന്യത്തിൽ,

അനന്തമായ ആനന്ദത്തിന്റെ
ഉറവുകളെ തേടി, അവരലഞ്ഞു.
ഒരു നിശബ്ദ ഗാനത്തിന്റെ രാഗ വീചി,
അന്തരീക്ഷത്തിലലയടിച്ച
ആ പുതിയ ഭൂമിയിൽ.
അവരാത്മനിർവൃതിയടഞ്ഞു.

അറിവില്ലായ്മയുടെ സന്തതിയാണ് മുൻവിധി.

—ഹാസ്ലിറ്റ്.

# ഭാരതരത്നം സി. വി. രാമൻ



**Antony M. A.**
II P. D. C.

ഭാരതത്തിനു് മഹത്തായ ഒരു സംസ്കാരപാരമ്പര്യം ഉണ്ടു്. നമ്മുടെ മുനിശ്രേഷ്ഠന്മാർ പർണ്ണശാലകളിൽ പാർത്തുകൊണ്ടും തപസ്സു ചെയ്തുകൊണ്ടും സമ്പാദിച്ച, ഒരു സംസ്കാരത്തിന്റെ പിൻതുടർച്ചക്കാരാണു് നമ്മൾ. നമ്മുടെ പുരാണങ്ങൾ ശാസ്ത്രഗ്രന്ഥങ്ങളാണു്. ഇവയെല്ലാം നമുക്കു് നഷ്ടപ്പെട്ടതു് കഴിഞ്ഞ രണ്ടു ദശാബ്ദിക്കാലത്തെ വിദേശീയാധിപത്യം ഒന്നുകൊണ്ടു് മാത്രമാണു്. അവർ നമ്മെ ചൂഷണം ചെയ്തുകൊണ്ടു് അവരുടെ ശാസ്ത്രം വളർത്തി. എന്നാൽ ഭാരതത്തിന്റെ അഭിമാനം ഉയർത്തിപ്പിടിക്കുന്നതിനു വേണ്ടി പല മഹാന്മാർ പലപ്പോഴും പരിശ്രമിച്ചിട്ടുണ്ടു്. അവരിൽ പ്രമുഖന്മാരാണു് ഭാരതരത്ന സി. വി. രാമനും, ജഗദീശ ചന്ദ്രബോസും, സസ്യങ്ങൾക്കു് ജീവനുണ്ടെന്നു തെളിയിച്ചു കൊണ്ടു് ബോസ് നമ്മുടെ മഹർഷിമാരുടെ സിദ്ധാന്തങ്ങളെ ആവർത്തിച്ചുറപ്പിച്ചു. എളിയ സാഹചര്യത്തിൽ ജനിച്ചു വളർന്ന സി. വി. രാമൻ സ്വന്തം പ്രതിഭാവിലാസംകൊണ്ടും സ്ഥിര പരിശ്രമംകൊണ്ടും അനസ്യൂതമായ ഗവേഷണം കൊണ്ടുമാണു് ശാസ്ത്രലോകത്തിൽ സ്വന്തം വ്യക്തിമുദ്ര പതിച്ചതു്. 1928-ൽ അദ്ദേഹം ആവിഷ്കരിച്ച "രാമൻ ഇഫക്റ്റു്" ശാസ്ത്രവിജ്ഞാനത്തിനു് അദ്ദേഹം നൽകിയിട്ടുള്ള അദ്വിതീയ സംഭാവനയാണു്. അങ്ങനെ അദ്ദേഹം ലോകശാസ്ത്രജ്ഞന്മാരുടെ മുൻനിരയിൽ സ്ഥാനം പിടിച്ചു.

ഈ പ്രതിഭാവാന്റെ ജീവിതത്തിലേക്കു് നമുക്കു് ഒന്നു് എത്തി നോക്കാം. ശാസ്ത്ര സാഹിത്യാദി കലകളിൽ അതിനിപുണനായിരുന്ന ആർ. ചന്ദ്രശേഖരയ്യർ എന്ന കോളേജധ്യാപകന്റെയും പാർവ്വതിയമ്മാളിന്റെയും പുത്രനായി

1888 നവംബർ 7-ാം തീയതി ചന്ദ്രശേഖര വെങ്കിട്ടരാമൻ തൃശ്ശിനാപ്പള്ളിയിൽ വച്ച് ഭൂജാതനായി. 12 വയസ്സു തികയുന്നതിനു മുൻപുതന്നെ അദ്ദേഹം മെട്രിക്കുലേഷൻ പാസ്സായി. പിന്നീട് 1902-ൽ എഫ്. എ. പരീക്ഷ പ്രശസ്തമായ രീതിയിൽ പാസ്സായി. 14-ാം വയസ്സിൽ ഫിസിക്സ് ഐച്ഛിക വിഷയമെടുത്ത് മദ്രാസ് പ്രസിഡൻസികോളേജിൽ ബി. എ. ക്കു ചേർന്നു. യൂണിവേഴ്സിറ്റിയിൽ ഒന്നാമനായി ഒന്നാം ക്ലാസ്സിൽ പാസ്സായ ഉടനെ രാമൻ അതേ വിഷയത്തിനു് എം. എ. ക്കു ചേർന്നു. 1907-ൽ ഒന്നാം ക്ലാസ്സിൽ ഒന്നാമനായി എം. എ. ബിരുദം എടുത്തു. ആദ്യം കല്ക്കട്ടായിൽ ഡപ്യൂട്ടി അക്കൗണ്ടന്റായി ജോലി ആരംഭിക്കുന്ന രാമൻ പിന്നീട് ഡോ. മഹേന്ദ്രലാൽ സ്ഥാപിച്ച ഇന്ത്യൻ ശാസ്ത്ര സമിതിയിൽ അംഗമായും, കല്ക്കട്ടാ യൂണിവേഴ്സിറ്റി ഫിസിക്സ് പ്രൊഫസറായും സേവനം അനുഷ്ടിച്ചു. അപ്പോഴേക്കും അദ്ദേഹം ഇന്ത്യയ്ക്കകത്തും പുറത്തും ശാസ്ത്രജ്ഞനെന്ന നിലയിൽ പ്രശസ്തനായിക്കഴിഞ്ഞു. 1921-ൽ ലണ്ടനിൽ നടന്ന സർവ്വകലാശാല സമ്മേളനത്തിലും, 1924-ൽ കാനടായിൽ നടന്ന ശാസ്ത്ര സമ്മേളനത്തിനും തന്റെ വൈദഗ്ധ്യം പ്രകടമാക്കി. അമേരിക്കയിലും കാനഡയിലും അദ്ദേഹം പ്രഭാഷണ പര്യടനം നടത്തുകയും കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നാലുമാസത്തെ വിസിറ്റിംഗ് പ്രൊഫസറായി സേവനമനുസ്ടിക്കുകയും ചെയ്തു.

സി. വി. രാമന്റെ ഉത്സാഹത്തിൽ ആണ് 1924 ൽ ഇന്ത്യൻ സയൻസ് കോൺഗ്രസ് രൂപവൽകൃതമായത്. ആദ്യം അതിന്റെ സെക്രട്ടറിയായും പിന്നീട് പ്രസിഡന്റ് ആയും സേവനമനുഷ്ടിച്ചിട്ടുണ്ട്. 1925 ൽ റഷ്യൻ സയൻസ് അക്കാഡമിയുടെ ഇരുപതാം വാർഷികത്തിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്തത് സി. വി. രാമൻ തന്നെയാണ്. അദ്ദേഹം 1926ൽ ഇന്ത്യൻ ജേർണൽ ഓഫ് ഫിസിക്സ് ആരംഭിച്ചു. അങ്ങനെ അദ്ദേഹം ലോകശാസ്ത്രജ്ഞന്മാരിൽ എണ്ണപ്പെടുന്നവരിൽ ഒരുവനായി ഉയർന്നു. പ്രകാശത്തെ സംബന്ധിച്ച് വളരെ വർഷങ്ങളോളം നടത്തിപ്പോന്ന ഗവേഷണ തപസ്യകളുടെ അത്യുത്തമഫലമായി "രാമൻ എഫക്ട്" 1928 ൽ കണ്ടുപിടിച്ചു. 1930 ൽ ഫിസിക്സിനുള്ള നോബൽ സമ്മാനം നൽകി ലോകം അദ്ദേഹത്തെ ആദരിച്ചു. 1933 ൽ സി. വി. രാമൻ ബാംഗ്ലൂർ ഇന്ത്യൻ സയൻസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി, 15 വർഷം സേവനമനുഷ്ടിച്ചിട്ടുണ്ട്. 1948 ൽ തൽസ്ഥാനത്തുനിന്ന് വിരമിച്ച് ബാംഗ്ലൂരിൽ രാമൻ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ച് അതിന്റെ ചുമതല നിർവ്വഹിച്ചുപോന്നു. ഇന്ത്യയുടെ ആദ്യത്തെ നാഷണൽ റിസേർച്ച് പ്രൊഫസറായി അംഗീകരിക്കപ്പെട്ടു.

1929 ൽ ബ്രിട്ടീഷ് ചക്രവർത്തി അദ്ദേഹത്തിന് സർ സ്ഥാനം നൽകി ബഹുമാനിച്ചു. 1954ൽ ഒരു ഭാരതീയനു ലഭിക്കാവുന്ന രാഷ്ട്രത്തിന്റെ ഏറ്റവും വലിയ ബഹുമതി "ഭാരത രത്നം" രാഷ്ട്രപതി അദ്ദേഹത്തിനു നൽകി. കൂടാതെ അനേക വിദേശരാജ്യങ്ങൾ അനേകതരത്തിലുള്ള ബഹുമതികൾ നൽകി അദ്ദേഹത്തെ ബഹുമാനിച്ചിട്ടുണ്ട്.

സി. വി. രാമൻ അവസാനകാലത്തും ഗവേഷണങ്ങൾ തുടരുകയും പല പുതിയ സിദ്ധാന്തങ്ങളും ആവിഷ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം ഇംഗ്ലീഷിലും തമിഴിലും പല ഗ്രന്ഥങ്ങൾ രചി

# മനുഷ്യൻ നൂററാണ്ടുകളിലൂടെ

ഡാർവിന്റെ പരിണാമ സിദ്ധാന്തമനുസരിച്ച് ജീവജാലങ്ങളിൽ വച്ച് ഏററവും ശ്രേഷ്ഠമെന്ന് കരുതുന്ന മനുഷ്യൻ പോലും ഏകകോശ ജീവികളിൽ നിന്ന് സുദീർഘമായ ഒരു പരിണാമത്തിന് ശേഷം ഉണ്ടായിട്ടുള്ളതാണ്. തികച്ചും ശാസ്ത്രീയമായ ഈ കാഴ്ചപ്പാടുകൾക്കെതിരായി ഡാർവിനിസത്തിന്റെ ഉത്ഭവത്തിന് മുമ്പുതന്നെ മനുഷ്യന്റെ ഉത്ഭവത്തെക്കുറിച്ച് വളരെയധികം കഥകൾ പ്രചരിച്ചിരുന്ന ക്രൈസ്തവ പുരാണമനുസരിച്ച് ദൈവം ആദ്യം നിർജ്ജീവങ്ങളായ ഗോളങ്ങളെ സൃഷ്ടിച്ചുവെന്നും അതിനുശേഷം ചൈതന്യവാഹികളായ സസ്യലോകത്തെയും, ജന്തുലോകത്തെയും സൃഷ്ടിച്ചുവെന്നും പറയുന്നു. ഉല്പത്തിയുടെ പുസ്തകത്തിൽ വ്യക്തമാക്കിയിരിക്കുന്നത് ശരിയാണെങ്കിൽ, ഈ ഭൂമുഖത്ത് ആദ്യം രംഗപ്രവേശനം ചെയ്തത് മത്സ്യങ്ങളാണ്. അവയ്ക്ക് ശേഷം ക്രമാനുഗതമായി, പക്ഷികളും, ഇഴജന്തുക്കളും, മനുഷ്യനും സൃഷ്ടിക്കപ്പെട്ടു. എന്നാൽ ശാസ്ത്രം ഇതിൽനിന്ന് എത്രയോ വിഭിന്നങ്ങളായ ആശയഗതികളാണ് മനുഷ്യനും, കുരങ്ങും, ഇഴജന്തുക്കളും എല്ലാം ഉൾക്കൊള്ളുന്ന ഈ ജന്തുലോകത്തെക്കുറിച്ച് വെളിപ്പെടുത്തിയിരിക്കുന്നത്.



**Augustine P.**
III D. C.

---

ച്ചിട്ടുണ്ട്. നോബൽ സമ്മാനത്തിനു പുറമെ അനേകം വിദേശ ബഹുമതികളും അദ്ദേഹം കരസ്ഥമാക്കിയിട്ടുണ്ട്. ആധുനിക ഭാരതത്തിന്റെ ശാസ്ത്രീയാഭിവൃദ്ധിയുടെ മകുടോദാഹരണമാണ് സി. വി. രാമൻ.

ആ തേജോഗോളം, യുവശാസ്ത്രജ്ഞന്മാരുടെ മാർഗ്ഗദർശി, ഭാരതത്തിന്റെ അഭിമാനസ്തംഭം 1970 നവംബർ 21—ാം തീയതി 82—ാമത്തെ വയസിൽ ഭൗതിക ശരീരം വെടിഞ്ഞു. എങ്കിലും അദ്ദേഹത്തിന്റെ അന്യാദൃശമായ നേട്ടങ്ങളിൽക്കൂടിയും ശിഷ്യപരമ്പരയിൽ കൂടിയും ആ ശാസ്ത്രാചാര്യൻ അനശ്വരനായി ജീവിക്കുന്നു.

ഹൈ! ഓ! എന്റെ ഹീറോ പേന ഒടിഞ്ഞുപോയി!

ഇനി എന്നാചെയ്യും?

യു ഡോംഡ്വറി!

**മത്തായിച്ചേട്ടൻ താഴെയില്ലേ?**

അവിടെ നന്നാക്കുമോ?

**പിന്നെ! സ്റ്റുഡൻസിനു**

**വേണ്ടതെല്ലാം അവിടെക്കിട്ടും.**

**ഫാഷൻ ജൗളിത്തരങ്ങൾക്കു്**

സന്ദർശിക്കുക!

**പെട്ടക്കാട്ട സ്റ്റോഴ്സ്**

കുറവിലങ്ങാട്

# കോയിക്കൽ സ്റ്റോഴ്സ്

## കുറവിലങ്ങാട്

എല്ലാവിധ ജൗളിത്തരങ്ങൾക്കും, സ്റ്റേഷനറി സാധനങ്ങൾക്കും

**സന്ദർശിക്കുക!**

**Prop:**
കെ. ഡി. ചാണ്ടി

സന്ദർശിക്കുക!!

# പരിയാനിക്കൽ സ്റ്റോഴ്സ്

**(Near Deva Matha College Junction)**

കുറവിലങ്ങാട്

എല്ലാവിധ ജൗളിത്തരങ്ങൾ, കടകൾ, കോളജ് കുട്ടികൾക്കും സ്കൂൾ കുട്ടികൾക്കും ആവശ്യമുള്ള സ്റ്റേഷനറി സാധനങ്ങൾ, നോട്ടുബുക്കുകൾ തുടങ്ങിയവ ഇവിടെനിന്നും ലഭിക്കുന്നു.

**Prop:**
**പി. സി. വർക്കി,**
**പരിയാനിക്കൽ**

ഈ ഭൂമുഖത്തുള്ള ജീവജാലങ്ങളെ നട്ടെല്ലുള്ളവയെന്നും, നട്ടെല്ലില്ലാത്തവയെന്നും പൊതുവെ തരം തിരിക്കാം. ഏകകോശ ജീവിയായ അമീബ മുതൽ ബഹുകോശ ജീവികളായ കടൽ ചേനകൾ, (Echinoderms) വരെയുള്ള ജീവികൾ നട്ടെല്ലില്ലാത്ത ജീവികളുടെ കൂട്ടത്തിൽപ്പെടുന്നു. നട്ടെല്ലികളായവയിൽ മത്സ്യങ്ങളും (Fishs) ഉഭയജീവികളും, (Amphibia) ഉരഗങ്ങളും (Reptileo) പക്ഷികളും, (Birds) സസ്തിനികളും (Mammals) ഉൾപ്പെടുന്നു.

പരിണാമത്തിന്റെ ഒടുവിലത്തെ കണ്ണിയായ മനുഷ്യൻ പോലും മേൽപ്പറഞ്ഞ ജീവികളിൽ നിന്നും നിർദ്ധാരണം മൂലം ഉണ്ടായിട്ടുള്ളതാണെന്ന് ശാസ്ത്രീയമായി തെളിയിച്ചുവരികയാണ്, ജീവികൾ തമ്മിൽ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരവിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നതായി ഗവേഷണങ്ങൾ തെളിയിച്ചിട്ടുണ്ട്. നിലനിൽപിന് വേണ്ടിയുള്ള സമരത്തിൽ രക്ഷ പ്രാപിക്കുന്നതിനുവേണ്ടി ഓരോ ജീവികളും കഴിയാവുന്നിടത്തോളം പ്രകൃതിയുമായി ഒത്തിണങ്ങി പോകുന്നതിന് ശ്രമിക്കുന്നുണ്ട്. അക്രമിക്കുന്നതിനും, അക്രമണങ്ങളെ തടയുന്നതിനും ഓരോ ജീവികളിലും പ്രത്യേകമായ അംഗസംവിധാനങ്ങൾ പ്രകൃതിതന്നെ നൽകിയിട്ടുണ്ട്. തുണ്ടു തുണ്ടായി അരിഞ്ഞ് കളഞ്ഞാൽ പോലും പുനർജന്മം കൊള്ളുന്ന ഹൈഡ്രയെപ്പോലുള്ള ജീവികളും, അപായകരമാംവിധം വൈദ്യുതരംഗങ്ങൾ പുറപ്പെടുവിച്ച് ശത്രുക്കളെ നിഷ്പ്രഭമാക്കാൻ കഴിവുള്ള മത്സ്യങ്ങളും ഇന്നും ഈ ജന്തുലോകത്തിലുണ്ട്. 80 അടി നീളമുള്ള തിമംഗലങ്ങളും ½ ഇഞ്ച് പോലും നീളമില്ലാത്ത പൂഞ്ഞാൻ വർഗ്ഗത്തിലുള്ള മത്സ്യങ്ങളുമെല്ലാം ജന്തുലോകത്തിലെ അത്ഭുത പ്രതിഭാസങ്ങളാണ്.

മത്സ്യങ്ങളിൽനിന്നും രൂപം പ്രാപിച്ച ഉഭയജീവികളുടെ കാര്യം തന്നെയെടുക്കാം. പ്രസിദ്ധ ജീവശാസ്ത്രജ്ഞനായ റോമറിന്റെ അഭിപ്രായത്തിൽ കരയിൽ സഞ്ചരിക്കുവാനാരംഭിച്ച ആദ്യത്തെ നട്ടെല്ലികളാണിവ. പ്രതികൂല സാഹചര്യങ്ങളുമായി ഒത്തിണങ്ങി പോകുന്നതിന് സാധിച്ച ആദ്യകാല നട്ടെല്ലികൾ നിർദ്ധാരണങ്ങളിലൂടെ വളർച്ച പ്രാപിക്കുകയും പിൽക്കാലത്തെ ഉരഗങ്ങളായി രൂപം പ്രാപിക്കുകയു ചെയ്തു. പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്യാൻ സാധിക്കാതെ പോയ ജീവികളെല്ലാം നാശോൻമുഖമാകുകയും ചെയ്തു.

ഇഴജന്തുക്കളായ ഓന്ത്, ഉടുമ്പ്, പാമ്പുകൾ, എന്നിവ ഉരഗങ്ങളുടെ കൂട്ടത്തിൽപ്പെടുന്നവയാണ്. 20 കോടി വർഷങ്ങൾക്കപ്പുറം ജീവിച്ചിരുന്ന ഉരഗങ്ങളുടെ അവശിഷ്ടങ്ങൾ ഗവേഷണ ഫലമായി കണ്ടുകിട്ടിയിട്ടുണ്ട്. ഇതിലും വളരെയത്ഭുതകരങ്ങളായ രഹസ്യങ്ങൾ ഉരഗലോകത്തിൽ ശേഷിച്ചിട്ടുണ്ട്. ഓസ്ട്രേലിയായിലെ ന്യൂസിലൻറിൽ കാണുന്ന "സ്ഫീനടോൻ" എന്ന ഉരഗത്തിന് 20 കോടിയിലധികം പ്രായമുണ്ട്. നമ്മളുടെ കായലുകളിലും ശുദ്ധജല തടാകങ്ങളിലും മുതലയും ചീങ്കണ്ണിയുമെല്ലാം പഴയ ഉരഗലോകത്തിലെ പുതിയ കാരണവന്മാരാണ്. മനുഷ്യനേയും അവന്റെ സംസ്കാരത്തേയും കാൾ എത്രയോ പുരാതീനമായ ഒരു കുടുംബചരിത്രവും സംസ്കാരവുമെല്ലാം മണ്ണും തിന്ന് മാളങ്ങളിൽ കഴിഞ്ഞുകൂടുന്ന ഈ ഉരഗ ശ്രേഷ്ഠന്മാർക്കുണ്ട്. കഴിഞ്ഞുപോയ സുവർണ്ണ കാലത്തിന്റെ മധുര സ്വപ്നങ്ങളുമായി

അവയിന്നും രാവും പകലും ഇഴയുകയാണ്. ഈ ജന്തുലോകത്തെ മുഴുവൻ വാണരുളിയിരുന്ന ഈ ജന്തുശ്രേഷ്ഠന്മാരുടെ ഇന്നത്തെ സ്ഥിതി വളരെ ശോചനീയം തന്നെ. സസ്തനികൾക്ക് രൂപം കൊടുത്ത ഈ പ്രപിതാമഹന്മാർ തങ്ങളുടെ മക്കളായ മനുഷ്യരെ ഓർത്ത് അവരുടെ നിലനില്പിന് വേണ്ടിയുള്ള പ്രകൃതിയുമായുള്ള സമരങ്ങൾ കണ്ട് ഒരു വേള കണ്ണീരൊഴുക്കുന്നുണ്ടാവും.

ആദത്തിന്റെ കാലം മുതൽ ദൈവം പുച്ഛിച്ചുതള്ളിയ ഈ ഉരഗങ്ങൾ മണ്ണിൽ കൂടെ ഇഴഞ്ഞും വലിഞ്ഞും ആഹാരത്തിനു വേണ്ടി വളരെയധികം ക്ലേശിച്ചും യുഗങ്ങൾ തള്ളിനീക്കേണ്ടിവന്നു. പക്ഷേ ദൈവത്തിന്റെ ഈ കഠിന ശാപത്തിനെതിരായി പ്രകൃതിമാതാവ് അവർക്ക് ശാപമോക്ഷം നല്കി ഉരഗങ്ങളിൽ നിന്നും പിൽകാലത്ത്, പരിണാമം സംഭവിച്ച് ആകാശത്തിൽ പറന്ന് നടന്ന ഈ പക്ഷിശ്രേഷ്ഠന്മാരെ "വാഴ്ത്തപ്പെട്ട ഉരഗങ്ങൾ". (Glorified Reptiles) എന്ന് നാമകരണം ചെയ്തിരിക്കുന്നു.

പക്ഷികളിൽ നിന്നാണ് സസ്തനികൾ ഉണ്ടായിട്ടുള്ളതെന്നുള്ള വാദം ഈയിടെ ശാസ്ത്രകാരന്മാർ നിഷേധിച്ചിട്ടുണ്ട്. മറിച്ച് സസ്തനികളും പക്ഷികളുമെല്ലാം ഉരഗങ്ങളിൽനിന്നും രൂപം പ്രാപിച്ചവയാണെന്ന് കരുതപ്പെടുന്നു. കുരങ്ങിൽ നിന്നാണ് മനുഷ്യനുണ്ടായിട്ടുള്ളതെന്നുള്ള വാദത്തിന് സഹായമായി യാതൊരു തെളിവുകളും കാണിക്കുവാനില്ല. എന്നാൽ കുരങ്ങുകൾക്കും മനുഷ്യനും ഒരു പൊതു കാരണവർ ഉണ്ടായിരുന്നുവെന്ന് മനസ്സിലാക്കുവാൻ സാധിക്കും.

ആകെ കൂടി പരിണാമ വാദം ശാസ്ത്രജ്ഞന്മാർക്കിന്നും ഒരു മിസ്റ്ററി തന്നെയാണ്. പരിണാമ വാദത്തിന് ഉപോൽബലകമായി വളരെയധികം തെളിവുകൾ കിട്ടിയിട്ടുണ്ടെങ്കിലും ഇനിയും പലതും കിട്ടേണ്ടിയിരിക്കുന്നു. ദീർഘമായ തപസ്സ്യയുടേയും അക്ഷീണമായ പ്രയത്നത്തിന്റേയും കരങ്ങൾക്ക് മാത്രമെ അജ്ഞതയുടെ ഈ വലിയ മറ വലിച്ചുകീറുവാൻ സാധിക്കുകയുള്ളൂ. താർക്കികവും ശാസ്ത്രീയവും, ഭൗതികവുമായ ചിന്താസരണികളുടെ മുമ്പിൽ ആത്മീയവാദം ഒരു വിലങ്ങുതടിയായി നിൽക്കുന്നത് ശാസ്ത്രീയമായ നേട്ടങ്ങൾക്ക് എക്കാലത്തും വിഘാതമായി നിന്നിട്ടുണ്ട്. മനുഷ്യന്റെ ഉല്പത്തിയെക്കുറിച്ചും അവന്റെ ഭൗതിക മണ്ഡലത്തെ സംബന്ധിച്ചും വ്യക്തമായി അറിവുകൾ ലഭിക്കേണ്ടത് മനുഷ്യ പുരോഗതിക്ക് അത്യാവശ്യമാണ്. ഡാർവിന്റെ പരിണാമ വാദം ഈ വഴിക്ക് ഏതുകൊണ്ടും മനുഷ്യപുരോഗതിയുടെ ആദ്യത്തെ കാൽവെയ്പാണ്.

★

നിദ്രയിൽ ആരും മഹാനായിത്തീർന്നിട്ടില്ല.

—കാർലൈൻ.

ചെറുകഥ

# പ്രതിഫലം



**K. V. Kurian**
II P. D. C.

ശാരദ ഞെട്ടി കണ്ണു തുറന്നു. എന്തോ പേടിപ്പെടുത്തുന്ന സ്വപ്നം കണ്ടിട്ടെന്ന പോലെ. സമയം ഏതാണ്ട് പതിനൊന്നു മണിയായിക്കാണും. ഭർത്താവ് ഇതുവരെ എത്തിയിട്ടില്ല. രാവിലെ ഓഫീസിൽ പോയതാണ്. അഞ്ചു മണിക്ക് മുമ്പ് എത്തുമായിരുന്നു ആദ്യമൊക്കെ. പന്ത്രണ്ടിന് മുമ്പ് ഇപ്പോഴും വരാറില്ല. ഏകദേശം മൂന്നു മാസമായിക്കാണും ഇങ്ങനെയായിട്ട്. ലഹരിപദാർത്ഥങ്ങൾ ഒന്നും ഉപയോഗിക്കാറില്ലായിരുന്നു. എന്നാൽ ഇന്ന് മദ്യത്തിന്റെ മണമായിരിക്കും ആദ്യം മുറിയിൽ എത്തുക.

കട്ടിലിൽ എഴുന്നേററിരുന്നു. ഭർത്താവിന്റെ വരവും പ്രതീക്ഷിച്ച്. കിടക്കയിലേക്കൊററുനോക്കി. ജനലഴികളെ ഭേദിച്ചുവരുന്ന അരണ്ട നിലാവെളിച്ചമേ ഉള്ളൂ, ആ മുറിയിൽ. തന്റെ പുന്നാരമോൻ കിടന്നുറങ്ങുന്നു. മനോജ്– ഇടതുവശം ചരിഞ്ഞാണവൻ കിടക്കുന്നത്. ആ കുസൃതിക്കുടുക്കയുടെ മുഖത്തേയ്ക്ക് അധികസമയം നോക്കിയിരിക്കാൻ അവൾക്കു കഴിഞ്ഞില്ല. ആ പൂങ്കവിളുകളിൽ പഞ്ചാരമുത്തം അർപ്പിക്കുവാൻ കുനിഞ്ഞതാണ്. പക്ഷേ, കഴിഞ്ഞില്ല. മനസ്സു വിലക്കി. അവൻ കാണുന്ന പൊൻകിനാവുകളുടെ പ്രതിഫലനമായിരിക്കണം ആ മുഖത്തു മാറി മാറി പ്രത്യക്ഷപ്പെടുന്ന ഭാവങ്ങൾ. അവൾ എഴുന്നേററു ലൈററിട്ടു. മുറിയിൽ വെളിച്ചം പരന്നു. മനോജ്! അച്ഛന്റെ തനിപ്പകർപ്പാണ്. ആ കണ്ണും, ആ മൂക്കും, ആ മുടിയും എല്ലാം. അദ്ദേഹത്തിന്റേതുതന്നെ. ഒരു മാററവുമില്ല.

ഈ പാതിരാത്രിയിൽ തന്റെ ഭർത്താവിനെന്തെങ്കിലും സംഭവിച്ചാൽ. ഓ! ഓർക്കാൻകൂടി കഴിയുന്നില്ല. നിശയുടെ ഏകാന്തതയെ ഭേദിക്കുമാറ് എവിടെ

യോ ഒരു പട്ടി ഓരിയിടാൻ കൂവുന്ന അയൽ വീട്ടിലെ പൂവൻ കോഴികൾ മത്സരിച്ചു കൂവുന്നതു് നേരം പാതിരാത്രിയായി എന്നറിയിക്കാനായിരിക്കണം. മെല്ലെ ജനലകരൽ എത്തി. പുറത്തേക്കു നോക്കി. ഒന്നും കാണാൻ കഴിഞ്ഞില്ല.

തിരിഞ്ഞു നടന്നു. അലമാരിയിലെ നിലക്കണ്ണാടിയിലേയ്ക്കു് നോക്കി. വിവാഹശേഷം അച്ഛൻ വാങ്ങിത്തന്നതാണു്. ആ കണ്ണാടിയിൽ ഒരു സ്ത്രീരൂപം. നടുങ്ങിപ്പോയി. സൂക്ഷിച്ചു നോക്കി. അതേ താൻ തന്നെ. പൂവൻ പഴം പോലെ മനോഹരമായിരുന്ന തന്റെ ശരീരം. ഓ! ഇന്നതു വെറും അസ്ഥി മാത്രമാണു്. ഒണക്കച്ചുള്ളിയിൽ തുണി ചുററിയതുപോലെ. മാംസളമായിരുന്ന കവിളുകൾ ഇന്നൊട്ടിയിരിക്കുന്നു. കറത്തിരുണ്ട ഈ ചുണ്ടുകൾ അന്നു് തൊണ്ടിപ്പഴം പോലെ മനോഹരമായിരുന്നില്ലേ. രക്തമയം പോലുമില്ലാതെ പച്ചമുളമ്പാള പോലെ വെളുത്തുവിളറിയ ശരീരം.... കഴിഞ്ഞ കണ്ണുകൾക്കു താഴെ എന്തേ ഇന്നീ കറുത്ത പാടുകൾ. ഒരിക്കൽ നിറഞ്ഞു മുററി നിന്നിരുന്ന മാറിടം എല്ലുന്തി മുഴച്ചിരിക്കുന്നു.

അധികനേരം ആ കണ്ണാടിയിലേയ്ക്കു നോക്കി നിൽക്കാൻ ശാരദയ്ക്കു കഴിഞ്ഞില്ല. തന്റെ ശരീരസൗന്ദര്യം മുഴുവൻ നഷ്ടപ്പെട്ടിരിക്കുന്നു. അതോ നഷ്ടപ്പെടുത്തിയതാണോ?.... കട്ടിലിൽ വന്നു കിടന്നു. വലതുവശം ചരിഞ്ഞു്. ആ കിടപ്പിൽ ചിന്താസാഗരത്തിലേയ്ക്കു് അവളെ ആരോ കൂട്ടിക്കൊണ്ടുപോയി. ഇന്നെല്ലാവരും തന്നെ വെറുക്കുന്നു. തന്റെ എല്ലാമായ പ്രിയപ്പെട്ട ഭർത്താവു പോലും. എല്ലാവരും തന്നെ നോക്കുകയും ആരാധിക്കുകയും ചെയ്തിരുന്ന ഒരു കാലമുണ്ടായിരുന്നു. അതങ്ങു പിന്നിലാണു്. മടങ്ങി വരാത്തവണ്ണം അത്ര അകലത്തിൽ.

താനിന്നൊരു രോഗിയാണു്. ക്ഷയരോഗി! തന്റെ പ്രിയപ്പെട്ട അച്ഛൻ തന്ന വിലപ്പെട്ട സമ്മാനം. അച്ഛനെ ഏററവുമധികം സ്നേഹിച്ചിരുന്നതു് താനായിരുന്നു. അവസാന കാലത്തു് അദ്ദേഹത്തെ ശുശ്രൂഷിച്ചതും മററാരുമായിരുന്നില്ല. അന്നു്– മഞ്ഞനിറമുള്ള ആ കണ്ണുകളോടു് മുഖം ചേർത്തു കരഞ്ഞപ്പോൾ തനിക്കു് വീർപ്പു മുട്ടൽ അനുഭവപ്പെട്ടിരുന്നില്ല. ചുമച്ചു തുപ്പുന്ന കഫക്കട്ട തുവാല കൊണ്ടു് തുടച്ചപ്പോൾ തനിക്കു് വെറുപ്പു് തോന്നിയിരുന്നില്ല. ചുമച്ചു ചുമച്ചു് അച്ഛൻ ശ്വാസം മുട്ടിപ്പിടഞ്ഞപ്പോൾ താനാ നെഞ്ചു തടവിയതു് ഭയത്തോടുകൂടിയായിരുന്നില്ലല്ലോ. അച്ഛന്റെ ചുണ്ടിൽ നിന്നും രോഗാണുക്കൾ നിറഞ്ഞ തുപ്പൽ തന്റെ മുഖത്തു പതിച്ചപ്പോൾ തനിക്കു് ശ്വാസം മുട്ടൽ അനുഭവപ്പെട്ടിരുന്നില്ലല്ലോ.

എന്നിട്ടും എല്ലാവരും തന്നെ വെറുക്കുന്നു. താനെല്ലാവരെയും സ്നേഹിച്ചിട്ടു പോലും.... ആ സ്നേഹത്തിന്റെ പ്രതിഫലമാണോ ഈ കഠിനമായ രോഗം? നെഞ്ചു പറിഞ്ഞു പോരുന്ന തരത്തിലുള്ള ചുമ. ചുമയുടെ ഭീകര ശബ്ദത്താൽ മനോജ് ഉണരാതിരിക്കുവാൻ ശാരദ തന്റെ വായു് പൊത്തിപ്പിടിച്ചു.

അന്നു്.... താനൊരു ക്ഷയരോഗിയാണെന്നു് ഡോക്ടർ പറഞ്ഞപ്പോൾ, തളർന്നു് നിലത്തു വീണുപോയി. അപ്പോൾ തന്റെ ഭർത്താവിന്റെ മുഖത്തു പ്രത്യക്ഷപ്പെട്ട ഭാവം ഭയത്തിന്റേതായിരുന്നോ, വെറുപ്പിന്റേതായിരുന്നോ? ഓ! ചിന്തിക്കാൻകൂടി കഴിയുന്നില്ല.... നേര

ത്തേ ചികിത്സിച്ചിരുന്നെങ്കിൽ സുഖമായേനെ. ചെറുപ്പം മുതലേ തന്നിൽ രോഗാണുക്കൾ വളരാൻ തുടങ്ങിയിരുന്നു.

ഡോക്ടർ പരിശോധിച്ച അന്നു തുടങ്ങിയതാണ് ഭർത്താവിനൊരു മാറ്റം. ഇത്രമാത്രം സ്നേഹനിധിയായ ഒരു ഭർത്താവിനെ കിട്ടിയതിൽ താനാദ്യം അഹങ്കരിച്ചിരുന്നില്ലേ?. എന്തൊരു സ്നേഹമായിരുന്നു അദ്ദേഹത്തിന് തന്നോട്. താനെന്തുപറഞ്ഞാലും അതനുസരിക്കുമായിരുന്നു. എന്നാൽ ഇന്നോ?.... താനദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നതുപോലും ഇന്നു വെറുപ്പാണ്. തനിക്കൊന്നിലും ഒരധികാരവും ഇല്ലാതായി. ഭക്ഷണം പാകപ്പെടുത്താനും വിളമ്പാനും എല്ലാം ഇന്നു വേലക്കാരിയുണ്ട്. എല്ലാ അധികാരങ്ങളും അവർക്കാണ്. അദ്ദേഹത്തിന്റെ അടുത്തിരുന്ന് ഭക്ഷണം കഴിക്കാൻ ഇന്ന് തന്നെ അനുവദിക്കില്ല. എന്തിന്.... തന്റെ പുന്നാര മോനെ ഒന്നെടുത്തു ലാളിക്കാനുള്ള അവകാശം പോലും തനിക്കിന്നു നിഷിദ്ധമാണ്. ഈ രോഗം അവനിലേയ്ക്കുകൂടി വ്യാപിച്ചാൽ.... താൻ മൂലം അവനും നശിച്ചാൽ.... ഓ! ഓർക്കാൻകൂടി കഴിയുന്നില്ല.

എഴുന്നേറ്റ് ചെന്ന് സാവധാനം വാതിലിന്റെ കുറ്റി ഊരി. ജനൽപ്പാളി ചാരിയിട്ടു. വീണ്ടും വന്നു കിടന്നു. നല്ല തണുത്ത കാറ്റുണ്ട്. എന്നിട്ടും ജനലും വാതിലുമെല്ലാം തുറന്നിടാൻ അവൾക്കു തോന്നി. അസഹ്യമായ വേദനയാണ് ശരീരമാസകലം. ചുമ........ അടക്കാൻ കഴിഞ്ഞില്ല........ താഴെയിരുന്ന കോളാമ്പിയിലേയ്ക്ക് ചുമച്ചു തുപ്പി........ കൊഴുത്ത കഫം.... അതിനൊരു വല്ലാത്ത ചുവയുണ്ടായിരുന്നു.

തനിക്കെല്ലാമെതിരാണ്. എല്ലാവരെയും സ്നേഹിച്ച തന്നെ എല്ലാവരും വെറുക്കുന്നു. ഈശ്വരൻ പോലും ഇന്നു തനിക്കെതിരാണ്. ഇത്ര വലിയ ശിക്ഷയനുഭവിക്കാൻ താനെന്തു തെറ്റുചെയ്തു. എല്ലാവരേയും സ്നേഹിച്ചതാണോ താൻ ചെയ്ത തെറ്റ്. മരണ സമയത്ത് അച്ഛനെ ശുശ്രൂഷിച്ചതാണോ താൻ ചെയ്ത കടും പാതകം. അതിന് ഈശ്വരൻ തനിക്കു തന്ന പ്രതിഫലമാണോ ഈ കഠിന രോഗം. ആ കിടപ്പിൽ എത്ര സമയം കിടന്നു എന്നറിഞ്ഞുകൂടാ. ആ ചിന്താസാഗരത്തിൽ നിന്നും തിരിച്ചെത്തുന്നതിനുമുമ്പേ നിദ്രാദേവി ശാരദയെ അനുഗ്രഹിച്ചിരുന്നു.

ഉറക്കമുണർന്നപ്പോൾ മദ്യത്തിന്റെ മണം മൂക്കിലേയ്ക്കടിച്ചു കയറി. അദ്ദേഹം എപ്പോഴാണ് വന്നത്. കുടിച്ചു ലക്കില്ലാതെ വന്ന തന്റെ പ്രിയ ഭർത്താവ് തറയിൽ കിടന്ന് കൂർക്കം വലിക്കുന്നു.

ജീവിതം വിരിയാത്ത ഒരു പനിനീർപ്പൂവിന്റെ സാഫല്യമടയാത്ത ഒരു സ്വപ്നമാണ്.

—കീറ്റ്സ്.

ചെറുകഥ



# സമാഗമം

**Babu K. M.**
I P. D. C.

ഒരിക്കൽ ബസ്സിൽ വച്ചാണെന്നു തോന്നുന്നു മഞ്ജുവെ ആദ്യം കണ്ടതു്. അവൾ മാത്രമേ നില്ക്കുന്നുണ്ടായിരുന്നുള്ളു. അതാണു് ശ്രദ്ധിക്കാൻ കാരണം.

ആദ്യംതന്നെ എന്തോ പ്രത്യേകത തോന്നി. അതേ. മറ്റു കുട്ടികളിൽ കാണാൻ കഴിയാത്ത എന്തോ ഒന്നു്. വിടർന്ന നീലക്കണ്ണുകളും, നെറ്റി പകുതി മറച്ചുകിടന്ന ചുരുണ്ട മുടിയും, എന്തോ ഓർമ്മകൾ എന്നിൽ ഉണർത്തിവിട്ടു. എവിടെവച്ചോ കണ്ടു മറന്നതുപോലെ.

ഓർമ്മിക്കാൻ ശ്രമിച്ചു. പക്ഷേ ഓർമ്മകൾ കൂടുതൽ അവ്യക്തമാവുകയാണു ചെയ്തതു്. എവിടെവച്ചോ കണ്ടിട്ടുണ്ടെന്നുള്ളതു തീർച്ച.

കോളജ് പടിക്കൽ ഞാനിറങ്ങി. മറ്റു പെൺകുട്ടികളോടൊപ്പം ആ കുട്ടിയും ഇറങ്ങി. മറ്റുള്ളവരിൽ നിന്നകന്നു് അവൾ തനിയെ നടന്നു. വിമൻസ് കോളജിന്റെ പടി കടക്കുന്നതുവരെ ഞാൻ സാവധാനം നടന്നു.

തല ഒരു വശത്തേയ്ക്കു് അല്പം ചരിച്ച് അവൾ അകത്തേയ്ക്കു കയറിയപ്പോൾ ഞാൻ ഓർത്തു, "ഈ നടപ്പ് എനിക്കു സുപരിചിതമാണു്". പക്ഷേ ഓർമ്മിക്കാൻ സാധിച്ചില്ല.

പിന്നീടു് പലപ്പോഴും മറ്റു കുട്ടികൾക്കിടയിൽ അവളെ അന്വേഷിച്ചു, മനപ്പൂർവ്വമല്ലെങ്കിലും. കണ്ടപ്പോഴൊക്കെ മനസ്സ് അസ്വസ്ഥമായി. അഴുക്കു പുരണ്ട കണ്ണാടിയിൽ നോക്കിയാലെന്നപോലെ അവ്യക്തമായ എന്തോ ഒന്നിലേയ്ക്കു് മനസ്സു വ്യാപരിച്ചു.

ഒരു പക്ഷേ, ആ കുട്ടി എന്നോടു് 'അറിയുമോ' എന്നു ചോദിച്ചിരുന്നെങ്കിൽ ഞാൻ 'അറിയും' എന്നു പറഞ്ഞുപോകുമായിരുന്നു.

നാളുകൾ നീങ്ങി. സുന്ദരമായ ആ മുഖം എന്നെ സദാ അലട്ടുവാൻ തുടങ്ങി.

അന്വേഷണത്തിൽ പേര് 'ലൈലാ ഗോപാൽ' എന്നാണെന്ന് അറിയുവാൻ കഴിഞ്ഞു. അവൾ സംഭാഷണപ്രിയ ആയിരുന്നില്ല. ആ നീൾമിഴികളിൽ എന്തോ ദുഃഖം ഒളിഞ്ഞിരിക്കുന്നുണ്ടെന്ന് എനിക്കു തോന്നി.

ഞാൻ അവളെ ശ്രദ്ധിക്കുന്നത് ആർക്കും മനസ്സിലാക്കുവാൻ ഞാൻ ഇടം കൊടുത്തില്ല. ആ കുട്ടിയും ഇത് അറിയരുതെന്ന് നിർബ്ബന്ധവും ഉണ്ടായിരുന്നു.

പക്ഷെ ഒരിക്കൽ എന്റെ കണ്ണുകൾ അവളുടേതുമായി ഇടഞ്ഞു. അപ്പോൾ ഉള്ളിലൂടെ ഒരു മിന്നൽ പിണർ പാഞ്ഞുപോയി. അവൾക്കും അങ്ങിനെ തോന്നിയോ? എനിക്കറിയില്ല.

അവളുടെ അച്ഛന് സ്ഥലംമാററമായി വന്നതായിരുന്നു ഇവിടേക്ക്. 'അതാവാം അവൾക്കു സുഹൃത്തുക്കൾ വിരളമാവാൻ കാരണം'. ഞാൻ ചിന്തിച്ചു.

ഒരിക്കൽ കളിച്ചിട്ടു വരുമ്പോഴാണ് പുതിയ ആഴ്ചപ്പതിപ്പു കണ്ടത്. ഉടൻ വായന തുടങ്ങി. സന്ദർഭവശാൽ, ആഴ്ചപ്പതിപ്പുകൊണ്ട് പകുതി മറഞ്ഞ എന്റെ മുഖം മുന്നിലെ നിലക്കണ്ണാടിയിൽ കാണാനിടയായി. "ങേ"! അത്ഭുതപ്പെട്ടുപോയി.

അതേ. എന്നെ സദാ പിൻതുടർന്നിരുന്ന അതേ കണ്ണുകൾ കണ്ണാടിയിൽനിന്നും എന്നെ നോക്കുന്നതുപോലെ തോന്നി.

മുടി ചീകാത്ത നിലയിൽ, എനിക്ക് ആ കുട്ടിയുമായി എന്തോ സാമ്യമുണ്ടെന്നോ? അപ്പോൾ........ എനിക്കാസകലം കുളിർകോരി. വീണ്ടും വീണ്ടും കണ്ണാടിയിൽ നോക്കിയപ്പോൾ എല്ലാം വീണ്ടും അവ്യക്തമായി. ഒരു സാദൃശ്യവും കണ്ടെത്താൻ കഴിഞ്ഞില്ല.

"ഒരു പക്ഷെ എന്റെ തോന്നലാവാം". സമാധാനപ്പെട്ടു.

പിന്നീട്, അവധിയിൽ വീട്ടിലേക്കു പോരുന്നതിനു മുമ്പ് അവളെ കാണാൻ കഴിഞ്ഞില്ല.

അമ്മയോടു ഇതേപ്പററി പറയണോ? ഒരു പെൺകുട്ടിയുടെ മുഖം എന്നെ സദാ അലട്ടുന്ന കാര്യം. വേണ്ട. തെററിദ്ധരിച്ചേക്കാം.

ഞാൻ പഠിത്തത്തിൽ മുഴുകി.

അച്ഛൻ വന്നു. അടുത്ത ദിവസം എന്തോ മീററിങ്ങിന് തിരുവനന്തപുരത്തേക്ക് പോവേണ്ടിയിരുന്നു.

അത്താഴത്തിനുശേഷം അച്ഛൻ വായിച്ചുകൊണ്ടിരുന്നു.

അച്ഛന്റെ പാർശ്വഭാഗത്തുനിന്ന്, ഭിത്തിയിൽ പതിഞ്ഞിരിക്കുന്ന ചിരിപ്പിക്കുന്ന നിഴലിൽനിന്ന് കണ്ണെടുത്ത് ഞാൻ അച്ഛനെ നോക്കി. അപ്പോൾ.... അന്തം വിട്ടുപോയി. അച്ഛന്റെ ഛായ തന്നെയാണ് ആ കുട്ടിക്ക്. വായനയിൽ മുഴുകിയിരിക്കുന്ന അച്ഛനെ സൂക്ഷിച്ചു നോക്കി. വീണ്ടും. വീണ്ടും. അപ്പോൾ എന്റെ മനസ്സിലെ മൂടൽമഞ്ഞു നീങ്ങി എല്ലാം വ്യക്തമായി.

അതേ. ചുരുണ്ട മുടിയും വലിയ കണ്ണുകളും. അച്ഛന്റെ മിഴികളിലും വിഷാദം പതിയിരിക്കുന്നുണ്ടോ? നിറം പോലും അച്ഛന്റേതാണവൾക്ക്........... എന്റെ ഹൃദയമിടിപ്പും നിന്നപോവുമെന്നു തോന്നി. എങ്കിലും മനസ്സിനെ നിയന്ത്രിക്കുവാൻ സാധിച്ചതിൽ ആശ്വാസവും.

രാവിലത്തെ ട്രയിനിൽ അച്ഛൻ പോയി. എന്റെ തോന്നലുകൾ എനി

ക്ക് അമ്മയോടു പറയാതിരിക്കാൻ കഴിഞ്ഞില്ല.

“കേട്ടോ അമ്മേ! ഒരത്ഭുതം കേൾക്കണോ? ഞാൻ തുടങ്ങി, മുഴുവൻ പറഞ്ഞിട്ടേ നിർത്തിയുള്ളു. അമ്മയുടെ മുഖത്തെ ഭാവവ്യത്യാസം ഞാൻ കണ്ടു. ഹൃദയമിടിപ്പ് എനിക്കു കേൾക്കാൻ സാധിച്ചു”.

“മനോജ്!” അമ്മ വിറയാർന്ന ശബ്ദത്തിൽ ചോദിച്ചു. “നീ സത്യമാണോ കുട്ടീ ഈ പറയുന്നത്?”

“അതെ അമ്മേ” ഉറപ്പിച്ചു പറഞ്ഞു. “അവൾ നമ്മുടെ അച്ഛനെപ്പോലെ തന്നെയാണ്”.

അപ്പോൾ അമ്മ ആ കഥ പറഞ്ഞു. നഷ്ടത്തിന്റെ കഥ. കുറ്റബോധം കൊണ്ട് പതിനാറു വർഷമായി പറയാൻ സാധിക്കാതിരുന്ന കഥ.

ഞാൻ അമ്മയുടെ ഇരട്ടക്കുട്ടികളിൽ ഒന്നായിരുന്നു. അതെ. എനിക്കൊരു സഹോദരിയുണ്ടായിരുന്നു. ‘മഞ്ജു’.

അന്ന് അച്ഛന്റെ ജോലിസ്ഥലത്തിനടുത്ത് മീനച്ചിലാറിന്റെ വക്കിലായിരുന്നു താമസം. വീടിനു മുൻവശത്തു റോഡ്. പിറകിൽ കുതിച്ചൊഴുകുന്ന പുഴ.

ഞങ്ങൾക്ക് ഒന്നര വയസ്സ് പ്രായമുള്ളപ്പോഴാണ്. മുറ്റത്തു കളിച്ചുകൊണ്ടിരിക്കുന്നതു കണ്ടിട്ട് അമ്മ അടുക്കളയിലേയ്ക്കു പോയി. തിരിച്ചുവരുമ്പോൾ മഞ്ജുവെ കാണാനുണ്ടായിരുന്നില്ല.

‘അന്വേഷണങ്ങൾ എല്ലാം വിഫലമായി. നുര കുത്തിയൊഴുകുന്ന പുഴയാണ് കുട്ടിയെ അപഹരിച്ചത് എന്നുതന്നെ വിശ്വസിച്ചു’.

പറഞ്ഞപ്പോൾ അമ്മ പൊട്ടിക്കരഞ്ഞു. തന്റെ അശ്രദ്ധമൂലം ഉണ്ടായ നഷ്ടം സഹിക്കാൻ അമ്മയ്ക്ക് ഇതുവരെ കഴിഞ്ഞിട്ടില്ലത്രേ.

‘അച്ഛൻ നഷ്ടത്തെക്കുറിച്ചു ബോധവാനായപ്പോൾ ശിശുവിനെപ്പോലെ പൊട്ടിക്കരഞ്ഞു’.

‘അച്ഛന് മഞ്ജുവെയായിരുന്നു അധികം ഇഷ്ടം. ഓഫീസിൽ നിന്നു വന്നാൽ അവളെ എടുത്തുകൊണ്ടാണ് ഷർട്ടഴിച്ചിരുന്നതുപോലും’.

‘ഇപ്പോഴും അച്ഛൻ അവളെ ഓർത്തു കരയാറുണ്ട്. പക്ഷെ, ഒരിക്കലും ഇതിനെപ്പറ്റി ഞാൻ അറിയാതിരിക്കാൻ അമ്മയും അച്ഛനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു’.

അച്ഛൻ തിരിച്ചുവന്നു. അമ്മ, എന്റെ സംശയങ്ങൾ അച്ഛനോട് വിവരിച്ചു. അച്ഛന്റെ മുമ്പിലും എല്ലാം ആവർത്തിക്കേണ്ടിവന്നു.

പിന്നെ താമസിച്ചില്ല. അച്ഛനും അമ്മയും യാത്രയായി. അവളെയും കൊണ്ടാണ് തിരിച്ചുവന്നത്. ഒപ്പം അവളുടെ ‘മാതാ പിതാക്കളും’ ഉണ്ടായിരുന്നു.

പതിനാറു വർഷം മുമ്പ്, തങ്ങൾക്ക് ഈ മകളെ ലഭിച്ച വിവരം അവർ വിവരിച്ചു. ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ ഓമനക്കുട്ടിയെ അവർ മകളെപ്പോലെ വളർത്തി, പെൺമക്കളില്ലാത്ത കുറവ് പരിഹരിച്ചു.

പലരിൽ നിന്നും അവൾ തന്റെ യാഥാർത്ഥ്യം ഗ്രഹിച്ചിരുന്നു. അതാവാം ആ കണ്ണുകളിലെ ദുഃഖത്തിന്റെ കാരണം.

ഞാൻ അശ്രുപൂർണ്ണ നേത്രങ്ങളോടെ അച്ഛന്റെ കയ്യിൽ പിടിച്ചു നില്ക്കുന്ന അവളെ നോക്കി. അവൾ ഇപ്പോൾ ‘ലൈല’ അല്ല. മഞ്ജുവാണ്. എന്റെ പ്രിയപ്പെട്ട സഹോദരി.... എന്റെ മനസ്സ്

# സ്നേഹത്തിന്റെ ഭാഷ....?

**Venugopal C. M.**
I P. D. C.

മേൽവിലാസം കണ്ടപ്പോഴേ മനസ്സിലായി, ചേച്ചിയുടെ കത്താണ്. പൊട്ടിക്കാതെതന്നെ മടക്കി പോക്കററിലിട്ടു. എല്ലാ മാസത്തിലും ആദ്യത്തെ ആഴ്ച്ചയിൽ ചേച്ചിയുടെ കത്തുണ്ടാകും. കാർഡിലോ ഇൻലൻഡിലോ എഴുതാറില്ല. "അപ്പനും, അമ്മയ്ക്കും, മോളിയ്ക്കും, റോയിയ്ക്കും സുഖമെന്നു വിശ്വസിക്കുന്നു. ചിന്നമ്മച്ചേച്ചിയുടെ കത്തുകൾ വരാറുണ്ടല്ലോ? എന്തൊക്കെയാണ് വിശേഷങ്ങൾ. ഇവിടെ എനിക്ക് സുഖംതന്നെ. വിശേഷം ഒന്നും ഇല്ല. നിർത്തട്ടെ" ഈ വാചകങ്ങളുടെ ആകൃതിയ്ക്കോ അക്ഷരങ്ങളുടെ വടിവിനോ പോലും മാററം വരാറില്ല.

ആരെ ബോധിപ്പിക്കാൻ ഇങ്ങനെ എഴുതുന്നു? ചോദിക്കാൻ പലപ്പോഴും തോന്നിയിട്ടുണ്ട്. പക്ഷെ ചേച്ചിയുടെ മുഖത്തേയ്ക്കു നോക്കുമ്പോൾ ശബ്ദം പുറത്തേക്കു വരാൻ ധൈര്യപ്പെടാറില്ല.

എല്ലാ മാസവും മുടങ്ങാതെ പണമയക്കുന്നു. അതിൽ ചേച്ചിയോട് നന്ദിയുണ്ട്. എങ്കിലും ആരും അതു് പ്രകടിപ്പിക്കാറില്ല. ചേച്ചി അതു് പ്രതീക്ഷിക്കുന്നുമില്ല. എല്ലാ സെക്കൻറു് സാററർഡേയിലും വീട്ടിലെത്താറുള്ള ചേച്ചിക്കുവേണ്ടി ആരും കാത്തിരിക്കാറില്ല. പ്രത്യേകിച്ച് ഒരു വിഭവങ്ങളും ഒരുക്കാറില്ല. എങ്കിലും ശനിയാഴ്ച ഉച്ചയാകുമ്പോഴേക്കും വീടും മുററവും തൂത്തു വൃത്തിയാക്കാൻ അമ്മ മറക്കാറില്ല. മുഷിഞ്ഞുകിടക്കുന്ന വസ്ത്രങ്ങൾ അലക്കി ഇസ്ത്രിയിടാൻ മോളി മടിയ്ക്കാറില്ല. മേശപ്പുറത്ത് ചിതറിക്കിടക്കുന്ന നോട്ടുബുക്കുകൾ അടുക്കി വയ്ക്കാൻ താൻ ശ്രദ്ധിക്കുന്നു. ഒരു ദിവസം പോലും മുടങ്ങാതെ കുടിക്കാറുള്ള അപ്പൻ കള്ളിന്റെ അളവു കുറയ്ക്കുന്നു. അല്ലെങ്കിൽ ഏതെങ്കിലും നിസ്സാര കാരണങ്ങൾ മതിയാവും ചേച്ചിക്ക് കോലാഹലം സൃഷ്ടിക്കാൻ. ഞായറാഴ്ച ഉച്ചകഴിഞ്ഞ് ചേച്ചി തിരികെ പോകുന്നതുവരെ ഒരുതരം വീർപ്പുമുട്ടലാണ്. ഒരുങ്ങിയിറങ്ങി മുററത്തു ചെന്നിട്ടു തിരിഞ്ഞുപോലും നോക്കാതെ

---

മന്ത്രിച്ചു. ആ നീലമിഴികളിൽ സന്തോഷത്തിന്റെ രണ്ടു നീർമുത്തുകൾ പ്രകാശിക്കുന്നു. അപ്പോൾ, എല്ലാവരുടെയും നേത്രങ്ങൾ സജലങ്ങളായിരുന്നു.

"ഞാൻ പോകുന്നു" എന്ന രണ്ടുവാക്കുകളല്ലാതെ പ്രത്യേകിച്ച് ആരോടും ചേച്ചി യാത്ര പറയാറില്ല. ആ മെലിഞ്ഞ രൂപം അകലെ മറഞ്ഞാലുടൻ ഒളിച്ചു വച്ചിരിക്കുന്ന സിഗററിന് താൻ തീ പിടിപ്പിക്കുന്നു. മോളി കുളിച്ചൊരുങ്ങി മൂളിപ്പാട്ടും പാടി കൂട്ടുകാരിയുടെ വീട്ടിലേക്കു തിരിക്കുന്നു. അപ്പൻ നിസ്സംഗതയോടെ ചാരുകസേരയിൽ മലർന്നു കിടക്കും. അമ്മ മാത്രം നെടുവീർപ്പിടും. ചിലപ്പോൾ ആ കണ്ണുകൾ നിറഞ്ഞൊഴുകും. "ഈ പെണ്ണിനെ മറെറാരു കുടുംബത്തേക്ക് എങ്ങനെ പറഞ്ഞുവിടും?" പലപ്പോഴും അമ്മ പറയാറുള്ളതാണ്.

ചിന്നമ്മച്ചേച്ചി വരുന്ന ദിവസം വീട്ടിൽ വലിയ ആഘോഷമായിരിക്കും. വിശേഷപ്പെട്ട പലഹാരങ്ങളുണ്ടാകും. അപ്പൻ കൂടുതൽ കുടിക്കും. മുററത്തു കയറുമ്പോഴേക്കും ചേച്ചിയുടെ കണ്ണുകളിൽ സ്നേഹത്തിന്റെ മുത്തുകൾ പൊടിയും. അപ്പന് പുകയിലയും അമ്മയ്ക്ക് ഏററവും ഇഷ്ടപ്പെട്ട പരിപ്പുവടയും കൊണ്ടുവരാൻ ചിന്നമ്മചേച്ചി ഒരിക്കലും മറന്നിട്ടില്ല. അടുക്കളയിൽ മോളിയും ചിന്നമ്മചേച്ചിയുംകൂടി വർത്തമാനം പറഞ്ഞ് പൊട്ടിച്ചിരിക്കുന്നതു കേൾക്കാം. ചേച്ചി അയൽവീടുകളിൽ പോയി ഏറെനേരം സംസാരിച്ചിരിക്കും. വളരെ രാത്രിയാവുന്നതുവരെ ആരും ഉറങ്ങുകയില്ല. ചേച്ചിയുടെ സംസാരം അധികവും അളിയനെപ്പററിയും ഭർത്തൃഗൃഹത്തെപ്പററിയുമായിരിക്കും. അങ്കലാപ്പും, ആവലാതിയും. അളിയന്റെയും ചേച്ചിയുടേയും ശമ്പളം ഉണ്ടായിട്ടും ഒന്നിനും തികയുകയില്ലെന്ന യാഥാർത്ഥ്യത്തിന്റെ കഥകൾ. ചേച്ചി തിരിച്ചുപോകുമ്പോൾ അമ്മയും മോളിയും കണ്ണുനീർ തൂകും. തനിക്കും വലിയ വിഷമം തോന്നാറുണ്ട്.

ലീലച്ചേച്ചിക്ക് സ്നേഹം എന്ന വികാരം അജ്ഞാതമാണ്. എല്ലാവരോടും ദേഷ്യം. എല്ലാററിനോടും വെറുപ്പ്. എന്നാൽ ഒരാഴ്ചയെങ്ങാൻ ചേച്ചി വീട്ടിൽവന്നു താമസിച്ചാൽ പോസ്ററുമാന് എന്നും വീട്ടിൽ വരേണ്ടിവരും. ചേച്ചി കാണാതെ ആ കത്തുകൾ വായിക്കാറുണ്ട്. ചേച്ചിയെ അതിരു കവിഞ്ഞ് സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നവരാണവർ. ഒന്നു ചിരിക്കുകപോലും ചെയ്യാത്ത ചേച്ചിയെ സ്നേഹിക്കാൻ ഇവർക്ക് എങ്ങിനെ കഴിയുന്നു! ഒരിക്കലെങ്കിലും പള്ളിയിൽ പോവുകയോ കുരിശു വരയ്ക്കുകയോ ചെയ്യാൻ കൂട്ടാക്കാത്ത ചേച്ചിയെ എങ്ങനെ ബഹുമാനിക്കാൻ സാധിക്കും! പള്ളിയോടും പട്ടക്കാരോടും ചേച്ചിക്ക് പുച്ഛമാണ്.

തെക്കേതിലെ കുഞ്ഞപ്പൻപുലയന്റെ മകൾ തങ്കമ്മയുടെ കല്യാണത്തിന് ചേച്ചി നൂറു രൂപാ വെറുതെ കൊടുത്തു. നന്ദിപറയാൻ വന്ന കുഞ്ഞപ്പൻപുലയനോട് ചേച്ചി കടുപ്പിച്ചു പറഞ്ഞു. "പൊയ്ക്കോളൂ". മുക്കവലയിലെ ആശുപത്രി പണിയാൻ സംഭാവന ആദ്യം കൊടുത്തതു് ചേച്ചിയാണ്. നന്ദി പറഞ്ഞ മാത്തൻ ചേട്ടന് കിട്ടിയ മറുപടി ഓർമ്മിക്കുന്നു. "എനിക്കു നിങ്ങളുടെ നന്ദിയല്ല വേണ്ടതു്, മുക്കവലയിൽ ഒരാശുപത്രിയാണ്." വല്യമ്മച്ചി മരിച്ചപ്പോൾ എല്ലാവരും പൊട്ടിക്കരഞ്ഞു, അപ്പൻ പോലും. എന്നിട്ടും ചേച്ചിയുടെ കണ്ണുകൾ നനഞ്ഞില്ല. ആളുകൾ ചേച്ചിയുടെ മുഖത്തേക്ക് അതിശയത്തോടെ നോക്കുന്നതു കണ്ടപ്പോൾ ഈർഷ്യ ആണ് തോന്നിയതു് ചേച്ചിയോട്. പിന്നീടതേപ്പററി ഒരിക്കൽ ചോദിച്ചപ്പോൾ കിട്ടിയ മറുപടി "ജനിച്ചാൽ മരിക്കണം. ഞാനും നീയും മരിക്കും." കേട്ടപ്പോൾ ദേഷ്യം അരിച്ചു കയറുകയായിരുന്നു.

വിവാഹാലോചനകൾ ഒന്നൊന്നായി തിരസ്കരിച്ചു. കാലം കടന്നുപോയി. മോളിക്കുവേണ്ടി ചേച്ചി വഴിമാറിക്കൊടുത്തിരിക്കുകയാണ്. വർഷങ്ങൾക്കു മുമ്പ് മരിച്ചുപോയ ജോണി, ചേച്ചിയുടെ കാമുകനായിരുന്നെന്ന് നാട്ടിൽ പരക്കെ അറിയപ്പെട്ടിരുന്നു. ചേച്ചിയുടെ പെരുമാററങ്ങൾ അതു വിശ്വസിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

ഓ! ബസ്സു വരാൻ ഇനിയും പത്തു മിനിട്ടുകൂടിയുണ്ട്. ചേച്ചിയുടെ കത്ത് വായിച്ചു നോക്കാം.

"പ്രിയപ്പെട്ട ബാബു," ഒഹോ? ശരി, ചേച്ചിക്ക് മേൽവിലാസം മാറിപ്പോയതാണ്. ഏതായിരിക്കാം ബാബു. ബാബുവിന്റെ കത്തുകൾക്കൊന്നിനും ഇതുവരെ മറുപടിയെഴുതിയിട്ടില്ല. എല്ലാററിനുമുള്ള മറുപടി ഇതിലുണ്ട്.

ബാബു എനിക്കു നല്കുന്ന സ്നേഹം തിരിച്ചു തരാൻ അശക്തയാണു ഞാൻ. ഒരു പാവപ്പെട്ട കുടുംബത്തിന്റെ നടുംതൂണാണു ഞാൻ. എന്നെ മാത്രം ആശ്രയിച്ചു കഴിയുന്നവരാണ് എന്റെ അപ്പനും അമ്മയും അനിയത്തിയും ആങ്ങളയും. എനിക്കു വേണ്ടി ഒന്നും ഞാൻ സൂക്ഷിക്കുന്നില്ല ബാബു. അവരാണ് എന്റെ ജീവിതവും ജീവനും എല്ലാം. എന്റെ അനിയത്തി മോളിയുടെ വിവാഹം നിശ്ചയിച്ചിരിക്കുകയാണ്. എന്നെക്കാളേറെ ഞാനവളെ സ്നേഹിക്കുന്നു. അവളുടെ വിവാഹച്ചിലവിനു വേണ്ടിയാണ് ഞാൻ പൈസ ബാങ്കിൽ സൂക്ഷിച്ചിരിക്കുന്നത്. ബാബു ഒരിക്കൽ ചോദിച്ചല്ലോ പെർഫ്യൂംസ് ഒന്നും ഉപയോഗിക്കാത്തതെന്താണെന്ന്. ഞാൻ വിലകൂടിയ വസ്ത്രങ്ങൾ പോലും വാങ്ങാറില്ല ബാബു. അങ്ങനെ സൂക്ഷിച്ചതുകൊണ്ടാണ് അവളുടെ വിവാഹം സ്ത്രീധനത്തുകരാറുകൊണ്ട് മുടങ്ങാതിരുന്നത്. അവളുടെ വിവാഹത്തോടെ എന്റെ കടമകൾ തീരുന്നില്ല. എന്റെ റോയിമോനെ പഠിപ്പിക്കണം. ഒരു ഉദ്യോഗസ്ഥനാക്കണം. എന്റെ അപ്പനും അമ്മയും ഞാൻ ജീവിച്ചിരിക്കുമ്പോൾ ഒരുതരത്തിലും വിഷമിക്കരുതെന്ന് എനിക്ക് നിർബന്ധമുണ്ട്. അതുകൊണ്ട്, ബാബു എന്നിൽനിന്നൊന്നും പ്രതീക്ഷിക്കരുത്.

ബാബുവിനെ ഞാനെന്റെ റോയിയെപ്പോലെ സ്നേഹിക്കുന്നു. വിശ്വസിക്കുന്നു. ആ വിശ്വാസത്തിന്റെ വെളിച്ചത്തിൽ ഇതുവരെ മററാരോടും പറഞ്ഞിട്ടില്ലാത്ത ഒരു കാര്യം ബാബുവിനോടു പറയുകയാണ്. ഞാനൊരു രോഗിയാണു ബാബു. എന്റെ ജീവിതത്തിന്റെ ദിനങ്ങൾ എണ്ണപ്പെട്ടവയാണ്. എനിക്കു മരിക്കാൻ ഭയമില്ല ബാബു. പക്ഷെ വീട്ടിൽ എല്ലാവരും എന്നെ തെററദ്ധരിച്ചിരിക്കുകയാണ്. എന്റെ പ്രത്യേകമായ സ്വഭാവരീതികൾ അവരെ എന്നിൽനിന്നകററി. അഥവാ ഞാനൊററപ്പെട്ടു. ഹൃദയം നിറയെ അവരെ സ്നേഹിച്ചപ്പോഴും അവർ പിറുപിറുത്തു കേട്ടിട്ടുണ്ട്. "സ്നേഹമില്ലാത്തവളാണു ലീല" ബാബു, സ്നേഹം എങ്ങനെ പ്രകടിപ്പിക്കണമെന്ന് എനിക്കറിയില്ല. എല്ലാം എന്റെ തെററാണ്. ഏതായാലും എന്റെ രോഗവിവരം ആരോടും പറയരുത്. എനിക്കുവേണ്ടി ആരും ദുഃഖിക്കരുത്.

പതിവില്ലാത്തപോലെ എന്റെ മനസ്സ് ഇന്ന് അസ്വസ്ഥമാണു ബാബു. വല്ലാത്ത ചെസ്റ്റ് പെയിൻ. നേരം വെളുത്താലുടൻ ഹോസ്പിററലിലേയ്ക്ക് പോകുന്നു. നാളെ ഓഫീസിൽ വരില്ല. ഒരു പക്ഷെ ഇനി ഒരിക്കലും. എന്തോ എന്റെ

അവസാന നിമിഷങ്ങളാണിതെന്ന് തോന്നിപ്പോകുന്നു. അങ്ങനെയെങ്കിൽ ബാബു, ബാങ്കിൽ കിടക്കുന്ന പണംകൊണ്ട് മോളിയുടെ വിവാഹം നടത്തണം. ഇൻഷ്വറൻസിന്റെ പണം റോയിമോന്റെ പഠിത്തത്തിനുവേണ്ടി ചിലവാക്കണം.

ഞാൻ പരിചയപ്പെട്ടിട്ടുള്ളവരെല്ലാം എന്നെ സ്നേഹിച്ചു. ബഹുമാനിച്ചു. എന്റെ വീട്ടിൽ മാത്രം എനിക്കു സ്നേഹം നിഷേധിക്കപ്പെട്ടു........ ങ്ഹാ........ ഒന്നും ഓർമ്മിക്കുന്നില്ല.

ബാബു എനിക്കു മാപ്പു തരൂ."

ചേച്ചീ........ എന്റെ ചേച്ചീ, എന്തിനീ സ്നേഹം ഞങ്ങളിൽ നിന്നൊളിച്ചുപിടിച്ചു? മോളിക്കുവേണ്ടി യൗവനത്തിന്റെ എല്ലാ വിഭൂഷകളും ഉപേക്ഷിച്ചു ചേച്ചിയെ അവരും, ഒരുതരത്തിൽ വെറുക്കുന്നു. ചേച്ചിയുടെ റോയിമോൻ.... ചേച്ചി, ഞാനും........ ചേച്ചിയെ സ്നേഹിച്ചില്ല........

ചേച്ചി ഇപ്പോഴെവിടെയായിരിക്കും? ആശുപത്രിയിലായിരിക്കുമോ? ചേച്ചിയെ കാണണം. ആ കാലുകളിൽ കെട്ടിപ്പിടിച്ച് മാപ്പിരക്കണം. എങ്കിലേ സമാധാനം ലഭിക്കൂ. ചേച്ചിയെ കാണാതെ ഇനി കോളജിലേക്കില്ല. ചേച്ചി! ഒരു തുമ്പിയെ പിടിച്ചാൽ ദേഷ്യപ്പെടുമായിരുന്നു. ഒരു പൂ നുള്ളിയാൽ ദേഷ്യപ്പെടുമായിരുന്നു. താൻ കൂട്ടിലിട്ടു പാപാലുകൊടുത്തു വളർത്തിയ മൈനയെ ചേച്ചി തുറന്നു വിട്ടു ഹോ! തന്നോടുള്ള വെറുപ്പുകൊണ്ടാണെന്നാണ് ധരിച്ചു പോന്നത്. ആ മനസ്സിൽ നിറയെ സ്നേഹമായിരുന്നു! അതു മനസ്സിലാക്കാൻ വൈകിപ്പോയി. ഒരിക്കൽ ചേച്ചി പറഞ്ഞതോർക്കുന്നു. "സ്നേഹത്തിന് സ്വാർത്ഥതയുടെ ചിറ കെട്ടരുത് റോയീ. എല്ലാവരേയും എല്ലാററിനേയും സ്നേഹിക്കൂ. അതില്ലാതെ ഈ കുരിശു വരച്ചതുകൊണ്ട് ഒരു പ്രയോജനവുമില്ല." അന്നു പുച്ഛമാണു തോന്നിയത്.

ആരാണ് വീട്ടിൽ വന്നത്? കാറിൽ വരാൻ ആരിരിക്കുന്നു, ങ്ഹേ........ എന്താണ് വീട്ടിൽ വിശേഷം? എന്തിനാണിത്രയേറെ മനുഷ്യർ കൂടി നിൽക്കുന്നത്?

അയ്യോ........! ലീലച്ചേച്ചി....!

എന്റെ ലീലച്ചേച്ചി മരിച്ചുപോയി........?

ഈശ്വരാ........

നെഞ്ചു തകരുകയാണോ? എന്റെ ചേച്ചീ........ സഹിക്കാൻ കഴിയുന്നില്ലല്ലോ. ഇത്ര ഭയങ്കര ശിക്ഷ ഞങ്ങൾക്ക് എന്തിനു നൽകി?

നിറഞ്ഞ കണ്ണുകളോടെ റീത്തുകളും പൂമാലകളും സമർപ്പിക്കുന്ന ഈ മനുഷ്യർ ചേച്ചിയെ സ്നേഹിച്ചിരുന്നവരാണ്! നന്ദിഹീനരായ ഞങ്ങളുടെ സ്നേഹം ചേച്ചിക്ക് ഇനി ആവശ്യമില്ലാ........!

ചേച്ചി........ ഹൃദയം ഉരുകി ഒലിക്കുന്ന ഈ കണ്ണുനീർ കാണുകില്ലേ? റോയിമോനു മാപ്പു തരില്ലേ? ഉവ്വ്. ചേച്ചി മോനോടു ക്ഷമിക്കും, എന്റെ ചേച്ചി വലിയവളായിരുന്നു! മൂകമായി സ്നേഹിക്കാൻ കഴിയുന്ന ലീലച്ചേച്ചി വലിയവളായിരുന്നു.

★

# വീനസ് കോളജ് ഓഫ് കൊമേഴ്സ്

ESTD: 1957.

H. O. കൂത്താട്ടുകുളം

Br. കുറവിലങ്ങാട്

## വൻപിച്ച വിജയശതമാനം തുടരുന്ന ഏക സ്ഥാപനം!!

ഞങ്ങൾ നടത്തുന്ന കോഴ്സുകൾ:

1. Typewriting (English) Lower & Higher
2. Pitman's Shorthand (English) Lower & Higher

നൂററമ്പതോളം വിദ്യാർത്ഥികൾക്ക് ഇവിടെ പഠിക്കുവാൻ സൗകര്യമുണ്ടായിരിക്കുന്നതാണ്!
ന്യൂ ടൈപ്പ് ഹാൽഡാ മിഷ്യൻ ഞങ്ങളുടെ പ്രത്യേകതയാണ്!

ഈ സ്ഥാപനത്തിൽനിന്നും പരിചയം സിദ്ധിച്ചവർ നൂറുകണക്കിന് ഇൻഡ്യയുടെ വിവധ ഭാഗങ്ങളിൽ ജോലി ചെയ്യുന്നു!!

വിദഗ്ദ്ധമായ കോച്ചിംഗ് ഞങ്ങളുടെ മറെറാരു പ്രത്യേകതയാണ്!!!

കേരളത്തിലെ ഏററവും മികച്ച സ്ഥാപനങ്ങളിൽ ഒന്ന്!!!

## വീനസ് കോളജ്, കുറവിലങ്ങാട്.

V. V. ഉലഹന്നൻ
പ്രിൻസിപ്പൽ

N. B. ഇവിടെനിന്നും ഭംഗിയായി കൃത്യസമയത്ത് ജോബ്‌വർക്ക്സ് ചെയ്തുകൊടുക്കുന്നതാണ്.

For your requirements in

**LABORATORY EQUIPMENTS, CHEMICALS,**

**Maps, Charts, Globes**

**LIBRARY BOOKS, SPORTS GOODS**

FOR

**COLLEGES**

*Authorised Stockists for* Merk Chemicals
Pareo Equipments

**Please Contact:**

# VIDYARTHI MITHRAM

H. O. BAKER ROAD, KOTTAYAM.

*Branches:* **K. K. Road, Kottayam,**
**Cannanoore Road, Calicut**

PHONE: Kottayam { Depot: 2313, Labo: 2316
Res: 2616, Grams: **Vidyarthi**

# പരീക്ഷ



**Mary Varghese**
**II P. D. C.**

കഥാപാത്രങ്ങൾ:

1) മാസപ്പടി പപ്പച്ചാര്
2) പാറുക്കുട്ടി (പപ്പച്ചാരുടെ ഭാര്യ)
3) സോമൻ
4) സുമതി
5) വേണു
6) മത്തായി

(3–5: മക്കൾ)

7) ഗോപി
8) ബഷീർ
9) ഗോപാലൻ
10) യാചകൻ
11) അദ്ധ്യാപകൻ etc.

രംഗം ഒന്ന്

(മാസപ്പടി പപ്പച്ചാരുടെ വസതിയിലെ പൂമുഖം. സോമൻ കടലാസ്സുകൊണ്ട് ഒരു പട്ടം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. വേണു അടുത്തു നിന്ന് ഒരു വളയത്തിൽ നൂൽ ചുററുന്നു. സോമനു പട്ടമുണ്ടാക്കുന്നതു് എങ്ങനെയെന്ന് പറഞ്ഞുകൊടുക്കുന്നു.)

വേണു. വാലിനു നീളം കൂടുതൽ ഉണ്ടെങ്കിലേ പട്ടം ചരിയാതെ പറന്നു കയറൂ.

സോമൻ. നീ നോക്കിക്കോ! എന്റെ പട്ടം പറന്നു കേറുന്ന കേററം

വേ. ഉം. ഇയാൾക്ക് അതിനു നൂലില്ലല്ലോ

സോ. ആരു പറഞ്ഞു നൂലില്ലെന്ന്?

വേ. എവിടുന്നാ?

സോ. അതൊക്കെ ഉണ്ട്

വേ. എങ്കിലും എവിടുന്നാ പറയരുതോ?

സോ. എടാ ഞാനിന്ന് എട്ടണയ്ക്കു് നൂലു വാങ്ങിച്ചു.

വേ. എട്ടണയ്ക്കോ?

സോ. ആരു്! എട്ടണയ്ക്കു്. അതൊക്കെ വേറെ

വേ. നിനക്ക് എട്ടണ എവിടുന്നാ. പപ്പുക്കള്ളം!

സോ. പോടാ നീ നോക്കിക്കോ

വേ. എന്നാപ്പിന്നെ എട്ടണ എവിടുന്നാണെന്നു പറ

സോ. ശ്ശ്് പതുക്കെ പറയടാ, അതൊക്കെ കിട്ടി.

വേ. എങ്കിലും ഞാനൊന്നറിയട്ടെ

സോ. നീയാരോടും പറയല്ലേ! ഇന്നലെ അച്ഛൻ കുറെ പണം കൊണ്ടുവന്നു. കരം പിരിച്ചതു്. കച്ചേരീ കൊടുക്കാനാ. ഞാനതിൽ കണ്ണുവച്ചു. അച്ഛനതെല്ലാം എണ്ണി അടുക്കി വച്ചേച്ചു് ഉണ്ണാൻ പോയി. അത്തക്കത്തിനു് ഒരെത്രുപാ ഞാനിങ്ങടിച്ചു.

വേ. അയ്യോ! എന്നിട്ടു് അച്ഛനറിഞ്ഞില്ല്യോ.

സോ. അച്ഛൻ ഉണ്ടേച്ചു വന്നു. ഇവിടത്രേം നോക്കി. ഞാൻ കൂർക്കം വലിച്ചങ്ങു കിടന്നു. എനിക്കു വലിയ പേടി ആയിരുന്നു. ദൈവാധീനം കൊണ്ടു് അമ്മ പറഞ്ഞു അത്രേ ഉള്ളായിയിരിക്കും എന്നു്. അച്ഛനും വിചാരിച്ചു എണ്ണം തെറ്റിയതായിരിക്കുമെന്നു്. അതിനിത്രയും ഞാൻ ഇന്നു നൂൽ വാങ്ങിച്ചു. ആ നൂൽ എല്ലാം കെട്ടി (കയ്യിൽ ഇരിക്കുന്ന പട്ടം ഉയർത്തി കാണിച്ചുകൊണ്ടു്) ഇവനെ അങ്ങോട്ടു വിട്ടാൽ പറ....പറന്നു പറന്നു കയറുകയില്ല്യോ.

വേ. (അല്പം നിരാശനായി) അയ്യോ! എനിക്കു നൂൽ കുറച്ചേ ഉള്ളല്ലോ; (അല്പം ആലോചിച്ചു്) സോമാ ഞാനെന്റെ അമ്മയോടു നാലണ ചോദിക്കട്ടെ.

സോ. എടാ മായാ! പട്ടം പറപ്പിക്കുന്നതിനു് നൂലു വാങ്ങാൻ അണ ചോദിച്ചാൽ വല്ലവരും തരുമോടാ?

വേ. പിന്നെങ്ങനാ?

സോ. എങ്ങാനും കാശിരിപ്പുണ്ടെങ്കിൽ ഇങ്ങു ചുണ്ടണം. പിന്നല്ലാതെ....

വേ. അയ്യോ! ഞങ്ങടച്ഛൻ എന്നെ തല്ലിക്കൊല്ലും. ചത്തുപോയാലും കക്കരുതെന്നാ അച്ഛൻ പറഞ്ഞിരിക്കുന്നതു്. കട്ടാൽ കൈവെട്ടിക്കളയും. അതാ അച്ഛന്റെ പണി.

സോ. എടാ കഴുതേ!........ എന്തിനും പുത്തി വേണമെടാ– പുത്തി. വല്ല പെൻസിലിനെന്നോ, ബുക്കിനെന്നോ പറഞ്ഞു് നാലണ വാങ്ങിക്കാനാണോ പ്രയാസം?

വേ. (ആലോചനയോടെ) ഞാൻ നോക്കട്ടെ. എന്തായാലും നീ എളുപ്പം അങ്ങോട്ടു വാ.... ഞാനാ ഗോപലനേയും മത്തായിയേയും വിളിച്ചു പട്ടോമെടുത്തോണ്ടു വയലിൽ വരാം. (പോകാൻ തിരിയുന്നു)

സോ. താമസിക്കല്ലേ വേണു.

(വേണു മൂളിയിട്ടു പോകുന്നു)

(സുമതി ഒരു കണക്കു ബുക്കുമായി പ്രവേശിക്കുന്നു)

സുമതി. ചേട്ടാ! ചേട്ടാ– ഈ കണക്കൊന്നു പറഞ്ഞു തന്നെ. ഇതെങ്ങനാ ചെയ്യുന്നെ, സാറു പറഞ്ഞുതന്നപ്പം നല്ല പച്ചവെള്ളം പോലെ മനസ്സിലായതാ. ഇപ്പഴങ്ങു മറന്നുപോയി.

സോ. പോടി, അവളു കണക്കും കൊണ്ടു വന്നിരിക്കുന്നു. അറിയാൻ വയ്യാങ്കി ചെയ്യണ്ടാ....

സു. അയ്യോ! സാറെന്നെ അടിക്കും. ഒന്നു പറഞ്ഞുതരു ചേട്ടാ.

സോ. ശ്ശെടാ ഇതു നാശമായല്ലോ! പോടീ അവിടുന്നു്.

സു. (പട്ടം കണ്ടിട്ടു്) അല്ലല്ലോ! ഇങ്ങനാണോ ചേട്ടൻ പരീക്ഷയ്ക്കു പഠിക്കുന്നെ. വരുന്ന ആഴ്ചേലാ പരീക്ഷ.

ഞാനിപ്പം അമ്മയോട്ട പറയും. (ഉച്ച
ത്തിൽ) അമ്മേ ഈ ചേട്ടൻ—

സോ. ച്ഛീ! മിണ്ടാതെടീ.

സ. മിണ്ടിയാലെന്നാ; ഞാനിപ്പം പറ
യും. (വീണ്ടും ഉച്ചത്തിൽ) അമ്മേ!....

സോ. എടീ നാശംപിടിച്ച മൂധേവീ;
(തലയ്ക്കു് ഒരടി കൊടുക്കുന്നു)

സ. ഞാ്............ (കരഞ്ഞുകൊണ്ടു്)
അമ്മേ, അമ്മേ........

സോ. അമ്പോ! ഈ പിശാചിന്റെ ഒരു
തൊണ്ട കമ്മോ— കമ്മോ....
(ഒരു നല്ല കൊട്ടത്തിട്ടു് പട്ടവും എടു
ത്തുകൊണ്ടു് ഓടുന്നു)

(കർട്ടൻ)

രംഗം രണ്ടു്

(സ്ഥലം വയൽ. സമയം സായാ
ഹ്നം. വേണു, ഗോപാലൻ, മത്തായി,
സോമൻ മുതലായവർ നിന്നു കളിക്കുന്നു.
സോമന്റെ കയ്യിൽ ഒരു കടലാസു പൊ
തി ഇരിക്കുന്നു)

സോ. (പൊതി പൊക്കിപ്പിടിച്ചു കൊ
ണ്ടു്) ഇതു് എന്താണെന്നു് ആർക്കെ
ങ്കിലും പറയാമോ?

ഗോപാ. ശർക്കര

സോ. അല്ല

മത്താ. പുളി

സോ. അല്ല

വേ. പഞ്ചസാര

സോ. മിടുമിടുക്കൻ. നീതന്നെ മിടുക്കൻ.

ഗോ. (അടുത്തു ചെന്നു്) അഴിയടാ അ
ളിയാ അഴി (എല്ലാവരും അടുത്തു
ചെല്ലുന്നു)

സോ. ദൂരെ നില്ല്, ദൂരെ നിന്നാൽ ത
രാം (മത്തായി പുറകോട്ടല്പം മാ
റി നില്ക്കുന്നു)

മത്താ. ഞാൻ ഇങ്ങു ദൂരെ നില്ക്കുകയാ
ണേ!

വേ. എനിക്കു കൂടുതൽ തന്നില്ലെങ്കിൽ
ഞാനാ കാര്യം നിന്റെ അച്ഛനോടു
പറയും.

സോ. എല്ലാവരും കണ്ണടച്ചു നിന്നാൽ
വായ്ക്കകത്തിട്ടുതരാം.

മത്താ. കാണിച്ചേ! പഞ്ചസാര തന്നെ
യാണോന്നു നോക്കട്ടെ.
(സോമൻ അല്പം അകലെ മാറി നി
ന്നു് പൊതി നിവർത്തു് വാരി കാ
ണിക്കുന്നു)

വേ. എനിക്കു കൂടുതൽ തരണം.

ഗോ. എനിക്കു്

സോ. എല്ലാവരും കണ്ണടച്ചു വാ തുറക്കിൻ
(എല്ലാവരും കണ്ണടച്ചു് വായ് പൊ
ളിച്ചു നിൽക്കുന്നു. സോമൻ എല്ലാവ
രുടേയും വായിൽ ഓരോ നുള്ള മ
ണൽ വാരിയിടുന്നു. എല്ലാവരും കാ
ർക്കിച്ചു തുപ്പുന്നു)
എല്ലാവരും ചേർന്നു്— അയ്യോ! പ
ഞ്ചാരമണൽ— ഹ്— ആ ത്ഥൂ
(തുപ്പുന്നു)

മത്താ. ച്ഛീ! ഇതു കൊള്ളത്തില്ല സോ
മാ. ഞങ്ങളു പാവത്തുങ്ങളായിട്ടാ
ണോ?

വേ. (കോപവും താപവും കലർന്ന സ്വ
രത്തിൽ) നീ നോക്കിക്കോ! നിന്നെ
ഞാനമൊന്നു പററിച്ചേക്കാമെടാ.
നീയങ്ങു വീട്ടിൽ ചെല്ലു്. ആ എട്ടു
ണയുടെ കാര്യം ഞാൻ പറഞ്ഞിട്ടേ
യുള്ളു. നീ നോക്കിക്കോ.

ഗോ. അതെന്തുവാ വേണു എട്ടണയുടെ
കാര്യം

സോ. കന്തം (വേണുവിനോടു് ആംഗ്യ
ത്തോടുകൂടി) എടാ മിണ്ടിപ്പോകരു

ത്തു് (അന്തനയമായി) എടാ ഇതൊക്കെ ഒരു തമാശയല്ലേ! ദേ— (ദൂരേക്കു വിരൽ ചൂണ്ടി) എടാ വേണുവേ! ഗോപി അതാ പോകുന്നു.

ഗോ. വിളിയെടാ അവൻ നമ്മുടെ കൂട്ടത്തിലെങ്ങും കൂടത്തില്ലിയോ

മത്താ. അവൻ പീടികേപ്പോകുവാണെന്നു തോന്നുന്നു.

സോ. നീ വിളി— വിളിയെടാ മത്തായി— ഞാൻ വിളിച്ചാ അവൻ വരത്തില്ല.

മത്താ. (ഉച്ചത്തിൽ) ഗോപീ! കൂയ്.... ഗോപീ— ഇതിലെ വന്നേ.

സോ. വരട്ടെടാ ഒരാട്ടം കളിപ്പിച്ചേ വിടാവൂ.

(ഗോപി പ്രവേശിക്കുന്നു)

(കയ്യിൽ ഒരു മണ്ണെണ്ണക്കുപ്പിയും, ഒരു കൊട്ടയും. ഒരു കയ്യിൽ പുസ്തകം നിവർത്തു പിടിച്ചിരിക്കുന്നു)

വേ. പീടികേ പോകുമ്പോഴും പുസ്തകം വേണോടാ?

ഗോ. എത്ര പ്രാവശ്യം വായിച്ചാലും ചരിത്രം എനിക്കു മനസ്സിലാകുകേല. എങ്ങനെ ആയാലും ആണ്ടുകളൊക്കെ തെറ്റിപ്പോകും.

സോ. ഗോപിയേ! നീ അതെല്ലാം അവിടെ വെയ്ക്ക്. നമുക്കു സ്വല്പം കളിക്കാം ഒരാട്ടം മാത്രം മതി.

ഗോ. അയ്യോ! ഒക്കുകില്ല. എനിക്കു വീട്ടിൽ ചെന്നിട്ട് പശുവിനെ അഴിച്ചു കെട്ടണം. ചീരയ്ക്കും വഴുതനയ്ക്കും വെള്ളം കോരണം. കുളിക്കണം. പിന്നെ ഒരുപാട് പഠിക്കാനുണ്ട്. പരീക്ഷ ഇങ്ങടുത്തില്ല്യോ?

സോ. ഓ! പരീക്ഷ! ഞങ്ങളുമൊക്കെ പഠിക്കുന്നവരാണെടാ. അറിയാൻ വയ്യെങ്കിൽ അടുത്തിരിക്കുന്നവരുടെ നോക്കി അങ്ങോട്ടെഴുതും.

മത്താ. പിന്നല്ലാതെ. നിന്റെകൂട്ട് ഇങ്ങനെപ്പോഴും പുസ്തകവും വായിച്ചുകൊണ്ടു നടക്കാനൊക്കുകേല ഞങ്ങൾക്ക്.

സോ. പിള്ളേരായാൽ ആരോഗ്യമുണ്ടാകണമെങ്കിൽ കളിക്കണമെടാ. സാറു തന്നെ പറഞ്ഞിട്ടില്ല്യോ വ്യായാമം അത്യാവശ്യമാണെന്ന്.

ഗോ. അതിനാണല്ലോ ഞാൻ പശുവിനെ തീറ്റുന്നതും വെള്ളം കോരുന്നതും മറ്റും. അതും വ്യായാമമാണ്. അതു തന്നെയുമല്ല അതുകൊണ്ട് പ്രയോജനമുണ്ട്.

ഗോപാ. അതെന്തുവാടാ പ്രയോജനം.

ഗോപി. അതല്ലേ ഈയിടെയായി ഞങ്ങളുടെ വീട്ടിൽ കറിവയ്ക്കുവാനുള്ള സകല സാധനങ്ങളും ഞങ്ങളുടെ തോട്ടത്തിൽ നിന്നും പറിച്ചെടുക്കുകയാണ്. ചിലപ്പോഴെല്ലാം വിൽക്കാറുമുണ്ട്.

സോ. അതു നിങ്ങൾ ദരിദ്രവാസികളായിട്ടാ.

ഗോപി. അതല്ലാ ഞങ്ങൾ പ്രയത്നിച്ചിട്ടാ.

വേ. അതേ, അതേ, നീ അതെല്ലാം അവിടെ വെച്ചിട്ട് ഇപ്പം ഇറങ്ങി കളിക്കുന്നുണ്ടോ?

ഗോപി. ഇല്ല. എനിക്കു പോകണം. നല്ലപോലെ പഠിച്ചില്ലെങ്കിൽ തോറ്റു പോകും.

മത്തായി. തോറ്റാൽ വരുന്ന ആണ്ടിലും പഠിക്കാം.

ഗോപി. അതു നാണക്കേടാണ്.

വേ. തോറ്റു പോകുമെന്നു കരുതി എപ്പഴും പുസ്തകവും വായിച്ച് ഇരിക്കാൻ

എല്ലാവർക്കും സാധിക്കുമോ? അല്ലെങ്കിലോ ഈ ആണ്ടിൽ പഠിപ്പിച്ചതെല്ലാം നാലോ അഞ്ചോ ദിവസം കൊണ്ടു പഠിച്ചു തീർക്കാൻ സാധിക്കുമോ?

ഗോപി. അന്നന്നു പഠിപ്പിക്കുന്ന പാഠങ്ങൾ അന്നന്നു തന്നെ പഠിക്കണമെന്നു സാർ പറഞ്ഞിട്ടില്ലേ? അങ്ങനെ ചെയ്താൽ ഒരു പ്രയാസവുമില്ല. പരീക്ഷയ്ക്കു മുമ്പ് പഴയ പാഠങ്ങൾ ഒന്നു മറവി തീർത്താൽ മതി.

സോമ. ഓഹോ— അങ്ങനെ കാര്യം— പിന്നെ നീ ഇപ്പം കളിക്കുന്നോ?

ഗോപി. ഇല്ല. എനിക്കു പോകണം. (പോകുന്നു) (കുട്ടികൾ പാടും കൂടി കൂകി വിളിക്കുന്നു)

(അണിയറയിൽ ഒരു യാചകൻ പാടുന്നു)

ഗാനം— പട്ടിണിക്കാരെ കണ്ടാൽ
പുച്ഛിക്കാൻ വെമ്പൽ കൊള്ളും
നിഷ്ഠൂര ലോകത്തിന്റെ
മുമ്പിലീ ഭിക്ഷാപാത്രം

(സോമനും കൂട്ടരും പാട്ടു ശ്രദ്ധിക്കുന്നു)

സോമ. വേണു— അതാ ഒരു തെണ്ടി പാടുന്നതു കേട്ടോ— വാ! നമുക്കൊരു രസമുണ്ടാക്കാം.

(സോമൻ മുമ്പേയും മറ്റുള്ളവർ പിന്നാലെയുമായി പോകുന്നു.)

(കർട്ടൻ)

## രംഗം മൂന്ന്

(പെരുവഴി. ഒരു യാചകൻ പാടിക്കൊണ്ട് ഭിക്ഷ യാചിക്കുന്നു. കീറിപ്പറിഞ്ഞ വേഷം. തോളിൽ ഒരു ഭാണ്ഡം. ഒരു കാൽ ഇല്ല. പകരം രണ്ടു കക്ഷത്തിലും ഊന്നുകോൽ ഊന്നി നടക്കുന്നു. നീട്ടി വളർത്തിയ താടി. ജടപിടിച്ച മുടി. ഒരു കയ്യിൽ നകരപ്പാത്രം, നടക്കുമ്പോൾ വടിയോടു ചേർത്തു പിടിക്കുന്നു.)

ഗാനം—

"പട്ടിണിക്കാരെ കണ്ടാൽ പുച്ഛിക്കാൻ—
വെമ്പൽകൊള്ളും
നിഷ്ഠൂര ലോകത്തിന്റെ മുമ്പിലീ—
ഭിക്ഷാപാത്രം
നീട്ടിനിന്നഹോരാത്രം കണ്ണീർ—
കുടിക്കുവാൻ
വിട്ട ദുർവിധി പാരമേറെയാ—
ണെന്നെപ്പാരിൽ
കാലില്ലാപ്പരാധീന ജീവി ഞാ—
നലിവാർന്നു—
കണ്ണുള്ളോർ കനിഞ്ഞൊന്നു നോക്കണേ—
തമ്പ്രാക്കളേ"

യാചകൻ. പൊന്നു തമ്പ്രാക്കളേ വേല ചെയ്തു ജീവിക്കാൻ വഴിയില്ല. കാലില്ലാത്ത പാവമാണേ, വല്ലതും തരണേ. കരുണയുള്ള മാലോകരേ വല്ലതും തരണേ.......

ഗാനം—

"ഇന്നു പട്ടിണിയാണേ കാരുണ്യമു
ള്ളോരെന്റെ
പൊന്നുതമ്പുരാക്കളേ! വല്ലതും ത
ന്നിടണേ
കാലില്ലാപ്പരാധീനൻ തെണ്ടി ഞാന
ലിവാർന്നു
കാലണ നൽകീടണേ! തമ്പുരാക്ക
ളെ നിങ്ങൾ"

(യാചകൻ തെണ്ടുന്നു. സോമനും കൂട്ടുകാരും കടന്നു വരുന്നു.)

യാചകൻ. പൊന്നുമക്കളെ ഇന്നു പട്ടിണിയാണേ വല്ലതും തരണേ. കാലില്ലാത്ത പാവമാണേ വല്ലതും തരണേ.

സോമ. ഇപ്പോൾ എന്തോരം കിട്ടി.

യാച. ഒന്നും കിട്ടിയില്ല മക്കളേ, രണ്ടോ മൂന്നോ അണ കിട്ടി.

വേ. ങ്ഹാ! കള്ളം പറയാതെ ഞാ

കട്ടെ (അടുത്തുചെന്ന് ഭിക്ഷാപാത്രത്തിൽ കയ്യിട്ട് ഒരണ കൈക്കലാക്കുന്നു.)

മത്താ. അയ്യോ കഷ്ടം! എടാ വേണ ഛേ— കൊടടാ.

വേ. എന്തോന്നാടാ

യാച. കുഞ്ഞേ! തെണ്ടീടെ കുത്തുപാള തട്ടിപ്പറിക്കാതെ

സോ. ങ്ഹാ.... മൂപ്പീന്നേ! വടി കൊള്ളാമല്ലൊ— നോക്കട്ടെ

യാച. കുഞ്ഞേ ഇതെന്റെ കാലാണ്

(സോമൻ ഒരു വടി വാങ്ങുന്നു)

യാച. അയ്യോ കുഞ്ഞേ— ധർമ്മം തന്നില്ലേലും ദ്രോഹിക്കാതെ

സോ. ഒററ വടിയേലൊന്നു നടന്നാട്ടെ

മത്താ. (അകലെ നോക്കി) സോമാ നിൻറച്ഛനതാ വരുന്നു

ഗോപാ. അതെ, അതെ സോമാ നിന്റെ അച്ഛനാ

(സോമൻ കയ്യിലിരുന്ന വടികൊണ്ട് മററ വടിക്കിട്ട് അടിക്കുന്നു. യാചകൻ വീഴുന്നു. എല്ലാവരും ഓടി മറയുന്നു.)

യാച. എടാ ദ്രോഹീ— നിന്റെ തലേലിടിത്തീ വീഴണമെടാ മഹാദ്രോഹി

(ബഷീറും ഗോപിയും പ്രവേശിക്കുന്നു)

ഗോപി. അയ്യോ! എന്താ ഇത്?

ബ. ആ ഒററക്കാലൻ മൂപ്പീന്നല്ല്യോ— വാടാ ഗോപി

(രണ്ടുപേരുംകൂടി യാചകനെ പിടിച്ചു പൊക്കുന്നു.)

ഗോപി. അയ്യോ തലമുറിഞ്ഞു രക്തം ഒഴുകുന്നല്ലോ? അമ്മാവാ ഇതെങ്ങനെ പററി?

(രണ്ടുപേരുംകൂടി യാചകന്റെ തലയിൽ നിന്നും നെററിയിലേക്കൊഴുകി വീഴുന്ന രക്തം ഒപ്പിക്കളയുന്നു.)

യാച. എന്റെ കാല് അവരു കൊണ്ടുപോയി മക്കളെ

ഗോപി. ആരാ? ആ പിള്ളേരാണോ?

യാച. ആങ്

ബ. ആ ഓടയിൽ കിടക്കുന്നേ വടിയാ. ഇങ്ങോട്ടെടുത്തോ ഗോപീ.

(ഗോപി എടുത്തു കൊണ്ടുവരുന്നു)

ബ. മൂപ്പിലെ! ആ മംഗലത്തെ ചെറുക്കനാണെടുത്തോണ്ടുപോയത്. അവന്റെ അച്ഛനോടൊന്നു പറയാം വരു

യാച. അവനെ എന്റെ കയ്യിലൊന്നു കിട്ടിയെങ്കിൽ—

(ഗോപി വടി കൊടുക്കുന്നു. യാചകൻ വടിയുംകുത്തി എഴുന്നേൽക്കുന്നു. ബഷീറും ഗോപിയും താങ്ങുന്നു. ഭിക്ഷാപാത്രത്തിൽനിന്നും തെറിച്ചുപോയ നാണയങ്ങൾ പെറുക്കി യാചകനെ ഏല്പിക്കുന്നു. അയാളെയും കൂട്ടി പോകുന്നു.)

(കർട്ടൻ)

## രംഗം നാല്

(മംഗലത്തു വീട്. പാറുക്കുട്ടിയും സുമതിയും. സുമതിയുടെ തലമുടി പാറുക്കുട്ടി ചീകുന്നു. സുമതി ധൃതി കൂട്ടുന്നു.)

പാറു. എന്റെ കുഞ്ഞേ! നീ ഒന്നു നില്ല്. ഈ മുടി ഒന്നു നേരെ പിന്നിയിടട്ടെ

സുമ. അമ്മേ! മററന്നാറം പരീക്ഷയാ. മുടീം പിന്നിക്കൊണ്ടിരുന്നാലൊക്കുമോ? ഇന്നു പഴേ പാഠമൊക്കെ ചോദിക്കും

പാറു. അതിനെന്താ?

സുമ. അയ്യോ? എനിക്കൊരു പാട്ട പഠിക്കിനുണ്ട്

പാറു. എന്നിട്ട് സോമനൊന്നും പഠിക്കണ്ടായോ?

സുമ. അമ്മേ! അറിഞ്ഞോ? ഇന്നാള ത്തെ ആ എട്ടണ ചേട്ടൻ കട്ടെ ടുത്തതാ

പാറു. അവൻ മോഷ്ടിച്ചെന്നോ?

സുമ. ങ്ആ! അതുകൊടുത്തു നൂലു വാ ങ്ങിച്ചാ ചേട്ടൻ പട്ടം പറത്തുന്നത്.

പാറു. നേരോ?

സുമ. ആ വേണുവിനോട് ചേട്ടൻ പറ യുന്നതു് ഞാൻ കേട്ടതാ

പാറു. എടാ! അപ്പഴിവൻ ചില്ലറക്കാര നല്ലല്ലോ? ഇന്നിവിടെ വരട്ടെ

സുമ. അമ്മേ കടലാസു വാങ്ങിക്കാൻ പൈസ താ

പാറു. മോളെ, അച്ഛൻ വരട്ടെ. വൈ കിട്ടു വാങ്ങിക്കാം

സുമ. ആങ്ഹാ! ഇന്നു വേണം. സാ റിന്റെ കയ്യിൽ കൊടുക്കാനാ

പാറു അതെന്തിനാ നമ്മള വാങ്ങിച്ചാൽ പോരായോ?

സുമ. പിന്നെ കുട്ടികള വാങ്ങിച്ചാലേ എല്ലാം ചുരുട്ടിക്കൂട്ടി അഴുക്കാക്കും. അതുകൊണ്ടാ സാറു വാങ്ങിച്ചു തരാ മെന്നു പറയുന്നതു്

പാറു. എന്നാൽ നാളെ കൊടുക്കാമെന്നു പറ

സുമ. ആങ്ഹാ! ഇന്നു വേണം

പാറു. ഇപ്പൊഴിവിടെ കാശുണ്ടോ? മോ ള പറ നാളെ തരാമെന്ന്

സുമ. ങ്ഹും— ങ്ഹും— ങ്ഹും നേരം പോണു. എല്ലാ കുട്ടികളും പോയ ല്ലോ. (അമ്മയുടെ പിടി വിടുവി ക്കുന്നു. ദൂരെ നോക്കി) ശാരദേ! ശാരദേ! അവിടെ നില്ല്. ഞാനും കൂടി വരുന്നു.

പാറു. നില്ല് നീ കുറച്ചു കഞ്ഞി കുടി ച്ചോണ്ടുപോ........

(പാറു അകത്തേക്കു പോകുന്നു. സുമതി പുസ്തകം അടുക്കി എടുക്കുന്നു. സോമൻ പ തുങ്ങി പതുങ്ങി പ്രവേശിക്കുന്നു.)

സോ. സുമേ! സുമേ! അച്ഛൻ പോയോ?

സുമ. (തിരിഞ്ഞുനോക്കി) പോയി. ചേട്ടൻ സ്കൂളിൽ പോകുന്നില്ലേ?

സോ. നീ എന്റെ പുസ്തകമിങ്ങെടുത്തു കൊണ്ടുവാ.

സുമ. എനിക്കു നേരം പോണു. ഞാൻ പോകുവാ (പുസ്തകമെടുത്തുകൊണ്ടു പോകാൻ തിരിയുന്നു)

സോ. എടീ...........

സുമ. ങ്ഹും—ങ്ഹും. (ചിണുങ്ങി മടികാണിക്കുന്നു)

സോ. എന്താടീ, ചിണുങ്ങുന്നെ (അടുത്തു ചെന്ന് ചെവിക്കു പിടിക്കുന്നു) അ ലമുകുന്നും, കളിപ്പിച്ച് പെണ്ണൊരു വക പറഞ്ഞാൽ കേറംക്കല.

സുമ ങ്ആ.... അമ്മേ.... അമ്മോ....

പാറു. (ഒരു തവിയുമായി പ്രവേശിക്കു ന്നു) എന്താ സുമേ, (സോമനോട്) എടാ നീ എന്തിനാ ഇവളെ നുള്ളുന്ന തു്? അധികപ്രസംഗി.

സോ. അവളോടു പറഞ്ഞാൽ കേറംക്കാ ത്തതെന്താ?

പാറു. നീ കുറെ കേക്കും. നിൻറച്ഛനിങ്ങു വരട്ടെ.

സോ. പിന്നെ, അച്ഛൻ വന്നാലെന്തുവാ.

പാറു. ച്ഛീ— എന്തു പറഞ്ഞെടാ (അടി ക്കാൻ ഓങ്ങുന്നു) (സോമൻ ഓടിപ്പോ കുന്നു)

പാറു. എടാ നീ പള്ളിക്കൂടത്തിൽ പോ കുന്നില്ലേ?

(നോക്കി നില്ക്കുന്നു— സുമ പോ കുന്നു).

(കർട്ടൻ)

രംഗം അഞ്ച്

(സ്കൂൾഹാൾ. കുട്ടികൾ പരീക്ഷയെഴുതുന്നു. സോമൻ ഗോപിയുടെ അടുത്തിരിക്കുന്നു. അവൻ ഇടയ്ക്ക് അടുത്തിരിക്കുന്നവരെ ശല്യപ്പെടുത്തുന്നു. അദ്ധ്യാപകൻ ഒരു വടിയും കക്ഷത്തിലിടുക്കി പത്രം നിവർത്തി നോക്കിക്കൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു)

ബ. (എഴുന്നേററു നിന്ന്) സാർ ആ അഞ്ചാമത്തെ ചോദ്യം "ഏഷ" ഒന്നു വായിക്കണം.

അദ്ധ്യാ. അഞ്ചാം ചോദ്യം "ഏഷ" കാരണം പറയുക.

1) ഗംഗാ നദിയിൽ വേനൽക്കാലത്ത് വെള്ളപ്പൊക്കമുണ്ടാകുന്നു.

2) ഇൻഡ്യൻ മഹാസമുദ്രത്തിൽ കപ്പലപകടങ്ങൾ ധാരാളം ഉണ്ടാകാറുണ്ട്.

ബ. മതി സാർ (ഇരുന്ന് എഴുതുന്നു)

(അദ്ധ്യാപകൻ ഒരു കസേരയിൽ ചെന്നിരിക്കുന്നു. ഗോപി എഴുന്നേററു നിൽക്കുന്നു)

അദ്ധ്യാ. എന്താ ഗോപി?

ഗോപി. ഈ കുട്ടി എന്നെ ശല്യപ്പെടുത്തുന്നു.

അദ്ധ്യാ. എന്തിന്?

ഗോപി. ഞാൻ കാണിച്ചു കൊടുക്കാത്തതിന്.

സോ. വെറുതെ പറയുന്നതാണ് സാർ.

അദ്ധ്യാ. സോമൻ അവിടെ എഴുന്നേററു നില്ക്കു.

(സോമൻ എഴുന്നേററു നില്കുന്നു. അദ്ധ്യാപകൻ അടുത്തുചെന്ന്, കടലാസ്സ് വാങ്ങുന്നു. അടിയിൽ നിന്നും ഒരു പുസ്തകം താഴെ വീഴുന്നു. അദ്ധ്യാപകൻ അത് എടുത്തു നോക്കി ഗൗരവത്തോടെ)

സൊമാ സത്യം പറയണം.

സോ. സാർ, ഞാനറിയാതെ ഇതിലിരുന്നപോയതാ.

അദ്ധ്യാ. കള്ളം പറയരുത്. സത്യം പറയൂ. ഇത്........

സോ. ഇല്ല സാർ— ഞാനറിഞ്ഞില്ല.

അദ്ധ്യാ. ങ്ഹും, പൊയ്ക്കോ വെളിയിൽ. താൻ പരീക്ഷയെഴുതേണ്ടാ (സോമൻ തർക്കിച്ചു നിൽക്കുന്നു. അദ്ധ്യാപകൻ 'ഉം' എന്നു മൂളുന്നു)

(സോമൻ ഇറങ്ങിപ്പോകുന്നു. അല്പനേരം കഴിഞ്ഞ് മണിയടിക്കുന്ന ശബ്ദം)

അദ്ധ്യാ. മതി. എഴുത്തു നിർത്തിൻ. കടലാസു മടക്കി ഇവിടെ കൊണ്ടു വച്ചിട്ടു പോകാം

(കുട്ടികൾ അപ്രകാരം ചെയ്യുന്നു.)

(കർട്ടൻ)

രംഗം ആറ്

(പപ്പുച്ചാരുടെ വസതി. പപ്പുച്ചാരും പാറുക്കുട്ടിയും. പപ്പുച്ചാർ ഒരു സ്ററൂളിൽ ഇരിക്കുന്നു. പാറുക്കുട്ടി കറിക്കരിഞ്ഞുകൊണ്ടിരിക്കുന്നു)

പപ്പുച്ചാർ. എങ്കിലും എടീ പാറുക്കുട്ടി, അവനാണല്ലേ ആ എട്ടണ എടുത്തത്

പാറു. ആര്?

പ. നിന്റെ മോൻ— ആ മുടിയാൻ പിറന്നോൻ

പാറു. പിന്നെ— ചുമ്മാതിരുന്നാട്ടെ. വേണ്ടാതീനം പറയാതെ

പ. വേണ്ടാതീനമോ? എടീ അവൻ അതുകൊടുത്തു നൂൽ വാങ്ങിച്ചു പട്ടം പറത്തി, ഞാനതൊപ്പിക്കാൻ എന്തു പാടുപെട്ടെന്നോ?

പാറു. നേരാണോ? അയ്യോ സുമ പറഞ്ഞിട്ടു ഞാൻ വിശ്വസിച്ചില്ല കേട്ടോ?




# സിനി മേക്കപ്പ്
# സ്റ്റീൽ

ബ്ളൂട്ടോൺ കോപ്പികൾ
ഫ്ളാഷ് ഫോട്ടോ
കളർ ഫോട്ടോ
**(Orwo & Agfa)**

ഗ്രൂപ്പഫോട്ടോ
എൻലാർജിംഗ്
മേക്കപ്പ് സാധനങ്ങൾ
ഇവകൾക്ക്

# സൈനാ
# സ്റ്റുഡിയോ

Prop:-
മേരിദാസൻ

TAILORING

READYMADE DRESSESS

DRY CLEANING

**WEAR WELL DRESSESS**

CHURCH JUNCTION
KURAVILANGAD

**കുറവിലങ്ങാട്ട് മെഡിക്കൽസ്**
കുറവിലങ്ങാട്

ഇവിടെ എല്ലാവിധ ഇംഗ്ലീഷ് മരുന്നുകളും,
എറണാകുളം മാധവ ഫാർമസിയുടെ ബാലപീയൂഷം
തുടങ്ങിയ ആയുർവ്വേദ മരുന്നുകളും ലഭിക്കുന്നതാണ്.

കൂടാതെ സ്റ്റേയിററ് ട്രാൻസ്പോർട്ട് പാഴ്സൽ ബുക്കിംഗും
ഉണ്ടായിരിക്കുന്നതാണ്.

പ്രൊപ്രൈററർ,
ജോസഫ് ചാക്കോ (കൊച്ച്)

പ. ഇന്നിങ്ങു വരട്ടെ— അവന്റെ തൊലി ഞാനുരിക്കുന്നുണ്ടു്

(സുമതി തേങ്ങി കരഞ്ഞുകൊണ്ടു വരുന്നു. കയ്യിൽ മഷിക്കുപ്പി, പേന, പുസ്തകം മുതലായവ)

സുമ. അമ്മേ........

പാറു. എന്തിനാ മോളെ കരയുന്നതു്?

സുമ. അമ്മേ— ചേട്ടൻ പരീക്ഷക്കു് കണ്ടെഴുതി. അതിനു സാറു പിടിച്ചു പുറത്താക്കി

പ. ഞാൻ പറഞ്ഞില്ലേ്യ. നിന്റെ മക്കളേക്കൊണ്ടു ഞാൻ വിഷമിച്ചു. എന്റെ ദൈവമേ.... ഇത്തരം മക്കളെ ഉള്ളതിലും ഭേദം ഇല്ലാത്തതാ.

സുമ. അച്ഛാ ആ ഗോപിയാണു സാറിനോടു പറഞ്ഞതെന്നുപറഞ്ഞു് വഴിക്കുവെച്ചു് ഗോപിയെ ചേട്ടൻ അടിച്ചു. കല്ലെടുത്തെറിഞ്ഞു് തല പൊട്ടിച്ചു.

പ. എങ്ങ്.... എന്തൊന്നാ ഈ കേക്കുന്നേ. അവനെന്തിയേടീ. മുടിയാനുണ്ടായ മക്കള്.

പാറു. എന്തിയേടീ അവൻ.

സുമ. ചേട്ടൻ പുസ്തകമിങ്ങോട്ടു തന്നേച്ചു് എന്നോടു പൊക്കോളാൻ പറഞ്ഞു.

പ. (അരിശം പൂണ്ടു്) ആഹാ— ഞാനൊന്നു നോക്കട്ടെ. ഇന്നു ഞാനവന്റെ എല്ലൊടിക്കുന്നുണ്ടു്. (ദേഷ്യപ്പെട്ടു് പോകുന്നു)

(സുമയും പാറുക്കുട്ടിയും നോക്കി നിൽക്കുന്നു)

(കർട്ടൻ)

രംഗം ഏഴ്

(പരീക്ഷാഫലം അറിഞ്ഞു. മത്തായി, വേണു, ഗോപാലൻ എന്നിവർ നിരുത്സാഹരായി പ്രവേശിക്കുന്നു)

മത്താ. എടാ വേണു. ഞാനിപ്പം വീട്ടിലേയ്ക്കു ചെന്നാൽ അച്ചായൻ എന്നെ തല്ലിക്കൊല്ലും.

വേ. ആ സോമൻ ഒരുത്തനാ എന്നെ നശിപ്പിച്ചതു്.

ഗോപാ. നമ്മക്കും തോററാലും വേണ്ടില്ലായിരുന്നു. ആ ഗോപിയും ബഷീറും ജയിച്ചല്ലോ (ബഷീർ പ്രവേശിക്കുന്നു)

ബ. അങ്ങനാ! പഠിച്ചാൽ ജയിക്കും.

വേ. ബഷീറും ജയിച്ചല്ലോ.

ബ. ജയിച്ചു വേണു. നിന്നോടു ഞാൻ അന്നേ പറഞ്ഞില്ലേ, ആ സോമനോടു കൂട്ടു കൂടുന്നതു് പിശകാണെന്നു്. നീ കേട്ടോ?

മത്താ. നേരാ- അതു കേട്ടിരുന്നെങ്കിൽ....

വേ. എനിക്കിനി കൂട്ടുവേണ്ട. ഞാൻ ഒററക്കു് ഉത്സാഹമായി പഠിക്കും

ഗോപാ. ഗോപി എത്ര നല്ല കുട്ടി. അവനു് എന്തെല്ലാം സമ്മാനം കിട്ടി. (ദൂരേക്കു വിരൽ ചൂണ്ടി) ഗോപി അതാ പോകുന്നു

ബ. ഗോപീ....... ഇതിലേ വന്നേ

മത്താ. ഗോപിയേപ്പോലെ തന്നെ ഞാനും ഉത്സാഹിച്ചു പഠിക്കും

വേ. ഞാനും

ഗോപാ. ഞാനും, ങ്ഹാ. സോമൻ എവിടാണെന്നറിഞ്ഞോ?

വേ. അവൻ എങ്ങാണ്ടു ചായക്കടയിൽ നിൽക്കുന്നുപോലും. അവന്റെ അച്ഛൻ പോയിരിക്കുകയാ— വിളിച്ചോണ്ടു വരാൻ

(ഗോപി പ്രവേശിക്കുന്നു)

ബ. ഗോപീ! കിട്ടിയ സമ്മാനമൊക്കെ എവിടെ?

ഗോപി. അതെല്ലാം വീട്ടിൽ കൊണ്ടു വച്ചു

(സുമതി പ്രവേശിക്കുന്നു.)

ഗോപി. സുമ ജയിച്ചല്ലോ? ഇല്ലേ?

സുമ. ജയിച്ചു

മത്താ. സോമനെ തിരക്കിപ്പോയിട്ട് അച്ഛൻ വന്നോ?

സുമ. ഇല്ല

വേ. ഗോപീ, നിന്നോടു ഞങ്ങടം എന്തെല്ലാം തെററുചെയ്തു. അതെല്ലാം മറക്കണം ഗോപീ!

ഗോപി. ഞാനെല്ലാം അപ്പഴേ മറന്നല്ലോ

സുമ. (ദൂരെ വിരൽ ചൂണ്ടി) അതാ അച്ഛനും ചേട്ടനും വരുന്നു

(പ്രാകൃതവും വൃത്തിഹീനവുമായ വേഷത്തിൽ സോമനും പിന്നാലെ പപ്പച്ചാരും പ്രവേശിക്കുന്നു.)

ഗോപി. സോമാ........

സുമ. ചേട്ടാ. ഞാനമ്മയെ വിളിച്ചോണ്ടു വരട്ടെ. അമ്മേ.... ചേട്ടൻ വന്നേ (ഓടിപ്പോകുന്നു)

സോ. ഗോപീ!

വേ. സോമനിങ്ങനെ വൃത്തികെട്ടു പോയല്ലോ?

പ. അവനു ചായക്കടയിൽ വെള്ളം കോരലല്ലായിരുന്നോ ജോലി

സോ. ഗോപീ നീ ജയിച്ചോ?

ഗോപി. ജയിച്ചു

സോ. എന്റെ തെററുകളെല്ലാം മറക്കണേ ഗോപീ

(പാറുക്കുട്ടിയും സുമയും പ്രവേശിക്കുന്നു)

പാറു. എന്റെ! മോനെ! നീ ഇങ്ങനായിപ്പോയല്ലോ? ഇനിയെങ്കിലും ഈ ഗോപിയേപ്പോലെ നല്ലവനായി വളരണം കുഞ്ഞേ!

സോ. അമ്മാ, ഞാൻ പല കള്ളത്തരങ്ങളും ചെയ്തുപോയി. ഇനി അങ്ങനെയൊന്നും ചെയ്യുകില്ല. തെററുകളെല്ലാം അച്ഛനും അമ്മയും ക്ഷമിക്കണം. അച്ഛാ ക്ഷമിക്കുമോ?

പ. (മോനെ അടുത്തുനിർത്തി തഴുകിയിട്ട്) ക്ഷമിച്ചിരിക്കുന്നു. ഇതൊന്നും സാരമില്ല. നീ ഇനി കള്ളത്തരങ്ങളൊന്നും ചെയ്യുകില്ലെന്ന് എനിക്കറിയാം

ഗോപി. ഉത്സാഹത്തോടുകൂടി– സത്യമായും–കൃത്യമായും പരിശ്രമിച്ചാൽ എല്ലാക്കാര്യത്തിലും ജയമുണ്ടാകും. സോമാ! ഇനിയെങ്കിലും പഠിക്കണേ!

സുമ. ഇനി ചേട്ടൻ പഠിക്കും ഇല്ലേ ചേട്ടാ?

സോ. സംശയമോ! പഠിത്തമേ ശരണം ഗോപിയേപ്പോലെ.

പ. വരിൻ കുഞ്ഞുങ്ങളേ! നമുക്ക് വീട്ടിലേക്കു പോകാം.

(പോകാൻ തിരിയുന്നു.)

(കർട്ടൻ)

★

മററൊരുവന്റെ ജീവിതവുമായി താരതമ്യപ്പെടുത്താതെ സ്വന്തം ജീവിതത്തിൽ സംതൃപ്തി കാണുന്നവനേ സംതൃപ്തനാവുകയുള്ളൂ.

—കോൺഡോർസെററ്.

ചെറുകഥ

# രണ്ടു ഹൃദയം



**Cyriac Manacherry**
I B. A.

അസ്തമയ സൂര്യന്റെ തപ്ത സ്വർണ്ണമാനമായ അന്തിക്കതിരുകളേററപ്പോഴും. ആ മുഖം ശോക പൂർണ്ണമായിരുന്നു. അവൾ സ്വയം ചിരിക്കുവാൻ ശ്രമിച്ചു. ആ ചിരി വേദനയിലവസാനിച്ചു.

ഓമൽക്കുഞ്ഞിനേയും കൈയ്യിലേന്തി, കറുത്ത സാരിത്തുമ്പുകൊണ്ടു ശിരോഭാഗം മറച്ചു, മ്ലാന വദനയായി, നിറഞ്ഞ കണ്ണുകളോടെ അവൾ മുന്നോട്ടു നീങ്ങി. വർദ്ധിച്ച കദനഭാരത്താൽ ഒരു പക്ഷെ അശ്രദ്ധയുടെ നേരിയ ധൂമപടലങ്ങൾ വീശിയിട്ടുണ്ടാവാം. ഒന്നും ഓർമ്മയില്ല. ബോധം വീണ്ടുകിട്ടിയപ്പോൾ താൻ മിഷ്യൻ ആസ്പത്രിയിൽ. തന്റെ പ്രിയപ്പെട്ട ഭർത്താവ്....? ഹൊ! അതോർക്കുകവയ്യാ.... തകർന്ന കാറിന്റെ ഇടത്തു വശത്തു, നടുറോഡിൽ, മുറിവുകളിൽ നിന്നും പ്രവഹിച്ച ചുടു രക്തത്തിൽ കുളിച്ചു, മരണത്തോടു മല്ലടിച്ചു പിടയുന്ന കാഴ്ച........ പിന്നെ ഒന്നും ഓർമ്മയില്ല.

ഹോസ്പിററൽ വിട്ടിറങ്ങിയ അവൾ തന്റെ ഭർത്താവിന്റെ അടുത്തേയ്ക്കു തന്നെ യാത്ര തിരിച്ചു. കുറെ ദൂരം നടന്നപ്പോൾ അവളുടെ കാലുകൾ കുഴഞ്ഞു. ജനനിബിഡമല്ലാത്ത ആ വഴിയരുകിൽ തളർന്നിരുന്നു. ഒരു ടാക്സി ഡ്രൈവറുടെ ഭാര്യയേയോ കുട്ടിയേയോ സ്വീകരിക്കുവാൻ വഴിയമ്പലങ്ങളോ, ഹോട്ടലുകളോ തയ്യാറായില്ല. വഴിയരുകിലെ തണൽ മരങ്ങൾ നല്കിയ ശീതളഛായയിൽ അവളുടെ തളർന്ന പൂമേനി നവചൈതന്യം കൈക്കൊണ്ടു.

ഓമൽ പുത്രനെ മാറോടു ചേർത്തുകൊണ്ട് രമ സാവധാനം എഴുന്നേററു.

ബലിഷ്ഠമല്ലാത്ത ആ കാലുകൾ ചലിച്ചു. മണിക്കൂറുകൾ പിന്നിട്ട് അവൾ ഭർത്താവിന്റെ സമീപത്തെത്തി.
കുഞ്ഞുമോനെ അദ്ദേഹത്തിന്റെ കാൽക്കൽ അർപ്പിച്ചശേഷം അവൾ ധ്യാന നിദ്രയിലാണ്ടു.

സന്ധ്യാ മണിയുടെ ശബ്ദം കേട്ടപ്പോൾ അവൾ ഉണർന്നു. താൻ എവിടെ........? അതും ഇപ്പോൾ........?

സമയം ഏതാണ്ട് ഇരുട്ടിയിരുന്നു. കുഞ്ഞുമോനേയുംകൊണ്ട് രമ ആ പുണ്യഭൂമി വിട്ടിറങ്ങി. എന്തോ! അദ്ദേഹം തന്നെ വിളിക്കുന്നുവോ? അവൾ തിരിഞ്ഞുനിന്നു. യാന്ത്രികമായി തന്റെ ഭർത്താവിന്റെയടുത്തേയ്ക്കു നീങ്ങി.

വർദ്ധിച്ച ഇരുട്ടിൽ മുഖരിതമായ ഝിലികാന്ധകാരം അവളിൽ ഭയമുളവാക്കി. രമ ആ ശ്മശാനം വിട്ടിറങ്ങി. പട്ടണത്തിൽ എത്തിയപ്പോൾ റേഡിയോ ഗാനങ്ങൾ കേൾക്കാമായിരുന്നു.

"സങ്കല്പത്തിൻ പറുദീസായിൽ വാഴുന്നവരേ–
നശ്വരമാമീ ലോകം ശാശ്വതമല്ലിവയൊന്നും
.... .... .... .... .... .... .... .... ....
.... .... .... .... .... .... .... .... ...."

അവസരമില്ലെങ്കിൽ കഴിവിന് വലിയ പ്രാധാന്യമൊന്നുമില്ല.

—നെപ്പോളിയൻ.

ഒരു സഹജീവിയുടെ ഒരു തുള്ളി കണ്ണുനീർ തുടയ്ക്കുന്നത്, അവനുവേണ്ടി ധാരധാരയായി കണ്ണീരൊഴുക്കുന്നതിലും വിലപ്പെട്ടതാണ്.

—ബൈറൺ.

സത്യം ശക്തമാണ്. അത് വിജയിക്കതന്നെ ചെയ്യും.

—തോമസ് ബ്രൂക്സ്.

# അഡോൾഫ് ഹിററ്ലർ

A. M. Nidhiry M. A.

## അറിയപ്പെടാത്ത ആദ്യകാലങ്ങൾ

